ചെല്ലൂർനാഥോദയം

ഭാഷാചമ്പു.

(വ്യാഖ്യാനസഹിതം)

Ml. 91

ശ്രീരാമവൎമ്മഗ്രന്ഥാവലി നമ്പർ 47

ചെല്ലൂർനാഥോദയം.

ഭാഷാചമ്പു.

(വ്യാഖ്യാനസഹിതം)

കേരള സാഹിത്യ അക്കാദമി

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

കോപ്പി—500

എറണാകുളം
സനാതനധൎമ്മം അച്ചുക്കൂടത്തിൽ
അച്ചടിച്ചതു്.

1115.

പകൎപ്പവകാശം] [വില 12 ണ.

ശുദ്ധിപത്രം.

പുറം.	വരി.	അബദ്ധം.	സുബദ്ധം.
൪.	൫.	വിളങ്ങും	വണങ്ങും
൫.	൨൨.	ളൈവാൻ	ളെയ്യാൻ
൧൭.	൨൭.	ചേന്നു	ചെന്നു
൩൨.	൧൮.	ചാരി	ചാരു
൩൯.	൨൪.	ഭ്രൂഷിതാ	ഭൂഷിതാ
,,	൨൫.	ക്രൂര	ക്രൂര
൭൧.	൩൫.	വാച്ചം	വാച്ചം ഉൗചേ
൭൨.	൧൨.	താൎത്ഥം	താൎത്ഥ
൭൩.	൨൩.	വാമാലങ്കാരി	വാമാലങ്കാര
൭൪.	൨.	രാഗാഭിമാമം	രാഗാഭിരാമം
൮൦.	൧൯.	സമുദ്ര	സമുദ
൧൧൭.	൧൭.	വാത്സ	വത്സ
൧൧൯.	൧൮.	ദഗഗദംകാര	ഗദഗദംകാരം

അവതാരിക.

കൊച്ചിഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ചെല്ലൂരുനാഥോദയം, സുപ്രസിദ്ധഭാഷാഭിമാനിയായിരുന്ന പരേതനായ കടത്തനാട്ടു പോർളാതിരി ഉദയവർമ്മരാജാവിന്റെ നേതൃത്വത്തിൽ അല്പകാലം നടന്നു പിന്നീടു നാമാവശേഷമായ 'കവനോദയം' മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ഭാഷാചമ്പൂപ്രബന്ധമാകുന്നു. പ്രസ്തുതകൃതി പ്രത്യേകം പുസ്തകത്തിന്റെ ആകൃതിയിൽ പ്രകാശിപ്പിക്കപ്പെട്ടിട്ടില്ല. പഴയ കവനോദയത്തിന്റെ ലക്കങ്ങൾ ഇന്നു ദുർല്ലഭമായിരിക്കുന്നതുകൊണ്ടു് അതിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ചെല്ലൂരുനാഥോദയത്തിന്റെ പ്രചാരത്തിനു സാമാന്യത്തിലധികം വൈരള്യം സംഭവിച്ചിട്ടുണ്ടു്. ഏറെക്കുറെ അപ്രകാശിതമായ ഒരു ഗ്രന്ഥത്തിന്റെ നിലയേ ഇന്നു ചെല്ലൂരുനാഥോദയത്തിനുള്ളു എന്നു പറയുന്നതിൽ പിശകില്ല. ഈ സ്ഥിതിക്കു കമ്മിററി സമുചിതമായ സംസ്കരണത്തോടും വ്യാഖ്യാനത്തോടുംകൂടി ഈ പ്രബന്ധം പ്രസിദ്ധപ്പെടുത്തുവാൻ ഒരുമ്പെട്ടതു ഭാഷാപ്രണയികൾ ഒരു വലിയ അനുഗ്രഹമായി വിചാരിക്കുന്നതാണു്.

പെരുഞ്ചെല്ലൂരു, ചെല്ലൂരു, തളിപ്പറമ്പു, ലക്ഷ്മീപുരം എന്നീ പേരുകളിൽ കേരളത്തിൽ എങ്ങും പ്രസിദ്ധി നേടിയിരിക്കുന്ന തളിപ്പറമ്പുഗ്രാമത്തിലെ പരദേവതയായ

ശ്രീപരമേശ്വരന്റെ പ്രതിഷ്ഠയാണ് ചെല്ലൂരുനാഥോദയത്തിലെ കഥാവസ്തു എന്ന ഗ്രന്ഥത്തിന്റെ നാമംകൊണ്ടു വെളിവാകും. നീലകണ്ഠകവിയുടെ മറെറാരു പ്രബന്ധസന്താനവും കമ്മിററിയിൽനിന്ന മുൻപു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതുമായ തെങ്കൈലനാഥോദയത്തിനും ചെല്ലൂരുനാഥോദയത്തിനും പേരുകളിൽ ഛായാസാദൃശ്യം പരിലസിക്കുന്നുണ്ടെന്ന കാണേണ്ടതാകുന്നു. ഭാഷാചരിത്രകർത്താവായ ഗോവിന്ദപ്പിള്ള ഈ ഗ്രന്ഥത്തിന ചെല്ലൂരുമാഹാത്മ്യം എന്ന നാമമാണ് സ്വീകരിച്ചിരിക്കുന്നതു് എന്നുകൂടി ഈ സന്ദർഭത്തിൽ അനുസ്മരിച്ചുകൊള്ളട്ടെ. ഈ പ്രബന്ധത്തിലെ പ്രതിപാദ്യവസ്തുവിന്റെ സ്വരൂപം ചുരുക്കമായി ഇവിടെ കാണിക്കുന്നതു പ്രയോജനകരമായിരിക്കും.

കൈലാസപർവ്വതത്തിൽ ഭഗവാനായ ശ്രീപരമേശ്വരൻ പാർവ്വതീദേവിയോടും ഭൂതഗണങ്ങളോടുംകൂടി സ്ഥിതിചെയ്യുന്ന കാലത്ത് ഒരു ദിവസം ഇന്ദ്രാദിദേവന്മാർ മഹാവിഷ്ണുവിനോടും ബ്രഹ്മാവിനോടും ചേർന്ന് അവിടെ ചെന്നു ഭഗവാനെക്കണ്ടു. അവർ ഒരു സങ്കടം ഭഗവാനെ അറിയിച്ചു നിവൃത്തിവരുത്തുന്നതിനാണ് അവിടെ ചെന്നതു്.

"വൃത്താന്തം വിശ്വബന്ധോ! നിശമയതു ഭവാൻ
വിശ്വകർമ്മായുധംകൊ-
ണ്ടത്യന്തോന്മൃഷ്ടനായ് മേവിന ദിനപെരുമാൾ-
തൻകലാ മൂന്നിദാനീം
ചിത്രം ത്വൽബിംബേത്രപാശ്ശിവമഹിമകല-
ന്നിന്ധതേ ഹന്ത താസാം

കത്തീട്ടും ഘോരതേജോവിതതിഭിരഖിലം
ദഹ്യതേ തമ്പിരാനേ!

ആക്കും മംഗല്യബിംബത്രയമിതു ഭവതോ
നാഥ! സൂക്ഷിച്ചുകൊള്ളാ-
നാക്കില്ലേ നാളിൽ നാളിൽ പുരഹര! സഹിയാ-
തൊന്നിതേതൽപ്രഭാവം
ത്രുക്ഷതേച തോല്ക്കുമിപ്പാവകദിവസകര-
ന്മാരുമെന്നാലിതങ്ങോ-
ട്ടാക്കിക്കൊണ്ടാതുരാൻ ഞങ്ങളെ വിപുലകൃപാ-
ലംബമേ! പാലയേഥാഃ."

എന്ന പദ്യങ്ങളിൽ വിവരിച്ചിരിക്കുന്നതാണ് ദേവന്മാരുടെ സങ്കടവും പരിഹാരമാർഗ്ഗവും. ഭഗവാൻ ലോകക്ഷേമത്തിനുവേണ്ടി സന്തോഷത്തോടുകൂടി ബിംബത്രയം സ്വീകരിച്ചു ദേവന്മാരുടെ സങ്കടത്തിനു നിവൃത്തിവരുത്തി. ആ ബിംബം മൂന്നും പാർവ്വതീദേവിക്കായി കൊടുത്തു. ദേവി അവയെ പതിവായി പൂജിച്ചുവന്നു. പില്ക്കാലത്തു ബിംബങ്ങളിൽ ഒന്നു രാജർഷിയായ മാന്ധാതാവും, മററൊന്നു തൽപുത്രനായ മുചുകുന്ദനും തപസ്സു ചെയ്തു പ്രസാദിപ്പിച്ച് ഭഗവാനോടു വാങ്ങിച്ചു. അവരും ബിംബങ്ങൾ ഭക്തിയോടുകൂടി പൂജിച്ചു പാർത്തു.

അക്കാലത്ത് ഒരു ദിവസം ശ്രീപരമേശ്വരൻെറ ഭൂതങ്ങളിൽ അഗ്രേസരനായ കുംഭോദരൻ, ആസ്ഥാനവർത്തിയായ ഭഗവാൻെറ സമീപത്തിൽ വന്ന് കേരളഭൂമിക്കു തിലകമായി പരിശോഭിക്കുന്ന ചെല്ലൂരുഗ്രാമത്തിൻെറ മേന്മകൾ വിസ്തരിച്ചു പറഞ്ഞു. അതു കേട്ടപ്പോൾ

ഭഗവാന പ്രസ്തുതദേശം തന്റെ അധിവാസംകൊണ്ടു ശോഭിതമാക്കണമെന്ന് ആഗ്രഹമുണ്ടായി.

ഭക്തനും സൂൎയ്യവംശജാതനും ആയ ശതസോമൻ എന്ന പേരായ രാജാവ് അക്കാലത്തു നാടുവാണിരുന്നു. രാജാവ് അന്നൊരു ദിവസം, ലോകത്തിൽ ഭയങ്കരമായ വിധം വൎദ്ധിച്ചിരിക്കുന്ന കലിദോഷത്തിന്റെ ശാന്തിക്ക് എന്താണ് ഒരു മാൎഗ്ഗം എന്ന് ആലോചിച്ചു. അപ്പോൾ അഗസ്ത്യമഹൎഷി രാജാവിന്റെ മുൻപിൽ പ്രത്യക്ഷനായി. രാജാവിന്റെ ആശയഗതി അറിഞ്ഞ മഹൎഷി, ശിവന്റെ അടുക്കൽനിന്നു ബിംബം വാങ്ങി പ്രതിഷ്ഠിച്ചു പൂജിക്കുകയാണ് കലിദോഷശമനത്തിനു ചെയ്യേണ്ടതെന്നു രാജാവിനോട് ഉപദേശിച്ച് അവിടെനിന്നും മറഞ്ഞു. ശതസോമൻ അഗസ്ത്യോപദേശാനുസരണം ചെയ്യുന്നതിനു നിശ്ചയിച്ചു.

രാജാവ് രാജ്യഭാരം സമൎത്ഥനായ മന്ത്രിയെ ഏല്പിച്ചു കൈലാസപൎവ്വതത്തിൽ ചെന്നു കഠിനമായ തപസ്സുചെയ്തു. ഭഗവാനു രാജാവിന്റെ ഭക്തികണ്ടു സന്തോഷമുണ്ടായി. ഭക്തവത്സലനായ ഭഗവാൻ മാന്ധാതാവിനും മുചുകുന്ദനും കൊടുത്തതിന്റെ ശേഷം ഇരിക്കുന്നതും പാൎവ്വതീദേവി നിത്യവും പൂജിച്ചുവരുന്നതും ആയ ബിംബം ദേവിയോട് ആലോചിക്കാതെ രാജാവിനു കൊടുത്തു. ദേവി സ്നാനത്തിനു പോയിരുന്ന സമയത്തായിരുന്നു അങ്ങനെ ചെയ്തത്. ശിവൻ രാജാവിനു ബിംബം കൊടുത്തതറിഞ്ഞു കുപിതയായിത്തീൎന്ന ദേവി ശിവനെ ശപിക്കുവാനായി ഒരുമ്പെട്ടു. പിന്നീടു ദേവി രാജാവിന്റെ സ്തുതിവാക്കുകൾ കേട്ടു സന്തുഷ്ടയായി ശിവൻ

രാജാവിന്റെ ബിംബം കൊടുത്തതു സമ്മതിച്ചു. ലബ്ധാഭിലാഷനായ രാജാവു സ്വസ്ഥാനത്തേയ്ക്കു പാരിതോഷ്യത്തോടുകൂടി തിരിയെപ്പോന്നു.

ശതസോമൻ പിന്നീടു ചെല്ലൂരുക്ഷേത്രത്തിൽ ശിവബിംബം പ്രതിഷ്ഠിച്ചു. ശില്പവൈഭവംകൊണ്ടു വിശ്വജനമോഹനവും സൎവ്വവിധങ്ങളായ ഉപഗ്രഹങ്ങളോടുകൂടിയതും ആയ മഹാക്ഷേത്രം പണിയിക്കയും ചെയ്തു. ഏതെല്ലാം വൈശിഷ്ട്യം വരുത്താമോ അതു സൎവ്വവും ക്ഷേത്രത്തിന്നു വരുത്തി. അവിടെ പതിവായും വിശേഷമായും ഉള്ള പൂജാദികൎമ്മങ്ങൾ നിൎവ്വിഘ്നമായി നടക്കുന്നതിന്നു വേണ്ട ഏൎപ്പാടുകളും രാജാവു ചെയ്തുവച്ചു.

കേരളസാഹിത്യ അക്കാദമി

ഇപ്രകാരം ശിവബിംബപ്രതിഷ്ഠ ചെയ്ത ക്ഷേത്രത്തിന്നു പരമാഭിവൃദ്ധിയെ ജനിപ്പിച്ചു എങ്കിലും രാജാവിന്റെ മനസ്സിന്നു പൂൎണ്ണമായ കൃതാൎത്ഥത ലഭിച്ചില്ല. അതിന്നു കാരണം എന്താണെന്ന് അറിയുന്നതിന്നു രാജാവു കണ്ണടച്ചു ധ്യാനിച്ചു. അപ്പോൾ ശ്രീപരമേശ്വരൻ രാജാവിന്റെ മുൻപിൽ വന്ന് ഇപ്രകാരം അരുളിച്ചെയ്തു.

"എന്നാലിമ്മന്ദിരത്തിന്നഴകിനൊടു കിഴ-
 ക്കങ്ങു കൂവീടടുത്തേ
ധന്യം കിമ്പാകദാവാഹ്വയമിയലിന പു-
 ണ്യസ്ഥലേ മാമകീനം
മിന്നുന്നു ദിവ്യബിംബം ദിനകരനിഹിതം
 തത്ര കൃത്വാ വിമാനം
നന്നായ് കല്പിച്ചു പൂജാവിധിമതുൾ സദസേ
 കാൎയ്യമാനാം ദ്വിജാനാം.

പരിചിനൊടഥ നിന്നാലേധിതം കണ്ട കാര-
സ്കരവനഗതമിമ്മാം വിപ്രകന്യാസ്സുധന്യാഃ
ചരണഭുവി നമന്ത്യസ്സാധയിഷ്യന്ത്യഭീഷ്ടം
നരവര! തെളിയും തേ ചിത്തമെന്നാൽ കൃതാൎത്ഥം.”

ഭഗവാൻ ഈ വിധം ഉപദേശിച്ച് അന്തൎഹിതനായി. തദനന്തരം രാജാവു കണ്ണു തുറന്നു. ഭഗവദുപദേശാനുസരണം വേണ്ടതെല്ലാം ശതസോമൻ ഭക്തിയോടുകൂടി പ്രവൎത്തിച്ചു. തന്നിമിത്തം അദ്ദേഹത്തിന്റെ ഹൃദയം പ്രസന്നമായിത്തീൎന്നു.

കേരള സാഹിത്യ അക്കാദമി

ഇതാണ് ചെല്ലൂരുനാഥോദയം പ്രബന്ധത്തിലെ കഥാവസ്തുവിന്റെ സ്വരൂപം. മുൻകാലം മുതല്ക്കു് നടപ്പിലിരിക്കുന്നതും ജനങ്ങൾ വിശ്വസിച്ചുവരുന്നതും ആയ ഒന്നാണ് ഈ കഥ. വേറെയും പല കൃതികളിൽ പ്രസ്തുതമായ ഇതിവൃത്തത്തിന്റെ സൂചനം കാണുന്നുണ്ടു്. അവയിൽ ചിലതു് ഇവിടെ ഉദ്ധരിക്കാം.

ത്വഷ്ടാ പുരാ ദിനകരം പരുഷാംഗമുച്ചൈ-
സ്തഷ്ട്വാ തദീയശകലൈൎയ്യദകാരി ശംഭോഃ
ലിംഗത്രയം തദമിതദ്യുതി യന്നിദാനം
ലക്ഷ്മീപുരാധിപതിമീശ്വരമാശ്രയാമി.

സോയം ദദൌ ഹിമമഹീധരകന്യകായൈ
യച്ഛാനയാ ച മഹിതം തദിദം ചിരായ
രാജൎഷിഭിഃ പരിഗൃഹീതമഹോത മുച്ചൈർ-
ല്ലക്ഷ്മീ * * * *

മാന്ധാതൃമുഖ്യമുനിവൎയ്യകൃതപ്രതിഷ്ഠം
മന്ദാകിനീശശികലാവിലസൽകപൎദ്ദം
കാമാംഗഹോമമുദിതാളികനേത്രവഹ്നിം
ലക്ഷ്മീ * * * *

ഈ പദ്യങ്ങളിൽ, പ്രബന്ധപ്രതിപാദിതമായിരിക്കുന്ന കഥാവസ്തുവിൻെറ സൂചനം അന്തർഭവിച്ചിട്ടുണ്ടെന്നു വ്യക്തമാണല്ലോ. ഇതിൽനിന്നെല്ലാം പ്രബന്ധത്തിലെ കഥയ്ക്കു പ്രാചീനമായ ഐതിഹ്യംതന്നെ അടിസ്ഥാനം എന്നു വെളിവാകും.

കേരളമാഹാത്മ്യം 32-33-34 എന്നീ അദ്ധ്യായങ്ങളിൽ തളിപ്പറമ്പു (ലക്ഷ്മീപുരം)ക്ഷേത്രത്തിലെ ശിവപ്രതിഷ്ഠയെപ്പററി വിവരിക്കുന്നുണ്ട്. അതിലേയും പ്രബന്ധത്തിലേയും കഥകൾക്ക് യാതൊരു സംബന്ധവും കാണുന്നില്ല. പൌരാണികദൃഷ്ട്യാ നോക്കുമ്പോൾ അടിസ്ഥാനം പ്രബന്ധത്തിലെ കഥയ്ക്കാണ് അധികമുള്ളതെന്നു പറയണം.

തളിപ്പറമ്പിൽ ആദ്യമായി ശിവബിംബം പ്രതിഷ്ഠിച്ചതു മാന്ധാതാവാകുന്നു എന്നും, അതു കാലാന്തരത്തിൽ ഭൂമിക്കടിയിൽ മറഞ്ഞുപോയി എന്നും, അതിനുശേഷമാണ് മുചുകുന്ദൻെറ പ്രതിഷ്ഠയെന്നും, പില്ക്കാലത്ത് അതും മറഞ്ഞു എന്നും, തദനന്തരം ശതസോമൻെറ പ്രതിഷ്ഠയുണ്ടായി എന്നും ഐതിഹ്യം വെളിപ്പെടുത്തുന്നു.

"അത്യന്തോത്തീൎണ്ണഭാഗ്യോദയ! നിശമയ നീ
പൂൎവ്വഭൂപാലകാഭ്യാ-
മുത്തുംഗാഭ്യാമധിഷ്ഠാപിതമഴകിയ ബിം-
ബദ്വയം തൽപുരാരേഃ

മൎത്ത്യാനാമത്ര്യദഞ്ചേൽകലികലുഷധിയാം
കല്മഷംകൊണ്ടിദാനീം
പൃത്ഥ്വീഗത്തേ മറഞ്ഞങ്ങൊരുവനമിഹ കാ-
ണാതവണ്ണം ചമഞ്ഞു."

എന്ന പദ്യത്തിൽ കവി ഈ ഐതിഹ്യം വിശദമാക്കിയിരിക്കുന്നു. മാന്ധാതാവും മുചുകുന്ദനും ശതസോമനും പ്രത്യേകമായും ഓരോ ബിംബം പ്രതിഷ്ഠിച്ചിട്ടുണ്ട്. ഇവരിൽ മാന്ധാതാവു പ്രതിഷ്ഠിച്ച ബിംബത്തോടുകൂടിയ ക്ഷേത്രത്തിനു മാന്ധംകുണ്ടയെന്നും, മുചുകുന്ദപ്രതിഷ്ഠയുള്ളതിനു മുതുട എന്നും പേരാകുന്നു. ശതസോമൻ ബിംബം പ്രതിഷ്ഠിച്ച ക്ഷേത്രമാണ് സോമേശ്വരം. ഇവയിൽ ആദ്യത്തേതു (മാന്ധംകുണ്ട) ഇപ്പോൾ ഇല്ല. അതു നിലനിന്നിരുന്ന സ്ഥലം ആ പേരിൽ ഇപ്പോഴും ഉണ്ട്. ഇപ്പോൾ ഉള്ളവയാണ് മററു രണ്ടു ക്ഷേത്രങ്ങളും.

ഈ പ്രബന്ധത്തിലെ കഥാനായകനായ ശതസോമൻ കോലത്തുനാട്ടുരാജവംശത്തിലെ ഒരു രാജാവും ചിത്രസേനൻെറ പുത്രനും ആകുന്നു. ഉത്തരകേരളത്തിൽ കോരപ്പുഴയ്ക്കു വടക്കുഭാഗം കോലരാജാക്കന്മാരുടെ നാടായിരുന്നതുകൊണ്ടും അവരുടെ പ്രധാനരാജധാനി തളിപ്പറമ്പിൽ സ്ഥിതിചെയ്തിരുന്നതുകൊണ്ടും, മറെറാരു രാജാവ് അവിടെ ചെന്നു ക്ഷേത്രം പണിയിച്ചു ബിംബം പ്രതിഷ്ഠിക്കുക എന്നത് അസംഗതമാകുന്നതിനേ അവകാശമുള്ളു. അതിനാൽ ശതസോമൻ കോലരാജവംശജനാണെന്നു തന്നെ നിശ്ചയിക്കണം. അതുലകവിയുടെ മൂഷികവംശം കാവ്യത്തിലും ശതസോമനേയും ശിവപ്രതിഷ്ഠയേയും പററി വൎണ്ണിക്കുന്നുണ്ട്. ചെല്ലൂരുനാഥോദയം പ്രബ

സ്ഥത്തിലെ 30-31-32-33-എന്നീ പദ്യങ്ങളിൽ ശതസോമന്റെ നാനാമുഖങ്ങളായ വൈഭവങ്ങളെപ്പററി വിവരിക്കുന്നു. ഇവയിൽനിന്നെല്ലാം അസാധാരണഗുണസമ്പന്നനായ ഒരു മഹാരാജാവായിരുന്നു ശതസോമൻ എന്നു ഗ്രഹിക്കാം.

ചെല്ലൂരു, പെരുഞ്ചെല്ലൂരു, ലക്ഷ്മീപുരം, തളിപ്പറമ്പ്, എന്നിവ ഒരേ ഗ്രാമത്തെ കുറിക്കുന്ന പദങ്ങളാകുന്നു. ഇവയ്ക്കെല്ലാം ഒരുപോലെ പ്രസിദ്ധിയും ഉണ്ട്. ചെല്ലം സമ്പത്തു; അതുള്ള—അതോടുകൂടിയ—ഊരു - സ്ഥലം ചെല്ലൂരു; ഇതാണ് ചെല്ലൂരു എന്ന പദത്തിന്റെ വ്യുൽപത്തി. ഗ്രാമത്തിന് ആദ്യമായുണ്ടായ നാമം ഇതാകുന്നു എന്നു വിചാരിക്കണം. പല വിധത്തിലും, പില്ക്കാലത്തു മഹത്വം കൈവന്നപ്പോൾ അതിനെ വെളിപ്പെടുത്തുന്ന 'പെരും' എന്ന പദം കൂടിച്ചേൎന്നു പെരുഞ്ചെല്ലൂരു എന്ന പേരു ഗ്രാമത്തിന് ഉണ്ടായി. ചെല്ലൂരിന്റെ ശരിയായ സംസ്കൃതരൂപമാണ് ലക്ഷ്മീപുരം. സമ്പദ്ഗ്രാമം എന്നും ദുർല്ലഭമായി വ്യവഹരിക്കാറുണ്ട്.

ലക്ഷ്മീപുരം എന്ന പേരിന്റെ ആഗമത്തെക്കുറിച്ചു കേരളമാഹാത്മ്യം മുപ്പത്തിനാലാമത്തെ അദ്ധ്യായത്തിൽ ഒരു കഥ പറഞ്ഞുകാണുന്നു. ശ്രീപരശുരാമന്റെ അപേക്ഷയനുസരിച്ചു ലക്ഷ്മീഭഗവതി തളിപ്പറമ്പു ക്ഷേത്രത്തിൽ വന്നു താമസം തുടങ്ങിയെന്നും അതിനുശേഷമാണ് പ്രസ്തുതനാമം ഉണ്ടായതെന്നും മററുമാകുന്നു ആ കഥയുടെ സാരം.

കോലത്തുനാട്ടു രാജാക്കന്മാർ അവരുടെ കോവിലകത്തിനടുത്തു ദേവദൎശനത്തിനുവേണ്ടി നിൎമ്മിച്ചു നടത്തിവരു

ന്ന ക്ഷേത്രത്തിന്നു തളി എന്നു പേരാകുന്നു. അതു നില്ക്കു ന്ന സ്ഥലം എന്നു തളിപ്പറമ്പു് എന്ന പദത്തിന്നു് അൎത്ഥം. ക്ഷേത്രത്തിന്റെ പ്രാധാന്യം നിമിത്തം പിന്നീടു് ആ നാമം ഗ്രാമത്തിന്നും സിദ്ധിച്ചു.

തളിപ്പറമ്പു ക്ഷേത്രത്തിൽനിന്നു നാലഞ്ചുനാഴിക തെക്കു മാറി കരിപ്പത്തു എന്നു പേരായി ഒരു സ്ഥലം ഉണ്ടു്. ഇപ്പോഴും അവിടെ ഒരു കൃഷിത്തോട്ടം നടന്നു വരുന്നു. ഈ സ്ഥലത്താണു പൂൎവ്വകാലത്തു കോലരാജാക്കന്മാരുടെ ഭവനം നിന്നിരുന്നതു്. അതിനോടടുത്തു രാജാക്കന്മാർ ദേവാരാധനത്തിന്നു നിൎമ്മിച്ച ക്ഷേത്രമാകകൊണ്ടു തളിയെന്നു പ്രസ്തുതദേവാലയത്തിന്നു പേരുണ്ടായി. പില്ക്കാലത്തു രാജധാനി കരിപ്പത്തുനിന്നു് ഏഴിമലയിലേക്കു മാററി. സപ്തശൈലം എന്നു സംസ്കൃതത്തിൽ വ്യവഹരിക്കുന്നതു് ഈ ഏഴിമലയെ ആകുന്നു. ഇവിടെ കോലരാജാക്കന്മാരുടെ വക നരയങ്കണ്ണൂരു എന്ന പേരായ ഒരു അമ്പലം ഉണ്ടു്. ശങ്കരനാരായണനാണു് അവിടെ മൂൎത്തി. ഏഴിമലയിൽ സ്ഥിതിചെയ്യുന്ന രാമന്തളി ക്ഷേത്രം മുൻകാലത്തു കോലരാജാക്കന്മാരുടെ വകയായിരുന്നു. കാലാന്തരത്തിൽ കോലരാജധാനി ഏഴിമലയിൽനിന്നു (കണ്ണൂരിനടുത്തു) ചിറയ്ക്കലേക്കു മാററി. അതു് ഇപ്പോഴും അവിടെയാണു് നില്ക്കുന്നതു്. ഏഴിമലയിലും രാമന്തളി എന്നു തളിയുണ്ടാകുന്നതിന്നു കാരണം ഇവിടെ ശ്രദ്ധേയമാകുന്നു.

പ്രകൃതത്തിൽ ഒരു സംഗതി പ്രത്യേകം സ്മരിക്കേണ്ടതായിട്ടുണ്ടു്. കേരളരാജാക്കന്മാർ അവരുടെ കോവിലകങ്ങളുടെ അടുത്തു നിൎമ്മിച്ച ദേവാരാധനത്തിന്നു് ഉപയോ

ഗിച്ചുവന്നിരുന്ന ക്ഷേത്രങ്ങളെ പൊതുവേ തളി എന്നു പറഞ്ഞുവന്നിരുന്നു. ശൈലാബ്ധീശ്വരന്മാരുടെ രാജധാനി സ്ഥിതിചെയ്തിരുന്ന സ്ഥലത്തിനടുത്തു് അവർ നിർമ്മിച്ചു് ഉപയോഗിച്ചുവന്നതാണു് കോഴിക്കോട്ടെ പ്രസിദ്ധമായ തളിയിൽ ക്ഷേത്രം. പെരുമാക്കന്മാർ തിരുവഞ്ചിക്കുളത്തു വാണിരുന്ന കാലത്തു് അവരുടെ ആവശ്യത്തിനു നിർമ്മിക്കപ്പെട്ട ക്ഷേത്രങ്ങളെയാണു് മേൽത്തളി കീഴ്ത്തളി നെടിയതളി ചിങ്ങപുരത്തു തളി എന്നീപേരുകൾ കൊണ്ടു വ്യവഹരിക്കുന്നതു്. വടക്കുങ്കൂർ രാജാക്കന്മാരുടെ കൊട്ടാരം നിന്നിരുന്ന കടുത്തുരുത്തിയിലെ ക്ഷേത്രവും തളിയാകുന്നു. "കണ്ടോമല്ലോ തളിയിലിരുവംകൂത്തു നാമന്റെരാരിക്കാൽ" എന്നു് ഉണ്ണിനീലിസന്ദേശത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക. കോട്ടയത്തു തിരുനക്കരയിൽ മുൻകാലത്തു തെക്കുങ്കൂർ രാജാക്കന്മാരുടെ രാജധാനി നിന്നിരുന്നു. അവിടെ അല്പം പടിഞ്ഞാറുവശത്തായിട്ടും ഒരു തളിക്ഷേത്രമുണ്ടു്. ഈ സംഗതികൾ, രാജാക്കന്മാരുടെ കോവിലകങ്ങൾക്കും തളിക്ഷേത്രങ്ങൾക്കും തമ്മിൽ സിദ്ധമായിരിക്കുന്ന ബന്ധം തെളിയിക്കുന്നുണ്ടല്ലോ. തളിപ്പറമ്പു് എന്ന പേരിന്റെ ആഗമവും ഇതിൽനിന്നു ഭിന്നമല്ലെന്നു ദൃഢമായി നിശ്ചയിക്കാം.

കേരളത്തിൽ മലയാളബ്രാഹ്മണരുടെ സാമുദായികഭരണം നിലനിന്നിരുന്ന കാലത്തു ദേശഭരണാധികാരികളായിരുന്ന തളിയാതിരിമാർ താമസിച്ചിരുന്ന സ്ഥലങ്ങളെയാണു് തളിയെന്നു വിളിച്ചുവരുന്നതെന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം സ്വീകാര്യമായിരിക്കുന്നില്ല. തളിപ്പറമ്പു് കേരളത്തിലെ

ഒരു പ്രധാനഗ്രാമമായിരുന്നതുകൊണ്ട് അവിടെയും തത്തുല്യങ്ങളായ മററു ചില സ്ഥലങ്ങളിലും തളിയാതിരിമാർ താമസിച്ചിരുന്ന എന്ന് ഊഹിക്കാം. എന്നാൽ തളിയാതിരിമാരുമായി യാതൊരു ബന്ധവും സംഭവിച്ചിട്ടുള്ളവയല്ല കടുത്തുരുത്തി, തിരുനക്കര മുതലായ ദേശങ്ങളിലെ തളികൾ. ഇന്നയിന്ന ഗ്രാമങ്ങളിലെ തളിയാതിരിമാരെ ഇന്നയിന്ന സ്ഥലങ്ങളിൽവച്ചുമാത്രമേ വാഴിക്കാവൂ എന്ന നിശ്ചയമുണ്ടെന്നുകൂടി പറയേണ്ടതാകുന്നു. പറവൂരുഗ്രാമത്തിലെ തളിയാതിരിയെ നെടിയതളിയിൽ വച്ചും ഐരാണിക്കുളം തളിയാതിരിയെ കീഴ്ത്തളിയിൽവച്ചും വാഴിച്ചുവന്ന എന്ന കേരളോൽപത്തിയിൽനിന്ന ഗ്രഹിക്കാം. ഇതുപോലെ മററു ഗ്രാമങ്ങളിലെ തളിയാതിരിമാരുടെ കാൎയ്യവും ഗ്രാഹ്യമാകുന്നു. ഇതിൽ നിന്നെല്ലാം തളിയാതിരിമാർ താമസിച്ചിരുന്ന സ്ഥലങ്ങളെയാണ് തളിയെന്ന പറയുന്നതെന്ന അഭിപ്രായം ഭ്രമകല്പിതമാകുന്ന എന്ന സിദ്ധിക്കുന്നുണ്ടല്ലോ.

മലയാളത്തിലെ ഗ്രാമങ്ങളിൽ പ്രാശസ്ത്യവും പ്രാധാന്യവും തികഞ്ഞ ഒന്നാകുന്നു തളിപ്പറമ്പ്. വടക്കും തെക്കും 'കിള്ളാഖ്യതതടിനികളെക്കൊണ്ടൊരുല്ലാസശാലി' യാണ് ഈ ഗ്രാമം എന്ന ചെല്ലൂരുനാഥോദയത്തിൽ പറഞ്ഞിരിക്കുന്നു. അതിൽനിന്ന കിള്ളാനദിയുടേയും നെയ്യാററിന്റേയും ഇടയ്ക്കു സ്ഥിതിചെയ്യുന്ന ദേശമാണ് ഈ ഗ്രാമം എന്ന നിശ്ചയിക്കാം. തളിപ്പറമ്പു ക്ഷേത്രത്തിൽനിന്ന വടക്കഭാഗത്തു രണ്ടുമൂന്ന നാഴിക അകലെയായി കൊപ്പപ്പുഴയെന്ന പേരായി ഒരു നദിയുണ്ട്. പ്രബന്ധത്തിൽ പറയുന്ന കിള്ള ആ പുഴയായിരിക്കണം

എന്നു ഊഹം തോന്നുന്നു. ചിറയ്ക്കൽ താലൂക്കിലെ പ്രസിദ്ധമായ വളർപട്ടണം പുഴയാകുന്നു നെയ്യാറ്. ഇതിൻെറ സംസ്കൃതരൂപമാണ് ഘൃതതടിനി. വളർപട്ടണം പുഴയ്ക്കു നെയ്യാറെന്നു പേരുവരുവാനുള്ള കാരണം വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുണ്ട്. ദക്ഷിണതിരുവിതാംകൂറിലെ നെയ്യാറും (നെയ്യാററങ്കര) പ്രസ്തുത ഘൃതതടിനിയും ഒന്നാണെന്നു ചില ചരിത്രകാരന്മാർ പറയുന്നതു ഭ്രമമൂലമാകുന്നു.

കേരളഗ്രാമങ്ങളുടെ ഒരു മകുടമായിരുന്നു ചെല്ലൂര്. മുൻകാലത്ത് അവിടെ ഓരോ വേദത്തിനും ആയിരം വീതം മൂവ്വായിരം മലയാളബ്രാഹ്മണഗൃഹങ്ങൾ ഉണ്ടായിരുന്നു. "ശ്രീകോലം ത്രിസഹസ്രസംഖ്യകലശും ഭൂദേവസംഘാഃ" എന്നു പ്രബന്ധത്തിൽ പറയുന്ന ഭാഗം ശ്രദ്ധിക്കേണ്ടതാകുന്നു. ഗ്രാമവാസികളായ ബ്രാഹ്മണർ സ്വധർമ്മനിഷ്ഠാനിരതന്മാരും ഭക്തന്മാരും സാഹിത്യാദിവിവിധവിദ്യാപാരംഗതന്മാരും ആയിരുന്നു. അവരുടെ ഏതാദൃശമായ മാഹാത്മ്യത്തെ പ്രബന്ധകാരൻ "ഭൂമീസുരാ ദധതി" എന്ന് ആരംഭിക്കുന്ന ശ്ലോകത്തിൽ പ്രൌഢമായ വാഗ്വിലാസത്തോടുകൂടി വർണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്നു.

തളിപ്പറമ്പ് ഒരു സ്വതന്ത്രഗ്രാമമാണ്. ലൌകികങ്ങളും ആത്മീയങ്ങളും ആയ എല്ലാ കാര്യങ്ങളും അന്യഗ്രാമജനങ്ങളുടെ ആശ്രയം കൂടാതെ തനിയേ നടത്തുന്നതിനു വേണ്ട പ്രാബല്യം ഗ്രാമവാസികൾക്ക് ഉണ്ടായിരുന്നു. വൈദികന്മാർ സ്മാർത്തന്മാർ മുതലായവരെല്ലാം ഈ ഗ്രാമക്കാർക്കു പ്രത്യേകമായിട്ടുണ്ട്. ഇവരുടെ വൈദികന്മാരെ പുടവന്മാരെന്നാണ് വിളിക്കുന്നത്. പ്രസി

ശന്മാരായ ആറു വൈദികന്മാർ മദ്ധ്യകേരളത്തിൽ ഉള്ളതു പോലെ, നാലു പുടവന്മാർ ഈ ദേശത്തു് ഉണ്ടു്. സ്മാൎത്ത വൈദികാദിവിഷയങ്ങളിലൊന്നിലും ഗ്രാമവാസികൾക്കു് അന്യദേശത്തെ ആശ്രയിക്കേണ്ടതായി വന്നിട്ടില്ല.

പില്ക്കാലത്തു തളിപ്പറമ്പു ഗ്രാമം തട്ടുമ്മൽ എന്നും ചേരിമേൽ എന്നും രണ്ടായി പരിഞ്ഞു. സുപ്രസിദ്ധനായ കോക്കുന്നത്തു ശിവാങ്ങളാണു് ഗ്രാമത്തെ ഇപ്രകാരം പകുത്തതു്. സാമുദായികങ്ങളായ ചില സൌകൎയ്യങ്ങളെ ആസ്പദമാക്കി, ഇങ്ങനെ ഗ്രാമവിഭാഗം ചെയ്തതാകുന്നു. ഈ രണ്ടു ഭാഗക്കാൎക്കും ആഭിജാത്യത്തിൽ വ്യത്യാസമില്ല. ശ്രാദ്ധാദികൎമ്മങ്ങൾക്കു് ഇവർ അന്യോന്യം കൂടിച്ചേരും. ഒരു ഭാഗക്കാർ മററവരുമായി വിവാഹബന്ധത്തിൽ ഏൎപ്പെടുന്ന പതിവില്ല. ഓരോ ഭാഗക്കാരും തങ്ങളുടെ അംശത്തിൽ ഉള്ളവൎക്കു മാത്രമേ കന്യകകളെ കൊടുക്കുകയുള്ളു എന്നു നിൎബ്ബന്ധമുണ്ടു്. ക്ഷേത്രത്തിലെ ഊരാണ്മക്കാർ മുഴുവനും തട്ടുമ്മേൽകാരാണു്. അതുകൊണ്ടു് ഗ്രാമത്തിൽ കൂടുതലായ ഒരു പ്രാബല്യം അവൎക്കു സിദ്ധിക്കുവാൻ ഇടയായി.

പെരുഞ്ചെല്ലൂരു ക്ഷേത്രത്തിൽ പ്രധാനദേവൻ ശിവനാണല്ലോ. അമ്പലത്തിൽ ദൎശനംചെയ്യുന്ന ക്രമത്തെ വിവരിക്കുന്ന ഒരു പ്രസിദ്ധപദ്യം കേട്ടിട്ടുള്ളതു് ഇവിടെ ചേൎക്കാം.

> "ശ്രീകൃഷ്ണം ഭൂതനാഥം ഭിഷഗധിപമല-
> ക്ഷ്മീം ച ലക്ഷ്മീം ച യക്ഷീ-
> മുക്ഷാണം ദക്ഷിണേശം ഗണപഗുഹമഹാ-
> കാളനന്ദ്യന്നപൂൎണ്ണാഃ

മാന്ധാതൃാദീനപി ത്രീനവനിപതിമുനീ-
ന്നത്രിപുത്രീമഗസ്ത്യം
വിശ്വാമിത്രം ച കാളീം പ്രണതസുരതരും
നീലകണ്ഠം നമാമി."

ഈ ശ്ലോകത്തിൽ സ്മരിച്ചിരിക്കുന്ന ദേവന്മാരെ ചെല്ലൂരു നാഥോദയം പ്രബന്ധത്തിലെ "തതശ്ച വിമലസൂര്യ്യോപലകോടി" എന്നു തുടങ്ങുന്ന അവസാനത്തെ സംസ്കൃത ഗദ്യത്തിൽ വർണ്ണിച്ചിട്ടുണ്ട്. പ്രസ്തുതദേവന്മാരുടെ രൂപം, അവക്കു ക്ഷേത്രത്തിൽ കല്പിതമായ സ്ഥാനം എന്നിതെല്ലാം ഈ സംസ്കൃതഗദ്യത്തിൽനിന്നു ഗ്രഹിക്കാവുന്നതാകുന്നു.

ചെല്ലൂരുഗ്രാമദേവനായ പരമശിവനു മഹാരാജത്വം എന്നു് ഒരു അവസ്ഥ വിശേഷേണ സിദ്ധമായിട്ടുണ്ട്. ചെല്ലൂരുനാഥോദയം പ്രബന്ധം പ്രഥമപദ്യത്തിലെ "മടിക്കും മഹാരാജഹംസം" എന്ന ഭാഗത്തിലെ മഹാരാജപദം ആ അവസ്ഥയെക്കൂടി സൂചിപ്പിക്കുന്നു. "ഉത്ഥാനം ചെയ്യിരിക്കും വടിവു തവ മഹാരാജ ചെല്ലൂർപുരാനേ" എന്നു ചെല്ലൂരീശവിലാസം പ്രഥമപദ്യത്തിൻെറ ചരമപാദത്തിൽ 'മഹാരാജ' പദം പ്രയോഗിച്ചിരിക്കുന്നതും പ്രകൃതത്തിൽ ശ്രദ്ധിക്കേണ്ടതാകുന്നു.

ചെല്ലൂരീശനു രാജത്വം (ക്ഷത്രിയത്വം) സിദ്ധിക്കുന്നതിനു ഹേതുവായ സംഭവത്തെപ്പററി ഒരു ഐതിഹ്യം പ്രസിദ്ധമായി കേട്ടിട്ടുണ്ട്. അതു് ഇവിടെ ചേക്കാം.

മുൻകാലത്തു കോഴിക്കോട്ടു സാമൂതിരിപ്പാടന്മാരിൽ പരമഭക്തനായ ഒരാൾ തളിപ്പറമ്പുക്ഷേത്രത്തിൽ ചെന്നു

ദേവനെ ഭജിച്ചു താമസിച്ചു. ഭഗവൽഭജനം ചെയ്തു് അദ്ദേഹം വളരെ നാളുകൾ കഴിച്ചുകൂട്ടി. അന്നു് ഒരു ദിവസം അദ്ദേഹം ഗർഭഗൃഹത്തിനുള്ളിലേക്കു കടന്നു ചെന്നു. പിന്നീടു് ആരും അദ്ദേഹത്തെക്കണ്ടിട്ടില്ല. ആ മഹാഭക്തൻ ദേവനോടു സായൂജ്യം പ്രാപിച്ചു. ഈ സംഭവത്തെപ്പററി അഗ്നിവംശരാജചരിത്രം എന്ന ഗ്രന്ഥത്തിൽ വിവരിച്ചു പറഞ്ഞിട്ടുണ്ടു്.

"തപശ്ചരൻ സംയതാത്മാ ബഹുകാലമനന്യധീഃ
ഏവം ദിനേ ബഹുദിനേ കാലേ സ ച മഹീപതിഃ
ക്ഷേത്രതദ് ഗ്രാമഭൂദേവേഷ്വപിപശ്യത്സു ഭക്തിതഃ
ഗർഭവാസഗൃഹം ശംഭോർവ്വിശൻ തല്ലിംഗതാമഗാൽ

പരസ്മിന്നഹനിപ്രാപ്തേ ശംഭോഃ പുണ്യാഹവാചനം.
ലിംഗൈക്യതാസമാപത്തിപ്രതിപത്തൌ നിദർശ്യതേ
ലിംഗമേതൽ തദാദത്തിസ്തദ്വംശജനൃപാധിപേ
മൃതേതന്മൃതിവിജ്ഞപ്തിരാശൌചിതാം ച തദ്ദിനേ"

ഈ ഭാഗത്തിൽനിന്നു ഭക്തനായ രാജാവു ഗർഭഗൃഹത്തിൽ പ്രവേശിച്ചതു, ഗ്രാമവാസികളായ ബ്രാഹ്മണർ അമ്പലത്തിൽ കണ്ടുകൊണ്ടിരുന്ന സമയത്തുതന്നെയാണെന്നു വ്യക്തമാകുന്നു. സാമൂതിരിപ്പാടു് അകത്തേക്കു പ്രവേശിച്ചതായി കാണുകയും, പിന്നീടു കാണാതിരിക്കുകയും ചെയ്തപ്പോൾ അദ്ദേഹം ഭഗവദ്ബിംബത്തോടു് ഐക്യം പ്രാപിച്ചതായി ഭക്തജനങ്ങൾ വിശ്വസിക്കുവാൻ ഇടയായതിൽ തെററില്ലല്ലോ.

ഈ സംഭവത്തിനു ശേഷം കോഴിക്കോട്ടു സാമൂതിരിപ്പാടന്മാർ പരമഗതിയെ പ്രാപിച്ചാൽ, തളിപ്പറമ്പുദേവൻ പുലകൊള്ളുക എന്നു് ഒരു നടപ്പു് ഉണ്ടായി.

സാമൂതിരിപ്പാട്ട് ഇഹലോകവാസം വെടിഞ്ഞാൽ, ആ വൎത്തമാനം ബ്രാഹ്മണനായ ഒരു അരിക്കാരൻ ക്ഷേത്രത്തിൽ അകത്തു നടയിൽ ചെന്നു വിളിച്ചുപറഞ്ഞു ദേവനെ അറിയിക്കുന്നു. അങ്ങനെ ചെയ്യുന്നതു് ആശൌചം കഴിയുന്നതിനു തലേദിവസം രാത്രി അത്താഴപ്പൂജ കഴിഞ്ഞതിനു മേൽ ആയിരിക്കും. അനന്തരം നട അടയ്ക്കുന്നു. അതുമുതൽ ദേവനു പുലയായി എന്നു സങ്കല്പിക്കുന്നു. അടുത്ത ദിവസം പുലകഴിഞ്ഞ രീതിയിൽ ശുദ്ധികൎമ്മങ്ങൾ ചെയ്തതിനു ശേഷമേ പതിവുള്ള പൂജാദികൎമ്മങ്ങൾ നടത്തുകയുള്ളു. ഇന്നും ആദരിച്ചുവരുന്ന ഒന്നാകുന്നു ഈ നടപ്പു്.

തൃപ്പൂണിത്തുറയിൽ ഒരു ബ്രാഹ്മണകന്യക ഭഗവദൈക്യം പ്രാപിച്ചതായി ഒരു ഐതിഹ്യം പ്രസിദ്ധമായിട്ടുണ്ടു്. പെരുമനം ദേശത്തും ഒരു കന്യക അവിടുത്തെ ക്ഷേത്രത്തിൽ ദേവനോടു സായൂജ്യം പ്രാപിച്ചതായി ഒരു ഐതിഹ്യം പറഞ്ഞുവരുന്നു. ഇവയെല്ലാം ഛായാസാമ്യം വഹിക്കുന്നവയാണു്. എന്നാൽ ദേവൻ പുല ആചരിക്കുന്ന നടപ്പു തളിപ്പറമ്പിൽ മാത്രമേയുള്ളു.

ചെല്ലൂരുദേവനു ക്ഷത്രിയത്വംകൂടിയുണ്ടെന്നുള്ള വിശ്വാസം സുദൃഢമൂലമാകുന്നു. തദനുസരണം പല വിശേഷനടപടികളും തളിപ്പറമ്പുക്ഷേത്രത്തിൽ നടന്നു വരുന്നുണ്ടു്. അവിടെ ബ്രാഹ്മണർ മണ്ഡപത്തിൽ കയറി നമസ്കരിക്കുക, അവരുടെ സ്ത്രീകൾ ദൎശനം ചെയ്യുക എന്നിവയൊന്നും പതിവില്ല.

കേരളത്തിൽ ഇതരക്ഷേത്രങ്ങളിൽ ഇല്ലാത്ത പല വിശേഷനടപടികളും തളിപ്പറമ്പിൽ ഉണ്ടു്. വിവിധ

ങ്ങളായ കലകളിൽ നൈപുണ്യം നേടിയിരിക്കുന്ന വിദ്വാന്മാൎക്കു ബഹുമതികൊടുക്കുക എന്ന ഏൎപ്പാടു തളിപ്പറമ്പിൽ മാത്രമുള്ളതാകുന്നു. ബഹുമതിപ്രാൎത്ഥികളായി വരുന്ന പണ്ഡിതന്മാരെ ക്ഷേത്രത്തിലെ യോഗക്കാരായ നമ്പൂരിമാർ പരീക്ഷിക്കുന്നു. കാൎക്കശ്യം ഏറിയതായിരിക്കും പരീക്ഷയുടെ സ്വഭാവം. യോഗക്കാർ ചെയ്യുന്ന പരീക്ഷയിൽ വിജയം നേടുന്നവർ ബഹുമതിലാഭത്തിനു പാത്രമാകുന്നു. തളിപ്പറമ്പിൽനിന്നു ബഹുമതി വാങ്ങുക എന്നതു പൂൎവ്വകാലത്തു വലിയ അഭിമാനമായിട്ടാണു വിദ്വാന്മാർ കരുതി വന്നത്. അവർ കേരളത്തിലെങ്ങും ഒരുപോലെ ബഹുമാനിതന്മാരായി ഭവിക്കുന്നു. എല്ലാ ദേശക്കാൎക്കും തളിപ്പറമ്പിലെ പരീക്ഷ സമ്മതമാണ്. നാട്യം, ശില്പം, വാദ്യം മുതലായ കലകളിൽ വൈദഗ്ദ്ധ്യം നേടിയവർ തളിപ്പറമ്പിൽ പോകുകയും പാണ്ഡിത്യപ്രകടനംചെയ്തുകൊണ്ടു യോഗക്കാരെ സമ്മതിപ്പിച്ചു ബിരുദ സമ്പാദിക്കുകയും ചെയ്യുക എന്നതു മുൻകാലംമുതല്ക്കുള്ള ഒരു നടപ്പാകുന്നു. മലയാളത്തിലെ എല്ലാ ദേശങ്ങളിൽനിന്നും വിദ്വാന്മാർ തളിപ്പറമ്പിൽ പോയി ബഹുമതി വാങ്ങിക്കുക സാധാരണമാണ്. അവിടെ ചെന്നാൽ, പരീക്ഷയ്ക്കു ചേരണമെന്ന് ആഗ്രഹിക്കുന്നവർ ഒരു ചെറിയ സംഖ്യ ദേവനു നടയ്ക്കു വയ്ക്കണം എന്നൊരു നിശ്ചയമുണ്ട്.

വിജയികളാകുന്ന ചാക്കിയാന്മാൎക്കും പാഠകക്കാൎക്കും മുടി കൊടുക്കുകയാണു പതിവ്. ക്ഷേത്രാധികാരികളായ നമ്പൂരിമാർ ചന്ദ്രക്കലകൊണ്ട് അലംകൃതമായ ഒരു മുടിയുണ്ടാക്കി ശാന്തിക്കാരനെ ഏല്പിക്കുന്നു. അത് അത്താഴ

ശ്ശീവേലി കഴിഞ്ഞു ദേവനു ചാർത്തിയതിനുശേഷം, ശാന്തിക്കാരൻതന്നെ അവരുടെ ശിരസ്സിൽ വയ്ക്കും. അപ്പോൾ യോഗക്കാർ മുതലായ എല്ലാ ജനങ്ങളും അവിടെ ഉണ്ടായിരിക്കുന്നതാണ്. വീരശൃംഖല കൊടുക്കുന്ന പതിവും ഉണ്ട്. യോഗ്യതാസൂചകങ്ങളായ ബഹുമാനപ്പേരുകൾ കൊടുക്കുകയും സാധാരണമാകുന്നു. ക്ഷേത്രത്തിനകത്തു പ്രവേശനമില്ലാത്തവരായ ശില്പികൾ മുതലായ ജാതിക്കാൎക്കും യഥോചിതം ബഹുമതി കൊടുക്കാറുണ്ട്. മതില്ക്കു പുറമേ മുൻപിൽ സ്ഥിതിചെയ്യുന്ന കൊട്ടുമ്പുറം എന്ന സ്ഥലത്തുവച്ചാണ് അവൎക്കു ബിരുദപ്പേരുകളും മററും കൊടുക്കുന്നതു്.

പരീക്ഷ പില്ക്കാലത്തു കുറഞ്ഞു കുറഞ്ഞു് ഇന്നു നാമാവശേഷമായിത്തീൎന്നിരിക്കുന്നു. ഗ്രാമക്കാരായ നമ്പൂരിമാരുടെ വൈദുഷ്യത്തിനു സമൂലം സംഭവിച്ച ശൈഥില്യമത്രേ അതിനു കാരണം. നിശ്ചിതമായ തുക നടയ്ക്കു വച്ചാൽ ആൎക്കും ഏതു സ്ഥാനപ്പേരും ബഹുമതിയും കിട്ടും. അതായിരിക്കുന്നു ഇന്നത്തെ നില. എങ്കിലും സ്ഥാനപ്പേരു, മുടി, വീരശൃംഖല മുതലായവ കൊടുത്തുവരുന്ന നടപ്പു്, പഴയ നടപടികളുടെ നിൎജ്ജീവച്ഛായയായി ഇന്നും തളിപ്പറമ്പു ക്ഷേത്രത്തിൽ നടന്നുവരുന്നു എന്നതു് ശ്ലാഘ്യം തന്നെ.

നവീനമായി നിൎമ്മിക്കുന്ന ഒരു നാടകം ആദ്യമായി തളിപ്പറമ്പിൽ അഭിനയിക്കണം എന്നു നിശ്ചയം ഉണ്ട്. അങ്ങനെ ചെയ്തില്ലെങ്കിൽ കോരപ്പുഴയ്ക്കു വടക്കുദേശത്തു് അതു ചാക്കിയാന്മാർ ആടുന്നതല്ല. തളിപ്പറമ്പിൽ അ

ഭിനയിച്ചിട്ടില്ലാത്ത തപതീസംവരണവും സുഭദ്രാധനഞ്ജയവും കോരപ്പുഴയ്ക്കു് അപ്പുറത്തു ചാക്കിയാന്മാർ ഇന്നും ആടാത്ത നാടകങ്ങളാകുന്നു.

ഇപ്രകാരം കലാഭിവൃദ്ധിക്കു വേണ്ടി പല ഏർപ്പാടുകളും തളിപ്പറമ്പു ക്ഷേത്രത്തോടു സംബന്ധിപ്പിച്ചുകൊണ്ടു് ഗ്രാമവാസികളായ നമ്പൂരിമാർ ചെയ്തു വച്ചിട്ടുണ്ടു്. അവ പ്രാബല്യത്തോടുകൂടി സ്വോദ്ദേശങ്ങളെ സാധിപ്പിച്ചുകൊണ്ടു ദീർഘകാലം നിലനിന്നിരുന്നു. നമ്പൂരിമാർക്കു പില്ക്കാലത്തു പല തരത്തിൽ നേരിട്ട അധഃപതനം പ്രകാരാന്തരേണ ആ വക ഏർപ്പാടുകളേയും ബാധിക്കുവാൻ ഇടയായി. ഈ നിലയിൽ അവയ്ക്കു പിന്നീടു ക്ഷയം നേരിട്ടു.

തളിപ്പറമ്പിൽ മുൻകാലത്തു നടന്നുവന്നിരുന്ന പ്രധാനമായ മറെറാരു നടപ്പിനെപ്പററിക്കൂടി ഈ പ്രകൃതത്തിൽ പറയേണ്ടതായിട്ടുണ്ടു്. ഇരിങ്ങാലക്കുടയിൽ എന്ന പോലെ ഒരു നായരെ ബ്രാഹ്മണനാക്കി രക്ഷാധികാരിയായി അവരോധിക്കുന്ന നടപ്പു് തളിപ്പറമ്പിലും ഉണ്ടായിരുന്നു. അവരോധാനന്തരം, ആ ആൾക്കു് ഊരരശ്ശുകയ്മൾ എന്ന സ്ഥാനം സിദ്ധിക്കുന്നു. ദേശാധിപത്യത്തെ സൂചിപ്പിക്കുന്ന ഒന്നാണു് ഊരരശ്ശു എന്ന പ്രസ്തുതനാമം. അവരോധം സംബന്ധിച്ചു ഇരിങ്ങാലക്കുടയിൽ എന്തെല്ലാം കർമ്മങ്ങൾ ഉണ്ടോ അതെല്ലാം തളിപ്പറമ്പിലും ചെയ്തുവന്നിരുന്നു. ബ്രാഹ്മണർക്കു മാത്രം ഉള്ള പല അവകാശങ്ങളും ഊരരശ്ശുകയ്മൾക്കും ഉണ്ടു്. തളിപ്പറമ്പിൽ ഒടുവിലായി അവരോധിക്കപ്പെട്ട ഊരരശ്ശുകയ്മൾ പോത്തേര തറവാട്ടിലെ അംഗമായിരുന്നു എന്നു് അറിയുന്നു.

പില്ക്കാലത്ത് എങ്ങനേയോ ഈ നടപ്പ് ഇല്ലാതെയായി. ടിപ്പുവിൻെറ ആക്രമണത്തിനു മുൻപുതന്നെ കഥാശേഷമായിരിക്കുന്നു.

സാഹിത്യലോകത്തിലും ചെല്ലൂരുക്ഷേത്രത്തിന് (ഗ്രാമത്തിനു) ഉന്നതമായ ഒരു സ്ഥാനം പൂർവ്വകാലത്തു കൈവന്നിട്ടുണ്ട്. ഈ മഹാഗ്രാമത്തിലും സമീപപ്രദേശങ്ങളിലും ആയി അനേകം കവികളും ശാസ്ത്രജ്ഞന്മാരും ജീവിച്ചിട്ടുണ്ടെന്നും അവരുടെ സാഹിതീസേവനം കൈരളിയേയും ഗൈർവ്വാണിയേയും ഒരുപോലെ അനുഗ്രഹിച്ചിരിക്കുന്ന ഒന്നാകുന്നു എന്നും കാണുവാൻ പ്രയാസമില്ല. ചെല്ലൂരു ഗ്രാമത്തിൽ ജീവിച്ചിരുന്ന ഒരു മഹാനാണ് യോഗിയും അത്യാശ്രമിയും ആയിരുന്ന കോക്കുന്നത്തു ശിവാങ്ങൾ. കേരളകാളിദാസൻ എന്നു ഖ്യാതി നേടിയ മഹാകവി കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ പിതാവായ മുല്ലപ്പള്ളി നമ്പൂരി തളിപ്പറമ്പു ഗ്രാമക്കാരനാകുന്നു എന്നുള്ള വസ്തുത ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരിക്കേണ്ടതത്രേ. മംഗലശ്ശേരി നമ്പൂരി, എടയ്ക്കാട്ട നമ്പൂരി മുതലായ ഒട്ടനേകം ഗ്രന്ഥകാരന്മാരുടെ നാമങ്ങൾ പ്രകൃതത്തിൽ എടുത്തു പറയേണ്ടവയായിട്ടുണ്ട്.

ഭാഷയിലും സംസ്കൃതത്തിലും ചെല്ലൂരീശൻെറ മാഹാത്മ്യത്തെ വർണ്ണിക്കുന്നവയും സ്തോത്രരൂപങ്ങളും ആയി പല കൃതികളും കാണുന്നു. അവയിൽ പ്രധാനമായ ഒന്നാണ് ചെല്ലൂരീശവിലാസം എന്ന മണിപ്രവാളകാവ്യം. ഇതിൽ പ്രഭാതകാലം മുതൽ വൈകുന്നേരം വരെയുള്ള ഭഗവാൻെറ ദിനകൃത്യങ്ങളെ യഥാക്രമം വർണ്ണിക്കുന്നു. "നൌമി ചെല്ലൂർപുരാനേ" എന്ന ഭാഗത്തോടുകൂടിയാ

ണ്ട് എല്ലാ പദ്യങ്ങളും അവസാനിക്കുന്നത്. ഈ സ്തോത്രം കവനോദയത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അതിന് ഇപ്പോൾ പ്രചാരമില്ല. അതുകൊണ്ടു സ്വഭാവം അറിയുന്നതിന് ഈ സ്തോത്രത്തിൽനിന്നു രണ്ടുമൂന്നു പദ്യങ്ങൾ ഇവിടെ ചേൎക്കുന്നത് ഉപയോഗമായിരിക്കും.

"നേൎത്തീട്ടും മേൽവിരിപ്പും മൃദുതലയിണയും
ചേൎത്ത പൂമെത്തതന്മേൽ
പ്രീത്യാ പോയ് പള്ളികൊള്ളുന്നളവിലവസരം
പാൎത്തുനിന്നാത്തമോദം
നേത്രോപാന്തേ വരുന്നാ ഭഗവതി തിരുനി-
ദ്രാ തദാവേശകാന്തം
പേൎത്തും ഭക്ത്യാ ഭവന്തം ഭവഭയശമനം
നൌമി ചെല്ലൂർപുരാനേ!

ഉള്ളം കൂടിക്കുളുർപ്പോളവുമിളമലയ-
ത്തെന്നൽ ചാലേയവാതിൽ-
ക്കുള്ളൂടേ വന്നു മെയ്യിൽ തടവി മണിവിള-
ക്കിന്നിളക്കം വരാതേ
വിള്ളുന്നംഗേ വിളങ്ങുന്നഹികൾ വയർനിറെ-
ക്കുന്ന നേരത്തകാണ്ഡേ
കൊള്ളും പള്ളിക്കുറുപ്പിൻവടിവു തവ വിഭോ!
നൌമി ചെല്ലൂർപുരാനേ!

തൃക്കൺപാൎക്കുന്നനേരം പ്രമഥപരിവൃഢ-
ന്മാരുമോരോ ദിഗന്തേ
തക്കം നോക്കിക്കിടന്നോരളവു പരിസര-
ന്യസ്തശസ്ത്രാഭിരാമം

ചൊല്ലേറാള്ളും ക്ഷേത്രപാലൻ വടിയൊടു പുറമേ
കാത്തു വാതില്ക്കു രക്ഷാം
കൈക്കൊള്ളും ഭോസ്ഥവൃന്ദം തവ മണിഭവനം
നൌമി ചെല്ലൂർപുരാനേ!"

പ്രസ്തുതശ്ലോകങ്ങൾ ഭഗവാന്റെ പള്ളിക്കുറുപ്പു വർണ്ണിക്കുന്നവയാണ്. ഒസ്തോത്രത്തിലെ അവസാനത്തെ മൂന്നു പദ്യങ്ങളെയാണ് ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്.

സംസ്കൃതത്തിൽ ഒരു ചെല്ലൂർസ്തോത്രം കണ്ടിട്ടുണ്ട്. അതിമനോഹരമായ ഒന്നാകുന്നു ഈ കൃതി. ചില പദ്യങ്ങൾ അതിൽനിന്നുകൂടി എടുത്തു കാണിക്കാം.

"പ്രാദുഷ്യന്തു പുരഃ പുരത്രയവധൂ-
ബിംബോകസമ്പദ്രുഹഃ
ശ്രീ ചെല്ലൂരുപുരീനിവാസരസികാ-
സ്തേജോവിലാസാ മമ
യേഷു ധ്യാനപഥം ഗതേഷു ഭവിതാ
നൃണാം ഫണീ ഭൂഷണം
വാമാംഗം വനിതാ ദിശശ്ച വസനം
ഭാഗീരഥീ മാലികാ.

ഉൽക്കൂലപ്രണയാതിരേകമുദയ-
ദ്രോമാഞ്ചപുഞ്ജം മുഹുഃ
പ്രത്യാഖ്യാനപരൈക ഭാഗവചനം
ചെല്ലൂരപുര്യാമഹോ
നീവീസ്പൃശ്വിലോലദക്ഷിണകര-
വ്യാപാരരോധക്രിയാ-
വൈയഗ്ര്യാകുലവാമപാണി ശിവയോ-
രൈക്യം പരിക്രീഡതി.

യാചേ കിഞ്ചിദിദം കൃതാഞ്ജലിപുടം
ചെല്ലൂരപുര്യ്യാഃ പതേ!
സ്വാമിൻ! വാരയ ചന്ദ്രശേഖര! കൃപാ-
വാരാന്നിധേ! മാമകീം
ചിത്രഗ്രാമടികാധിപത്യകലിതാ-
ഹങ്കാരശ്ശുംഭന്മതി-
ക്ഷുദ്രക്ഷ്മാധവചാട്ടുകോടിഘടനാ-
ദൈന്യസ്യ ദോർദ്ധ്രീം ദശാം.

കണ്ഠഗ്രാഹികഫേ സ്ഖലദ്ഗിരി ചലൽ-
ബോധേ ഗളന്മാരുതേ
മീലച്ചക്ഷുഷി വേപമാനഹൃദയേ
കാലേ സതി പ്രസ്തുതേ
ആരുഹ്യ സ്വയമദ്രിരാജസുതയാ
സാകം മഹാശാകപരം
സ്വാമിൻ ശങ്കര സന്നിധേഹി കൃപയാ
ചെല്ലൂരുഭൂഷാമണേ!"

ഈ പദ്യങ്ങൾ, സഹൃദയശ്ലാഘാഹമായ ഒരു കൃതിയാണു പ്രസ്തുതസ്തോത്രമെന്നു തെളിയിക്കുമെന്നു വിശ്വസിക്കുന്നു.

അനേകം കവികൾ ചെല്ലൂരീശവന്ദനത്തോടുകൂടി ഗ്രന്ഥം ആരംഭിച്ചുകാണുന്നു. അവരിൽ, മുഖ്യന്മാരാകുന്നു പ്രശ്നമാർഗ്ഗം, ഭദ്രദീപം, യോഗാമൃതം, പ്രപഞ്ചസാരം ഭാഷാവ്യാഖ്യാനം, ചിശതി മുതലായ ഗ്രന്ഥങ്ങളുടെ കർത്താക്കന്മാർ. ഇവർ തളിപ്പറമ്പിലും സമീപദേശങ്ങളിലും താമസിച്ചിരുന്നവരും ചെല്ലൂരീശൻെറ ഭക്തന്മാരും ആകുന്നു എന്നു വിചാരിക്കണം.

ഒരു കുന്നിൻെറ ഉയൎന്ന ഭാഗത്തു ക്ഷേത്രം സ്ഥിതി ചെയ്യുന്നു. കാഴ്ചയ്ക്കു ഭംഗിയേറിയ ഒന്നാണ് ആ പ്രദേശം. അമ്പലത്തിൽ ഉണ്ടായിരിക്കേണ്ട ഉപഗൃഹങ്ങളെല്ലാം മനോഹരമായ ശില്പവിലാസത്തോടുകൂടി നിൎമ്മിച്ച് ഇണക്കിയിട്ടുണ്ട്. ചെല്ലൂരനാഥോദയത്തിലെ സുദീൎഘമായ അന്ത്യഗദ്യത്തിൽനിന്നു ക്ഷേത്രത്തിൻെറ ഏകദേശം സമഗ്രമായ ഒരു സ്വഭാവം മനസ്സിലാക്കാം.

അമ്പലത്തിനടുത്തു മതില്ക്കുപുറമേ തീൎത്ഥവാപിയും ശതസോമൻ നിൎമ്മിച്ചു. "ആശ്രമമഹാതീൎത്ഥം മഹീപാവനം" എന്നു പ്രബന്ധത്തിലും "വിസ്തീൎണ്ണഗ്രാമതീൎത്ഥക്കര വിരവിലെഴുന്നള്ളി നീരാടി നിത്യം" എന്നു ചെല്ലൂരീശവിലാസത്തിലും പറഞ്ഞിരിക്കുന്നതു പ്രസ്തുത തീൎത്ഥത്തെപ്പററിയാകുന്നു.

ശതസോമൻ നിൎമ്മിച്ച അമ്പലത്തിൻെറ ആകൃതിക്ക് ഇന്നു പഴയനിലയിൽനിന്നും അസാധാരണമായ ഭേദഗതി വന്നിട്ടുണ്ട്. മതില്ക്കകത്തുണ്ടായിരുന്ന ഉപഗൃഹങ്ങൾ പലതും നശിച്ച് അടിക്കല്ലുമാത്രമായി ശേഷിച്ചിരിക്കുന്നു. മതിലുകളുടെ പല ഭാഗങ്ങളും തകൎന്നിരിക്കുന്നവയാണ്. ക്ഷേത്രത്തിന് ഈ ദുഃസ്ഥിതി സംഭവിച്ചതു, വിമതകുലാന്തകനായ ടിപ്പുവിൻെറ ആക്രമണത്തോടുകൂടിയാകുന്നു എന്നും പറയേണ്ടതുണ്ട്.

തളിപ്പറമ്പുക്ഷേത്രത്തിൻെറ കീഴിലുള്ള രണ്ടു ദേവാലയങ്ങളാകുന്നു തൃച്ചംബരവും കാഞ്ഞിരങ്ങാട്ടും. ഇവയിൽ ആദ്യത്തേതിനു കേരളത്തിൽ എവിടേയും ഖ്യാതി കൈവന്നിട്ടുണ്ട്. രണ്ടാമത്തേതിനു പറയത്തക്ക പ്രാധാന്യമൊന്നുമില്ല.

തൃച്ചാംബരം, തളിപ്പറമ്പു് അമ്പലത്തിൽനിന്നു രണ്ടു മൂന്നു നാഴിക തെക്കുമാറി സ്ഥിതിചെയ്യുന്നു. ശംബരമഹർഷി പ്രതിഷ്ഠിച്ചിരിക്കുന്ന വിഷ്ണുവാണു് ഇവിടത്തെ മൂർത്തി. ശ്രീശംബരം എന്ന നാമമാണു ഭാഷയിൽ തൃച്ചംബരം, തൃച്ചമ്മരം, എന്നീ രൂപങ്ങൾ കൈക്കൊണ്ടിരിക്കുന്നതു്. ചമ്മരം വീണ്ടും സംസ്കൃതരൂപം സ്വീകരിച്ചപ്പോൾ രക്തദ്രുമം (ചെം+മരം) ആയി പരിണമിച്ചു.

തൃച്ചംബരത്തുദേവനെ പ്രശംസിക്കുന്ന പല കീർത്തനങ്ങളും പ്രസിദ്ധങ്ങളാണു്.

> തൃച്ചമ്മരത്തു പെരുമാൾക്കു ചെറുപ്പമെന്നാ-
> ങ്ങുച്ചൈർവ്വിളിച്ചുപറയുന്നിതു ലോകരെല്ലാം

എന്നും

> ഉദയഗിരി ചുവന്നു ഭാനുബിംബം വിളങ്ങി
> നളിനമുകുളജാലേ മന്ദഹാസം തുടങ്ങി
> പനിമതി മറവായി ശംഖനാദം മുഴങ്ങി
> ഉണരുക കണികാൺമാനംബരേ ചംബരേശാ!

എന്നും മററുമുള്ള കീർത്തനങ്ങൾ അടുത്ത കാലംവരെ മലയാളികളുടെ ഭവനങ്ങളിൽ പ്രഭാതകാലത്തു മുഴങ്ങിക്കൊണ്ടിരുന്നവയാണു്. തൃച്ചംബരത്തെ ഒരു പ്രധാനക്ഷേത്രമായിട്ടാണു് കേരളീയർ ഗണിച്ചിരിക്കുന്നതെന്നു് ഈ വക കീർത്തനങ്ങളെ ആസ്പദമാക്കി നിശ്ചയിക്കാം.

കോകിലസന്ദേശത്തിൽ മഹാകവിയായ ഉദ്ദണ്ഡനും തൃച്ചംബരത്തെ സ്മരിക്കുന്നുണ്ടു്. "ദൃഷ്ട്വാ ദേവം പരിസരജുഷം ശംബരേ ബാലകൃഷ്ണം" (തൃച്ചംബരത്തു പെ

ന്നു ദേവനെ ദർശനം ചെയ്യണം) എന്നു് സന്ദേശത്തിലെ നായകൻ കോകിലത്തിനോടു് ഉപദേശിക്കുന്നു. "ക്ഷേത്രം രക്തദ്രുമമിതി മഹത് കേരളേഷ്വേവ യായാഃ" എന്നു് ഹംസസന്ദേശത്തിൽ പൂർണ്ണസരസ്വതി പറയുന്ന ഭാഗവും സ്മരണയിൽ വരുന്നു. ചെമ്മരത്തെ ഉദ്ദേശിച്ചാണു് ഇവിടെ രക്തദ്രുമം എന്നു പ്രയോഗിച്ചിരിക്കുന്നതു്.

തൃച്ചംബരത്തമ്പലത്തിനകത്തുള്ള കൊത്തുപണികളുടെ വൈശിഷ്ട്യം ആരുടേയും ദൃഷ്ടിയെ ആകർഷിക്കുന്നതും പ്രശംസയെ അർഹിക്കുന്നതുമാകുന്നു. ഭാഗവതത്തിലെ കഥകൾ എല്ലാം കല്ലുകൊണ്ടും മരംകൊണ്ടും ചായം ഉപയോഗിച്ചു ഭംഗിയായി പണിചെയ്തു് ഭിത്തിയോടു ചേർത്തുവച്ചിട്ടുണ്ടു്. അവയിൽ പൂതനാമോക്ഷം, ഗോവർദ്ധനോദ്ധാരണം, കാളിയമർദ്ദനം മുതലായവയുടെ ചിത്രങ്ങൾ അധികം മനോഹരങ്ങളായിട്ടുണ്ടെന്നു സമ്മതിക്കണം. തൃച്ചംബരത്തുനിന്നു് അഞ്ചെട്ടു നാഴിക പടിഞ്ഞാറായി പെരിയാരം എന്ന പേരായി ഒരു സ്ഥലം ഉണ്ടെന്നും അവിടെ പാർക്കുന്ന ആശാരിമാരാണു് ഈ ചിത്രങ്ങൾ പണിചെയ്തതെന്നും അന്വേഷണത്തിൽ അറിയുവാൻ ഇടയായി. ഇന്നു തൊഴിലില്ലായ്കയാൽ അവരുടെ പണി അധഃപതിച്ചിരിക്കുന്നു.

തൃച്ചംബരത്തു നാലു സന്യാസിമഠങ്ങൾ ഉണ്ടു്. അവ തൃശ്ശൂരുമഠങ്ങളുടെ അധീനതയിലാകുന്നു. ഒരു വേദപാഠശാലയും സംസ്കൃതപാഠശാലയും അവിടെ നടത്തിവന്നിരുന്നു. അടുത്ത കാലത്തു് അവ നാമാവശേഷമായി. ടിപ്പുവിന്റെ ആക്രമണകാലത്തു പ്രസ്തുതദേവാലയ

ത്തിനും ചില നാശങ്ങൾ സംഭവിച്ചു. അതിന്റെ ചിഹ്നങ്ങൾ ഇന്നും കാണുവാൻ കഴിയും.

കാഞ്ഞിരങ്ങാട്ട് തളിപ്പറമ്പിനു 'ക്രുവീടട്ടത്തു' കിഴക്കു മാറിയാണ് സ്ഥിതിചെയ്യുന്നതെന്നു ചെല്ലൂരുനാഥോദയത്തിൽ പറയുന്നുണ്ടല്ലോ. പണ്ടു ദ്വാദശാദിത്യന്മാരിൽ ഒരു സൂര്യനു കുഷ്ഠരോഗം ബാധിച്ചു. ഗുരുവിന്റെ ഉപദേശം അനുസരിച്ച് ആ ആദിത്യൻ ശിവനെ പ്രതിഷ്ഠിച്ചു പൂജിച്ച് രോഗത്തിൽനിന്നു മുക്തി നേടി. "കിമ്പാകദാവാഘചയമിയലിന പുണ്യസ്ഥലേ മാമകീനം മിന്നുന്നു ദിവ്യബിംബം ദിനകരനിഹിതം" എന്നു പ്രബന്ധത്തിൽ പറഞ്ഞിരിക്കുന്നു. ഇവിടെ "ദിനകരനിഹിതം" എന്ന പദം കാഞ്ഞിരങ്ങാട്ടുശിവൻ ആദിത്യപ്രതിഷ്ഠയാകുന്നു എന്നു വെളിപ്പെടുത്തുന്നു. ആദിത്യന്റെ കുഷ്ഠരോഗത്തിനു ശിവഭജനംനിമിത്തം ശമനം വന്നതിനാൽ പ്രസ്തുത മഹാരോഗത്തിന്റെ നാശത്തിന് ഇന്നും കാഞ്ഞിരങ്ങാട്ടു പ്രാധാന്യമേറിയ ദേവാലയമായി ഗണിച്ചുവരുന്നു. "പ്രശമിതമഹാരോഗാ വേഗാൽ പ്രപൂർണ്ണമനോരഥാഃ" എന്നു പ്രബന്ധത്തിൽ ഈ വസ്തുത കവി സൂചിപ്പിക്കുന്നുണ്ട്. കാഞ്ഞിരങ്ങാട്ടെ മൂർത്തിയായ വൈദ്യനാഥൻ (അഘോരശിവൻ) ആ ദേശത്തെ ഒരു പ്രധാന ദേവനാകുന്നു.

മണിയറനായന്മാർ എന്നു പേരായ ഒരു വർഗ്ഗം നായന്മാരാണ് മുൻകാലത്തു കാഞ്ഞിരങ്ങാട്ടു ക്ഷേത്രത്തിന്റെ ആധിപത്യം വഹിച്ചിരുന്നത്. അവർ ദേശത്തു പ്രമാണികളും പല സ്ഥാനമാനങ്ങളോടുകൂടിയവരും ആയിരുന്നു. പിൽക്കാലത്ത് അവരുടെ ആധിപത്യം അവ

സാന്നിദ്ധ്യം കുറയുകയും ക്ഷേത്രം ബ്രാഹ്മണാധീനതയിൽ വന്നുചേരുകയും ചെയ്തു. ഇപ്പോൾ അവരുടെ കുടുംബം ആളില്ലാതെ നാമാവശേഷമായിത്തീൎന്നു എന്നാണു് അറിവു്.

ധനുമാസത്തിൽ തിരുവാതിരനാൾ, തളിപ്പറമ്പു ദേവൻ കാഞ്ഞിരങ്ങാട്ട് എഴുന്നള്ളും എന്നാണു് വിശ്വാസം. അന്നു് സ്ത്രീകൾ അവിടെ ദൎശനം ചെയ്യുന്നതു വിശേഷമായി ഗണിക്കുന്നു.

കാഞ്ഞിരങ്ങാട്ട് ഒരു ഉൾനാടാകുന്നു. അവിടെ ഗ്രാമമൊന്നുമില്ല. ബ്രാഹ്മണാദിവൎഗ്ഗക്കാരുടെ ഭവനങ്ങളും ദുൎല്ലഭം തന്നെ. ശാന്തവും പാവനവുമായ ഒന്നത്രേ ഈ പ്രദേശം.

ചെല്ലൂരുനാഥോദയം പ്രബന്ധത്തോടു പ്രതിപാദ്യവസ്തുദ്വാരേണ ബന്ധപ്പെട്ടിരിക്കുന്ന തളിപ്പറമ്പുക്ഷേത്രം, ഗ്രാമം, കാഞ്ഞിരങ്ങാടു, തൃച്ചംബരം, എന്നിവയെപ്പററി ചില സംഗതികൾ ഇവിടെ പറഞ്ഞുവല്ലോ. ഇനി പ്രസ്തുതകൃതിയുടെ കൎത്താവിനേയും പ്രബന്ധത്തേയുംപററി ചിന്തിക്കാം.

തെക്കൈലനാഥോദയം, നാരായണീയം, ചെല്ലൂരുനാഥോദയം എന്ന മൂന്നു പ്രബന്ധങ്ങളുടേയും കൎത്താവു് ഒരു കവിയാണെന്നും അദ്ദേഹത്തിന്റെ നാമം നീലകണ്ഠൻ എന്നാണെന്നും പണ്ഡിതന്മാർ ഐകകണ്ഠ്യേന തീൎച്ചയാക്കിയിട്ടുണ്ടു്. "വിദ്യാവല്ലഭ നീലകണ്ഠസുകവേ" എന്നു തുടങ്ങുന്ന, തെക്കൈലനാഥോദയത്തിലെ പദ്യമാണു് അവരുടെ അഭിപ്രായത്തിനു മൂലമായി നില്ക്കുന്നതു്. നിഷേധിക്കാവുന്ന ഒന്നല്ല ഈ ലക്ഷ്യം. "സത്യം മററൊന്നു

ചൊല്ലാം സ്ഥവര തവ കുലേ" എന്ന് ആരംഭിക്കുന്ന തെങ്കൈലനാഥോദയത്തിലെ ശ്ലോകത്തിൽ തളിപ്പറമ്പിലെ ശതസോമൻെറ പ്രതിഷ്ഠയെ സ്മരിച്ചിരിക്കുന്നു. "പണ്ടു കൃതേ കില മാന്ധാതാവിനു രാജർഷിക്കൊരു ശാംഭവബിംബസ്ഥാപനകർമ്മം ലക്ഷ്മീഗ്രാമേ യോഗം വന്നു" എന്നു ലക്ഷ്മീഗ്രാമത്തിൻേറയും മാന്ധാതൃപ്രതിഷ്ഠയുടേയും സ്മരണ നാരായണീയംപ്രബന്ധത്തിലും ഉണ്ട്. പ്രസ്തുത കൃതികൾ മൂന്നിൻേറയും കർത്താവു് ഒരു കവി തന്നെയെന്നതിന്, ഈ ഭാഗങ്ങളേയും തെളിവായി ഗണിക്കാം. എന്നാൽ പ്രബന്ധത്രയകർത്താവായ നീലകണ്ഠകവിയെപ്പററിയുള്ള വിവരങ്ങൾ അജ്ഞാതങ്ങളായിരിക്കുന്നതേയുള്ളൂ. ആ വിഷയത്തെക്കുറിച്ചു് ചിന്തിക്കുന്നതിനു മുൻപു, നീലകണ്ഠകൃതികൾക്കും ഇതരചമ്പൂപ്രബന്ധങ്ങൾക്കും തമ്മിൽ സിദ്ധമായിരിക്കുന്ന ബന്ധത്തിൻെറ സ്വഭാവം വെളിവാക്കുന്നതു് പ്രയോജനകരമായിരിക്കും എന്നു വിശ്വസിക്കുന്നു.

ചെല്ലൂരുനാഥോദയംപ്രബന്ധത്തിലെ 32-39-51-52-58 മുതലായ ശ്ലോകങ്ങൾ ലഘുവായ പാഠഭേദത്തോടുകൂടിയും അല്ലാതേയും ഭാഷാരാമായണചമ്പുവിലും ഉണ്ട്. രാമായണചമ്പുവിൽ ദേവന്മാർ വിഷ്ണുവിനേയും, ചെല്ലൂരുനാഥോദയത്തിൽ ശിവനേയും കണ്ടു സ്തുതിക്കുന്ന ഭാഗത്തിനും രാവണൻേറയും ശതസോമൻേറയും തപസ്സിനെ വർണ്ണിക്കുന്ന അംശത്തിനും പൂർണ്ണമായ ഐക്യം കാണാം. ഒരു കൃതിയിലെ ശ്ലോകങ്ങൾ മറെറാന്നിൽ കടന്നുകൂടിയിരിക്കുന്നതു് അധികവും ഈ ഭാഗത്തിലാണ്. രാമായണചമ്പുവിൽ ശ്രീരാമൻേറയും

നാരായണീയത്തിൽ ശ്രീകൃഷ്ണന്റെയും രാജ്യഭരണത്തെ വർണ്ണിക്കുന്ന ഭാഗങ്ങളും സാമ്യം വഹിക്കുന്നവയാകുന്നു.

മാനമകന്നു വസിച്ചീലൊരുവൻ
മാനകലാസു ചതിച്ചീലൊരുവൻ
പരധനരാശി കവർന്നീലൊരുവൻ
പരപരിവാദമിയന്നീലൊരുവൻ
വ്യാധിപിടിച്ചുകിടന്നീലൊരുവൻ
വ്യാജമിളക്കി നടന്നീലൊരുവൻ

എന്നു രാമായണചമ്പുവിലും (സീതാപരിത്യാഗം)

മാനമകന്നു വസിച്ചീലൊരുവൻ
മാനകലാസു ചതിച്ചീലൊരുവൻ
മല്ലുന്തട്ടി നടന്നീലൊരുവൻ
പല്ലുകാട്ടിയിരന്നീലൊരുവൻ
ചെറ്റുമകൃത്യം ചെയ്തീലൊരുവൻ
ചെറ്റും കുരള പറഞ്ഞീലൊരുവൻ

എന്നു നാരായണീയത്തിലും കാണുന്ന ഭാഗങ്ങളുടെ ഛായാസാമ്യം സുവ്യക്തമാകുന്നുവല്ലോ. 'മാനമകന്നു' ഇത്യാദി ചില പാദങ്ങൾ രണ്ടു കൃതികളിലും ഒന്നായിരിക്കുന്നു. "പാലാഴിത്തയ്യലാൾതൻ തിരുനയനകലാലോലലോലംബമാലാലീലാരംഗം" എന്ന് ആരംഭിക്കുന്ന ഭാരതചമ്പുവിലെ വന്ദനശ്ലോകംതന്നെ നാരായണീയത്തിന്റെ ആദിയിലും ഉണ്ട്. തൈക്കൈലനാഥോദയം അഞ്ചാമത്തെ ഗദ്യത്തിൽ "കേചിദന്യേ മഹാകുംഭിസിംഹങ്ങളെത്തങ്ങളേകയ്പിടിച്ചുത്തടാടോപമന്യോന്യമെത്തും ഭയക്രോധഭാവങ്ങളെക്കണ്ടു പാരഞ്ചിരിച്ചും" എന്നു കാണുന്ന ഭാഗത്തിന്റെയും ഭാഷാഭാരതചമ്പുവിലെ "ഉദ്രി

കന്താൻ കളഭങ്ങളെച്ചെവിപിടിച്ചമ്പോടിഴച്ചും" എന്നു തുടങ്ങുന്ന പദ്യത്തിന്റെയും ആശയം ഒന്നുതന്നെയായിരിക്കുന്നു. "അല്ലോടിടഞ്ഞു പടതല്ലുന്ന കുന്തളസമുല്ലാസികല്യമലർമാലം" എന്ന് ആദിയായ ഖണ്ഡകം രാമായണചമ്പുവിലും തെങ്കൈലനാഥോദയത്തിലും അഭേദമായിക്കാണുന്ന ഒന്നാണ്. "അന്നേരം മന്ദമന്ദം വിമലകുളുർനിലാവായ" എന്നുതുടങ്ങുന്ന ഒരു പദ്യം രാമായണചമ്പൂവിലുണ്ട്. അതിന്റെ പൂർവ്വാർദ്ധം രാജരത്നാവലീയത്തിലെ ഒരു പദ്യത്തിലും പകർന്നിരിക്കുന്നു. തെങ്കൈലനാഥോദയത്തിൽ ഭഗവദ്രൂപത്തെ വർണ്ണിക്കുന്ന 38-മുതൽ 44 വരെയുള്ള പദ്യങ്ങളിൽ പലതും ഭാരതചമ്പുവിലും സ്ഥാനംപിടിച്ചിരിക്കുന്നു. ഉദാഹരണത്തിനു "വായ്ത്താനു വെഞ്ചിടകൾ" "തൃക്കാതിലമ്പൊടണി" "ദേവീ ഭവാനി മുഖസീമനി" ഇത്യാദി ശ്ലോകങ്ങളെ ഗ്രഹിക്കാം. നാരായണീയത്തിൽ ഭഗവദ്ദർശനാവസരത്തിൽ നാഗരികസ്ത്രീകൾക്കുണ്ടായ വിഭ്രമങ്ങളെ വർണ്ണിക്കുന്ന പദ്യങ്ങൾ കംസവധപ്രബന്ധത്തിൽ അതേസന്ദർഭത്തിൽ കാണുന്നവയാണ്. "ബാലാ ബലാദഭിമുഖേ കമലാസഹായേ" എന്നു തുടങ്ങുന്ന പദ്യം രണ്ടിലും ഒന്നുപോലെതന്നെ. "കസ്യാശ്ചിദംബുജദൃശോ" "പെട്ടെന്നു സംഭ്രമവശാൽ" ഇത്യാദിപദ്യങ്ങൾക്കു അല്പമായ പാഠവ്യത്യാസം ഉണ്ട്. ചെല്ലൂരുനാഥോദയത്തിലെ "ഹരഹര ശിവശിവ" എന്നാരംഭിക്കുന്ന പ്രഥമഗദ്യം ഭാരതചമ്പുവിൽ ഉള്ളതാണെന്നു വ്യാഖ്യാനത്തിൽ ഞാൻ പറഞ്ഞിരിക്കുന്നതു് ഇവിടെ സ്മരിക്കേണ്ടതാകുന്നു. ചമ്പുക്കളുടെ അന്യോന്യബന്ധം കാണിക്കുവാൻ സ്വീകരിക്കാവുന്ന ദൃഷ്ടാന്തങ്ങൾ വേറെയും ഉണ്ട്. അവ വിസ്തരഭയത്താൽ ഇവിടെ ചേർക്കുന്നില്ല.

പ്രകൃതത്തിൽ ഉദാഹരണത്തിന് ഉദ്ധരിച്ച ഭാഗങ്ങളിൽനിന്ന് ഒരു സംഗതി പ്രധാനവും പ്രത്യേകവും ആയി ഗ്രഹിക്കേണ്ടതുണ്ട്. അതു നീലകണ്ഠകവിയുടേതെന്നു സമ്മതിക്കപ്പെട്ടിരിക്കുന്ന പ്രബന്ധത്രയത്തിനു, മററു ചില ചമ്പുക്കളോടും വിശേഷേണ അവയിൽ രാമായണഭാരതങ്ങളോടും ബന്ധം സിദ്ധിച്ചിരിക്കുന്നു എന്നതാകുന്നു. ഈ ബന്ധം അവിചാരിതമായി സംഭവിച്ചതെന്നോ ഏതെങ്കിലും ഒരു കവിയുടെ “സർവ്വനിബന്ധനകർത്തൃ” ത്വംകൊണ്ടു വന്നു ചേർന്നതെന്നോ അല്ലെങ്കിൽ അന്യനായ ഒരാൾ ഒരു കൃതിയിൽനിന്ന് ഏതാനും ഭാഗങ്ങൾ മറെറാന്നിലേക്കു പകർത്തിയതുകൊണ്ടു സിദ്ധിച്ചതാണെന്നോ വിശ്വസിക്കുന്നതിനു യാതൊരു നിവൃത്തിയുമില്ല. അതുകൊണ്ട് ഇവയെല്ലാം ഏകകർത്തൃകങ്ങളായ കൃതികളാകുന്നു എന്നുതന്നെ വിചാരിക്കണം.

രാമായണം, ഭാരതം എന്നീ പ്രബന്ധങ്ങളുടെ കർത്താവ് പുനം നമ്പൂരിയാകുന്നു എന്ന അഭിപ്രായം പണ്ഡിതന്മാർ സമ്മതിച്ചിട്ടുള്ളതാണല്ലോ. അപ്പോൾ പുനവും നീലകണ്ഠനും ഒരാളാകാതെ ഈ ചമ്പുക്കൾ ഏകകർത്തൃകങ്ങളാകുവാൻ പാടില്ലെന്നു വന്നുകൂടുന്നു. പുനം എന്നതു ഇല്ലപ്പേരും നീലകണ്ഠൻ ആളിന്റെ പേരും ആകുക എന്നതു് സംഭവിക്കാവുന്നതാണ്. ഇല്ലത്തിന്റെ പേരുകൊണ്ടും ആളിന്റെ നാമംകൊണ്ടും (രണ്ടുവിധത്തിലും) പ്രസിദ്ധി നമ്പൂരിമാർക്ക് സാധാരണമായി ഉണ്ടാകാറുണ്ട്. അതുകൊണ്ടു നീലകണ്ഠനേയും പുനത്തേയും ഏകീകരിക്കുന്ന കാര്യത്തിൽ അവരുടെ നാമങ്ങൾ പ്രതിബന്ധമായി നില്ക്കുന്നില്ലെന്നു നിശ്ചയിക്കാം. ഇനി ഇപ്ര

കാരം ചെയ്യുന്നതിന്ന മററു തടസ്സങ്ങൾ എന്തെല്ലാമെന്നും അവയ്ക്കു് എത്രയ്ക്കു ബലമുണ്ടെന്നും ആണു് ചിന്തിക്കുവാനുള്ളതു്.

പുനംനമ്പൂരി (കോഴിക്കോട്ടു) പ്രസിദ്ധമായ മാനവിക്രമസദസ്സിലെ അരക്കവിയായിരുന്നു എന്നും നീലകണ്ഠകവി കൊച്ചിമഹാരാജാവിൻെറ ആശ്രിതനായിരുന്നെന്നും സിദ്ധമാണു്. കോഴിക്കോട്ടു കൊച്ചി എന്നീ രാജവംശങ്ങൾ പൂർവ്വകാലം മുതല്ക്കുതന്നെ അത്യന്തം വൈരത്തോടുകൂടിയാണു കഴിഞ്ഞുകൂടിയിട്ടുള്ളതു്. ഈ സ്ഥിതിക്കു സാമൂതിരിയുടെ സേവനായിരുന്ന പുനം, കൊച്ചിമഹാരാജാവിൻെറ ആശ്രിതവർഗ്ഗത്തിൽ ഉൾപ്പെട്ടുന്നതു സംഭാവ്യമല്ല. ഇതാണു പ്രധാനമായ ഒരു എതിരഭിപ്രായം. ഇതിന്നു പ്രഥമദൃഷ്ടിയിൽ ഉണ്ടെന്നു തോന്നുന്ന ന്യായത്തിന്നു സൂക്ഷ്മമായി ചിന്തിക്കുമ്പോൾ ബലം ഇല്ലെന്നു തെളിയും. പ്രസിദ്ധനും വിദ്വദഗ്രേസരനും പതിനെട്ടരക്കവികളുടെ നേതാവും ആയ സാമൂതിരിപ്പാടു ചരമഗതിയെ പ്രാപിച്ചതോടുകൂടി അദ്ദേഹത്തിൻെറ ആശ്രിതന്മാരായ പണ്ഡിതന്മാർ, ആശ്രയവൃക്ഷം വീണ പക്ഷികളെപ്പോലെ യുക്തങ്ങളായ സ്ഥാനങ്ങൾ നോക്കി ഓരോ ദേശങ്ങളിൽ ചെന്നു ചേൻ്ന എന്നും ആ കൂട്ടത്തിൽ പുനം കൊച്ചിയിൽ വന്നു് അവിടത്തെ മഹാരാജാവിനെ ആശ്രയിച്ചു എന്നും ഉള്ള സംഗതി സംഭവിക്കാവുന്നതാണു്. തൃപ്പാപ്പൂരിൻെറ ശത്രുവായ ചെമ്പകശ്ശേരി രാജാവിൻെറ ആശ്രിതനായിരുന്ന മഹാകവി കുഞ്ചൻനമ്പിയാർ, ആ രാജ്യം ആക്രമിക്കപ്പെട്ടതിനശേഷം ശ്രീ വീരമാർത്താണ്ഡവർമ്മമഹാരാജാവിനെ സേവിച്ചു ജീവിതം നയിച്ചുവന്നു എന്നതു പ്രസി

ഭമാകുന്നുവല്ലോ. രാജാക്കന്മാൎക്കു് അന്യോന്യം സിദ്ധമായിരിക്കുന്ന വിരോധം അവരുടെ സേവകന്മാരായ കവികളോടു—വിശേഷിച്ചു ബ്രാഹ്മണരോടു —സംഭവിക്കുന്നതു സാധാരണമല്ല.

സാമൂതിരിപ്പാടിന്റെ ചരമാനന്തരം, കൊല്ലം ഏഴാം ശതവൎഷത്തിന്റെ ഒടുവിൽ, അതായതു പുനത്തിന്റെ വാൎദ്ധക്യകാലത്താണു് അദ്ദേഹം കൊച്ചിമഹാരാജാവിനെ ആശ്രയിച്ചു ജീവിച്ചതെന്നു വിശ്വസിക്കണം. രാമായണം, ഭാരതം മുതലായവ പുനത്തിന്റെ പ്രൌഢമായ യൌവനദശയിലും ചെല്ലൂരുനാഥോദയം തുടങ്ങിയവ വാൎദ്ധക്യകാലത്തും നിൎമ്മിതങ്ങളായ കൃതികളാണെന്നും ഊഹിക്കുവാൻ വഴിയുണ്ടു്. പുനം കോലരാജാക്കന്മാരുടെ ആശ്രിതനായിരുന്നു എന്നതു വ്യക്തമാണു്. അവരിൽ ആരുടെ എങ്കിലും പ്രേരണകൊണ്ടായിരിക്കണം കോലരാജപ്രശംസാത്മകമായ ചെല്ലൂരുനാഥോദയം രചിച്ചതെന്നും ഊഹം തോന്നുന്നു.

പുനം വടക്കേ മലയാളത്തുകാരനാകുന്നു. അദ്ദേഹത്തിന്റെ തറവാടു് ഇപ്പോഴും ഉണ്ടു്. (വടക്കൻ) കോട്ടയത്തു കൃത്തുപറമ്പിൽ അതു സ്ഥിതിചെയ്യുന്നു. വടക്കേ മലയാളത്തിൽ മാത്രം നടപ്പുള്ള പല വാക്കുകളും പുനത്തിന്റെ കൃതികളിൽ കാണുന്നുണ്ടെന്നുള്ളതു പ്രകൃതത്തിൽ വിസ്മരിക്കാവുന്നതല്ല. നീലകണ്ഠകവി മദ്ധ്യകേരളദേശക്കാരനാണെന്നു പറയപ്പെടുന്നു. ഈ അഭിപ്രായം സാധുവല്ല. വടക്കേ മലയാളത്തിൽ മാത്രം വ്യവഹരിക്കുന്ന ചില പദങ്ങൾ നാരായണീയാദിപ്രബന്ധങ്ങളിൽ ഉണ്ടു്. 'ഗ്രന്ഥക്കെട്ടും കീയും നടയും' എന്നു നാരായണീയം

പ്രബന്ധത്തിൽ ഒരു സന്ദർഭത്തിൽ 'കീയും' എന്ന പദം പ്രയോഗിച്ചിരിക്കുന്നു. ഇതു വടക്കേ മലയാളത്തുകാരനാണ് കവിയെന്നു വെളിവാക്കുന്ന ഒരു പദപ്രയോഗമാകുന്നു. കിഴിയുക എന്ന പദം ലോപിച്ചു ലോപിച്ചു കീയുക, കീഞ്ഞു, കീയും എന്നിങ്ങനെ രൂപം കൈക്കൊള്ളുക ഉത്തരദേശക്കാരുടെ വ്യവഹാരത്തിൽ സാധാരണമാകുന്നു. ഇപ്രകാരം വേറെയും ദൃഷ്ടാന്തങ്ങൾ കാണുവാൻ കഴിയും.

അപ്രസിദ്ധമായ ഒരു ചെറിയ ദേശമാണ് കാന്തിരങ്ങാട്ട്. ആ ഗ്രാമത്തേയോ ക്ഷേത്രത്തേയോ സംബന്ധിച്ചു മലയാളികൾക്കു പൊതുവേ അറിവില്ല. ചെല്ലൂരുനാഥോദയത്തിന്റെ അന്ത്യഭാഗത്തിൽ പ്രസ്തുതദേവാലയത്തെപ്പററി വിവരിക്കുന്നുണ്ടല്ലോ. ഈ വസ്തുതയും നമ്മുടെ കവി, വടക്കെ മലയാളത്തുകാരനാകുന്നു എന്ന അഭിപ്രായത്തിനു ബലം വർദ്ധിപ്പിക്കുന്നു.

പുനത്തേയും നീലകണ്ഠകവിയേയും ഏകീകരിക്കുന്നതിന് ഇനി വേറെ ഒരു തടസ്സം ഉണ്ടു്. അതു ബലം കൂടിയതാകുന്നു. കൊച്ചിരാജ്യം വാണിരുന്ന വീരകേരളവർമ്മമഹാരാജാവിന്റെ ആജ്ഞയനുസരിച്ചാണ് നീലകണ്ഠകവി തെക്കൈലനാഥോദയം നിർമ്മിച്ചതെന്നു് അതിന്റെ പ്രാരംഭഭാഗത്തിൽ വിശദമായി പറയുന്നുണ്ടു്. ഈ മഹാരാജാവു് ഒരു രാമവർമ്മാവിന്റെയും ഗോദവർമ്മാവിന്റേയും അനുഗാമിയാണ്. പ്രസ്തുതരാമവർമ്മാവിന്റെ കാലം കൊല്ലം ഏഴാം ശതവർഷമാകുന്നു എന്നും അതല്ല എട്ടാമത്തേതാണെന്നും, ഗവേഷകന്മാർ രണ്ടുവിധം അഭിപ്രായം പറയുന്നു. ഇവയിൽ ആദ്യത്തെ അ

ഭിപ്രായം സ്വീകരിക്കുന്നതായാൽ പുനത്തെയും നീലകണ്ഠനേയും അഭിന്നന്മാരാക്കുന്ന കാര്യത്തിൽ കാലസംബന്ധമായുണ്ടാകുന്ന തടസ്സത്തിനു പരിഹാരം സിദ്ധിക്കും.

പുനവും നീലകണ്ഠനും ഭിന്നകാലങ്ങളിൽ ജീവിച്ചിരുന്ന രണ്ടു കവികളാണെന്നു സ്ഥാപിക്കുന്ന ഏതു തെളിവിനേക്കാളും പ്രാബല്യം, അവരുടെ വൈയക്തികത്തെ വെളിവാക്കുന്നതിനു ചമ്പുക്കളുടെ അന്യോന്യബന്ധസ്വഭാവത്തിന് ഉണ്ട്. എങ്കിലും ഈ വിഷയത്തെപ്പററി ദൃഢമായ ഒരു അഭിപ്രായം ഇവിടെ ഞാൻ പറയുന്നില്ല. പണ്ഡിതന്മാരായ ഗവേഷകന്മാർ ഈ കാര്യത്തെപ്പററി ഗാഢമായി ചിന്തിച്ചാൽ കൊള്ളാമെന്നുള്ള എൻെറ ആഗ്രഹത്തെ പ്രകൃതത്തിൽ പ്രകാശിപ്പിക്കുകയേ ചെയ്യുന്നുള്ളു.

ചെല്ലൂരുനാഥോദയം പ്രബന്ധത്തിൽ 123 പദ്യങ്ങളും ഒരു ദണ്ഡകവും രണ്ടു ഭാഷാഗദ്യങ്ങളും രണ്ടു സംസ്കൃതഗദ്യങ്ങളും ഉണ്ട്. ശ്ലോകങ്ങളിൽ പലതും മുഴസംസ്കൃതമാകുന്നു. 'ഏററ്റവും കല്ലോദാരമണിപ്രവാളം' എന്നു തൈകൈലനാഥോദയത്തിൽ കവി പറഞ്ഞിരിക്കുന്നതുതന്നെയാണ് പ്രസ്തുതകൃതിയുടെ സ്വഭാവം. പ്രൌഢിയും ഗാംഭീര്യവും തികഞ്ഞ മണിപ്രവാളത്തിൻെറ ചൈതന്യം ചെല്ലൂരുനാഥോദയത്തിൽ ആപാദചൂഡം പരിലസിക്കുന്നതായി സഹൃദയന്മാർക്ക് അനുഭവപ്പെടും. ഇക്കാര്യത്തിൽ രാമായണാദിപ്രബന്ധങ്ങളിൽ ഏതിൻേറയും സാമീപ്യവും ചിലപ്പോൾ സാദൃശ്യവും ചെല്ലൂരുനാഥോദയത്തിനു കല്പിക്കുന്നതിൽ പിശകില്ല.

അടിമുതൽ മുടിവരെ ഭക്തിരസംകൊണ്ടു് അഭിഷിക്തമായ ഒരു പ്രബന്ധമാകുന്നു ചെല്ലൂരുനാഥോദയം. ശ്രീപരമേശ്വരൻെറ വാസസ്ഥാനമായ കൈലാസപൎവ്വതത്തിൻെറ വൎണ്ണനത്തോടുകൂടി ഗ്രന്ഥം ആരംഭിക്കുന്നു. ശതസോമൻെറ തപസ്സ്, ഭഗവദ്ദൎശനം, പ്രതിഷ്ഠ, ക്ഷേത്രവൎണ്ണനം മുതലായവ ഭക്തിവൈഭവം കളിയാടുന്ന ചില ഭാഗങ്ങളാകുന്നു. ഈ ഗുണത്തിൻെറ ഉൽകൎഷംകൊണ്ടു നാരായണീയം, തെങ്കൈലനാഥോദയം, രാമായണം, ഭാരതം മുതലായ പ്രബന്ധങ്ങളെപ്പോലെ ചെല്ലൂരുനാഥോദയവും ഭക്തജനങ്ങളെ അത്യന്തം രസിപ്പിക്കുന്ന ഒന്നാകുന്നു എന്നു് അഭിപ്രായപ്പെടാം. ഭക്ത്യാധിക്യമായിരിക്കണം ഈ ഗ്രന്ഥം നിൎമ്മിക്കുവാൻ കവിയെ പ്രേരിപ്പിച്ചതെന്നും ഊഹിക്കാം.

ചമ്പൂപ്രബന്ധസാധാരണങ്ങളും അന്യാദൃശങ്ങളും ആയ ഗുണങ്ങൾ ചെല്ലൂരുനാഥോദയത്തിലും യാതൊരു ലോഭവും കൂടാതെ പരിശോഭിക്കുന്നുണ്ടു്. അത്യന്തം ആസ്വാദ്യങ്ങളായ ഒന്നുരണ്ടു ഭാഗങ്ങൾ ഇവിടെ പ്രത്യേകം സ്മരിക്കേണ്ടിയിരിക്കുന്നു. "കാണപ്പെട്ടു സമക്ഷം തദനു വടിവെഴും തേജസസ്തസ്യ മദ്ധ്യേ" ഇത്യാദി പദ്യം പ്രൗഢമായ മണിപ്രവാളശൈലികൊണ്ടു ശ്ലാഘനീയമായ ഒന്നാണു്. ഈ ശ്ലോകത്തിൻെറ ഉത്തരാൎദ്ധം വിശേഷിച്ചു ഭാവപുഷ്ടമായിരിക്കുന്നു എന്നു കാണേണ്ടതാകുന്നു. "മനസി കിമപി......കരുണം" എന്ന ഭാഗം ഭക്തന്മാരോടു ഭഗവാനു മനസ്സിലുള്ള അനിയന്ത്രിതമായ കാരുണ്യാതിരേകത്തെ സരസമായി വ്യഞ്ജിപ്പിക്കുന്നുണ്ടു്. "കഷ്ടം മഹീകമലിനീം" എന്നും "ശ്രീകണ്ഠൻതൻ കൃപാവാരി

ഭിഃ"എന്നും ആരംഭിക്കുന്ന ശ്ലോകങ്ങളിലെ രൂപകപ്രയോഗചാതുര്യ്യവും സഹൃദയന്മാരുടെ ശ്ലാഘയെ അർഹിക്കുന്നു. "അഥ നരപതിർമ്മുനിസാർവ്വഭൌമ" എന്നും "തതശ്ച വിമലസൂര്യ്യോപല" എന്നും തുടങ്ങുന്ന സംസ്കൃതഗദ്യങ്ങളെ കവിയുടെ ഉജ്ജ്വലമായ പാണ്ഡിത്യത്തിനു ദൃഷ്ടാന്തമായി സ്വീകരിക്കാം. രാമായണാദിചമ്പുക്കളിലെ ഏതു സംസ്കൃതഗദ്യത്തോടും കിടനില്ക്കുന്നവയാണ് ചെല്ലൂരുനാഥോദയത്തിലെ പ്രസ്തുതഭാഗങ്ങൾ.

ദേവിയുടെ കോപത്തെ വർണ്ണിക്കുന്നതും "തദനു പനിമലർത്തയ്യൽതാൻ" എന്ന് ആരംഭിക്കുന്നതുമായ ഗദ്യത്തെ സവിശേഷം പ്രശംസിക്കാതെ നിവൃത്തിയില്ല. കുളിച്ചുകൊണ്ടിരുന്ന ദേവി കുപിതയായി ഭർത്തൃസമീപത്തിലേയ്ക്കു ചെല്ലുന്ന യാത്രയെ വർണ്ണിക്കുന്നതിൽ കവി അസാധാരണമായ ഭാവനാവൈഭവം പ്രദർശിപ്പിച്ചിട്ടുണ്ട്. "കോപാതിഭാരേണ നേരേ സസംരംഭനിർവ്വർത്തിതസ്നാനവേലാവിധി"യിങ്കൽ "നാലുമൂന്നിങ്ങു ശേഷിച്ചു പാരേ കിടക്കും പുരാണപ്രസൂനാഞ്ചിത"വും "ചാലെ മെത്തുന്ന നൈസർഗ്ഗികോദഗ്രസൌരഭ്യലുബ്ധദ്വിരേഫാളിസാന്ദ്ര"വും "വാരിബിന്ദുക്കളിററിററു വീഴു"ന്നതുമായ 'മലർക്കൂന്തൽ' "മെല്ലെപ്പുറംകൈത്തലേ ചേർത്തു' 'പയഃശ്രേണികാസാന്ദ്രമെപ്പേരുമൊന്നിച്ചു ഫാലാന്തരേ പാറിമിന്നുന്ന നീലാളകച്ഛാത്ത്' കൊണ്ടും "വിലാസേന മൂന്നൊന്നു ശേഷിച്ചു കാണപ്പെടും മുഗ്ദ്ധകസ്തൂരികാചിത്രകം" കൊണ്ടും "കോടിക്കലഞ്ഞൊരു ചില്ലിക്കൊടിത്തെല്ലു"കൊണ്ടും 'അത്യന്തചേതോഹര'യായ ദേവിയുടേ രൂപം, വായനക്കാരുടെ മനസ്സിൽനിന്ന് ഒരുകാലത്തും മാഞ്ഞുപോകുന്നതല്ല. ഇതു ചാതുര്യ്യത്തോ

ടുകൂടി മനോധൎമ്മം ഉപയോഗിച്ചു് ഒരു നായികയുടെ കോപത്തെ വേറെ കവികൾ വൎണ്ണിച്ചു ഫലിപ്പിച്ചിട്ടുണ്ടോ എന്നു സംശയമാണു്. ഈ ഗദ്യം അത്രയ്ക്കു് ആസ്വാദ്യമായിരിക്കുന്നു. ഈ പ്രകാരം ശ്ലോകം മൂന്നും ദഹിപ്പിക്കത്തക്ക വിധം കോപാവേശത്തോടുകൂടി പുറപ്പെട്ട ദേവി "സാക്ഷാൽ ത്രൈലോക്യനാഥപ്രണയിനി! ഗിരിരാജാത്മജേ! കൈതൊഴുന്നേൻ" ഇത്യാദി രാജാവിന്റെ ഭക്തിപൂൎണ്ണമായ സ്തോത്രം കേട്ട ഉടനേതന്നെ "കണ്ണിലെത്തുംമദ്ധ്യേ താരുന്ന ബലാൽ പോയൊരു കലുഷതമസ്സോട"യായി "ഉദ്യൽകാരുണ്യവാരാകരതിരകളിലാറാടി മുങ്ങിക്കളിക്കും ചിത്തേ ഏറ്റവും പ്രസാദശ്രീ"യെ വഹിക്കുന്നു. ഭൎത്താവായ ശിവന്റെ അനുനയോക്തികൊണ്ടു ശാന്തയാകാത്ത ദേവി ഭക്തമൌലിയായ ശതസോമന്റെ വാക്കു കേട്ടു് അതിവേഗം പ്രസന്നയാകുകയാണല്ലോ ചെയ്യുന്നതു്. ഇവിടെ മലപോലെ വന്ന ദേവിയുടെ കോപം മലർപോലെ പോയി എന്നു കാണാം. ദേവിയുടെ അതിരില്ലാത്ത ഭക്തജനവാത്സല്യത്തെ, "കണ്ണിലെ.....യൊരു" "ഉദ്യൽ........ചിത്തേ" എന്നിങ്ങനെ അല്പം ചില പദങ്ങളെക്കൊണ്ടു കവി വെളിവാക്കിയിരിക്കുന്നതു രസകരമായിട്ടുണ്ടു്. പിന്നീടു "ദമ്പത്യോഃ കലഹശ്ചൈവ പരിണാമേന കിഞ്ചന" എന്ന ലോകസ്വഭാവം അനുസരിച്ചു ദേവി ഭൎത്താവിനോടു "വൻപ്രസാദം കോലു"ന്നു. ഇങ്ങനെ ഇടയിൽ അമംഗലമായി കടന്നുകൂടിയ ഒരു രംഗം പിന്നീടു് അത്യന്തം ശുഭമായി പൎയ്യവസാനിക്കുന്നു.

കവിത്വം, യോഗം, തന്ത്രം മുതലായ ശാസ്ത്രങ്ങളിൽ ഉള്ള പരിചയത്തേയും വൈദഗ്ദ്ധ്യത്തേയും പ്രകാശിപ്പി

ക്കുന്ന പല ഭാഗങ്ങളും ചെല്ലൂരുനാഥോദയത്തിലുണ്ട്. ശതസോമതപോവർണ്ണനം കവിയുടെ യോഗശാസ്ത്രജ്ഞതയെ വിശദമാക്കുന്നു. ഏതാദൃശഭാഗങ്ങളിൽ നിന്നു വിവിധശാസ്ത്രജ്ഞനാണു നമ്മുടെ ഗ്രന്ഥകാരൻ എന്നു വെളിപ്പെടും.

സാഹിത്യകുശലൻ ശ്രീമാൻ ടി. കെ. കൃഷ്ണമേനോൻ അവർകൾ ബി. ഏ. വ്യാഖ്യാനാർത്ഥം എന്നെ ഏല്പിച്ചതും ഒടുവിൽ "ചെല്ലൂരുനാഥോദയംപ്രബന്ധം. നമശ്ശിവായ. 'കരകൃതമപരാധം ക്ഷന്തുമർഹന്തി സന്തഃ' ശുഭമസ്തു. വീരകേരളതമ്പുരാൻ പണ്ടാരവക ഗ്രന്ഥം, മുത്തു എഴുതിയതു്" എന്നു എഴുതിയിരിക്കുന്നതും ആയ ചെല്ലൂരുനാഥോദയത്തിന്റെ ഒരു കയ്യെഴുത്തു പുസ്തകമാണു് എന്റെ വ്യാഖ്യാനത്തിന്നു് ആശ്രയം. 'കരകൃതമപരാധ'വും 'പാഠവൈകല്യ'വും ധാരാളമുണ്ടായിരുന്ന ആ പുസ്തകത്തിൽ ചില അംശങ്ങൾ അപൂർണ്ണങ്ങളുമായിരുന്നു. എന്നാൽ പിന്നീടു കമ്മിററിക്കാര്യാലയത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന ഒരു താളിയോലഗ്രന്ഥവുമായി ഒത്തുനോക്കി അപപാഠാദിദോഷങ്ങളെ പരിഹരിച്ചിട്ടുണ്ട്.

വ്യാഖ്യാനത്തിൽ മൂലത്തിന്റെ അർത്ഥം അന്വയക്രമത്തിന്നു പ്രതിപാദിക്കുന്നതിന്നും, അസാധാരണങ്ങളായ ഗുണങ്ങളേയും ദോഷങ്ങളേയും പ്രത്യേകം എടുത്തു കാണിക്കുന്നതിന്നും, അത്യാവശ്യം എന്നു തോന്നിയ സന്ദർഭങ്ങളിൽ ഗ്രന്ഥാന്തരങ്ങളിൽനിന്നു യുക്തങ്ങളായ ഭാഗങ്ങൾ ഉദ്ധരിച്ചു മൂലത്തിന്റെ ആശയം സുഗമമാക്കുന്നതിന്നും, പദപ്രയോജനം ചിന്തിക്കുന്നതിന്നും, നിഗൂഢഭാവങ്ങളും സാരാംശങ്ങളും പ്രകാശിപ്പിക്കുന്നതിന്നും ഞാൻ

സശ്രദ്ധം ശ്രമിച്ചിട്ടുണ്ട്. സർവ്വോപരി വ്യാഖ്യാനം നാതിസംക്ഷേപവിസ്തര, മായിരിക്കണമെന്ന വിചാരവും എനിക്കുള്ളതാകുന്നു. എന്റെ ശ്രമം എത്രയ്ക്കു ഫലവത്തായിട്ടുണ്ടെന്നു നിശ്ചയിക്കേണ്ട ഭാരം മാന്യവായനക്കാൎക്കാകയാൽ എനിക്ക് അതിനെപ്പററി ഒന്നും തന്നെ പറയേണ്ടതായിട്ടില്ല.

ഖ്യാതമായ പെരുഞ്ചെല്ലൂരു ക്ഷേത്രത്തിന്റെ പൌരാണികമാഹാത്മ്യത്തെ പ്രതിബിംബിപ്പിക്കുന്നതും, ഭാഷാപ്രബന്ധങ്ങളുടെ സമുദായത്തിൽ പ്രശംസനീയമായ സ്ഥാനത്തിന് അവകാശം സിദ്ധിച്ചിരിക്കുന്നതുമായ ചെല്ലൂരുനാഥോദയത്തിന്റെ ഈ പ്രസിദ്ധീകരണം അതിനെ സംബന്ധിച്ചിടത്തോളവും ഒരു നൂതനജന്മലാഭമായി കരുതാവുന്നതാകുന്നു. അതിനിടവരുത്തിയ കമ്മിററി കേരളീയരുടെ ശാശ്വതാഭിനന്ദനത്തിനു പാത്രമായിരിക്കുന്നു എന്നു ദൃഢമായി അഭിപ്രായപ്പെടാം. ഈ ഗ്രന്ഥത്തിനു വ്യാഖ്യാനം നിൎമ്മിക്കുവാൻ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത കമ്മിററിയോട് എനിക്കുള്ള അഗാധമായ കൃതജ്ഞതയേയും ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

എന്ന്,

വൎഷം,
115 മീനം 17. } വടക്കുങ്കൂർ രാജരാജവൎമ്മ ഇളയരാജാ.

ചെല്ലൂർനാഥോദയം

പ്രബന്ധം.

രുദ്രാണീപങ്കജിന്യാം നളിനമലർ മുക-
ന്നും നറുന്തേൻ നുകന്നും
ചിത്താനന്ദം കലന്നും കളിതടവി മദി-
ക്കും മഹാരാജഹംസം
ഭക്തന്മാരാം പ്രകാരം ദിനമനു വിളയാ-
ടുന്ന കാരുണ്യലക്ഷ്മീ-
നിത്യസ്ഥാനം തൊഴുന്നേനരമ്പെരുകിന ചെ-
ല്ലൂരധീശം ഗിരീശം. ൧

ആദ്യമായി ഗ്രന്ഥകത്താവു സ്വചികീർഷിതമായ ഗ്രന്ഥത്തിന്റെ നിർവ്വിഘ്നപരിസമാപ്തിക്കായിക്കൊണ്ടു് 'ആശീന്നമസ്ക്രിയാവസ്തുനിർദ്ദേശോ വാപി തന്മുഖം' എന്ന ശിഷ്ടാചാരമനുസരിച്ചു വസ്തുനിർദ്ദേശരൂപമായി ചെല്ലൂർഗ്രാമപരദേവതയായ ശ്രീപരമേശ്വരനെ വന്ദിക്കുന്നു.

ഞാൻ ഗിരീശം=ശിവനെ. 'ഗിരീശോ ഗിരിശോമൃഡഃ' എന്നു് അമരം. തൊഴുന്നേൻ = ഭക്തിയോടുകൂടി വന്ദിക്കുന്നു. മഹാരാജഹംസം നിത്യസ്ഥാനം ചെല്ലൂരധീശം എന്നീപദങ്ങൾ ശിവന്റെ വിശേഷണങ്ങൾ. രുദ്രാണീ.............മദിക്കും എന്ന പദം മഹാരാജഹംസത്തിന്റെ വിശേഷണം. രുദ്രാണി=ശ്രീപാർവ്വതിയാകുന്ന, പങ്കജിന്യാം = താമരപ്പൊയ്കയിൽ, നളിനമലർ = താമരപ്പൂവു്, മുകന്നും=ചുംബിച്ചും, നറുന്തേൻ=നിർമ്മലമായ തേൻ, നുകന്നും=ആസ്വദിച്ചും, ചിത്താനന്ദം=മനസ്സിൽ സന്തോഷം, കലന്നും=കൂടിച്ചേർന്നും, കളിതടവി=കളിച്ചുകൊണ്ടു്, മദിക്കും=മദത്തെ പ്രാപിക്കുന്നവനായ, മഹാരാജ

ഹംസം=മഹാനായിരിക്കുന്ന രാജഹംസം=ഹംസശ്രേഷ്ഠനായും, ഭക്ത ... .വിളയാടുന്ന=ഭക്തന്മാർ ദിവസന്തോറും കഴിയുന്നതുപോലെ ലീലചെയ്യുന്ന, കാരുണ്യ................സ്ഥാനം=ദയാസമ്പത്തു എന്നും നാശമില്ലാതെ പരിലസിക്കുന്ന സ്ഥാനമായും, ഉരപെരുകിന........രധീശം=ഏററവും കേളികേട്ട ചെല്ലൂരുഗ്രാമത്തിന്റെ പരദേവതയായും ഇരിക്കുന്ന ശിവനേ എന്നർത്ഥം. അലങ്കാരം രൂപകം. വൃത്തം സ്രഗ്ദ്ധര. 'വിഷയ്യഭേദതാദ്രൂപ്യരഞ്ജനം വിഷയസ്യ യൽ രൂപകംതൽ' എന്നു രൂപകത്തിനും, 'മ്രഭ്നൈര്യാണാം ത്രയേണ ത്രിമുനിയതികൃതാ സ്രഗ്ദ്ധരാ കീർത്തിതേയം' എന്നു സ്രഗ്ദ്ധരയ്ക്കും ലക്ഷണം.

ദേവീപര്യായമായ 'രുദ്രാണീ'പദംകൊണ്ടു ഗ്രന്ഥം ആരംഭിച്ചിരിക്കുന്നതു മംഗലസിദ്ധിക്കുവേണ്ടിയാകുന്നു.

'ദേവതാവാചകാശ്ശബ്ദാ യേ ച ഭദ്രാദിവാചകാഃ
തേ സർവ്വേ നൈവ നിന്ദ്യാഃസ്യുർലിപിതോ ഗണതോപി വാ.

എന്ന ശാസ്ത്രം അങ്ങനെ ചെയ്യുന്നതിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു. 'ശ്രിയഃ പതിഃ ശ്രീമതി ശാസിതും ജഗത്' ഇത്യാദി പദ്യത്തിൽ ശ്രീപദപ്രയോഗംകൊണ്ടു മാഘവും 'ശ്രിയഃ കുരൂണാമധിപസ്യ' എന്നു തുടങ്ങി കിരാതാർജ്ജുനീയവും ആരംഭിച്ചിരിക്കുന്നതു നോക്കുക. ചെല്ലൂരുനാഥനായ ശിവനു മഹാരാജാവ് എന്നു ഒരു പേർ കൂടിയുണ്ട്. അതിനേക്കൂടി സൂചിപ്പിക്കുന്നതിനാണ് 'മഹാരാജ' എന്ന പദം പ്രയോഗിച്ചിരിക്കുന്നത്.

ഇക്കാണായോരു പുംസാം കനമിയലിന ദൈ-
വാനുകൂല്യം വരുംനാ-
ളുൾക്കാമ്പിന്നുള്ള കാംക്ഷാസരണികൾ സുഖമേ
തോഴ! സാധിക്കുമല്ലോ
മുഖ്യേ ചെല്ലൂരമാം ധാമനി ഹരകൃപയാ
ശൈവബിംബപ്രതിഷ്ഠാ-
സൽക്കർമ്മം പണ്ടു സൂര്യ്യാനപയമണി ശതസോ-
മനു കൈവന്നപോലെ. ൨

തോഴ=അല്ലയോ സ്നേഹിതാ, ഇക്കാണായോരുപുംസാം=ഇക്കാണുന്ന ജനങ്ങൾക്കെല്ലാം, കനമിയലിന=ഗൌരവത്തോടുകൂടിയ, ദൈവാനുകൂല്യം=ഈശ്വരൻെറ അനുഗ്രഹം, വരും നാൾ=വരുന്ന ദിവസം, ഉൾക്കാമ്പി.........സുഖമേ=മനസ്സിൽ വിചാരിക്കുന്ന ഏതു തരത്തിലുള്ള ആഗ്രഹവും യാതൊരു ബുദ്ധിമുട്ടും കൂടാതെ സാധിക്കുമല്ലോ; നിശ്ചയമായും സാധിക്കും. മൂദ്ധ്യേ............ധാമനി=കേരളത്തിലെ അറുപത്തിനാലു ഗ്രാമങ്ങളിലും വച്ചു പ്രധാനമായ പെരുഞ്ചെല്ലൂർഗ്രാമത്തിൽ, ഹരകൃപയാ=ശ്രീപരമേശ്വരൻെറ കരുണകൊണ്ടു, സൂര്യ.........മണി സൂര്യവംശരാജാക്കന്മാരിൽ ശ്രേഷ്ഠനായ, "ജാതൌ ജാതൌ യദുൽകൃഷ്ടം തത്സർവ്വം രത്നമിഷ്യതേ," എന്ന കവിവാക്യം ഇവിടെ സ്മരിക്കേണ്ടതാകുന്നു. ശതസോമനു=ശതസോമൻ എന്ന രാജാവിന്, ശൈവ.........കർമ്മം=പരമശിവൻെറ ബിംബം പ്രതിഷ്ഠിക്കുക എന്ന സൽകർമ്മം, പണ്ടു =മുൻകാലത്തു, കൈവന്നപോലെ=ചെയ്യുവാൻ സാധിച്ചതുപോലെ എന്നു പൂർവ്വാർദ്ധത്തോടു സംബന്ധം. ശിവൻെറ അനുഗ്രഹം നിമിത്തം ശതസോമൻ എന്ന രാജാവിനു പെരുഞ്ചെല്ലൂർക്ഷേത്രത്തിൽ ശിവബിംബം പ്രതിഷ്ഠിക്കുന്നതിനു സാധിച്ചതുപോലെ ഈശ്വരാനുഗ്രഹം ഉണ്ടാകുമ്പോൾ ആർക്കും ഏതു പ്രയാസമേറിയ കാര്യവും സാധിക്കും എന്നു സാരം. ഈ ശ്ലോകത്തിൻെറ പൂർവ്വാർദ്ധത്തിൽ ഈശ്വരാനുഗ്രഹത്തിൻെറ മാഹാത്മ്യം ഉപദേശിക്കുകയും ഉത്തരാർദ്ധത്തിൽ അതിനുദാഹരണം പറയുകയും ചെയ്യുന്നു. പെരുഞ്ചെല്ലൂരുക്ഷേത്രത്തിലെ ശിവപ്രതിഷ്ഠയാണു പ്രസ്തുത ചമ്പുവിലെ പ്രതിപാദ്യവസ്തുവെന്നും ഉത്തരാർദ്ധത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

ഭാഷാചമ്പുക്കളിൽ കവി ഒരു സ്നേഹിതനോടു പറയുന്നതായി സങ്കല്പിച്ചുകൊണ്ടാണു കഥ ആരംഭിക്കുന്നത്. ആ സ്നേഹിതനെ ഉദ്ദേശിച്ചു തോഴ എന്ന പദം ഈ ശ്ലോകത്തിൽ പ്രയോഗിച്ചിരിക്കുന്നു. ചാക്യാന്മാരുടെ കൂത്തിലെ കഥാവതരണസ്വഭാവവും സദസ്സിൽ ഇരിക്കുന്ന ഒരു സ്നേഹിതനോടു പറയുന്ന രീതിയിലാകുന്നു. ഈ രീതിയാണു ചമ്പുക്കളിലെ പ്രസ്തുതസ്വഭാവത്തിനു ആസ്പദം.

ശ്രീകൈലാസാദ്രിശൃംഗേ കനകമയമഹാ-
മന്ദിരേ തോഴ! മെല്ല-
നാകമ്രാംഗീമെടുത്തത്തിരുമടിയിൽ നിജ-
പ്രേയസീമദ്രികന്യാം

ലോകാനാം നാഥനാകാംക്ഷയൊടണിമുഖവും
പാൎത്തു ചേൎത്തും പുണൎന്നി-
ങ്ങേകാന്തേ വാണിരിന്നു പുരരിപുഭഗവാൻ
പൂൎണ്ണകാരുണ്യധാമാ. ൩

ലോകാനാം നാഥൻ=ലോകങ്ങൾക്കെല്ലാം ഈശ്വരനായും, 'ലോകാനാമേകനാഥം പദതളിരിൽ വിളങ്ങും ജനാനാം' എന്നു ഭാഷാരാമായണം ചമ്പുവിൽ പ്രയോഗിച്ചിരിക്കുന്നതു നോക്കുക. പൂൎണ്ണകാരുണ്യധാമാ=പരിപൂൎണ്ണമായ ദയയ്ക്കു് ഇരിപ്പിടമായും, പുരരിപു=അസുരന്മാരായ പുരന്മാരെ ദഹിപ്പിച്ചവനായും, ഭഗവാൻ ഐശ്വൎയ്യസിദ്ധിയോടുകൂടിയവനായും, ഭഗത്തോടുകൂടിയവൻ ഭഗവാൻ. 'തദസ്യാസ്ത്യസ്മിന്നിതി മതുപ്പ്' എന്നു പാണിനിസൂത്രം.

"മാഹാത്മ്യസ്യ സമഗ്രസ്യ ധൈൎയ്യസ്യയശസഃശ്രിയഃ
കാമസ്യാഥ പ്രയത്നസ്യ ഷണ്ണാം ഭഗഇതിശ്രുതിഃ"

എന്നു ഭഗപദത്തിന്റെ അൎത്ഥം.

"ഐശ്വൎയ്യം ശങ്കരാദീശ്വരവിനിയമനം
വിശ്വതേജോഹരാണാം
തേജസ്സംഹാരിവീൎയ്യം വിമലമപി യശോ
നിസ്പൃഹൈശ്ചോപഗീതം
അംഗാസംഗാ സദാ ശ്രീരഖിലവിദസി ന
ക്വാപി തേ സംഗവാൎത്താ
തദ്വാതാഗാരവാസിൻ മുരഹര ഭഗവ-
ച്ഛബ്ദമുഖ്യാശ്രയോസി"

എന്ന നാരായണീയപദ്യവും ഇവിടെ സ്മരിക്കുന്നതു യുക്തമായിരിക്കും. ഭഗവച്ഛബ്ദസിദ്ധിക്കുവേണ്ട യോഗ്യതകളെല്ലാം പരമശിവനും ഉണ്ടെന്നു 'ഭഗവാൻ' എന്ന പദം ദ്യോതിപ്പിക്കുന്നു. ശ്രീകൈലാസാ..........മന്ദിരേ എന്ന ഭാഗം ശ്രീപരമേശ്വരന്റെ ഐശ്വൎയ്യത്തേയും ലോകാനാംനാഥൻ എന്ന പദങ്ങൾ 'ഐശ്വൎയ്യം..........നിയമനം' എന്ന അൎത്ഥത്തേയും പുരരിപുപദം 'വിശ്വതേ..........വീൎയ്യം' എന്ന അൎത്ഥത്തേയും ധ്വനിപ്പിക്കുന്നു. 'അംഗാസംഗാസദാശ്രീ' എന്ന ഭാഗത്തിന്റെ അൎത്ഥം 'മെല്ലെ.........പുണൎന്നു' എന്ന ഭാഗത്തിൽ ധ്വനിപ്പിച്ചിരിക്കുന്നു. ഇ

പ്രകാരം 'ഐശ്വര്യം' ഇത്യാദി നാരായണീയപദ്യത്തിന്റെ അർത്ഥം തന്നെ ഈ ശ്ലോകത്തിൽ കവി പ്രതിപാദിച്ചിരിക്കുന്നുവെന്നു സ്മരിക്കേണ്ടതാകുന്നു.

സാനന്ദം കേളികോലും പ്രമഥപരിവൃഢ-
ശ്രേണിയും ഭക്തിഭാജാം
നാനാമംഗല്യഗീതസ്തുതികളുമിളകും
വാദ്യനിർഘോഷവാഢ്യം
മാനഞ്ചിന്തും കുമാരദ്വിപമുഖചരിത-
പ്രൌഢിയും നന്ദികേശൻ
താനും മമ്മാ! വൃഷക്കുറ്റനുമൃഷിപടലീ-
സേവയും വാഴ്ത്ത വല്ലേൻ. ൪

സാനന്ദം ....ശ്രേണിയും = സന്തോഷത്തോടുകൂടി ഓരോ കളികളിൽ ഏർപ്പെട്ടിരിക്കുന്ന പ്രമഥപരിവൃഢന്മാരുടെ കൂട്ടവും, പ്രമഥപരിവൃഢന്മാർ=പ്രമഥന്മാരിൽ ശ്രേഷ്ഠന്മാർ. പ്രമഥന്മാർ=ശിവന്റെ പാർശ്വവർത്തികളായ നന്ദികേശ്വരാദിഭൂതങ്ങൾ. 'പ്രമഥാഃസ്യുഃ പാരിഷദാഃ' എന്നു അമരം. "രുദ്രദ്വേഷിണഃ പ്രമഥന്തി പ്രമഥാഃ" എന്നു ടീകാസർവ്വസ്വം. രുദ്രദ്വേഷികളെ പ്രമഥിക്കുന്നവർ പ്രമഥന്മാർ. ഭക്തിഭാജാം=ഭക്തിയോടുകൂടിയവർ, ഭക്തന്മാർ ആയ ജനങ്ങളുടെ നാനാ..........കളും=പല പ്രകാരത്തിലുള്ള ഈശ്വരസ്തോത്രങ്ങളും, ഇളകും=ഇളകുന്ന സ്വസ്ഥാനങ്ങളിൽനിന്നു ഇളകി അടിച്ചുകൊണ്ടിരിക്കുന്നതായ പടഹാദി വാദ്യങ്ങളുടെ ശബ്ദഘോഷത്തിന്റെ വാഢ്യം=കൂട്ടതലം, മാനഞ്ചിന്തും=ബഹുമാനം പരത്തുന്ന, കുമാര.........പ്രൌഢിയും=സുബ്രഹ്മണ്യന്റേയും ഗണപതിയുടേയും വിവിധങ്ങളായ പ്രവൃത്തികളുടെ ഉൽക്കർഷവും, നന്ദികേശൻതാനും=നന്ദികേശനും, വൃഷക്കുറ്റനും=ശിവവാഹനമായ വലിയ കാളയും, ഋഷി...........സേവയും= നാരദാദിമഹർഷിമാരുടെ ഈശ്വരഭജനവും കൈലാസപർവ്വതത്തിങ്കൽ വർത്തിക്കുന്നു എന്നർത്ഥം. മമ്മാ!=ആശ്ചര്യദ്യോതകമായ പദം. ഭാഷാചമ്പുക്കളിൽ ധാരാളമായി പ്രയോഗിച്ചുകാണുന്ന ഒന്നാണു പ്രസ്തുതപദം. വാഴ്ത്ത വല്ലേൻ=ഇവിടെപ്പറഞ്ഞ വിശേഷങ്ങളെല്ലാം വർണ്ണിക്കുന്നതിന് എനിക്കു വാൿസാമർത്ഥ്യമില്ല എന്നു സാരം. പൂർവ്വശ്ലോകത്തിൽ ശിവന്റെ

യും ശ്രീപാൎവ്വതിയുടേയും സ്ഥിതിയെ പ്രതിപാദിച്ചു. ഈ പദ്യത്തിൽ ശിവപാൎശ്വവൎത്തികളായ ഭൂതാദികളുടേയും മററും അധിവാസത്തെ വൎണ്ണിച്ചിരിക്കുന്നു എന്നു കാണേണ്ടതാകുന്നു.

ഗദ്യം—ഹരഹര ശിവശിവ പുകഴുവാൻ പണിപണി·മേലേമേലേ ചതുരതകോലും കൈലാസാദ്രിമഹത്വമൊരോന്നോ. വെള്ളവെളെള വിലസിന കാന്തിപരമ്പരകൊണ്ടു ജഗത്ത്രിതയത്തെ വെളുപ്പിലൊളിപ്പിച്ചുന്നതിതങ്ങിന ശൃംഗശതങ്ങളിലെങ്ങുമിരുന്നടനിന്ദ്രിയതുരഗാൻ നിഭൃതമടക്കിപ്പെരിയ സമാധിയുറച്ചു തപസ്ഥിതിചെയ്തുകേവലപൂൎണ്ണചിദാനന്ദമയം നിത്യനിരഞ്ജനനിൎമ്മലസാരം ബ്രഹ്മസനാതനമുള്ളിലുപാസിച്ചമൃതതരംഗിണിനടുവിലിറങ്ങിപ്പരമാനന്ദമിയന്നു വസിക്കും മുനിജനനിവഹം കുഹചന ഭാഗേ. താവിന ഭംഗ്യാ താഴ്വരതന്നിലുദാരലതാഭവനങ്ങളിലോരോ വിദ്യാധരിമാർ നിജനിജകാന്തന്മാരൊടു കൂടിക്കാമവിനോദകലാകൌശലവും പ്രേമരസേന വളൎത്തുവളൎത്തങ്ങിടയിട മെല്ലെ വല്ലകി വായിച്ചഭിനവശിവചരിതോൽക്കരഗീതം പാടുന്നതു കേട്ടോടിയണഞ്ഞുച്ചെവിയും കൂൎപ്പിച്ചുദ്‌ഗ്രസ്തം തൃണകബളത്തെയുമാശു മറന്നാനന്ദസുധാരസപാരമാസ്വാദാദവിദിതശങ്കം മൃഗകുലമഖിലം നിഷ്പന്ദതയാ നില്ക്കുമ്പോഴും ത്രിഭുവനജനനീകൃത്രിമപുത്രകഹരിണകിശോരകസങ്കരശങ്കാമകമേ തടവിപ്പുവഴികളൈവാൻ പേടിച്ചധികം വിധുരതയോടു നടന്നീടും ചില ശബരസമൂഹം കുഹചന ഭാഗേ. വൻപു മികക്കും നായാടികളും നായ്ക്കൂട്ടവുമായ് നിലവിളി നിവിരെ നടത്തി നികാമം പ്രകടിതരഭസം വില്ലു കുലച്ചുടനമ്പുമെടുത്തക്കതിരപ്പുറമേ പൊരുമാറീടും ഭൂതാധീശപരമൃഗയാകളകളരീതി ചെവിക്കൊണ്ടുഴൽച്ചെട്ടീടും മൃഗകുലധാവന

വാചാലിതവനമങ്ങൊരു ഭാഗം. ക്രൂരതകോലും ക്രളീഭ്രുതപിശാചങ്ങളുമായ്ക്കേളികലന്നണിഗഗനാംബരവും ചാൎത്തിക്കൊണ്ടക്കുചഗിരിയുഗളേ കുടർമാലകളും തുടരെയണിഞ്ഞു മടമ്പെട്ടീടും കുംഭീശചരനാം കമ്പിയുമിട്ടു നിറമ്പെറുമമ്പിളികലയെകീറിക്കൊണ്ടു കടിച്ചുകണക്കേ നീണ്ടു വളഞ്ഞു ഭയങ്കരമേറും (ദംഷ്ട്രകളും) തീപ്പിണർ ചിന്നും കണ്ണുകളും മൂന്നും ചെമ്പിച്ചീടിന തലമുടിയും പൂണ്ടങ്ങോടിങ്ങോടാൎത്തു നടക്കും കാളീഘോരതരാട്ടഹാസോൽക്കരമുഖരമൊരേടം. പൃഥുലത തങ്ങിന ഗദയും തണ്ടുകളിലയുരീടിന വന്മരവും ചില വട്ടപ്പാറകളിത്തരമോരോന്നായുധമാക്കിക്കൈയ്യിലെടുത്തും തമ്മിലൊരോരോ വിരുതുപറഞ്ഞുകിഴമേലൊത്തിച്ചാട്ടഞ്ചൊടിയുമലറിക്കൊണ്ടൊരു ഭീഷണികാട്ടിക്കാട്ടിലകമ്പുക്കാനകളും കാട്ടികളും പന്നികളും ശരഭം വമ്പുലി കരടികളും കേസരി കാസരമെട്ടടിമാനെന്നിത്തരമോരോ വനമൃഗജാലം കേളികലയാ ക്രുദ്ധത്തോടേ പിടിപെട്ടടനേ മുഷ്കരമായ പെരുമ്പാമ്പിന്മേലിടകലരെക്കോൎത്തധിഗളമമ്പൊടു ചാരുകലമ്പമാലകണക്കേ തൂക്കിയണിഞ്ഞും ഭുജകണ്ഡൂതി പൊറാഞ്ഞു തിമിൎത്തപ്പരിസരപൎവ്വതചെരിതടമൊക്കെക്കുത്തിയടൎത്തും ഭസിതംകൊണ്ടുടൽ മുഴുവൻ തേച്ചുപ്പുരമശിവൻതൻതിരുനാമങ്ങളെ നിവിരച്ചൊല്ലിച്ചുടലകളിൽപ്പോയ് നടനമിയന്നും പ്രമഥിതമേദിനി നീളനടക്കും പ്രമഥന്മാരുണ്ടങ്ങൊരുഭാഗേ. ദിനമനു ഭംഗ്യാ മാനസസരസ്സിലേ ചങ്ങാതികളാം വിബുധവധൂടികളിരുപുറവും തൻതൂകൈതൊങ്ങിക്കലിതവിലാസം മെല്ലേമെല്ലേ നീരാട്ടത്തിനെഴുന്നള്ളീടും ഭുവനജനിത്രീകാഞ്ചനന്തപുരഝണഝണിതം കേട്ടുപചിതകുതുകം കനകകുശേശയകേളീമേളം കനിവൊടു കൈവിട്ടുഴ

റിച്ചെന്നു മരാളകദംബം മന്ഥരമധുരവിലാസഗതിക്രമമഖിലേശ്വരിയോടു ചെറുത്തു പഠിപ്പാനെന്നാകണക്കേ വിസ്മയനിഭൃതവിലോചനമഗ്രേ നോക്കീയിരുന്നും കാൽക്കലിടഞ്ഞും പെരിയ വിനോദം പറവാൻ വല്ലേൻ. കണ്ഡൂലതയാ ഗണ്ഡതലേന പിചണ്ഡിലനഗ്രേ ഗണപതിഭഗവാൻ കഠിനമുരുമ്മിത്തോലു പൊളിഞ്ഞൊരു സാലകദംബവിരാജിതമൊരിടം. പ്രതിദിശമേററം മാറെറാലികൊള്ളും മഹിതകുമാരധനുർജ്ജ്യാഘോഷം ഗർജ്ജിതമെന്നോർത്താനന്ദത്തൊടു പീലിപരത്തിക്രുത്താടീടും ചന്ദ്രകികേകാമധുരമൊരേടം. ശങ്കരവാഹനവൃഷവരകേളീഹുങ്കൃതിഘോഷം കുഹചന ഭാഗേ. മംഗലവീണാവേണുനിനാദം തങ്ങി വിനോദമിതങ്ങൊരുഭാഗേ. ഭൃംഗിരിടിധ്വനി കുഹചന ഭാഗേ ഭംഗിയിലമരികളങ്ങൊരുഭാഗേ. അംബരചാരികൾയാനം കുഹചന തുംബുരുനാരദഗാനം കുഹചന. കിമിഹ ബഹൂക്ത്യാ വചസാം ദൂരേ പുരഹരദേവനെഴുന്നള്ളീടിന രജതഗിരീശ്വരമഹിമവിലാസം.

ഹരഹര എന്നും ശിവശിവ എന്നും ഉള്ള പദങ്ങൾ ആശ്ചര്യത്തെ വെളിപ്പെടുത്തുന്നവയാകുന്നു. ഒരേ അർത്ഥത്തിൽ തന്നേയുള്ള രണ്ടു പദങ്ങൾ പ്രയോഗിച്ചതുകൊണ്ട് ആശ്ചര്യം അതിരില്ലാത്തതാണെന്ന് അർത്ഥം. അത്ഭുതങ്ങളായ വസ്തുക്കളെ വർണ്ണിക്കുവാൻ തുടങ്ങുമ്പോൾ ഗദ്യങ്ങളിൽ ഈ പദങ്ങൾ ഉപയോഗിക്കുക എന്നതു ചമ്പൂകാരന്മാരുടെ ഒരു സ്വഭാവമാകുന്നു. 'ഹരഹര ശിവശിവ ചിത്രംചിത്രം' എന്നു നൈഷധചമ്പുവിലും 'ഹരഹര ശിവശിവ നാനാനഗരീതിലകമയോദ്ധ്യാനഗരിവിചാരേ' എന്നു രാമായണചമ്പുവിലും (രാമാവതാരം) പ്രയോഗിച്ചിരിക്കുന്നതു നോക്കുക. മേലേമേലേ ചതുരതകോലും കൈലാസാദ്രിമഹത്വമൊരോന്നേ പുകഴ്ത്താൻ പണിപണി എന്ന് അന്വയം. മേൽക്കുമേലേ ഭംഗി വർദ്ധിച്ചിരിക്കുന്നതായ കൈലാസപർവ്വതത്തിന്റെ ഓരോ വിശേഷങ്ങളെ പുകഴ്ത്തിപ്പറയുന്നതിന്ന് അധികം ജോലിയുണ്ട് എന്നർത്ഥം. 'പണിപണി' എന്ന ദ്വിരുക്തി ജോലിയുടെ കൂടുതലിനെ കുറിക്കുന്നു.

ആഢ്യമായി വിശിഷ്ടന്മാരായ മുനികളുടെ തപോവൃത്തിയെ വൎണ്ണിക്കുന്നു. ജഗത്ത്രിതയത്തെ=ഭൂമി, പാതാളം, സ്വൎഗ്ഗം എന്ന മൂന്നുലോകങ്ങളേയും, വെളുവെളെ വിലസിന=ഏററവും ശുഭ്രമായതു മററുനിറങ്ങളുടെ കലൎപ്പു ഒന്നുമില്ലാത്തതായി ശോഭിക്കുന്ന, കാന്തിപരമ്പരകൊണ്ടു=ശോഭയുടെ കൂട്ടംകൊണ്ടു, വെളുപ്പിലൊളിപ്പിച്ചു=വെള്ളനിറത്തിന്നകമേയാക്കി, പുറമേ വെള്ളവീശി എന്നുഭാവം, ഉന്നതിതങ്ങിന=ഉയൎച്ചയോടുകൂടിയ, ശൃംഗശതങ്ങളിൽ=അനേകങ്ങളായ കൊടുമുടികളിൽ, കൊടുമുടികൾ അസംഖ്യം ഉണ്ടെന്നു കാണിക്കുവാൻ ശതപദം പ്രയോഗിച്ചു എന്നു ഗ്രാഹ്യം. എങ്ങുമിരുന്നു=എല്ലാസ്ഥലത്തും സ്ഥിതിചെയ്തു, ഇന്ദ്രിയതുരഗാൻ=പഞ്ചേന്ദ്രിയങ്ങളാകുന്ന കുതിരകളെ, ഓടിടത്തു ശാന്തമായിരിക്കാതെ സദാ ചുററിക്കൊണ്ടിരിക്കുന്നവയാണല്ലൊ കുതിരകൾ. പഞ്ചേന്ദ്രിയങ്ങളും അതുപോലെ വിഷയങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നവയാണെന്നു കാണിക്കുവാനാണു് അവയെ തുരഗങ്ങളായി കല്പിച്ചതു്.

"ഇന്ദ്രിയാണി ഹയാന്യാഹുൎവിഷയാംസ്തേഷു ഗോചരാൻ
ആത്മേന്ദ്രിയമനോയുക്തം ഭോക്തേത്യാഹുൎമ്മനീഷിണഃ."

കേരള സാഹിത്യ അക്കാദമി

എന്നു കഠോപനിഷത്തിൽ പറഞ്ഞിരിക്കുന്ന ഭാഗം ഇവിടെ ശ്രദ്ധേയമാകുന്നു. നിഭൃതം=വിനീതമാക്കി, അടക്കി=ഒതുക്കിനിൎത്തി, 'നിഭൃതവിനീതപ്രശ്രിതാഃ സമാഃ' എന്നു് അമരം. പെരിയ=വലിയതായ, സമാധി=യോഗം. 'യോഗശ്ചിത്തവൃത്തിനിരോധഃ' എന്നു യോഗസൂത്രം(പതഞ്ജലി), 'യുജിൎയ്യോഗേ' എന്നു ധാത്വൎത്ഥം. ഉറച്ചു=ഇളകാതെയിരിക്കുന്ന നിലയായി, തപഃസ്ഥിതിചെയ്തു=തപസ്സുചെയ്തു, കേവല.... ....സനാതനം=കേവലാത്മാവായും പൂൎണ്ണമായും ചിദാനന്ദരൂപമായും നിത്യമായും നിരഞ്ജനമായും നിൎമ്മലമായും സാരമായും ബ്രഹ്മമായും സനാതനമായും, കേവലാദിപദങ്ങൾ സനാതനമായ ബ്രഹ്മത്തിന്റെ വിശേഷണങ്ങൾ. ഉള്ളിലുപാസിച്ചു=മനസ്സിൽ പൂജിച്ചു-ധ്യാനിച്ചു, അമൃതതരംഗിണി=അമൃതം-മോക്ഷം ആകുന്ന തരംഗിണി-തരംഗങ്ങളോടുകൂടിയതു-നദി, മോക്ഷസുഖമാകുന്ന നദി എന്നു് അൎത്ഥം. 'അമൃതം യജ്ഞശേഷേ സ്യാൽ പീയൂഷേ സലിലേ ഘൃതേ അയാചിതേ ച മോക്ഷേ ച' എന്നു വിശ്വം. നടുവിലിറങ്ങി=നടുവിൽ ചെന്നു, പരമാനന്ദം=അങ്ങേയററത്തു് ഉയൎന്ന നിലയിലുള്ള ആനന്ദം-സന്തോഷം, അതായതു ബ്രഹ്മാനന്ദം, ഉയൎന്നു=പ്രാപിച്ചു, വസിക്കും=താമസിക്കുന്ന, മുനിജനനിവഹം=മുനിജനങ്ങളുടെ-യോഗികളുടെ, നിവഹം-കൂട്ടം. ക്വചനഭാഗേ=ഒരിടത്തു്,

ഉണ്ട് എന്നു ക്രിയ. കൈലാസപൎവ്വതത്തിന്റെ കൊടുമുടികളിൽ ഒരു ഭാഗത്തു മുനികൾ തപസ്സുചെയ്തു ബ്രഹ്മാനന്ദം ലഭിച്ചു പാൎക്കുന്നു എന്നു ഭാവം. താവിന ഭംഗ്യാ.........വിദ്യാധരിമാർ=വൎദ്ധിക്കുന്ന ഭംഗിയോടുകൂടി താഴ്വരപ്രദേശങ്ങളിൽ വലിയ വള്ളിക്കുടിലുകളിൽ ഇരുന്നു ഓരോ ഗന്ധൎവ്വസ്ത്രീകൾ, നിജനിജകാന്തന്മാരൊടുകൂടി=തന്റെതന്റെ ഭൎത്താക്കന്മാരോടുകൂടി, കാമവിനോദകലാ=കാമലീലകളാകുന്ന കലകളിൽ=വിദ്യകളിൽ, കൌശലവും=സാമൎത്ഥ്യത്തേയും, പ്രേമരസേന=അനുരാഗം നിമിത്തമുള്ള രസംകൊണ്ടു, രസം=സന്തോഷം—ഹൃദയത്തിന്റെ ആൎദ്രത, 'ഗുണേ രാഗേ ദ്രവേ രസഃ' എന്നു് അമരം. വളൎത്തുവളൎത്തു=അധികമായി വളൎത്തി, ഇടയി...... ...വായിച്ചു=അതിനിടയിൽ വീണവായിച്ചു്, അഭിനവ.........ഗീതം=ശ്രീപരമേശ്വരന്റെ പുതിയ വിശേഷപ്രവൃത്തികളെക്കുറിച്ചുള്ള പാട്ടുകളെ, പാടുന്നതുകേട്ടു്, ഓടിയണഞ്ഞച്ചെവിയുംകൂൎപ്പി... ......നില്ലുമ്പോഴും=പാട്ടുകൾകേട്ടു ദൂരത്തിങ്കൽനിന്നു് ഓടി അടുത്തുവന്നു് ഏകാഗ്രതയോടെ ചെവികൂൎപ്പിച്ചു പകുതി വായിലാക്കിയ പുല്ലുരുളയേയും വേഗംമറന്നു് ആ ഗന്ധൎവ്വസ്ത്രീകളുടെ ഗീതശബ്ദമാകുന്ന അമൃതരസം വേണ്ടിടത്തോളവും, ആസ്വദിച്ചു=പാനംചെയ്തു, സംഭ്രമമൊന്നും കൂടാതെ മാൻകൂട്ടം നില്ക്കുന്ന സമയത്തു. ഇവിടെ അലങ്കാരം സ്വഭാവോക്തി. "സ്വഭാവോക്തിഃ സ്വഭാവസ്യ ജാത്യാദിസ്ഥസ്യ വൎണ്ണനം"(കുവലയാനന്ദം)എന്നു ലക്ഷണം. മൃഗങ്ങളെക്കൂടി ആകൎഷിച്ചു തദേകലീനമാക്കത്തക്കവിധം മാധുൎയ്യത്തോടുകൂടിയതാണു വിദ്യാധരികളുടെ പാട്ടു് എന്നു ഭാവം. ത്രിഭുവനജനനി ....തടവി=മൂന്നുലോകങ്ങളുടേയും മാതാവായ ശ്രീപാൎവ്വതി പുത്രന്മാരേപ്പോലെ സ്നേഹിച്ചു വളൎത്തിവരുന്ന മാൻകുട്ടികളോടു ചേൎന്നവയാണോ എന്നു സംശയം മനസ്സിൽ ഉണ്ടായി. പവഴികളെയ്യാൻ=അമ്പുകൾ പ്രയോഗിക്കുവാൻ, പേടിച്ചു=പേടിയോടുകൂടി, അധികം വിധുരതയോടു=ഏററവും വിഷാദത്തോടുകൂടി, നടന്നീടും=നടക്കുന്ന, ചില ശബരസമൂഹം=ചില ശബരന്മാരുടെ വേടന്മാരുടെ കൂട്ടം, കുഹചനഭാഗേ=പൎവ്വതാംശങ്ങളിൽ ഒരിടത്തുണ്ടു്. ഇവിടെ ചില എന്ന പദം ശബരന്മാരുടെ വിശേഷണമാണു്. സമൂഹത്തിന്റെയല്ല. ചില, സമൂഹത്തെയ വിശേഷിപ്പിക്കുവാൻ പാടുള്ളു. ചമ്പുകാരന്മാർ ഈ മാതിരി സ്വാതന്ത്ര്യങ്ങൾ ധാരാളമായി കാണിക്കാറുണ്ടു്. വൻപു ....നടത്തി നികാമം=വേട്ടയാടുന്നതിൽ സാമൎത്ഥ്യത്തോടുകൂടിയ നായാട്ടുകാരും പട്ടികളും ഏററവും ഉച്ചത്തിൽ ശബ്ദമുണ്ടാക്കിയും, പ്രകടിതരഭസം=പ്രകടിതമായിരിക്കുന്ന-കാണിക്കുന്ന

രഭസത്തോടു—വേഗത്തോടു കൂടിയും, ഏററവും വേഗത്തിൽ വില്ലുകുല.... ....പെരുമാറീടും=വില്ലുകുലച്ചു അമ്പും ധരിച്ചു കുതിരപ്പുറത്തു കയറിയിരിക്കുന്ന, ഭൂതാധീശ്വര ....ചെവികൊണ്ടു=ഭൂതാധീശ്വരന്റെ—ശാസ്താവിന്റെ മൃഗയയിൽ—നായാട്ടിൽ സംഭവിക്കുന്ന കളകളരീതി കേട്ടു, 'കോലാഹലഃ കളകളഃ' എന്നു് അമരം. ഇവിടെ പെരുമാറീടും എന്ന പദം ഭൂതാധീശ്വരന്റെ വിശേഷണമാണു്. അഴൽപെട്ടീടും—വിഷാദിക്കുന്ന, മൃഗകുലത്തിന്റെ=മാൻകൂട്ടങ്ങളുടെ, ധാവനം=പ്രാണരക്ഷയ്ക്കുവേണ്ടി ചെയ്യുന്ന ഓട്ടംകൊണ്ടു, വാചാലിതവനം=വാചാലിതമായ—ശബ്ദത്തോടുകൂടിയ വനം—കാടു ഉള്ളതു്, അങ്ങൊരു ഭാഗം=അവിടെ ഒരിടം. ഈ ഭാഗത്തിൽ ശാസ്താവിന്റെ മൃഗയോത്സാഹത്തെയും രൂപത്തെയും വർണ്ണിക്കുന്നു.

'ആരൂഢഃ പ്രൗഢവേഗപ്രവിജിതപവനം
തുംഗതുംഗം തുരംഗം
ചേലം നീലം വസാനഃ കരതലവിലസത്-
കാണ്ഡകോദണ്ഡദണ്ഡഃ
രാഗദ്വേഷാദിനാനാവിധമൃഗപടലീ-
ഭീതികൃത് ഭൂതഭർത്താ
കുർവ്വന്നാഖേടലീലാം പരിലസതു മനഃ-
കാനനേ മാമകീനേ.'

എന്നു ശിവകേശാദിപാദാന്തസ്തോത്രത്തിൽ ശ്രീശങ്കരാചാര്യസ്വാമി ശാസ്താവിനെ വർണ്ണിച്ചിരിക്കുന്നതു പ്രകൃതത്തിൽ സ്മരണീയമാകുന്നു.

'ശാസ്താ തസ്യാ യദി തടപഥേ ശംബരക്രോധവാസീ
തിഷ്ഠന്നശ്വേ ജവിനി മൃഗയാകൌതുകീ സഞ്ചരേത.'

എന്നു കോകിലസന്ദേശത്തിൽ ഉദ്ദണ്ഡശാസ്ത്രികളും ശാസ്താവിന്റെ മൃഗയാകൌതുകത്തെ വർണ്ണിക്കുന്നു. ക്രൂരതകോലും ....കേളികലർന്നു=ക്രൂരതയേറുന്ന കൂളികളോടും ഭൂതങ്ങളോടും പിശാചുക്കളോടും ചേർന്നു കളിച്ചുകൊണ്ടു, അണിഗഗനാംബരവും ചാർത്തിക്കൊണ്ടു്=ആകാശമാകുന്ന വസ്ത്രം ധരിച്ചുകൊണ്ടു അല്ലെങ്കിൽ ആകാശംപോലെ നീലമായിരിക്കുന്ന വസ്ത്രം ധരിച്ചുകൊണ്ടു, കുചഗിരിയുഗളേ=പർവ്വതംപോലെയിരിക്കുന്ന രണ്ടു സ്തനങ്ങളിലും, കുടർമാലകളും=താൻ കൊന്ന ജന്തുക്കളുടെ കുടൽമാലകളെ, തുടരേ=ഇടവിടാതെ, അണിഞ്ഞു=ധരിച്ചു, മദംപെട്ടീ

ട്ടം=മദിച്ചു, കുംഭീശ്വരനാം=വല്യ ആനയാകുന്ന, കമ്പി=കർണ്ണാഭരണം—കാതിലോലയും അണിഞ്ഞു, നിറമെഴും=ധവളനിറമായ അമ്പിളികലയെ=ചന്ദ്രക്കലയെ, കീറിക്കൊണ്ടു=കീറി, കടിച്ചുകണക്കേ=കടിച്ചുപോലെ, നീണ്ടു ....ദംഷ്ട്രകളും=നീണ്ടുവളഞ്ഞു ഭയങ്കരമായ ദംഷ്ട്രകളും, ദംഷ്ട്രകൾ കണ്ടാൽ ചന്ദ്രക്കലയെ രണ്ടായി കീറി കടിച്ചുപിടിച്ചിരിക്കുകയാണോ എന്നു തോന്നും എന്നു സാരം. തിപ്പിണർ=തീപ്പൊരി, ചിന്നും=പുറപ്പെടുവിക്കുന്ന, കണ്ണുകൾ മൂന്നും=മൂന്നു കണ്ണുകളും, ചെമ്പിച്ചീടിന.............നടകളും=ചെമ്പുനിറമായ തലമുടിയും ധരിച്ചുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഉച്ചത്തിൽ ശബ്ദമുണ്ടാക്കി(അലറി)നടക്കുന്ന, കാളീ.........മുഖരം=ഭദ്രകാളിയുടെ ഭയങ്കരമായ അട്ടഹാസംകൊണ്ടു മുഴങ്ങിക്കൊണ്ടിരിക്കുന്നതാണ്, ഒരിടം=ഒരു സ്ഥലം. ഒരു സ്ഥലത്തു ഭദ്രകാളിയുടെ ഭയങ്കരമായ അട്ടഹാസം എന്നു ഭാവം. ഭദ്രകാളിയുടെ ഭയങ്കരവിഗ്രഹത്തിന്റെ സ്വഭാവത്തെയാണ് ഈ ഭാഗത്തിൽ വർണ്ണിച്ചിരിക്കുന്നതു്. പൃഥുലതരങ്ങിന ഗദയും=തടിച്ച ഗദയും, തണ്ടു..........മരവും=തണ്ടും ഇലയും ഉരിക്കളഞ്ഞ വലിയ മരവും ചില വട്ടപ്പാറകൾ മുതലായവയും, ആയുധമാക്കി=ആയുധസ്ഥാനത്തു് ഉപയോഗിക്കുന്നതിനു കയ്യിലെടുത്തു, തമ്മിലോരോ ....പറഞ്ഞും=അന്യോന്യം പല സാമർത്ഥ്യങ്ങൾ പറഞ്ഞും, കീഴ്മേ ....ചാടിയും=കീഴ്മേൽ കീഴ്മേലായി ഒത്തിച്ചാടിയും-ഒരു പ്രത്യേകതരത്തിൽ ചാടിയും, അലറിക്കൊണ്ടു=ഉച്ചമായി ശബ്ദിച്ചുകൊണ്ട്, ഒരു ഭീഷണികാട്ടി=ഭയപ്പെടുത്തുന്ന സ്വഭാവം കാണിച്ചു, കാട്ടിലകംപുക്കു=കാട്ടിനകത്തു ചെന്നു, ആനകൾ............മൃഗജാലം=ആന കടമാൻ മുതലായ ഓരോതരം വനമൃഗക്കൂട്ടങ്ങളെ, ശരഭം=ഗോവിശേഷം. ‘ഗന്ധർവ്വശ്ശരഭോ രാമസ്സൃമരോ ഗവയശ്ശശഃ’ എന്ന് അമരം. കേസരി=സിംഹം, കാസരം=പോത്തു, കേളീകലയാ=കളിയുടെ അംശംകൊണ്ടു അല്ലെങ്കിൽ കളിയാകുന്ന വിദ്യകൊണ്ടു, കൂട്ടത്തോടെ ചെന്നുപിടിച്ചു=ഒന്നോടെ മുഴുവനും ചെന്നു കയ്യിലാക്കി, മുഷ്കരമായ=ബലവത്തായ, മുഷ്ക(അന്ധ)ശബ്ദത്തോടു ‘ര’ പ്രത്യയം ചേർന്നുണ്ടായ പദമാണു മുഷ്കരം. മുഷ്കം ഉള്ളതു എന്നു അർത്ഥം. ‘മുഷ്കരമായ ഗദകൾതമ്മിൽകൊണ്ടു, എന്നു ഭാരതംകിളിപ്പാട്ടു സഭാപർവ്വത്തിൽ പ്രയോഗിച്ചിരിക്കുന്നതു നോക്കുക. പെരുമ്പാമ്പിന്മേൽ=പെരുമ്പാമ്പിന്റെ ശരീരത്തിൽ, ഇടകലരേ=ഇടയ്ക്കിടെ, ഓരോന്നു=ക്രമത്തിൽ, കോർത്തു=തുളച്ചിട്ടു, അധിഗളം=കഴുത്തിൽ, ചാരുകലമ്പൻമാലകണക്കേ=മനോഹരമായ കലമ്പൻമാലപോലെ, പലതരത്തിലുള്ള പൂക്കൾചേർത്തു കെട്ടുന്ന

മാലയാണു കലമ്പൻമാല. ചമ്പുക്കളിൽ ഈ പദത്തിൻെറ പ്രയോഗം ധാരാളമായിക്കാണാം. 'ത്രൈലോക്യേ സൌരഭംകൊണ്ടാപെരുകിന പീനാംപദാനകലമ്പൻമാലാജാലങ്ങൾ തൂകും ത്രിഭുവനപെരുമാൾ' എന്നു ഭാഷാരാമായണചമ്പുവിൽ പ്രയോഗിച്ചിരിക്കുന്നതു നോക്കുക. അനേകതരത്തിലുള്ള ജന്തുക്കളെക്കൊന്നു ഇളച്ചു പെരുമ്പാമ്പാകുന്ന നൂലിന്മേൽ കോർത്തിരിക്കുന്നതുകൊണ്ടു അതിനു കലമ്പൻമാലയുടെ സാദൃശ്യം സിദ്ധം. തൂക്കിയണിഞ്ഞും=ധരിച്ചും, ഭുജ ....തിമത്തു=കയ്ത്തരിപ്പു സഹിക്കാൻ മേലാതെ അഹങ്കരിച്ചു, പരിസരപർവ്വത ....തടം=സമീപത്തു ചുററുമുള്ള പർവ്വതത്തിൻെറ ചരിവിലുള്ള തടപ്രദേശങ്ങളെ, ഒക്കെക്കുത്തിയടർത്തും=എല്ലാം കുത്തിയെടുത്തു വേറാക്കിയും, ഭസിതം........തേച്ചു=ശരീരത്തിൽ മുഴുവനും ഭസ്മം ധരിച്ചു, പരമശിവ... ....നാമങ്ങളെ=ശ്രീപരമേശ്വരൻെറ പേരുകളെ, നിവിരാച്ചൊല്ലി=പൂർണ്ണമായി ഉച്ചത്തിൽ ചൊല്ലി, ചുടല ......മിയന്നും=ചുടലക്കളങ്ങളിൽ പോയി നൃത്തം ചെയ്തും, പ്രമഥിതമേദിനി=ഭൂമിയെ ചവുട്ടി മെതിച്ചുകൊണ്ടും, നീളെ നടക്കും=കൂട്ടത്തോടെ നീളത്തിൽ നടക്കുന്ന, പ്രമഥന്മാർ=ഭൂതഗണങ്ങൾ, അങ്ങൊരുഭാഗേ=ഒരിടത്തുണ്ടു്. ഈ ഭാഗത്തിൽ ഭൂതഗണങ്ങളുടെ ക്രീഡാവിലാസങ്ങളെ വർണ്ണിക്കുന്നു. ദിനമനു=ദിവസംതോറും, ഭംഗ്യാ=ഭംഗിയോടുകൂടി, മാനസസലിലേ=മാനസസരസ്സിലെ ജലത്തിൽ, കൈലാസപർവ്വതത്തിൻെറ മുകളിൽ ഉള്ള ദിവ്യമായ ഒരു സരസ്സാണു മാനസം. ഇതിലെ ജലം അതിവിശിഷ്ടമാണു്. 'ഹേമാംഭോജപ്രസവി സലിലം മാനസസ്യാദദാനഃ' എന്നു മേഘസന്ദേശത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക. ചെങ്ങാതികളാം......തുകൈതൊങ്ങി=സഖിമാരായ അപ്സരഃസ്ത്രീകൾ രണ്ടുപുറവുംനിന്നു തൻെറ കയ്യുതാങ്ങിയെടുത്തുകൊണ്ടു, കലിതവിലാസം=ഭംഗിയോടുകൂടി, മെല്ലെ ....നുള്ളീടും=സാവധാനത്തിൽ ഓരോ അടികൾവച്ചു, നീരാടുന്നതിനു=കുളിക്കുന്നതിനു പോകുന്ന–നീരാടുക, എഴുന്നള്ളുക എന്നിവ ആചാരവാക്കുകൾ, ഭുവന .... കേട്ടു=ലോകമാതാവായ ശ്രീപാർവ്വതിയുടെ കാലിൽ അണിഞ്ഞിരിക്കുന്ന പൊന്നൂപുരങ്ങളുടെ ഝണഝണ എന്ന ശബ്ദംകേട്ടു, 'ഝണഝണ', ഹല്ലാഹലാദികളെപ്പോലെ ശബ്ദത്തിൻെറ അനുകൃതി, ഉപചിതകൗതുകം=വർദ്ധിച്ച കൗതുകത്തോടുകൂടി, കനക.........മേളം=പൊൻതാമരപ്പൂവിൽ ചെയ്യുന്ന കളി, കേളീമേളം = കേളിയുടെ മേളം–മേളനം ചേർച്ച: നീളാകചാലോഭോഗമേളാഭരണമേ' എന്നു ഭാരതം കിളിപ്പാട്ടിൽ തുഞ്ചത്താചാര്യൻ പ്രയോഗിച്ചിരിക്കുന്നതു നോക്കുക. 'മേളം കോലും കളായല്ലു

തിയൊട്ട്' എന്നു നൈഷധചമ്പുവിലും ഉണ്ട്. മേളം ഭാഷയിൽ ഒരു ശൈലിയായിത്തീൎന്നിട്ടുണ്ട്. അംഗങ്ങളാം എല്ലാം ചേൎന്ന് മോടിപിടിപ്പിച്ചതു എന്നു ശൈലിക്കു അൎത്ഥം. കനിവൊടു.... .. ....ച്ചെന്നു=ഉപേക്ഷിച്ചു, സംഭ്രമത്തോടുകൂടി=വേഗത്തിൽ ദയവോടെ ചെന്നു, മരാളകദംബം=അരയന്നക്കൂട്ടം, മന്ഥര ... ... കണാക്കേ=മന്ദമായും കാണുവാൻ ഭംഗിയുള്ളതായും വിലാസത്തോടുകൂടിയതായും ഇരിക്കുന്ന പോക്കിന്റെ രീതിയെ അല്പം പഠിക്കുന്നതിനു എന്നപോലെ—എത്ര ശ്രമിച്ചാലും ഗതിയുടെ ഭംഗി മുഴുവനും പഠിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് അല്പം, കഴിയുന്നതുപോലെ പഠിക്കുക എന്നു ചെറുതെന്ന പദത്തിന് അൎത്ഥം. അലങ്കാരം ഉൽപ്രേക്ഷ. "അതദ്രൂപസ്യാന്യഥാദ്ധ്യവസാനമതിശയാൎത്ഥമുൽപ്രേക്ഷാ" എന്നു (കാവ്യാലങ്കാരസൂത്രം—വാമനാചാൎയ്യൻ) ലക്ഷണം. വിസ്മ... ... ...മഗ്രേ=ആശ്ചൎയ്യത്തിനു അധീനമായ കണ്ണുകൊണ്ടു സമീപത്തിൽ, നോക്കിയിരുന്നും...... ടഞ്ഞും=കാലിന്മേൽ തടഞ്ഞും, പെരിയ ......വല്ലേൻ=വലിയ നേരമ്പോക്കുതന്നെ. അതു പറയാൻ പ്രയാസം. അരയന്നങ്ങളാം ദേവിയുടെ കാൽക്കൽ വന്നു നോക്കുന്നതു കണ്ടാൽ നടപ്പു പഠിക്കുന്നതിനു വന്നിരിക്കുകയാണോ എന്നു തോന്നും എന്നു ഭാവം. ശ്രീപാൎവ്വതിയുടെ മാനസസരസ്സിലേക്കു നീരാട്ടിനുള്ള യാത്രയെ ഈ ഭാഗത്തിൽ വൎണ്ണിക്കുന്നു. മാനസസരസ്സു അരയന്നങ്ങളുടെ പ്രധാനമായ ഒരു വാസസ്ഥാനമാകുന്നു എന്നു കവിസങ്കേതം. കണ്ഡൂലതയാ=വലുതായ ചൊറിച്ചിലുകൊണ്ട്, ഗണ്ഡതലേന=കവിൾത്തടംകൊണ്ട്, പിചണ്ഡിലൻ=കുടവയറനായിരിക്കുന്ന, ഗണപതിഭഗവാൻ, അഗ്രേ=സമീപത്തിൽ കഠിനം=കൎക്കശമായി, ഉരുമ്മി=തേച്ചു (കവിൾകൊണ്ടു ഉരച്ചു) തോലുപൊളിഞ്ഞൊരു=തോലുവേർപെട്ടുപോയ, സാലകദംബവിരാജിതം=പയിനിൻകൂട്ടംകൊണ്ടു ശോഭിക്കുന്നതാണ്, ഒരിടം=അവിടെ ഒരു സ്ഥലം, പ്രതിദിശമേററം=പൎവ്വതത്തിന്റെ പ്രദേശംതോറും ഏററവും, മാറെറാലിക്കൊള്ളും=പ്രതിശബ്ദം മുഴങ്ങുന്ന, മഹിതം=ഘോഷം—മഹിതമായ സുബ്രഹ്മണ്യന്റെ ഞാണൊലിയുടെ ഉച്ചത്തിലുള്ള ശബ്ദത്തെ, ഗൎജ്ജിത ... ...നന്ദത്തോടു=മേഘത്തിന്റെ ഇടിനാദമാണെന്നു വിചാരിച്ചു സന്തോഷത്തോടുകൂടി, പീലിപരത്തി ... ... ച്ചന്ദ്രകികേകാമധുരമൊരേടം=പീലികളെല്ലാം പരത്തി നൃത്തംചെയ്യുന്ന മയിലുകളുടെ കേകാശബ്ദംകൊണ്ടു മനോഹരമാണ് ഒരു സ്ഥലം. ഇവിടെ അലങ്കാരം ഭ്രാന്തി. ചന്ദ്രകി=ചന്ദ്രകത്തോടുകൂടിയത്, ചന്ദ്രകം=മയിൽപീലിയുടെ കണ്ണ്. 'സമൌ ചന്ദ്രകമേചകൌ'

എന്നു് അമരം. കേക=മയിലിന്റെ ശബ്ദം. 'കേകാ വാണീ മയൂരസ്യ' എന്നു് അമരം. ശങ്കരവാഹന ... ...ഘോഷം=ശ്രീപരമേശ്വരന്റെ വാഹനമായ കാള കളിച്ചുചെയ്യുന്ന ഹുങ്കാരത്തിന്റെ ഘോഷം. കുഹചന ഭാഗേ=ഒരിടത്തുണ്ടു്, മംഗലവീണാ... ... ... മിതങ്ങൊരുഭാഗേ=മംഗലമായ വീണ, കുഴൽ ഇവയുടെ ശബ്ദം ഒരിടത്തുണ്ടു്, ഭൃംഗിരിടി... ... ... ഭാഗേ=ഭൃംഗിരിടിയുടെ ശബ്ദം ഒരിടത്തുണ്ടു്. ശ്രീപരമേശ്വരന്റെ ഒരു ഭൃത്യനാണു ഭൃംഗിരിടി. 'ശൃംഗീ ഭൃംഗിരിടിസ്തുണ്ഡീ' എന്നു് അമരം. ഭംഗിയി... ... ...ഭാഗേ=അപ്സരസ്ത്രീകൾ ഭംഗിയായി ഒരു സ്ഥലത്തു സ്ഥിതി ചെയ്യുന്നുണ്ടു്, അംബര .. ...കുഹചന=ദേവന്മാരുടെ പോക്കു ഒരിടത്തുണ്ടു്. ഒരിടത്തു ദേവന്മാർ തിരിച്ചു പോകുന്നു എന്നു സാരം. തുംബുരു ... ... കുഹചന=തുംബുരു, നാരദൻ എന്നി മഹർഷിമാരുടെ പാട്ടു ഒരിടത്തുണ്ടു്. തുംബുരുവും നാരദനും പാട്ടിൽ പ്രസിദ്ധന്മാരായ മഹർഷിമാരാണു്. ഇഹബഹുകഥ്യാകിം=ഇവിടെ അധികം വിസ്തരിച്ചു പറയുന്നതു് എന്തിനു്. അങ്ങനെ ചെയ്തിട്ടു കാര്യമില്ലെന്നു ഭാവം. പുരഹരദേവൻ =ത്രിപുരന്മാരുടെ കാലനായ സാക്ഷാൽ ശ്രീപരമേശ്വരൻ, എഴുന്നരുളിടിന=എഴുന്നരുളിയിരിക്കുന്ന, രജത... ... ...വിലാസം=വെള്ളിമലയായ കൈലാസത്തിന്റെ മാഹാത്മ്യങ്ങളുടെ വിലാസം, വചസാം=വാക്കുകൾക്കു, ദൂരെ=അകലെയാകുന്നു. വാക്കുകൾകൊണ്ടു അവയെ വർണ്ണിക്കാവുന്നതല്ലെന്നു സാരം. കവിയുടെ പ്രതിഭാവൈഭവത്തെ കാണിക്കുന്ന ഒന്നാണു് ഈ കൈലാസവർണ്ണന. ഈ ഗദ്യം കിരാതം ഭാഷാചമ്പുവിലും ഉണ്ടു്.

തസ്മിന്നാദ്രീശ്വരേ കോമളതനുലതയാ
കാന്തയാ സാദ്ധമുച്ചൈ-
രുൾപ്രീത്യാ പാർവ്വതീശൻ ത്രിഭുവനപെരുമാൾ
താനിരിക്കുംദശായാം
പത്മാക്ഷൻ തന്നൊടും പങ്കജഭവനനൊടും
ചേർന്നു ശക്രാദിവാനോ-
രെപ്പേരും ചേന്നുവന്ദിച്ചൊരുപൊഴുതു പുക-
ണ്ണീടിനാർ ദേവദേവം. ൫

കേരളസാഹിത്യ അക്കാദമി

ത്രിഭുവനപെരുമാറം പാൎവ്വതീശൻ=മൂന്നുലോകങ്ങൾക്കും അധിശനായ ശ്രീപരമേശ്വരൻ. തസ്മിൻ അദ്രിശൃംഗേ=ആ കൈലാസപൎവ്വതത്തിങ്കൽ, കോമള ....സാദ്ധ്വം=മനോഹരശരീരത്തോടുകൂടിയവളായ ഭാൎയ്യയായ ശ്രീപാൎവ്വതിയോടുകൂടി, ഉൾച്ചേൎന്നപ്രീത്യാതാൻ ഇരിക്കും ദശായാം=മനസ്സിണങ്ങി സന്തോഷത്തോടുകൂടിയിരിക്കുന്ന സമയത്തു, ഒരുപൊഴുതു=ഒരിക്കൽ,പത്മാക്ഷൻ............ രെപ്പേരും=ഇന്ദ്രാദികളായ ദേവന്മാരെല്ലാവരും മഹാവിഷ്ണുവിനോടും ബ്രഹ്മാവിനോടും കൂടിച്ചേൎന്ന് അവിടെച്ചെന്നു. ദേവദേവം=സൎവ്വദേവന്മാൎക്കും ദേവനായ ശിവനെ, വന്ദിച്ചു-വണങ്ങി, പുകണ്ണീടിനാർ=സ്തോത്രംചെയ്തു. ദേവന്മാരെല്ലാവരും ഭഗവാനെ ചെന്നു വന്ദിച്ചു സ്തുതിച്ചു എന്നു ഭാവം.

"ജയ സുരകുലവൻപേ! ചിത്സരോജന്മവൻപേ!
ജയ നതജനബന്ധോ! നാഥ! കാരുണ്യസിന്ധോ!
ജയ പുരഹര! മേലേ ബാലശീതാംശുമൌലേ!
ജയ സതതമുദാരം ത്വാം ഭജാമസ്സദാരം. ൩

സുരകുലവൻപേ=ദേവന്മാരുടെ മഹിമാവായിരിക്കുന്നവനേ, ദേവന്മാരുടെ മഹത്വത്തിന്റെ രൂപമാണു അങ്ങെന്ന്-അതായതു അങ്ങില്ലെങ്കിൽ ദേവന്മാൎക്ക് ഒരു യോഗ്യതയുമില്ലെന്നു-ഭാവം. ചിത്സരോജന്മവൻപേ=ബ്രഹ്മജ്ഞാനമാകുന്ന താമരപ്പൂവിന്റെയും വൻപായിരിക്കുന്നവനേ. ബ്രഹ്മസ്വരൂപി എന്നു സാരം. ജയ=അങ്ങു സൎവ്വോൽക്കൎഷത്തോടുംകൂടി ജയിച്ചാലും. അങ്ങയുടെ ജയം ഞങ്ങളുടേയും ജയമാണെന്നു ധ്വനി. നതജനബന്ധോ=കാലിൽ നമസ്കരിച്ചു ആശ്രയിക്കുന്നവൎക്കു ബന്ധുവായുള്ളവനേ, നാഥ=രക്ഷിതാവേ, കാരുണ്യസിന്ധോ=കരുണാസമുദ്രമേ, ജയ=അങ്ങു ജയിച്ചാലും. പുരഹര=പുരന്മാരെ നശിപ്പിച്ചവനേ. ബാലശീതാംശുമൌലേ=ബാലചന്ദ്രനെ ധരിച്ചിരിക്കുന്നവനേ, ജയ=ജയിച്ചാലും. സതതം=എല്ലായ്പ്പോഴും, ഉദാരം=മഹാനും, സദാരം=ഭാൎയ്യയോടുകൂടിയിരിക്കുന്നവനും, ആയ ത്വാം=അങ്ങയെ, ഭജാമഃ=ഞങ്ങൾ ഭജനം ചെയ്യുന്നു. വൃത്തം മാലിനി. 'നനമയയയുതേയം മാലിനീ ഭോഗിലോകൈഃ' എന്നു ലക്ഷണം.

ഉലകിടമിതശേഷം പെററുപാലിച്ചൊടുക്കും-
കളി കലരുമമേയപ്രാഭവന്തം ഭവന്തം
മലമകളൊടു സാദ്ധം മുൻപിലദ്ധ്യക്ഷയന്തോ
നലമൊടു ചരിതാത്ഥാ ഹന്ത നാം തമ്പിരാനേ! ൧

തമ്പിരാനേ! സംബുദ്ധി, അല്ലയോ പ്രഭുവായിരിക്കുന്നവനേ! ഉലകിട..........തശേഷം=ജംഗമങ്ങളോടും സ്ഥാവരങ്ങളോടുംകൂടിയ ഈ ലോകമെല്ലാം, പെററുപാലിച്ചൊടുക്കും കളി=നിമ്മിക്കുകയും കാക്കുകയും നശിപ്പിക്കുകയും ആകുന്ന കളി. സവ്വൈശ്വയ്യസമ്പൂണ്ണനായിരിക്കുന്ന ഈശ്വരൻ തനിക്ക് എന്തെങ്കിലും ഒരു കായ്യസാദ്ധ്യത്തിനായിട്ടല്ല, കേവലം വിനോദത്തിനായിട്ടാണ് ലോകത്തിൻെറ സൃഷ്ട്യാദികമ്മങ്ങളിൽ ഏപ്പെടുന്നതെന്നു കളി എന്ന പദത്തിൻെറ അത്ഥം.

"നമോ വിശ്വസൃജേ പൂവ്വം വിശ്വം തദനു ബിഭ്രതേ
അഥ വിശ്വസ്യ സംഹത്രേ തുഭ്യം ത്രേധാസ്ഥിതാത്മനേ."
(രഘു-സ-10)

എന്ന പദ്യത്തിൻെറ ഭാവമാണ് പെററുപാലിച്ചൊടുക്കും എന്ന പദങ്ങളിൽ അന്തഭ്ഭവിച്ചിരിക്കുന്നതു്. കലരും=കലരുന്നവനും, അമേയപ്രാഭവം തം ഭവന്തം=അളവില്ലാത്ത പ്രഭാവത്തോടുകൂടിയവനും ആയ ഭവാനെ, മല..........സാദ്ധം=ശ്രീപാവ്വതിയോടുകൂടി, മുൻപിൽ അദ്ധ്യക്ഷയന്തഃ നാം=അക്ഷിഗോചരനാക്കുന്ന, അതായതു് കാണുന്ന, ഞങ്ങൾ. നലമൊടു=നന്മയോടുകൂടി, ചരിതാത്ഥാഃ=ചരിതാത്ഥന്മാർ, കായ്യം സാധിച്ചവരായിത്തീന്നു. ഹന്ത=ആശ്ചയ്യം. നിന്തിരുവടിയെ പാവ്വതീദേവിയോടുകൂടി സമീപത്തു കണ്ടപ്പോൾതന്നെ ഞങ്ങളുടെ കായ്യമെല്ലാം സാധിച്ച നിലയിലായി എന്നു സാരം.

പരിചരണപരാണാം ദേവ! ഞങ്ങൾക്കിദാനീ-
മരുളുക കരുണാബ്ധേ! കാൽക്ഷണം വീക്ഷണാന്തം
ശരണമിതൊരുനാളും നീയൊഴിഞ്ഞില്ല പോററി!
ചരണസരസിജേ വീണാശ്രയാമോ നികാമം." ൨

കരുണാബ്ധേ! പോററി ദേവ=കരുണയ്ക്കു് ഇരിപ്പിടമായിരിക്കുന്ന രക്ഷിതാവേ ദേവ, പരിചരണപരാണാം=നിന്നെ ശുശ്രൂഷിക്കുന്ന

തിൽ താല്പര്യത്തോടുകൂടിയവരായ, നിന്റെ ആശ്രിതന്മാരായ എന്നു ഭാവം. ഞങ്ങൾക്കു=ഞാൻ മുതലായവർക്കു, ഇദാനീം=ഇപ്പോഴും, കാൽക്ഷണം=അല്പം സമയം,. വീക്ഷണാന്തം=കടാക്ഷം, അരുളുക=തരുക—ദയയോടുകൂടി ഞങ്ങളെ അല്പനേരം കടാക്ഷിക്കണം എന്ന് അർത്ഥം. ശരണം........പോററീ=നീയൊഴിഞ്ഞു വേറെ ഞങ്ങൾക്കു ഒരു രക്ഷിതാവില്ല. അല്ലയോ നാഥ!, നിന്തിരുവടിയുടെ ചരണസരസിജേ=പാദപത്മത്തിങ്കൽ, വീണു=നമസ്കരിച്ചു; നികാമം=ഏററവും, ആശ്രയാമഃ=ആശ്രയിക്കുന്നു.

ഈ ശ്ലോകവും ഇതിനു മുൻപിലത്തേതും ഭാഷാരാമായണചമ്പു രാവണോത്ഭവത്തിൽ ൱൬-ം ൱൭-ം ശ്ലോകങ്ങളായി കൊടുത്തിരിക്കുന്നവയാണ്.

ഇത്ഥം പുകഴ്ത്തിന മുരാരിമുഖാമരേന്ദ്രൈ-
രുത്തംസിതാംഘ്രികമലസ്യ പിനാകപാണേഃ
മുഗ്ദ്ധസ്മിതേന വിലസന്മുഖപുണ്ഡരീകാ-
ദുത്തസ്ഥുഷീ പരിലലാസ വചോമതല്ലീ. ൯

ഇത്ഥം പുകഴ്ത്തിന=ഇപ്രകാരം സ്തുതിച്ച, മുരാരി....... ....മരേന്ദ്രൈഃ=മഹാവിഷ്ണു മുതലായ ദേവന്മാരാൽ, ഉത്തംസിതാംഘ്രികമലസ്യ=ശിരസ്സിന്റെ ഭൂഷണമാക്കപ്പെട്ട പാദകമലത്തോടുകൂടിയവന്റെ. ദേവന്മാരാൽ, കാൽക്കൽവീണു നമസ്കരിക്കപ്പെട്ട എന്നു സാരം. പിനാകപാണേഃ=കയ്യിൽ പിനാകം ധരിച്ചിരിക്കുന്നവനും ആയ ശിവന്റെ—പിനാകം ശിവന്റെ ധനുസ്സ്—'പിനാകോജഗവം ധനുഃ' എന്നു അമരം. മുഗ്ദ്ധസ്മിതേന=മന്ദസ്മിതംകൊണ്ടു, വിലസൻ....... .....പുണ്ഡരീകാൽ=ശോഭിക്കുന്ന മുഖമാകുന്ന താമരപ്പൂവിൽനിന്നു, ഉത്തസ്ഥുഷീ=ഉത്ഭവിച്ചതായ, വചോമതല്ലീ=ശ്രേഷ്ഠമായ വാക്കു, പരിലലാസ=ശോഭിച്ചു. കാൽക്കൽ വീണു നമസ്കരിച്ച ദേവന്മാരോടു പരമശിവൻ ഇപ്രകാരം പറഞ്ഞു എന്നു സാരം. വൃത്തം വസന്തതിലകം.

"അഭിജ്ഞാതം തഭജജൈരന്താസകതഗുരുദ്വയം
ചതുർദ്ദശാക്ഷരം വൃത്തം വസന്തതിലകം വിദുഃ."

എന്നു ലക്ഷണം. (സുവൃത്തതിലകം—ക്ഷേമേന്ദ്രൻ)

"ധർമ്മാത്മൻ! വെൽക വിഷ്ണോ! വരവിതിനിയ വൈ-
കുണ്ഠലോകത്തിൽ നിന്നോ?
നിർമ്മാതേ്ര സൌഖ്യമല്ലീ? ശതമഖ! സുഖമേ
പാരടക്കുന്നതല്ലീ?
ഉന്മേഷംപൂണ്ടു മേന്മേലസുരരൊടമര-
ന്മാർ ജയംകൊണ്ടിദാനീം
മമ്മാ നർമ്മാനുഭൂതിക്രമചതുരതയാ
വാനിൽ വാഴുന്നതല്ലീ." ൨൦

ശ്രീപരമേശ്വരൻ, വിഷ്ണു മുതലായ ദേവന്മാരോടു യഥാപ്രധാനം കുശലപ്രശ്നം ചെയ്യുന്നു. ധർമ്മാത്മൻ വിഷ്ണോ വെൽക=ധർമ്മാത്മാവായിരിക്കുന്ന ഹേ വിഷ്ണോ അങ്ങു് വെൽക, ജയിച്ചാലും. വരവിതി....... നിന്നോ=അങ്ങു് ഇവിടെ വന്നതു വൈകുണ്ഠലോകത്തിൽനിന്നു തന്നെയാണോ, നിർമ്മാതേ്ര=നിർമ്മാതാവിനു—ലോകം സൃഷ്ടിക്കുന്നവനായ ബ്രഹ്മാവിനു, സൌഖ്യമല്ലീ=സുഖമല്ലേ. ശതമഖ=ഇന്ദ്ര, അങ്ങു സുഖമേ=സൌഖ്യമായി, പാരു=ലോകത്തെ, അടക്കുന്നതല്ലീ=അടക്കുന്നില്ലേ, കീഴടക്കി രക്ഷിക്കുന്നില്ലേ. ഇദാനീം=ഇപ്പോൾ, മേന്മേൽ ഉന്മേഷംപൂണ്ടു=മേൽക്കുമേൽ ഉത്സാഹത്തോടുകൂടി, അമരന്മാർ=ദേവന്മാർ, അസുരരൊടു ജയംകൊണ്ടു=യുദ്ധത്തിൽ അസുരന്മാരെ ജയിച്ചു, നർമ്മാനുഭൂതിക്രമചതുരതയാ=നർമ്മാനുഭൂതിക്രമത്തിന്റെ ചാതുർയ്യത്തോടുകൂടി. നർമ്മാനുഭൂതിക്രമം=നർമ്മാനുഭൂതിയുടെ ക്രമം, നർമ്മത്തിന്റെ അനുഭൂതി നർമ്മാനുഭൂതി, നർമ്മം=ലീലാവിനോദം, അനുഭൂതി=അനുഭവം, 'ക്രീഡാ ലീലാ ച നർമ്മ ച' എന്നു അമരം. യഥേഷ്ടം ഓരോ വിനോദങ്ങളിൽ ഏർപ്പെട്ടു സുഖമായി എന്നർത്ഥം. വാനിൽ=സ്വർഗ്ഗത്തിൽ, വാഴുന്നതല്ലീ=താമസിക്കുന്നില്ലേ?. പ്രാധാന്യം അനുസരിച്ചു് ആദ്യം വിഷ്ണുവിനോടും പിന്നെ ബ്രഹ്മാവിനോടും ഇന്ദ്രനോടും ദേവന്മാരോടും യഥാക്രമം ശിവൻ കുശലപ്രശ്നം ചെയ്തു എന്നു ഗ്രഹിക്കേണ്ടതാകുന്നു.

ഗിരമിതി സുരസന്നിധൌ ഗഭീരാം
ഗിരിതനയാസുകൃതം പറഞ്ഞനേരം
മുരരിപുഹൃദയം ധരിച്ചു നേരേ
സരസിരുഹാസനനാസ്ഥയാ ബഭാഷേ. ൨൧

ഗിരിതനയാസുകൃതം=ശ്രീപാൎവ്വതിയുടെ പുണ്യം മൂൎത്തിമത്തായതു പോലെ പരിലസിക്കുന്ന ഭഗവാൻ, ഇതി=ഇപ്രകാരം, ഗഭീരാം ഗിരം=ഗംഭീരമായിരിക്കുന്ന വാക്കിനെ, സുരസന്നിധൌ=ദേവന്മാരുടെ സമീപത്തുവച്ചു, പറഞ്ഞനേരം=പറഞ്ഞപ്പോൾ, സരസിരുഹാസനൻ=ബ്രഹ്മാവു, നേരേ=ശരിയായി, മുരരിപുഹൃദയം=മഹാവിഷ്ണുവിൻെറ അഭിപ്രായത്തെ, ധരിച്ചു=അറിഞ്ഞു, ആസ്ഥയോടുകൂടി=അപേക്ഷയോടുകൂടി, താല്പൎയ്യപ്പെട്ടു എന്നു സാരം. "ആസ്ഥാ ചാലംബനാസ്ഥാനയത്നാപേക്ഷാസു കത്ഥ്യതേ' എന്നു വിശ്വം. 'ആസ്ഥാ ലോകേ വിപുലമനസാം' എന്നു ശുകസന്ദേശപ്രയോഗം, ബഭാഷേ=പറഞ്ഞു. ബ്രഹ്മാവു മഹാവിഷ്ണുവിൻെറ അഭിപ്രായം അറിഞ്ഞു് ഇപ്രകാരം പറഞ്ഞു എന്നു ഭാവം.. വൃത്തം പുഷ്പിതാഗ്ര. "അയുജി നയുഗരേഫതോ യകാരൊ യുജി ച നജൌ ജരഗാശ്ച പുഷ്പിതാഗ്രാ" എന്നു ലക്ഷണം.

"കുന്നിൻപെണ്ണിൻതടംപോൎമുല തടവിന പു-
ണ്യൌഘമേ! നിൻപദാന്തം
വന്ദിക്കും മാദൃശാനാം വരദ! വരുവത-
ല്ലെന്നുമേ ഖേദലേശം;
ഇന്നിപ്പോളെങ്കിലും കിഞ്ചന വിഷമമുണ-
ൎത്തുന്നതിന്നാശു നിന്നാ-
ലുന്നിദ്രശ്രീകൃപാലോകനമിഹ വിദുഷാ
ദീയതാം ദീനബന്ധോ! ൧൨

കുന്നിൻ.....പുണ്യൌഘമേ=ശ്രീപാൎവ്വതീദേവിയുടെ സുകൃതപരിപാകമായി ശോഭിക്കുന്ന ഭഗവാനേ, നിൻ പദാന്തം.............മാദൃശാനാം=അങ്ങയുടെ തൃക്കാൽവണങ്ങുന്നവരായ ഞങ്ങൾക്കു, എന്നുമേ ഖേദലേശം വരുവതല്ല=ഒരു കാലത്തും അല്പവും സങ്കടം വരുന്നതല്ല, അറിക=അറിഞ്ഞാലും. എങ്കിലും ഇന്നു് ഇപ്പോൾ കിഞ്ചന.............ഉണൎത്തുന്നതിനു=അല്പം വൈഷമ്യം സങ്കടാവസ്ഥ അറിയിക്കുന്നതിനു, ആശു=വേഗത്തിൽ, വിദുഷാ സൎവ്വജീവികളുടേയും അന്തൎഗ്ഗതങ്ങളറിയുന്നവനായ, നിന്നാൽ=അങ്ങാൽ, ദീനബന്ധോ=സങ്കടപ്പെടുന്നവൎക്കു തുണയായിരിക്കുന്ന ഭഗവാനേ, ഉന്നിദ്ര.............കനം=കൃപാധിക്യത്തോടുകൂടിയ നോട്ടം, തന്നാലും=നല്കിയാലും. ഞങ്ങൾക്കു് അല്പമായി ഒരു സങ്കട

ട്ടുണ്ടു്. അതു് അറിയിക്കുന്നതിനു ദയാവായ്പുകൂടി അനുവദിക്കണം എന്നു സാരം. ഞങ്ങൾ പറയാതെതന്നെ സങ്കടം അറിയുന്നവനാണു് അങ്ങെന്നു ധ്വനിപ്പിക്കുന്നതിനു വിദുഷാ എന്ന പദം പ്രയോഗിച്ചിരിക്കുന്നു. അങ്ങു മാത്രമേ ദീനന്മാരായ ഞങ്ങൾക്കു ബന്ധുവുള്ളു എന്നു ദീനബന്ധു എന്ന പദത്തിന്റെ ധ്വനി.

വൃത്താന്തം വിശ്വബന്ധോ! നിശമയതു ഭവാൻ
വിശ്വകർമ്മായുധംകൊ-
ണ്ടത്യന്തോന്മൃഷ്ടനായ് മേവിന ദിനപെരുമാൾ-
തൻകലാ മൂന്നിദാനീം
ചിത്രം ത്വൽബിംബരൂപാസ്വിവമഹിമകല-
ന്നിന്ധതേ ഹന്ത താസാം
കത്തീടും ഘോരതേജോവിതതിഭിരഖിലം
ദഹ്യതേ തമ്പിരാനേ! ൧൩

വിശ്വബന്ധോ=ലോകങ്ങൾക്കെല്ലാം തുണയായിരിക്കുന്ന, തമ്പിരാനേ. വിഭോ ഭവാൻ, വൃത്താന്തം നിശമയതു=അങ്ങു ഞങ്ങളുടെ വർത്തമാനം സങ്കടവാർത്ത, കേട്ടാലും. വിശ്വകർമ്മായുധ.........തൻ മൂന്നു കലാ ഇദാനീം=വിശ്വകർമ്മാവിന്റെ ആയുധംകൊണ്ടു് ഏററവും ഉരയ്ക്കപ്പെട്ടവനായിരിക്കുന്ന ആദിത്യന്റെ മൂന്നു കലകൾ, മൂന്നംശങ്ങൾ ഇപ്പോൾ. "വിശ്വകർമ്മാവിന്റെ പുത്രിയായ സംജ്ഞ, ഭർത്താവായ സൂര്യന്റെ തേജശ്ശക്തി സഹിക്കുവാൻ പാടില്ലാതെയായി അതിനു നിവൃത്തി വരുത്തിത്തരണമെന്നു പിതാവിനോടപേക്ഷിച്ചു. അപ്പോൾ വിശ്വകർമ്മാവു ചക്രാകാരമായ യന്ത്രത്തിൽ ആദിത്യമണ്ഡലം വച്ചു ഉരച്ചു അതിന്റെ തേജസ്സു കുറച്ചു." ഈ കഥയെയാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു്. 'ആരോപ്യ ചക്രഭ്രമമുഷ്ണതേജാസ്ത്വഷ്ട്രേവ യത്നോല്ലിഖിതോ വിഭാതി' എന്നു രഘുവംശം (സ-൬-). പദ്യാർദ്ധവും ഈ കഥയെത്തന്നെ സൂചിപ്പിക്കുന്നു.

'വിശ്വകർമ്മാ ത്വനുജ്ഞാതശ്ശാകദ്വീപേ വിവസ്വതാ
ഭ്രമമാരോപ്യ തത്തേജശ്ശാതനായോപചക്രമേ.'

എന്ന മാർക്കണ്ഡേയപദ്യവും ഈ കഥയുടെ സൂചനമാകുന്നു. ചിത്രം= അത്ഭുതം, ത്വൽബിംബരൂപാഃ=അങ്ങയുടെ ബിംബത്തിന്റെ ആകൃതി

യായിട്ടു, ശിവമഹിമകലാൻ=പരമശിവന്റെ മാഹാത്മ്യത്തോടുകൂടി, ഇന്ധതേ=ശോഭിക്കുന്നു. ഹന്ത=കഷ്ടം, താസാം=ആ മൂന്നുകലകളുടേയും കത്തീട്ടും.... ....വിതതിഭിഃ=ആളിക്കത്തുന്നതും കഠിനവുമായ തേജസ്സിന്റെ സമൂഹംകൊണ്ടു, അഖിലം ദഹ്യതേ=ലോകമെല്ലാം ദഹിക്കുന്നു. അങ്ങയുടെ ബിംബരൂപങ്ങളായി ശോഭിക്കുന്ന ആദിത്യന്റെ മൂന്നുകലകളുടെ തേജഃപ്രസരംകൊണ്ടു ലോകം ദഹിക്കുന്നു എന്നു ഭാവം. 'ശിവമഹിമകലാൻ' എന്ന പദം വേറെ ആൎക്കും അവ നിമിത്തമുണ്ടാകുന്ന സങ്കടം നശിപ്പിക്കാവുന്നതല്ലെന്നു ധ്വനിപ്പിക്കുന്നു.

ആൎക്കും മംഗല്യബിംബത്രയമിതു ഭവതോ
നാഥ! സൂക്ഷിച്ചുകൊൾവാ-
നൂക്കില്ലേ നാളിൽനാളിൽ പുരഹര! സഹിയാ-
തൊന്നിതേതൽപ്രഭാവം
രൂക്ഷത്വേ തോൽക്കുമിപ്പാവകദിവസകര-
ന്മാരുമെന്നാലിതങ്ങോ-
ട്ടാക്കിക്കൊണ്ടാതുരാൻ ഞങ്ങളെ വിപുലകൃപാ-
ലംബമേ! പാലയേഥാഃ" ൧൪

നാഥ പുരഹര=രക്ഷിതാവായ ഭഗവാനേ, ഭവതോ=അങ്ങയുടെ, ഇതു=ഈ മംഗല്യബിംബത്രയം, മംഗല്യത്തോടുകൂടിയ മൂന്നുബിംബങ്ങളേയും, സൂക്ഷിച്ചുകൊൾവാൻ=സൂക്ഷിക്കുന്നതിനു, ആൎക്കും=യാതൊരുവനും, ഊക്കില്ലേ=കരുത്തില്ലാതായിത്തീൎന്നു. ഏതൽപ്രഭാവം=ഈ ബിംബങ്ങളുടെ വലുതായ ശക്തി, നാളിൽ നാളിൽ=ഓരോദിവസംചെല്ലുംതോറും, സഹിയാതൊന്നു=സഹിക്കുവാൻപാടില്ലാത്ത ഒന്നായി വന്നിരിക്കുന്നു. രൂക്ഷത്വേ=തേജസ്സിന്റെ കാഠിനതകൊണ്ടു, ഇപ്പാവക......കരന്മാരും=ഈ അഗ്നിയും ആദിത്യനുംകൂടി, തോല്ക്കും—ഈ ബിംബങ്ങളേക്കാൾ വളരെ താഴെയാകുന്നു. ബിംബങ്ങളുടെ തേജസ്സ് ഇവയേക്കാൾ എല്ലാം അധികം എന്നു സാരം. എന്നാ.........കൊണ്ട്=എന്നാൽ ഈ ബിംബങ്ങളെ അങ്ങു സ്വീകരിച്ചു സൂക്ഷിച്ചുവച്ചുകൊണ്ടു, ആതുരാൻ=ദുഃഖിതന്മാരായ, ഞങ്ങളെ=ഞാൻ മുതലായ ദേവന്മാരേ, വിപുല.......ലംബമേ=വിസ്തൃതമായിരിക്കുന്ന ദയയ്ക്കു ആശ്രയമായിരിക്കുന്ന ഭഗവാനേ, പാലയേഥാഃ=രക്ഷിച്ചാലും.

ഇത്ഥമമ്പിനൊടു പങ്കജാസനനുണർത്തി
വീണ്ടുമമരൈസ്സമം
ഭക്തിനമ്രശിരസാ ചിരായ പദപല്ലവ-
ങ്ങൾ പണിയുംവിധൌ
പത്മനാഭവദനം നിരീക്ഷ്യ കലിതസ്മി-
തം വിരവിലാത്മബിം-
ബത്രയം ഭുവനരക്ഷണാർത്ഥമയമഗ്ര-
ഹീദഖിലനായകൻ. ൨൩

പങ്കജാസനൻ=ബ്രഹ്മാവ്, ഇത്ഥ..........ടുണർത്തി=ഇപ്രകാരം വേണ്ടതുപോലെ അറിയിച്ചു, വീണ്ടും=ഒന്നുകൂടി, അമരൈസ്സമം=ദേവന്മാരോടുകൂടി, ഭക്തി..........വിധൌ=ഭക്തിയുടെ ആധിക്യംകൊണ്ടു ശിരസ്സു താഴ്ത്തി വളരെനേരംകൊണ്ടു ശ്രീപരമേശ്വരന്റെ തളിരുപോലെയിരിക്കുന്ന പാദങ്ങൾ വന്ദിക്കുന്ന സമയത്തു, അയം അഖിലനായകൻ=ഈ സർവ്വലോകങ്ങളുടേയും നായകനായ ഭഗവാൻ, പത്മനാഭവദനം നിരീക്ഷ്യ=മഹാവിഷ്ണുവിന്റെ മുഖംനോക്കിയിട്ടു, കലിതസ്മിതം=ചിരിച്ചുകൊണ്ടു, വിരവിൽ=വേഗത്തിൽ. ഈ പദം ഭക്തന്മാരായ ദേവന്മാരുടെ അഭീഷ്ടം സാധിപ്പിക്കുന്നതിൽ ഭഗവാനുള്ള ഉത്സാഹത്തെ ധ്വനിപ്പിക്കുന്നു. ഭുവനരക്ഷണാർത്ഥം=ലോകങ്ങളുടെ രക്ഷയ്ക്കുവേണ്ടി, ആത്മബിംബത്രയം=തന്റെ രൂപത്തിലിരിക്കുന്ന മൂന്നുബിംബങ്ങളേയും, അഗ്രഹീൽ=സ്വീകരിച്ചു, വാങ്ങിച്ചു. വൃത്തം കുസുമമഞ്ജരി.

'രം നരം നരനരം നിരന്നു വരുമെങ്കിലോ കുസുമമഞ്ജരി'
എന്നു ലക്ഷണം.

(വൃത്തമഞ്ജരി, ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ)

ബിംബത്രയം എന്ന പദം തൃതീയപാദത്തിന്റെ അവസാനത്തിലും, അടുത്തതിന്റെ ആദിയിലും (ബിം—ബത്രയം എന്നു) മുറിച്ചുവെച്ചതുകൊണ്ടു യതിഭംഗം എന്ന ദോഷം സംഭവിച്ചിരിക്കുന്നു. 'വിരസവിരാമം യതിഭ്രഷ്ടം' എന്നു യതിഭ്രംശത്തിനു വാമനാചാര്യൻ ലക്ഷണം പറയുന്നു. സൂക്ഷ്മമായി നോക്കിയാൽ പ്രകൃതത്തിൽ (ബിം—ബത്രയത്തിനു) ശ്രവണോദ്വേഗജനകത്വം ഇല്ലെന്നു അനുഭവപ്പെടും. ചമ്പുക്കളിൽ യതിഭംഗങ്ങൾ ധാരാളമാണ്. അവയിൽ പലതും ശ്രവണപരുഷങ്ങളുമാകുന്നു.

സാകം മന്ത്രിച്ചു വേറെ മുരഹരനൊടസൌ
വിശ്വകാൎയ്യങ്ങളെല്ലാ-
മാകല്പിച്ചു ദേവൈസ്സഹ സരസമയ-
ച്ചാസ്ഥയാ പാൽപ്പയോധൌ
ലോകക്ഷേമായ ബിംബത്രയമിതു സുഖമേ
നിത്യമൎച്ചിച്ചുകൊൾകെ-
ന്നാകമ്രാപാംഗി കുന്നിൻമകൾകരകമലേ
ദത്തവാൻ കൃത്തിവാസാഃ. ൧൩

അസൌ=ഈ ഭഗവാൻ, മുരഹരനൊടു സാകം=മഹാവിഷ്ണുവിനോടുകൂടി, വേറേ=പ്രത്യേകമായി, മന്ത്രിച്ചു=മററു ദേവന്മാരാരും കേൾക്കാതെ പറഞ്ഞു വിശ്വകാൎയ്യങ്ങളെല്ലാം=ലോകകാൎയ്യങ്ങളെല്ലാം, ആകെ=കഴിയുന്ന വിധത്തിൽ, കല്പിച്ചു=അതുളിച്ചെയ്തു. ദേവൈസ്സഹ=എല്ലാദേവന്മാരോടുംകൂടി, ആസ്ഥയാ=യത്നിച്ചു, പാൽപയോധൌ = പാൽകടലിൽ, വൈകുണ്ഠത്തിലേക്കു അയച്ചു=അയച്ചതിനുശേഷം,ശിവൻ മഹാവിഷ്ണുവിനേയും ഇതരദേവന്മാരേയും പറഞ്ഞയച്ചതിനുമേൽ എന്നു സാരം. കൃത്തിവാസാഃ=ശിവൻ. തോല് വസ്ത്രമായി ധരിച്ചിരിക്കുന്നതുകൊണ്ടു് ശിവനു ഈ പേർ ഉണ്ടായി. 'ഏകൈശ്വൎയ്യേ സ്ഥിതോപി പ്രണത ബഹുഫലോ യസ്സ്വയം കൃത്തിവാസാഃ' എന്നു മാളവികാഗ്നിമിത്രത്തിൽ പറഞ്ഞിരിക്കുന്ന ഭാഗം ഇവിടെ സ്മൎത്തവ്യമാകുന്നു. ലോകക്ഷേമായ........കെന്നു്=ലോകങ്ങളുടെ ശ്രേയസ്സിനായി ഈ മൂന്നു ബിംബങ്ങളേയും സുഖമായി എന്നും പൂജിച്ചുകൊള്ളുക എന്നു പറഞ്ഞു. ആകമ്രാ .. .... കമലേ=മനോഹരങ്ങളായ കടാക്ഷങ്ങളോടുകൂടിയ ശ്രീപാൎവ്വതിയുടെ കരകമലത്തിൽ,.ദത്തവാൻ=ദാനം ചെയ്തു—കൊടുത്തു ആകമ്രാ.......... കമലേ—ഇതു് ഒററപ്പദമാണ്. ആകമ്രാപാംഗി സംസ്കൃതം, കുന്നിൻമകൾ ഭാഷ, കരകമലേ സംസ്കൃതം. ഈ മാതിരി സംസ്കൃതവും ഭാഷയും ഇടകലൎത്തിച്ചേൎത്തു പ്രയോഗിക്കുന്ന നീണ്ട സമാസപദങ്ങൾ ചമ്പുക്കളിൽ സുലഭങ്ങളാണ്.

അനന്തരമദ്രിമകളും പരിഗൃഹ്യ മൂന്നായ്-
മിന്നുന്ന ബിംബമതു സംഭൃതഭക്തിഭാരാ
പൊന്നിൻപയോജനെറി തിക്കിന തൃക്കരംകൊ-
ണ്ടനന്തു കല്പിതസമർച്ചനമുച്ചകാശേ. ൫൨

അനന്തരം=ഭഗവാൻ ബിംബത്രയം കൊടുത്ത സമയത്തു, അദ്രിമകളും=ശ്രീപാർവ്വതിയും, മൂന്നായ് മിന്നുന്ന അതു ബിംബം=മൂന്നായി ശോഭിക്കുന്ന ആ ബിംബത്തെ, പരിഗൃഹ്യ=വാങ്ങിയിട്ട്, സംഭൃതഭക്തിഭാരാ=മനസ്സിൽ ഭക്തിയുടെ ആധിക്യത്തോടുകൂടിയവളായിട്ട്, പൊന്നിൻ.....കൊണ്ട്=സുവർണ്ണമയമായ താമരപ്പൂവിൻെറ ശോഭപോലെ ശോഭിക്കുന്ന തൻെറ കയ്യുകൊണ്ടുതന്നെ, അനന്തു=പതിവായി, കല്പിതസമർച്ചനം=കല്പിതസമർച്ചനമാകുംവണ്ണം. ക്രിയാവിശേഷണം—കല്പിതം = ചെയ്യപ്പെട്ട, സമർച്ചനം=പൂജ. ഉച്ചകാശേ=ശോഭിച്ചു. പാർവ്വതീദേവി പതിവായി ഭക്തിയോടുകൂടി ആ ബിംബങ്ങളെ പൂജിച്ചുവന്നു എന്നു സാരം.

അക്കാദമി

ഇത്ഥംതന്നേ തുപോംനാളഴകിനൊടു കഴി-
ഞ്ഞോരു കാലം തപസ്യാ
മെത്തും ഭൂപർഷയേ മാനവകുലമഹനീ-
യായ മാന്ധാതൃനാമ്നേ
ദത്വാ ബിംബങ്ങളിലൊന്നാഗസുതയൊടു സ-
മ്മന്ത്ര്യ ഭൂയോപി സേവാ-
വൃത്തൌ രണ്ടാമതേതത്തനയനു മുദകു-
ന്ദന്നുദേകീ പിനാകീ. ൫൩

ഇത്ഥം..... .....കാലം=ഇപ്രകാരം ശ്രീപാർവ്വതി വളരെനാളം ബിംബം പൂജിച്ചുകൊണ്ടു പാർത്തു. അങ്ങനെ കഴിഞ്ഞതിനുശേഷം, പിനാകീ=ശ്രീപരമേശ്വരൻ, തപസ്യാ=തപസ്സ്, 'സംശ്രദ്ധാ സമമേഷിദേവ സഹജൈരന്യാസ്തപസ്യാലതാ' (പാർവ്വതീപരിണയം സംസ്കൃതപ്രബന്ധം) എന്നു മേല്പത്തൂർഭട്ടതിരി പ്രയോഗിച്ചിരിക്കുന്നു. മെത്തും=വർദ്ധിക്കുന്ന, ഭൂപർഷയേ ....നാമ്നേ=രാജർഷിയായും മനുവംശരാജാക്കന്മാർക്കു പൂജനീയനായും ഇരിക്കുന്ന മാന്ധാതാവിനായിക്കൊണ്ട്, അഗസുതയൊടു

=പാൎവ്വതിയോടു, സമ്മന്ത്ര്യ=ആലോചിച്ചു; ബിംബങ്ങളാൽ=ബിംബങ്ങളിൽ എന്നു സപ്തമിയുടെ അൎത്ഥം. ഒന്ന്=ഒരു ബിംബം, ദത്വാ=കൊടുത്തിട്ടു, ഭൂയോപി=വീണ്ടും, ഏതത്തനയന മുചുകുന്ദനു=മാന്ധാതാവിന്റെ പുത്രനായ മുചുകുന്ദനു. ഇവിടെ തനയന—മുചുകുന്ദനു എന്നി പദങ്ങൾക്കു സംസ്കൃതരീതിയനുസരിച്ചു വിഭക്തിപ്പൊരുത്തം വരുത്തിയിരിക്കുന്നു. മാന്ധാതാവു് യുവനാശ്വന്റെ പുത്രൻ—

'യുവനാശ്വസ്യ തനയശ്ചക്രവൎത്തീ ജജാനഹ
കം ധാസ്യതി കുമാരോയം സ്തന്യം രോരൂയ്യതേ ഭൃശം
മാം ധാതാ വത്സ! മാ രോദീരിതീന്ദ്രോ ദേശിനീമദാൽ'

(നവമസ്കന്ധം അ. ൬.)

എന്നു ഭാഗവതത്തിൽ പറഞ്ഞിരിക്കുന്ന ഭാഗം സ്മരണീയമാകുന്നു. ജനനസമയത്തു 'മാംധാതാ' എന്നു ഇന്ദ്രൻ പറഞ്ഞതുകൊണ്ടു 'മാന്ധാതാവു്' എന്ന പേർ വന്നു. മുചുകുന്ദൻ=മാന്ധാതാവിനു ബിന്ദുമതിയിൽ ഉണ്ടായ പുത്രൻ. 'മുചുകുന്ദം ച യോഗിനാം' (ഭാഗ-സ്കന്ധം ൯, അദ്ധ്യായം ൬.) എന്നു ഭാഗവതത്തിൽ പറഞ്ഞിരിക്കുന്നതിൽനിന്നു മുചുകുന്ദൻ മഹായോഗിയാണെന്നു തെളിയുന്നു. സേവാപ്രവൃത്തൌ=സേവയാകുന്ന പ്രവൃത്തിയിൽ,—സേവിക്കുന്നതിനായിക്കൊണ്ടു്, രണ്ടാമതും = രണ്ടാമത്തെ ബിംബവും, ഏകീ=കൊടുത്തു.

തദനു ഹരനൊരുന്നാൾ മംഗലാസ്ഥാനവൎത്തീ
ദിതിജസുരമുനീന്ദ്രൈസ്സേവിതോ വിശ്വസാക്ഷീ
കൃതപദനതിമൂചേ കിങ്കരപ്രേഷ്ഠമല്പ-
സ്മിതരുചിയൊടു സംഭാവ്യേതി കുംഭോദരന്തം. ൧൯

തദനു=അതിനുശേഷം, ദിതിജസുര..............സേവിതഃ = അസുരന്മാരാലും സുരന്മാരാലും മുനിശ്രേഷ്ഠന്മാരാലും ഭജിക്കപ്പെടുന്നവനും, വിശ്വസാക്ഷീ = ലോകങ്ങൾക്കെല്ലാം സാക്ഷിയായിരിക്കുന്നവനുമായ, ലോകങ്ങളുടെ പ്രവൃത്തികളെല്ലാം കണ്ടുകൊണ്ടിരിക്കുന്നവൻ എന്നു സാരം. ഹരൻ=ശിവൻ, ഒരുന്നാൾ=ഒരുദിവസം, മംഗല..........വൎത്തീ =മംഗലമായ ആസ്ഥാനമണ്ഡപത്തിൽ ഇരുന്നുകൊണ്ടു, ഈ പദം തൽക്കാലവിശേഷണം. കൃതപദനതിം കിങ്കരപ്രേഷ്ഠം കുംഭോദരം=അടുക്കൽ വന്നു പാദങ്ങൾ വന്ദിച്ചു നില്ക്കുന്നവനും ഭൃത്യന്മാരിൽ ശ്രേഷ്ഠനും ('പ്രേഷ്ഠ

വരിഷ്ഠസ്ഥവിഷ്ഠബംഹിഷ്ഠാഃ' എന്നു അൎത്ഥം.) ആയ ആ പ്രസിദ്ധനായ കുംഭോദരനെ—കുംഭോദരനെന്നുപേരായ ഭൂതത്തിനെ—കുംഭോദരൻ ശിവന്റെ പ്രധാന ശിഷ്യനാണ്.

'അവേഹി മാം കിങ്കരമഷ്ടമൂൎത്തേഃ
കുംഭോദരം നാമ നികുംഭമിത്രം'

എന്നു രഘുവംശ (സ-൨.) ത്തിൽ പറഞ്ഞിരിക്കുന്നു. സംഭാവ്യ=ബഹുമാനിച്ചുകൊണ്ടു, അല്പസ്മിതരുചിയോടു=മന്ദഹാസത്തോടുകൂടി, ഇതി=ഇപ്രകാരം, ഊചേ=പറഞ്ഞു. അടുത്തുനില്ക്കുന്ന കുംഭോദരനെ സംഭാവന ചെയ്തുകൊണ്ടു ഭഗവാൻ ഇപ്രകാരം അരുളിച്ചെയ്തു എന്നു ഭാവം.

"സ്വസ്ഥാത്മൻ! കേൾ ഗണാനാംപരിവൃഢ! ഗുണദോ-
ഷാദിഭേദാനശേഷാ-
നസ്താശങ്കം ഗ്രഹീതും തെളിവൊടു ചരതാ
സൎവ്വതോ മന്നിയോഗാൽ
പ്രത്യേകം വീക്ഷിതാസ്സമ്പ്രതി ഭുവനവിഭാ-
ഗാസ്ത്വയാ ധീമതാ കിം
വൃത്താകാരപ്രകാരങ്ങളുമതിലതിൽ മേ-
വുന്ന നാനാജനാനാം." ൨൦

സ്വസ്ഥാത്മൻ=മനസ്സിനു യാതൊരു പീഡയും ഇല്ലാത്തവനും ഗണാനാം പരിവൃഢ=ഗണങ്ങളുടെ ശ്രേഷ്ഠനും ആയിരിക്കുന്ന, ഈ രണ്ടു പദങ്ങളും സംബുദ്ധി. കേൾ=നീ കേട്ടാലും, മന്നിയോഗാൽ=എന്റെ ആജ്ഞയനുസരിച്ച്, അശേഷാൻ ഗുണദോഷാദിഭേദാൻ=എല്ലാഗുണദോഷങ്ങളേയും, അസ്താശങ്കം=സംശയം കൂടാതെ, ഗ്രഹീതും=ഗ്രഹിക്കാനായിക്കൊണ്ട്, അറിയുന്നതിനായി, സൎവ്വതഃ=എല്ലായിടത്തും, തെളിവൊടു=സന്തോഷത്തോടുകൂടി, ചരതാ=സഞ്ചരിക്കുന്നവനും, ധീമതാ=ബുദ്ധിശാലിയും ആയ, ത്വയാ=നിന്നാൽ, സമ്പ്രതി=ഇപ്പോൾ, ഭുവനവിഭാഗാഃ=ഭൂവിഭാഗങ്ങൾ, ദേശങ്ങൾ, പ്രത്യേകം=വെവ്വേറെയായി, വീക്ഷിതാഃ കിം=വീക്ഷിതങ്ങളായോ—ഓരോ ഭൂഭാഗങ്ങളേയും നീ പ്രത്യേകം കണ്ടുവോ? അതിലതിൽ............ജനാനാം=ഓരോദേശത്തും വാഴുന്ന ജനങ്ങളുടെ, വൃത്താകാരപ്രകാരങ്ങളും=വൎത്തമാനം, ആകൃതി മുത

ലായവയുടെ സ്വഭാവങ്ങളും, വീക്ഷിതാഃ കിം എന്ന പദങ്ങളോടു അ ന്വയിക്കണം. അവരെയും കണ്ടു അറിഞ്ഞുവോ എന്നു സാരം.

ഗിരമിതി നിശമയ്യ മഞ്ജുഹാസ-
സ്ഫുരണകലാവിശദാം കലേശമൌലേഃ
പരിചിനൊടു കൃതാഞ്ജലിർഗ്ഗണാനാം
പരിവൃഢനൻപിലുന്നത്തിനാൻ തദാനീം. ൨൭

ഗണാനാം പരിവൃഢൻ=ഗണശ്രേഷ്ഠനായ കുംഭോദരൻ, കലേ ശമൌലേഃ=കലേശൻ—ചന്ദ്രൻ മൌലിയിൽ ഇരിക്കുന്നവനായ ശി വൻെറ, മഞ്ജു..................വിശദാം=മനോഹരമായ മന്ദഹാസത്തിൻെറ പ്രകാശംകൊണ്ടു സ്പഷ്ടമായിരിക്കുന്ന, ഇതി=ഇപ്രകാരമുള്ള, ഗിരം=വാ ക്കിനെ, നിശമയ്യ=കേട്ടിട്ടു, പരിചിനൊടു=വഴിപോലെ, കൃതാഞ്ജ ലിഃ=കൃതമായിരിക്കുന്ന അഞ്ജലിബന്ധത്തോടുകൂടിയവനായിട്ടു—തൊ ഴുതിട്ടു, തദാനീം=അപ്പോൾ, അൻപിലുന്നത്തിനാൻ=ആദരവോടുകൂടി പ്പറഞ്ഞു.

"കേൾക്കേണം തമ്പിരാനേ! ജയ ജയ തൊഴുതേൻ
നിൻപ്രസാദാലശേഷ-
ശ്ലാഘ്യോ നാകാദിലോകങ്ങളിലനുപദമോ-
രോന്നിലേ ഞാൻ നടന്നേൻ
ദാക്ഷിണ്യാൽ സത്യലോകത്തിലുമതിമഹിതേ
വിഷ്ണുലോകേപി ഗത്വാ
സാക്ഷാദപാണീരമേശൌ തവ പദകമലോ-
പാസിനൌ കൈപണിഞ്ഞേൻ. ൨൮

തമ്പിരാനേ വിഭോ കേൾക്കേണം=നിന്തിരുവടി കേട്ടാലും, ജയ ജയ=അവിടുന്നു ജയിച്ചാലും ജയിച്ചാലും, തൊഴുതേൻ=അവിടുത്തെ തൊഴുന്നേൻ, നിൻ .... ശ്ലാഘ്യോ=അവിടുത്തെ അനുഗ്രഹംകൊണ്ടു എല്ലാവരാലും പൂജിക്കുവാൻ യോഗ്യനായിരിക്കുന്ന ഞാൻ, നാകാദി.... ...... നിലേ=സ്വർഗ്ഗം, ഭൂലോകം മുതലായ ഓരോദേശങ്ങളിലും, പ്രത്യേ കം നടന്നേൻ=സഞ്ചരിച്ചു. അനുപദം എന്ന പദത്തിനു സ്ഥാനങ്ങൾ

ഭോരം എന്നർത്ഥം. ദാക്ഷിണ്യാൽ=ദക്ഷിണത്വം (സാമർത്ഥ്യം) ഹേതുവായിട്ട്, സത്യലോക............ഗതഃ=ബ്രഹ്മലോകത്തിലും ഏററവും പൂജിക്കപ്പെട്ടതായ വൈകുണ്ഠലോകത്തിലും ഗമിച്ചിട്ടു—പോയിട്ടു, തവ പദകമലോപാസിനൌ=അവിടുത്തെ പാദപത്മങ്ങളെ ഭജിക്കുന്നവരായ, വാണീരമേശൌ=ബ്രഹ്മാവിനേയും വിഷ്ണുവിനേയും, സാക്ഷാൽ=പ്രത്യക്ഷമായിക്കണ്ടു, കൈപ്പണിഞ്ഞേൻ=തൊഴുതു. ഞാൻ കണ്ടസമയത്തു ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയുംകൂടെ അവരുടെ ഭാര്യമാരായ സരസ്വതിയും ലക്ഷ്മീദേവിയുമുണ്ടായിരുന്നു എന്നു വാണീരമേശൌ എന്ന പദം ധ്വനിപ്പിക്കുന്നു.

സുഖസരണിയിലിത്ഥം പ്രായശഃ സ്വൈരചാരീ
നഗരവിഷയരാജ്യഗ്രാമസൽക്ഷേത്രപൂർണ്ണം
അഖിലഭുവനമംഗല്യാകരം മർത്ത്യലോകം
പുകൾപെരുകിന നാനാകർമ്മഭൂമിം ഗതോ ഞാൻ. ൨൩

ഞാൻ=അവിടുത്തെ ഭൃത്യനായ ഞാൻ, ഇത്ഥം=ഇപ്രകാരം, സുഖസരണിയിൽ=സുഖമായ വഴിയിൽകൂടിത്തന്നെ, പ്രായശഃ=മിക്കവാറും, സ്വൈരചാരീ=യാതൊരു ഉപദ്രവവുമില്ലാതെ സഞ്ചരിച്ചു, നഗരവിഷയ.........പൂർണ്ണം=പട്ടണങ്ങൾ, ദേശങ്ങൾ, രാജ്യങ്ങൾ, ഉൾനാട്ടുകൾ, വിശിഷ്ടങ്ങളായ ക്ഷേത്രങ്ങൾ ഇവയെക്കൊണ്ടു നിറഞ്ഞിരിക്കുന്നതും, അഖില..........കരം=എല്ലാലോകങ്ങളിലുംവച്ചു മംഗല്യത്തിന്റെ ഇരിപ്പിടവും, മർത്ത്യലോകം=മനുഷ്യരുടെ ലോകവും, പുകൾ പെരുകിന=ഏററവും ഖ്യാതിയോടുകൂടിയതും ആയിരിക്കുന്ന, നാനാകർമ്മഭൂമിം=കേരളത്തെ, ഗതഃ=ഗതനായി, കേരളത്തിൽ ചെന്നു. കർമ്മമീമാംസയ്ക്കും തദ്വിഹിതങ്ങളായ യാഗാദികർമ്മങ്ങൾക്കും പ്രാധാന്യം കൈവന്ന നാടായതുകൊണ്ടു കേരളത്തിനു കർമ്മഭൂമി എന്ന പേരുണ്ടായി.

വാർമെത്തീടും ചതുസ്സാഗരപരിഗതമാം
ഭൂതലേ ഭാർഗ്ഗവശ്രീ-
രാമന്തന്നാലധിഷ്ഠാപിതമമിതസുഖം
മണ്ഡലം കേരളാഖ്യം

ശ്രീമച്ചെല്ലൂരനാമാ ശിവനിധിഷു ചതുഃ-
ഷഷ്ടിസംഖ്യാമുഖാവും
ഗ്രാമേഷു ഖ്യാതിധാമാ തിലകയതിതരാം
ഗ്രാമസിംഹോ മഹീയാൻ. ൫൪

വാൎദ്ധമെത്തീട്ടു=ഭംഗിയേറിയതും, ചതുസ്സാഗരാ .... സുഖം കേരളാഖ്യം മണ്ഡലം=നാലു കടലുകളും ചുറ്റുന്നതായ ഭൂമിയിങ്കൽ ശ്രീപരശുരാമൻ സ്ഥാപിച്ചതും, അളവില്ലാത്ത സുഖത്തോടുകൂടിയതും, കേരളം എന്നു പേരോടുകൂടിയതുമായ മണ്ഡലത്തെ—രാജ്യത്തെ, ശിവനിധിഷു .... ധാമാ=മംഗലത്തിന്റെ ഇരിപ്പിടങ്ങളായ അറുപത്തിനാലു ഗ്രാമങ്ങളിലുംവെച്ചു കീൎത്തിക്കു വാസസ്ഥാനമായതും. എല്ലാ ഗ്രാമങ്ങളെക്കാളും കീൎത്തിയേറിയതും എന്നു സാരം. മഹീയാൻ=മഹത്തും, ഗ്രാമസിംഹഃ=ഗ്രാമങ്ങളിൽവെച്ചു രാജാവും ശ്രേഷ്ഠവും, ശ്രീമദ്=ഐശ്വൎയ്യം തികഞ്ഞതും ആയ, ചെല്ലൂരനാമാ=ചെല്ലൂർ എന്ന പേരോടുകൂടിയ ഗ്രാമം, തിലകയതി=തിലകമാക്കിച്ചെയ്തിരിക്കുന്നു. ഇതു് കേരളത്തിന്റെ തിലകമാകുന്നു എന്നു സാരം. മലയാളത്തിൽ അറുപത്തിനാലു ഗ്രാമങ്ങളുണ്ടു്. അവയിൽ ശ്രേഷ്ഠം തളിപ്പറമ്പു്. അതു കേരളത്തിന്റെ നെററിപ്പൊട്ടാണു്, എന്നു് ഈ ശ്ലോകം ഉത്തരാൎദ്ധത്തിന്റെ സാരം.

ശ്രീകോലും ത്രിസഹസ്രസംഖ്യ കലരും
ഭൂദേവസംഘാ ജഗൽ-
പ്രാകാശ്യദ്യുമണേരമുഷ്യ കിരണ-
സ്തോമങ്ങൾപോലേ തുലോം
തുകുന്നു കമലാനുഭാവമതിലും
തുംഗാധികാരോജ്ജ്വല-
ന്മാഹാത്മ്യാകുല പംക്തി വിംശതിവിധാ
ഭൂമീസുരസ്വാമിനാം. ൫൫

ശ്രീകോലും=സമ്പൽപുഷ്ടിയോടുകൂടിയവയും, ത്രിസ...... കലരും=എണ്ണത്തിൽ മൂവ്വായിരം ഉള്ളവയും ആയ, ഭൂദേവസംഘാഃ=ബ്രാഹ്മണസംഘങ്ങൾ, ജഗൽ .... പോലെ=ലോകത്തെ മുഴുവനും പ്രകാശി

പ്പിക്കുന്ന ഈ ഗ്രാമമാകുന്ന സൂര്യന്റെ രശ്മിക്കൂട്ടങ്ങൾ പോലെ. ഇവിടെ പെരുഞ്ചെല്ലൂർ ഗ്രാമത്തെ സൂര്യനായിട്ടും അതിലെ ബ്രാഹ്മണസമൂഹങ്ങളെ രശ്മികളായും കല്പിച്ചിരിക്കുന്നു. സൂര്യനെപ്പോലെ ലോകത്തെ പ്രകാശിപ്പിക്കുക എന്ന ധർമ്മം ഗ്രാമത്തിന് ഉണ്ടെന്നു കാണിക്കുകയാണ് ഈ ഉപമയുടെ പ്രയോജനം. തുലോം=ഏറ്റവും, ഭൂമീസുരസ്വാമിനാം=ബ്രാഹ്മണശ്രേഷ്ഠന്മാരുടെ, വിംശതിവിധാ=ഇരുപതു പ്രകാരമുള്ളതും, തുംഗാ..........പംക്തി=ഉന്നതമായ അധികാരംകൊണ്ടു ശോഭിക്കുന്ന മാഹാത്മ്യത്തോടുകൂടിയ, പങ്ക്തി—കൂട്ടം, അതിലും കമലാനുഭാവം=കമലയുടെ—ലക്ഷ്മീദേവിയുടെ അനുഭാവം, കമലങ്ങളുടെ=താമരപ്പൂക്കളുടെ അനുഭാവം എന്നു സൂര്യപക്ഷത്തിൽ അർത്ഥം ഗ്രഹിക്കണം. സമ്പൽപ്രഭാവത്തെ തൂകുന്നു=വർഷിക്കുന്നു. മുൻകാലത്തു പെരുഞ്ചെല്ലൂർ ഗ്രാമത്തിൽ മുവ്വായിരം ബ്രാഹ്മണഭവനങ്ങൾ ഉണ്ടായിരുന്നു. ത്രിസഹസ്രസംഖ്യ കലരും എന്ന പദം ഈ വസ്തുതയെ ദ്യോതിപ്പിക്കുകയാണ്. ഋക്ക്, യജുസ്സ്, സാമം എന്ന വേദങ്ങളിൽ ഓരോന്നിനും ആയിരം വീതമാണ് മുവ്വായിരം ഗൃഹങ്ങൾ എന്നു ഊഹിക്കാം. ഗ്രാമഭരണം സംബന്ധിച്ചുള്ള എല്ലാകാര്യങ്ങൾക്കും അവിടത്തുകാരായ നമ്പൂരിമാർക്ക് പൂർണ്ണമായ അധികാരമുണ്ടായിരുന്നു എന്നു തുംഗാധികാരം എന്ന പദത്തിൽ നിന്നു ഗ്രഹിക്കേണ്ടതാകുന്നു. വൃത്തം ശാർദ്ദൂലവിക്രീഡിതം.

'മസജൈസ്സതതൈർഗ്ഗേന യുക്തമേകോനവിംശവൽ
ശാർദ്ദൂലക്രീഡിതം പ്രാഹുശ്ഛിന്നം ദ്വാദശസപ്തഭിഃ'

എന്നു ലക്ഷണം (സുവൃത്തതിലകം, ക്ഷേമേന്ദ്രൻ)

ദണ്ഡകം:—

ഫ. (1) ഭൂമീസുരാ ദധതി
സീമാതിവൃത്തമൊരു
ഭൂമാനമാമധുരഭീമാഃ

(2) പുകൾപെരിയ കൌമാ-
രകവയസി മാമാ

(3) മികവൊടൊരു മതിമഹിമ
തടവി മുഹുരതിവിമല-
മഖിലജനനയനപുടസോമാഃ;

൨. (1) സാവിത്രിയാമൊരു സ-
വിത്ര്യാം പിറന്നു പുന-
രാബദ്ധചാരുഗുരുസേവാഃ

(2) സവിതൃസമശോഭാഃ
ശിവനിയതഭാവാഃ

(3) ദിവസമനു നിഗമമയ-
ജലധികളിലനുകലിത-
പരമകിടിപരിവൃഢവിഭാവാഃ;

൩. (1) സാഹിത്യതന്ത്രകൃത-
ഗാഹക്രമാ മഹിത-
ഗാർഹസ്ഥ്യമാന്യ ചരിതാർത്ഥാഃ

(2) സുകൃതഗണജൈത്രാഃ
സുഖവിദിതശാസ്ത്രാഃ

(3) സുവിരചിതധരണിസുര-
വിബുധപിതൃപരിചരണ-
മുദിതതരശുഭതനയപൌത്രാഃ;

൪. (1) പാലാഴിചാരിപുകഴം
മാലാമയം കലിത-
ലീലം പ്രപൂര്യ്യ ജഗദന്തേ

(2) പല വചനബന്ധേ
ഫലവിഭവമെന്തേ

(3) നലമുടയ ധരണിസുര-
കലപതികളവരതുല-
ഗ്ഗുണഗരിമ തടവി വിജയന്തേ.

ഈ ഖണ്ഡകത്തിൽ പെരുഞ്ചെല്ലൂർ ദേശക്കാരായ ബ്രാഹ്മണരുടെ മാഹാത്മ്യങ്ങളെ വർണ്ണിക്കുന്നു. അതിമധുരഭീമാഃ=മനോഹരമായ മധുരസ്വഭാവത്തോടുകൂടിയവരും ഭയങ്കരന്മാരും ആയ—'അധൃഷ്യശ്ചാഭിഗമ്യശ്ച യാദോരത്നൈരിവാർണ്ണവഃ' എന്ന രഘുവംശശ്ലോകത്തെ കവി ഇവിടെ സ്മരിച്ചിരിക്കുന്നതായി വിചാരിക്കാം. സീമാതിവൃത്തം ഒരു ഭൂമാനം=അതിരിനെ അതിക്രമിച്ചിരിക്കുന്ന വിധമുള്ള ഒരു മഹിമാതിശയത്തെ, ദധതി=വഹിക്കുന്നു. പുകഴും പെരിയ=കീർത്തികൂടിയ, കൌമാരകവയസി=ബാലപ്രായത്തിൽ, മാമാ=ആശ്ചര്യം, മികവൊടു=പൂർണ്ണമായി, അതിവിമലം=ഏറ്റവും നിർമ്മലമായ, സത്വമയമായ; മതിമഹിമ=ബുദ്ധിയുടെ മാഹാത്മ്യം, തടവി=വഹിച്ച്, അഖിലജന............സോമാഃ = എല്ലാവരുടേയും നയനങ്ങൾക്കു ചന്ദ്രനെപ്പോലെ ആഹ്ലാദത്തെ ജനിപ്പിക്കുന്നവർ. "അബ്ജോ ജൈവാതൃകസ്സോമോ" എന്നു അമരം. സാവിത്രിയാ............പിറന്നു=സാവിത്രി (ഗായത്രി) ആകുന്ന അമ്മയിൽ ജനിച്ച്. ഈ ഭാഗം ബ്രാഹ്മണരുടെ ഉപനയനാനന്തരമുള്ള രണ്ടാമത്തെ ജന്മത്തെ സൂചിപ്പിക്കുന്നു. പുന.........സേവാഃ= പിന്നീടു വേണ്ടവിധം ഗുരുശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ. ഗുരുവിനെ ശുശ്രൂഷിച്ചു വേദാദ്ധ്യയനം ചെയ്യുന്നവർ എന്നു സാരം. സവിതൃ......... ശോഭാഃ=ആദിത്യനെപ്പോലെ പ്രകാശിക്കുന്നവർ, ശിവ............ഭാവാഃ=പരമശിവങ്കൽ ഉറപ്പിച്ചിരിക്കുന്ന മനോവൃത്തിയോടുകൂടിയവർ, ദിവസമനു=ദിവസംതോറും, നിഗമമയജലധികളിൽ=വേദങ്ങളാകുന്ന സമുദ്രങ്ങളിൽ, അനാകലിതപോമകിടിപരിവൃഢവിഭാവാഃ =ആദിവരാഹത്തിന്റെ പ്രഭാവത്തെ പ്രകടിച്ചവർ. സാഹിത്യ..........ക്രമാഃ=സാഹിത്യപാഠങ്ങളായ ശാസ്ത്രങ്ങളിൽ യഥാക്രമം അവഗാഹനം ചെയ്തിരിക്കുന്നവർ, സാഹിത്യസംബന്ധങ്ങളായ ശാസ്ത്രങ്ങളെല്ലാം യഥാക്രമം പഠിച്ചു സൂക്ഷ്മത്വം ഗ്രഹിച്ചിരിക്കുന്നവർ. മഹിത..........ചരിതാർത്ഥാഃ=പൂജിതമായ ഗൃഹസ്ഥാശ്രമം കൈക്കൊണ്ടു സന്താനലാഭാദിശ്രേയസ്സുകൾക്കു പാത്രമായി ജന്മസാഫല്യം കൈവന്നിരിക്കുന്നവർ, സുകൃത............ജൈത്രാഃ=പുണ്യപരമ്പരകളിൽ ജൈത്രന്മാർ=വിജയം സമ്പാദിച്ചിരിക്കുന്നവർ, (ജൈത്രം=ജയശീലം) സുഖ.........ശാസ്ത്രാഃ= സുഖമാകുംവണ്ണം എല്ലാശാസ്ത്രങ്ങളും പഠിച്ചറിഞ്ഞിരിക്കുന്നവർ, സുവിരചിത.........പൌത്രാഃ=സുവിരചിതം നല്ലപോലെ ചെയ്യപ്പെട്ട ബ്രാഹ്മണരുടേയും വിദ്വാന്മാരുടേയും പിതൃക്കളുടേയും ശുശ്രൂഷകൊണ്ടു സന്തോഷിച്ചവരും ശുഭത്തോടുകൂടിയവരും ആയ പുത്രന്മാരോ

ട്ടം പൌത്രന്മാരോടും കൂടിയവർ, പാലാഴി..................പുകൾ=പാലാഴി പോലെ മനോഹരമായ കീർത്തി, കലിതലീലം=വിനോദമായി, ജഗദന്തേ=ലോകത്തിങ്കൽ, പ്രപൂര്യ്യ=നിറച്ചിട്ട, പലവചനബന്ധേ=പലതരത്തിലുള്ള വചനബന്ധത്തിൽ (കാവ്യങ്ങളുടെ നിർമ്മാണത്തിൽ), ഫലവിഭവം=ഫലങ്ങളുടെ വിഭവം-സാധനം, അന്തേ=ഒടുവിൽ, നലമുടയ=ശിഷ്ടന്മാരായ, ധരണി..........പതികൾ=ബ്രാഹ്മണശ്രേഷ്ഠന്മാർ, ഗുണ..........തടവി=ഗുണങ്ങളുടെ മാഹാത്മ്യം വഹിച്ച്, വിജയന്തേ=വിജയിക്കുന്നു. ഈ ദണ്ഡകത്തിൽ പെരുഞ്ചെല്ലൂർഗ്രാമക്കാരായ നമ്പൂരിമാരുടെ മാഹാത്മ്യം, ഈശ്വരഭക്തി, ബുദ്ധിവൈഭവം, ആകൃതി, സൌഭാഗ്യം, വേദപരിജ്ഞാനം, കുടുംബക്ഷേമം മുതലായ ഗുണങ്ങളെ വർണ്ണിച്ചിരിക്കുന്നു.

ഇതു വൃത്തബന്ധത്തോടുകൂടിയതും ദണ്ഡകം എന്നു പറയപ്പെടുന്നതും ആയ ഒരു ഗദ്യവിശേഷമാകുന്നു. 'വൃത്തമഞ്ജരി'യിൽ ഇതിനു വംശയഷ്ടിക എന്നാണ് പേർ.

വാചാ വാഴ്ത്തീടവല്ലേൻ പുകൾതടവിന ചെ-
　　ല്ലൂരമുഖ്യാഗ്രഹാരേ
വാർചേരും ഭൂമിദേവേശ്വരവരചരിതം
　　വന്ദനീയാനഭാവം
ആജാനോദഗ്രശുദ്ധം ത്രിപുരഹര! വിഭോ!
　　വിശ്വഹൃദ്യം ജനാനാ-
മാചാരത്തേന തന്നേ പരിലസതി സതാം
　　മേദിനീചക്രഭാജാം.　　　　　　　　വന്ദ

പുകൾതടവിന............ഹാരേ=കീർത്തിയേറിയ-പ്രധാനമായ പെരുഞ്ചെല്ലൂർഗ്രാമത്തിങ്കൽ, വാർ..........ചരിതം=ഭംഗിയായി താമസിക്കുന്നവരായ ബ്രാഹ്മണശ്രേഷ്ഠന്മാരുടെ ഉത്തമമായ ചരിത്രം, ത്രിപുരഹരവിഭോ=സ്വാമിയായ അല്ലയോ ഭഗവാനേ, വിശ്വവന്ദ്യാനഭാവം=ലോകത്തിൽ വണങ്ങേണ്ടുന്ന പ്രഭാവത്തോടുകൂടിയതും. 'അനുഭാവഃ പ്രഭാവേ ച' എന്ന് അമരം. ആജാ............ശുദ്ധം=ജനനം മുതല്ക്കുതന്നെ

പരിശുദ്ധമായിരിക്കുന്നതും, വിശപഹൃദ്യം=ലോകത്തിന്ന ഹൃദയംഗമവും ആയി, മേദിനീചക്രഭാജാം സതാം ജനാനാം=ലോകവാസികളായ സജ്ജനങ്ങളുടെ, ആചാരതേപനതന്നെ=ആചാരം എന്ന നിലയിൽതന്നെ, പരിലസതി=ശോഭിക്കുന്നു. അവിടെയുള്ള ബ്രാഹ്മണരുടെ ചരിത്രം സദാചാരമായി ശോഭിക്കുന്നു എന്നു സാരം.

മാൎത്താണ്ഡസോമകുലജാ മഹിതാനുഭാവാ
മൂൎദ്ധാഭിഷേകമിയലും നരപാലവീരാഃ
ആസ്ഥായ ഭക്തിഭരമന്വഹമന്യവൎണ്ണൈ-
സ്സാൎദ്ധം മുദാ പരിചരന്ത്യമുമഗ്രഹാരം. ൨൧

മാൎത്താണ്ഡ ... ...കുലജാഃ=സൂൎയ്യന്റെയും ചന്ദ്രന്റെയും വംശത്തിൽ ജനിച്ചവരും, മഹിതാനുഭാവാഃ=ബഹുമാനിക്കപ്പെട്ട പ്രഭാവത്തോടുകൂടിയവരും, മൂൎദ്ധാഭിഷേകമിയലും=സിംഹാസനാരോഹണം ചെയ്തു അഭിഷേകകൎമ്മം നിൎവ്വഹിച്ചവരും ആയ, നരപാലവീരാഃ=മഹാരാജാക്കന്മാർ. ഇവിടെ വീരശബ്ദം പരാക്രമാദിഗുണദ്യോതകമെന്നു ധരിക്കേണ്ടതാകുന്നു. അമും അഗ്രഹാരം=ഈ ഗ്രാമത്തെ, അന്വഹം=ദിവസം തോറും, ഭക്തിഭരം ആസ്ഥായ=ഏറ്റവും ഭക്തിയെ വഹിച്ചു്, മുദാ=സന്തോഷത്തോടുകൂടി, അന്യവൎണ്ണൈസ്സാൎദ്ധം=ബ്രാഹ്മണാദികളായ ഇതര ജാതിക്കാരോടുകൂടി, പരിചരന്തി=പരിചരിക്കുന്നു, പരിപാലിക്കുന്നു. കോലസ്വരൂപത്തിലെ രാജധാനി നിന്നിരുന്നതു പെരുഞ്ചെല്ലൂർഗ്രാമത്തിൽ കരിപ്പത്തു എന്ന സ്ഥലത്തായിരുന്നു.

മാമാ ഫലം കിമു ഗിരാം വിഭവേന ഭൂമൌ
ശ്രീമന്മഹാധരണിദേവകുലോജ്വലോയം
ഗ്രാമോധുനാ ഘനനിബദ്ധഭവൽപ്രസാദ-
സ്ഥേമാ ചകാസ്തി സകലോത്തരഭാഗ്യഭൂമാ” ൨൨

മാമാ=ആശ്ചൎയ്യം, ഗിരാം=വാക്കുകളുടെ, വിഭവേന=വിഭവം കൊണ്ടു, കിമു ഫലം=എന്താണ് ഫലമുള്ളതു്, ഒന്നുമില്ല എന്നു ഭാവം. ഭൂമൌ=ഭൂമിയിൽ, മഹാ.... ... .ജ്വലഃ=മഹാന്മാരായിരിക്കുന്ന ബ്രാ

ഷന്മാരുടെ വംശങ്ങളെക്കൊണ്ടു ശോഭിക്കുന്നതും, ഘന ... ...സേധമാ=പൂൎണ്ണമായി സിദ്ധിച്ചിരിക്കുന്ന അവിടുത്തെ അനുഗ്രഹത്തിന്റെ സ്ഥിരതയോടും, സകലോ ... ...ഭ്രമാ=എല്ലാവിധം ഉൽകൃഷ്ടമായിരിക്കുന്ന ഭാഗ്യങ്ങളുടെ ആധിപത്യത്തോടും കൂടിയതും ആയി, അയം=ഈ, ഗ്രാമഃ=ഗ്രാമം, ചകാസ്തി=ശോഭിക്കുന്നു.

ഇത്ഥ്യേവം കേട്ടു കുംഭോദരഗിരമതിമോ-
ദേന ദേവർഷിദൈത്യാ
വിസ്മേരാ നന്ദനന്നേത്യയുമിതി നിതരാ-
മഭ്യനന്ദന്നമന്ദാഃ
അത്രേയല്ലത്രിലോകീശ്വരനമുരുകൃപാം
പൂണ്ടു തം ഗ്രാമമയ്യാ!
സദ്യസ്സ്വാനുഗ്രഹപ്രൗഢിമസമുചിതമായ്-
കല്പയാമാസ ഗൂഢം. ൨൯

ദേവർഷിദൈത്യാഃ=ദേവന്മാരും മുനികളും അസുരന്മാരും, കുംഭോദരഗിരം=കുംഭോദരന്റെ വാക്കിനെ, ഇത്ഥ്യേവം=ഇപ്രകാരം, കേട്ടു, അതിമോദേന=സന്തോഷത്തോടുകൂടിയും, വിസ്മേരാഃ=വിസ്മയപ്പെട്ടു്, എത്രയും നന്നു നന്നു ഇതി=ഏററവും നല്ലതു് നല്ലതു് എന്നിങ്ങിനെ, അഭ്യനന്ദൻ=അഭിനന്ദിച്ചു—ശ്ലാഘിച്ചു, അത്രേയല്ല=അതു തന്നെയല്ല, ത്രിലോകീശ്വരനം=ശ്രീപരമേശ്വരനം, ഉരുകൃപാം പൂണ്ടു=ഏററവും കാരുണ്യത്തോടുകൂടി, തം ഗ്രാമം=ആ പെരുഞ്ചെല്ലൂർ ഗ്രാമത്തെ, സദ്യഃ=അപ്പോൾത്തന്നെ, ഗൂഢം=രഹസ്യമായി, സ്വാനുഗ്രഹ... ... ...സമുചിതമായ് കല്പയാമാസ=തന്റെ അനുഗ്രഹപ്രൗഢിമയ്ക്കു യോഗ്യമാക്കി ചെയ്തു. അയ്യാ!=ആശ്ചൎയ്യദ്യോതകമായ പദം. അപ്പാ, മമ്മാ ഇത്യാദിപോലെ; കവികൾ ധാരാളമായി ഉപയോഗിക്കാറുള്ളതാണ് ഇപ്പദം. 'ചിത്രം മുഷ്കരപി തെളിഞ്ഞിതയ്യാ' എന്നു് ഭാരതം കിളിപ്പാട്ടു് സഭാപൎവ്വത്തിൽ എഴുത്തച്ഛൻ പ്രയോഗിച്ചിരിക്കുന്നതു നോക്കുക. അവിടം തന്റെ സ്ഥാനമാക്കുവാൻ കൊള്ളാമെന്നു് ഉള്ളിൽ കരുതി ആ ഗ്രാമത്തെ അനുഗ്രഹിച്ചു എന്നു സാരം.

അക്കാലത്താവിരാസീത്തദനു മനുകുലോ-
ത്തംസരത്നം ധരണ്യാ-
മക്ഷീണോദ്യത്തപോവിക്രമഗരിമഗഭീ-
രോജ്ജ്വലാഭോഗഭൂമാ
ദിക്കൂലോല്ലാസിധാമാ നൃപമുനി ശതസോ-
മാഭിധാനോ നിധാനം
വിഖ്യാതാനാം ഗുണാനാം പുരഹരപാദസേ-
വാധുരീണാന്തരാത്മാ. ൩൰

അക്കാലത്തു=അതിനുശേഷം, ശിവന്റെയും കുംഭോദരന്റെയും സംഭാഷണമുണ്ടായതിന്മേൽ. ധരണ്യാം=ഭൂമിയിൽ, അക്ഷീ..........ഭൂമാ=ക്ഷയംകൂടാതെ ഉയരുന്ന തപഃപ്രഭാവത്തിന്റെ മാഹാത്മ്യംകൊണ്ടു ഗംഭീരമായും ഉജ്ജ്വലാഭോഗമായും ഇരിക്കുന്ന ഭൂമാവോടുകൂടിയവനും, ഉജ്ജ്വലം=അധികം പ്രകാശിക്കുന്നതു്. ആഭോഗം=പൂർണ്ണത='ആഭോഗോ വരുണച്ഛത്രേ പൂർണ്ണതായത്നയോരപി' എന്നു വിശ്വം. അധികമായ തപഃപരാക്രമംകൊണ്ടു് ലോകം മുഴുവനും പൂർണ്ണമായി പ്രകാശിച്ചു എന്നു സാരം. ദിക്കൂ..........ധാമാ=എവിടെയെല്ലാം ദിക്കുണ്ടോ അവിടെയെല്ലാം ശോഭിക്കുന്ന ധാമാവോടു (തേജസ്സോടു) കൂടിയവനും, വിഖ്യാതാനാം ഗുണാനാം നിധാനം = കേൾവികേട്ടിരിക്കുന്ന ദാനധർമ്മാദിഗുണങ്ങൾക്കു് ഇരിപ്പിടമായിരിക്കുന്നവനും, പുരഹര.......ത്മാ=ശ്രീപരമേശ്വരന്റെ പാദങ്ങൾ ഭജിക്കുന്നതിൽ ധുരീണമായിരിക്കുന്ന അന്തരാത്മാവോടുകൂടിയവനും, ധുരീണം=അഗ്രത്തിൽ ഉള്ളതു്, ഒന്നാമതായി നില്ക്കുന്നതു്; പരമശിവഭക്തന്മാരിൽ അഗ്രേസരൻ എന്നു സാരം. ശതസോമാഭിധാനഃ=ശതസോമൻ എന്നു പേരോടുകൂടിയവനും ആയ, നൃപമുനി=രാജർഷി, ആവിരാസീൽ=ആവിർഭവിച്ചു. ഭൂമിയിൽ ഉണ്ടായി.

എങ്ങനും ചെററു ധർമ്മസ്ഥിതിവികലത വാ-
രാതവണ്ണം ത്രിലോകീ-
മംഗല്യം കൈവളത്തമ്മഹിമമണമുലാ-
വും തപസ്യാനുഭാവാൽ

ഹുങ്കാരോദഗ്രവീര്യോദയചതുരതയാ
ചേൎത്തുകൊണ്ടേററമാപൽ-
സംഘാനാം മൂലനാശം നൃപതിമുനിരസൌ
വാണിരുന്നു ചിരംനാൾ. ൩൭

അസൌ നൃപതിമുനിഃ=ഈ രാജൎഷിയായ ശതസോമൻ, എങ്ങെ നം..................വൎണ്ണം=ഒരിടത്തും ധൎമ്മത്തിന്റെ സ്ഥിതിക്കു കോട്ടം(കേടു) തട്ടാത്തവിധത്തിൽ, ത്രിലോകീമംഗല്യം=മൂന്നു ലോകങ്ങൾക്കും ക്ഷേമ ത്തെ, മഹിമ...........മാനഭാവാൽ=മാഹാത്മ്യത്തിന്റെ സൌരഭ്യം വീശു ന്ന തപസ്സിന്റെ പ്രഭാവംകൊണ്ടു്, കൈവളൎത്തു=വൎദ്ധിപ്പിച്ചു്. ഹുങ്കാ രോ..........ചതുരതയാ=ഹുങ്കാരംകൊണ്ടു് ഉദഗ്രമായിരിക്കുന്ന വീര്യോ ദയത്തിന്റെ ചതുരതകൊണ്ടു്, ഹുങ്കാരം 'ഹും' എന്ന ശബ്ദത്തിന്റെ അനുകൃതി, ശക്തിയോടുകൂടി പുറപ്പെടുന്നതെന്നു സാരം. ഉദഗ്രം=ദീ ൎഘം—വലിയതു്, 'അവന്തിനാഥോയമുദഗ്രബാഹുഃ' എന്നു രഘുവംശം (സ-൬) പ്രയോഗം. വീര്യം=പരാക്രമം, ഉദയം=ഉൽപ്പത്തി, ചതുരത =ഭംഗി. ഉൽക്കടമായ ഭുജപ്രതാപത്തിന്റെ ചാതുൎയ്യംകൊണ്ടു് എന്നു സാരം. ആപൽ.............നാശം= ആപത്സമൂഹത്തിന്റെ വേരോടു കൂടിയ നാശം, ഏററവും ചേൎത്തുകൊണ്ടു്=ആപത്തുകളെ നിശ്ശേഷം ന ശിപ്പിച്ചു. ചിരംനാൾ=വളരെക്കാലം, വാണിരുന്നു=ഭൂമി ഭരിച്ചിരുന്നു.

ചിത്രം ചിത്രം കിഴക്കങ്ങുദയഗിരിയോളം
ബാഹുശക്ത്യാ മഹത്യാ
ബദ്ധാഭോഗം ജയിച്ചമ്മലയമലയോളം
തെക്കുമുൽക്കൂലമാനം
അസ്തത്തോളം പടിഞ്ഞാറൊരു പനിമലയോ-
ളം വടക്കങ്ങടക്കി-
പ്പൃത്ഥീമാജ്ജിച്ചു കോശശ്രിയമുരുയശസാ
മൂടിനാൻ നാടശേഷം. ൩൮

പൂൎവ്വശ്ലോകത്തിലെ നൃപതിമുനി എന്ന പദം ഈ ശ്ലോകത്തിലും കൎത്താവു്. ചിത്രം ചിത്രം=ഏററവും ആശ്ചൎയ്യം, മഹത്യാ ബാഹുശക്ത്യാ =വലുതായിരിക്കുന്ന കൈക്കരുത്തുകൊണ്ടു്, കിഴ..................യോളം=കി

ഴക്ക് ഉദയപർവ്വതം വരെയും, മലയമലയോളം=തെക്ക മലയപർവ്വതം വരെയും, പടിഞ്ഞാറു അസ്തഗിരിയോളം = പടിഞ്ഞാറു അസ്തപർവ്വതം വരെയും, ഒരു പനി.............. ...വടക്ക=വടക്ക ഹിമവൽപർവ്വതം വരെയും, ബദ്ധാഭോഗം=ബദ്ധാഭോഗമാകുംവർണ്ണവും=പൂർണ്ണമായും, ഉൽക്കുലമാനം=കരകവിഞ്ഞ മാനത്തോടുകൂടിയും, പൃഥ്വീം=ഭൂമിയെ—രാജ്യങ്ങളെ കീഴടക്കി, കോശശ്രീയം ആജ്ജിച്ചു=ഭണ്ഡാഗാരത്തിൽ സമ്പത്തു സമ്പാദിച്ചു, ഉരുയശസാ=വലുതായ കീർത്തികൊണ്ട്, നാടശേഷം=ലോകമെല്ലാം, മൂടിനാൻ=മൂടി. കിഴക്ക് ഉദയപർവ്വതം, പടിഞ്ഞാറു അസ്തപർവ്വതം, വടക്ക ഹിമവൽപർവ്വതം, തെക്ക് മലയം ഇവയുടെയിടക്കുള്ള ദേശങ്ങളാം ശതസോമൻ കീഴടക്കി എന്നു സാരം. ഈ ശ്ലോകം ഭാഷാരാമായണചമ്പു രാമാവതാരഭാഗത്തിൽ ദശരഥന്റെ ദിഗ്ജയത്തെ വർണ്ണിക്കുന്ന സന്ദർഭത്തിലും ഉപയോഗിച്ചു കാണുന്നു.

ഈവണ്ണം പത്തുദിക്കും പരിചൊടു നെറിതി-
ക്കും ഭുജാവിക്രമശ്രീ-
ഹേവാകംകൊണ്ടടക്കിപ്പുതിയ പുകഴ്മണം
പൂണ്ടിരിക്കും ദശായാം
ചേൽവാച്ചീടും കലിപ്രോൽഭടഫണിപതിനാ
കല്മഷക്ഷ്വേളഭാജാ
സാവേഗം ഗ്രസ്യമാനം ജഗദിദമഖിലം
കണ്ടു ദധ്യൌ സ രാജാ! ൩൩

ഈവണ്ണം=ഇപ്രകാരം, സ രാജാ=ആ രാജാവ്, പരിചൊടു ....കൊണ്ടു=വഴിപോലെ നിറഞ്ഞിരിക്കുന്ന തന്റെ ബാഹുപരാക്രമത്തിന്റെ കളികൊണ്ട്, ഹേവാകം=കളി, ഉത്സാഹം, ഔൽസുക്യം—'ദചിത്രഗ്രാമാധിപത്യഗ്രഹിണപദമഷീഭൂഷിതാക്ഷകക്ഷമാട്ടൽസേവാഹേവാകപാകം ശമയതു ഭവതാം കർമ്മശർമ്മപ്രതീപം' എന്നു സുദർശനശതകത്തിൽ (കൂരനാരായണകവി) പ്രയോഗിച്ചിരിക്കുന്നു. പത്തുദിക്കും=ദിക്കുകളെല്ലാം അടക്കി, പുതിയ ....ദശായാം=പുത്തനായ കീർത്തിവൈഭവത്തോടുകൂടിയിരിക്കുന്ന കാലത്ത്, കല്മഷക്ഷ്വേളഭാജാ=പാപമാകുന്ന വിഷത്തോടുകൂടിച്ചേർന്ന, ചേൽവാച്ചീ........ പതിനാ=

ചേലു ഏറുന്നതായ കലികാലമാകുന്ന ഭയങ്കരമായ പെരുമ്പാമ്പിനാൽ, സാവേഗം = ആവേഗത്തോടുകൂടി—ശീഘ്രഗതിയിൽ, ജഗത് അഖിലം ഗ്രസ്യമാനം=ഭൂമിയെല്ലാം വിഴുങ്ങപ്പെടുന്നതായിട്ടു. ഭവിച്യ=വിചാരിച്ചു. കലിയെ പെരുമ്പാമ്പായും പാപത്തെ അതിന്റെ വിഷമായും കല്പിച്ചിരിക്കുന്നതിനാൽ അലങ്കാരം രൂപകം. കലികാലത്തിന്റെ ഭയങ്കരത കാണിക്കുന്നതിനാണ് സപ്പരൂപമായി അതിനെ കല്പിച്ചതു്. പാമ്പിനു വിഷം എന്നപോലെ കലിക്കു പാപം സ്വഭാവസിദ്ധം എന്നു് 'കല്മഷ .... ഭാജാ' എന്ന പദത്തിൽ നിന്നു ഗ്രാഹ്യം.

"കഷ്ടം മഹീകമലിനീം കലിഗന്ധഹസ്തീ
നഷ്ടാഭിശങ്കമവഗാഹ്യ വിശൃംഖലാത്മാ
ഞെട്ടൊന്നൊടിച്ചു ചില ധമ്മമൃണാളകാണ്ഡാൻ
ദൃഷ്ടോയമദ്യ മലിനീകുരുതേ നികാമം. ന. ൪

കഷ്ടം—ഈ പദം ദുഃഖാധിക്യത്തെ ദ്യോതിപ്പിക്കുന്നു. ദൃഷ്ടഃ=ദൃഷ്ടനായി, വിശൃംഖലാത്മാ കലിഗന്ധഹസ്തീ=വിശൃംഖലമായ—ചങ്ങലയില്ലാത്ത, തടവില്ലാത്ത, കലികാലമാകുന്ന മദിച്ച ആന, മഹീകമലിനീം=ഭൂമിയാകുന്ന താമരപ്പൊയ്കയിൽ, നഷ്ടാഭിശങ്കം=സംശയമൊന്നുമില്ലാതെ, അവഗാഹ്യ=ഇറങ്ങിമുങ്ങി, ഞെട്ടൊന്നൊ..............കാണ്ഡാൻ=ഞെട്ടുകളെല്ലാം ഒടിച്ചു ധമ്മങ്ങളാകുന്ന താമരവളയങ്ങളെ, നികാമം=ഏററവും, അദ്യ=ഇക്കാലത്തു, മലിനീകുരുതേ=മലിനമാക്കുന്നു, കലക്കിമറിക്കുന്നു എന്നു സാരം. ഭൂമിയെ താമരപ്പൊയ്കയായും ധമ്മങ്ങളെ മൃണാളങ്ങളായും കലിയെ മദഗജമായും കല്പിച്ചിരിക്കുന്നതിനാൽ അലങ്കാരം രൂപകം. ആന താമരപ്പൊയ്കയിലിറങ്ങിയാൽ മൃണാളങ്ങളെയെല്ലാം പറിച്ചുകളഞ്ഞു പൊയ്ക എങ്ങിനെ കലക്കുന്നുവോ അതുപോലെ കലിയുഗം ലോകത്തെ പാപഭൂയിഷ്ഠമാക്കിച്ചെയ്യുന്നു എന്നു സാരം.

അവനിയിലിഹ പാത്താലെപ്രകാരം വരായ്കു
സുവിപുലകലിദോഷം മേലിലിമ്മാനുഷാണാം
അവികലമൊരു യത്നം ക്ഷത്രവംശോത്ഭവേന
ധ്രുവമഴകിനൊടെന്നാലപ്രകാരം വിധേയം." ന. ൫

മേലിൽ=ഭാവികാലത്തു, അവനിയിലിഹ=ഈ ഭൂമിയിൽ, ഇമ്മാനുഷാണാം=ഈ മനുഷ്യൎക്കു, പാൎത്താൽ=താമസിച്ചാൽ വിചാരിച്ചു കണ്ടാൽ എന്നും അൎത്ഥമാകാം. സുവിപുലകലിദോഷം എപ്രകാരം വരായ്വു=വലുതായ പാപം ഏതുവിധം പ്രവൎത്തിച്ചാൽ വരികയില്ലയോ, ക്ഷത്രവംശോത്ഭവേന = രാജവംശത്തിൽ ജനിച്ച എന്നാൽ, അപ്രകാരം=ആ വിധത്തിൽ, കലിദോഷം തട്ടാത്ത മട്ടിൽ, അവികല ....യത്നം=കുറവൊന്നുമില്ലാത്തതായ ഒരു പണി, ധ്രുവം=നിശ്ചയമായും, അഴകിനൊടു=ഭംഗിയായി, വിധേയം=ചെയ്യേണ്ടതാകുന്നു. ഏതു വിധം ചെയ്താൽ ജനങ്ങൾ കലിദോഷം കൂടാതെ സുഖമായിരിക്കുമോ അപ്രകാരം ഒരു കാൎയ്യം നാം ചെയ്യേണ്ടതുണ്ടു് എന്നു സാരം. ക്ഷത്രവംശോത്ഭവേന എന്ന പദം മനുഷ്യൎക്കു് ആപത്തു സംഭവിക്കുമ്പോൾ അവരെ അതിൽനിന്നു രക്ഷിക്കേണ്ടതു രാജാവിന്റെ കടമയാകുന്നു എന്ന അഭിപ്രായം വ്യഞ്ജിപ്പിക്കുന്നു.

"ക്ഷതാൽ കില ത്രായത ഇത്യുദഗ്രഃ
ക്ഷത്രസ്യ ശബ്ദോ ഭുവനേഷു രൂഢഃ"

എന്നു രഘുവംശത്തിൽ (സ-൨) പറഞ്ഞിരിക്കുന്നു.

അൻപൊടിവണ്ണമകതാരിൽ നിനച്ചു രാജാ
സംഭൃതനിസ്തുലവിവേകമിരുന്ന നേരം
മുമ്പിൽത്തദാ പെരുവിരൽപ്രമിതാംഗഭദ്രാ
കുംഭോൽഭവോ മുനിശിഖാമണിരാവിരാസീൽ. ൩൩

രാജാ—ശതസോമരാജാവു്, അൻപൊടി ....നിനച്ചു=ഇപ്രകാരം വഴിപോലെ ഭംഗിയായി മനസ്സിൽ വിചാരിച്ചു, സംഭൃത..........വിവേകം=ഉണ്ടായതും നിൎമ്മലവും ആയ വിവേകത്തോടുകൂടി, തന്റെ കൃത്യത്തെപ്പററി ശരിയായ അറിവു ലഭിച്ചു്, ഇരുന്നനേരം=ഇരുന്നപ്പോൾ, പെരുവിരൽ..................ഭദ്രാ=തള്ളവിരലോളം ആകൃതിക്കു വലിപ്പമുള്ളവനായും, പ്രമിതം=പ്രകൎഷേണ മിതം ഏററവും ചെറിയതു് എന്നു സാരം. മുനിശിഖാമണിഃ=മുനിശ്രേഷ്ഠനായും ഇരിക്കുന്ന, കുംഭോത്ഭവഃ=അഗസ്ത്യൻ, മുൻപിൽ=രാജാവിന്റെ അടുത്തു, തദാ ആവിരാസീൽ=അപ്പോൾ പ്രത്യക്ഷനായിവന്നു. രാജാവു കലിബാധ നശിപ്പിക്കുവാനുള്ള ഉപായത്തെപ്പററി ചിന്തിച്ചുകൊണ്ടിരുന്ന സമയത്തു് അ

ദ്ദേഹത്തിൻെറ മുമ്പിൽ അഗസ്ത്യമഹർഷി വന്നു ചേൎന്നു എന്നു സാരം. പെരുവിരൽ.................ഭ്രമാ എന്ന പദം മുനിയുടെ ശരീരത്തിൻെറ ഹ്രസ്വതയേയും മുനിശിഖാമണി എന്നതു തപോവൈഭവത്തേയും ദ്യോതിപ്പിക്കുന്നു.

അന്നേരമൻപിനൊടു രാജമുനീശ്വരോസൌ
ധന്യം നിരീക്ഷ്യ പുരതോ മുനിസാൎവ്വഭൌമം
സന്നാമപൂൎവ്വമൊരു കാഞ്ചനപീഠികായാ-
മന്യൂനഭക്തിയൊടിരുത്തി വണങ്ങി നിന്നാൻ. ൩൭

അന്നേരം=മുൻപറഞ്ഞവിധം വിചാരിച്ചുകൊണ്ടിരുന്ന സമയത്തു്, അസൌ രാജമുനീശ്വരഃ=ഈ രാജൎഷിശ്രേഷ്ഠനായ ശതസോമൻ, പുരതഃ=മുൻപിൽ, ധന്യം മുനിസാൎവ്വഭൌമം നിരീക്ഷ്യ=ശ്രേഷ്ഠനായി മുനികൾക്കു അഗ്രേസരനായിരിക്കുന്ന അഗസ്ത്യനെ കണ്ടിട്ടു്, സന്നാമ..........പീഠികായാം=ആദ്യമായി മുനിയെ നമസ്കരിച്ചു പിന്നീടു പൊന്നുകൊണ്ടുണ്ടാക്കിയ പീഠത്തിൽ, അന്യൂനഭക്തിയൊടു=തികഞ്ഞ ഭക്തിയോടുകൂടി, ഇരുത്തി, വണങ്ങി=വന്ദിച്ചു, നിന്നാൻ=മുനിയുടെ അടുത്തു നിന്നു. സ്വധൎമ്മാനുസരണം ചെയ്യുന്ന രാജ്യഭരണവും ഒരു തപസ്സാകുന്നു എന്നും അതിൽ പ്രവൎത്തിക്കുന്ന രാജാക്കന്മാൎക്കും ഋഷികളുടെ മാഹാത്മ്യമുണ്ടെന്നും കാണിക്കുവാനാണു് ഇവിടെ 'രാജമുനീശ്വരഃ' എന്ന പദം പ്രയോഗിച്ചതു്. 'രാജ്യാശ്രമമുനിം മുനിഃ' എന്ന രഘുവംശ(സ-൧)പ്രയോഗം ഇവിടെ സ്മൎത്തവ്യം.

"ഏതും വൈകേണ്ടവൊന്നല്ലരികിലുടനിരു-
ന്നീടുവാ"നെന്നു മെല്ലെ-
സ്സാധൂക്ത്യാ ഭദ്രസിംഹാസനമുകളിലവ-
സ്ഥാപ്യ ശുദ്ധാന്തരാത്മാ
മീതേ മീതേ ലസന്തം പ്രസൃമരമഹസാ
ഭക്തിനമ്രോത്തമാംഗം
മോദാലഗ്രേ ചിരം പാൎത്ഥമൃഷിപെരുമാൾ
വിസ്മിതോ വാചമൂചേ. ൩൮

ശുദ്ധാന്തരാത്മാ=രാഗദ്വേഷാദിബന്ധമില്ലാതെ നിർമ്മലമായിരിക്കുന്ന അന്തരാത്മാവോടുകൂടിയ, ഋഷിപ്പെരുമാൾ=മുനിശ്രേഷ്ഠൻ—അഗസ്ത്യൻ, അരികിൽ ഉടൻ ഇരുന്നീടുവാൻ ഏതും വൈകേണ്ടുവൊന്നല്ല=തന്റെ അടുത്തു ഇരിക്കുന്നതിന് അല്പവും കാലതാമസം വരുത്തരുത് എന്നു പറഞ്ഞു, പ്രസൃമരമഹസാ=പരക്കുന്നതായ ശരീരശോഭകൊണ്ട്, മീതേമീതേ ലസന്തം=കൂടുതൽ കൂടുതലായി ശോഭിക്കുന്നവനും, ഭക്തിനമ്രോത്തമാംഗം=ഭക്തികൊണ്ടു തലകുനിച്ചവനും ആയ, അമും=ഈ രാജാവിനെ, മെല്ലെ=സാവധാനത്തിൽ, ഭദ്ര.... ....മുകളിൽ=സ്വർണ്ണമയമായ സിംഹാസനത്തിന്റെ മുകളിൽ, അവസ്ഥാപ്യ=ഇരുത്തിയിട്ടു, മോദാൽ അഗ്രേ ചിരം പാർത്തു വിസ്മിതഃ=സന്തോഷം നിമിത്തം അടുത്തു വളരെ നേരം നോക്കി വിസ്മയിച്ചുകൊണ്ട്, വാചം ഊചേ=വാക്കിനെ പറഞ്ഞു. മുൻപിൽ വിനീതനായി വണങ്ങി നിന്ന രാജാവിനെ യഥാസ്ഥാനത്തു് ഇരുത്തി സന്തോഷത്തോടുകൂടി മുനി ഇപ്രകാരം പറഞ്ഞു എന്നു സാരം.

"ശ്രീകണ്ഠൻതൻ കൃപാവാരിഭിരഴകിൽ നന-
ച്ചും തപോദോഹദശ്രീ-
പാകംകൊണ്ടും ത്രിലോക്യാം പടരുമൊരു ഭവ-
ദ്വിക്രമസ്വർഗ്ഗശാഖീ
ആകല്പം പൂത്ത കീർത്തിപ്രസവപരിമളം
നീളെ മേളിച്ചിടാനീ-
മാകെക്കാച്ചോരു രക്ഷാഫലമഖിലജനൗ-
ഘങ്ങളിന്നാസ്വദന്തേ. ന്മൻ

ശ്രീകണ്ഠൻതൻ .. ..നനച്ചും=ശ്രീപരമേശ്വരന്റെ ദയയാകുന്ന ജലംകൊണ്ട് ഭംഗിയായി നനഞ്ഞും, "കാളകൂടാഭരണജാ ശ്രീഃ ശോഭാ കണ്ഠേ അസ്യേതി ശ്രീകണ്ഠഃ" എന്ന് ടീകാസർവ്വസ്വം. കാളകൂടവിഷത്തിന്റെ ശോഭ കണ്ഠത്തിലുള്ളവൻ ശിവൻ, തപോ............ കൊണ്ടും=തപസ്സാകുന്ന വളം പാകംപോലെ ചേർന്നും, ത്രിലോക്യാം പടരു.........ശാഖീ=വളർന്നു മൂന്നുലോകങ്ങളിലും പടരുന്നതായ അങ്ങയുടെ പരാക്രമമാകുന്ന ദിവ്യമായ വൃക്ഷം, ആകല്പം...... ......മേളിച്ചു=

മനോഹരമായി പൂത്ത കീർത്തിയാകുന്ന പൂവിൻെറ മണം നീളെ—എല്ലാ യിടത്തും ചേർന്ന, ഇദാനീം=ഇപ്പോൾ, ആകെ.........ഫലം=എല്ലാം കാച്ചിട്ടുണ്ടായ രാജ്യരക്ഷയാകുന്ന ഫലത്തെ, അഖില ....നാസ്വ ദന്തെ=എല്ലാ ജനങ്ങളും ഇക്കാലത്തു് ആസ്വദിക്കുന്നു. അനുഭവിക്കുന്നു വിക്രമം വൃക്ഷം, ശിവകരുണ ജലം, തപസ്സ് വളം, കീർത്തി പൂവ്, ഭൂരക്ഷ ഫലം; എന്നു രൂപകം അലങ്കാരം.

ഭാഷാരാമായണചമ്പുവിൽ (പരവധം ഭാഗം) 'വൈകുണ്ഠൻതൻ' എന്നു് ആരംഭിക്കുന്ന ഒരു പദ്യം ഉണ്ടു്. അതും ഈ ശ്ലോകവും ഒന്നു തന്നെയാണു്.

എന്നാലിതും ഗുണനിധേ! ജഗതീഹിതാർത്ഥ-
ന്തന്നേ ഭവന്തു ഭവതശ്ചരിതാനി മേന്മേൽ"
എന്നേവമുക്തഗിരമുദ്ധുരഭക്തിശാലീ
ചൊന്നാനസൗ തൊഴുതു സിന്ധുപിബം മുനീന്ദ്രം. ൪൦

ഗുണനിധേ=ദാനധർമ്മപ്രഭാവാദിഗുണങ്ങൾക്കു വാസസ്ഥാനമാ യിരിക്കുന്ന അല്ലയോ രാജാവേ, എന്നാലിതും=എന്നാൽ, ഭവതഃ ച രിതാനി മേന്മേൽ = അങ്ങയുടെ വിശിഷ്ടങ്ങളായ കൃത്യങ്ങൾ മീതേ മീ തെയായി, ജഗതീ......... ഭവന്തു=ലോകങ്ങളുടെ ഇഷ്ടത്തിനു—ശ്രേയ സ്സിനുതന്നെയായി ഭവിക്കട്ടെ, എന്നു് ഏവം ഉക്തഗിരം=ഇപ്രകാരം വാക്കുപറഞ്ഞവനും, സിന്ധുപിബം=സമുദ്രജലം കുടിച്ചു വററിച്ചവനും ആയ, മുനീന്ദ്രം=മുനിശ്രേഷ്ഠനോടു-അഗസ്ത്യനോടു, അസൗ = ഈ രാജാവു്, ഉദ്ധുരഭക്തിശാലീ = പൂർണ്ണമായ ഭക്തിയോടുകൂടിയവനായി, തൊഴുതു=തൊഴുതിട്ടു, ചൊന്നാൻ=പറഞ്ഞു.

"നിശ്ശേഷാണാം മുനീനാം മകുടഘടിതമാ-
ണിക്യദാമ്നേ മഹിമ്നാ
വിശ്വാധിക്യം കലർന്നീടിന വിമലതപ-
സ്യാപരീപാകധാമ്നേ

അശ്രാന്തം വിന്ധ്യശൈലോച്ഛ്രയവിഹതികൃതേ
സപ്തപാഥോധിപാന-
സ്വച്ഛന്ദക്രീഡ! ഭക്ത്യാ കലശജ! കലയാ-
മോ നമസ്യാഞ്ജലിന്തേ ൪൫

ഈ ശ്ലോകത്തിൽ അഗസ്ത്യമുനിയുടെ മാഹാത്മ്യത്തെ വൎണ്ണിക്കുന്നു. കലശജ=അല്ലയോ അഗസ്ത്യമുനേ, നിശ്ശേഷാണാം............ദാമ്നേ=എല്ലാമുനികളുടേയും കിരീടത്തിൽ ഘടിപ്പിച്ചിരിക്കുന്ന മാണിക്യമാലയായും, മഹൎഷിമാൎക്ക എല്ലാവൎക്കും ഭൂഷണമായിരിക്കുന്നവൻ എന്നു സാരം. മഹിമ്നാ=മഹിമാവുകൊണ്ടു–മഹത്ത്വത്തിനാൽ, വിശ്വാ........യാമ്നേ=ലോകത്തിൽ അധികമായും നിൎമ്മലമായും ഇരിക്കുന്ന തപസ്സിന്റെ പരിപാകത്തിന് ഇരിപ്പിടമായും, അശ്രാന്തം=എപ്പോഴും, വിന്ധ്യ..................കൃതേ=വിന്ധ്യപൎവ്വതത്തിന്റെ ഉയൎച്ചയ്ക്കു ഹാനിയെ ചെയ്യുവനും, ഒരു കാലത്തും പൊങ്ങാത്തവിധം വിന്ധ്യനെ താഴ്ത്തിയവൻ എന്നു ഭാവം. സപ്ത.........ക്രീഡ=ഏഴു സമുദ്രങ്ങളിലേയും ജലം കുടിക്കുകയാകുന്ന സ്വച്ഛന്ദക്രീഡയോടുകൂടിയവനേ. സ്വച്ഛന്ദം=ഇഷ്ടം പോലെ വൎത്തിക്കുന്നതു, ക്രീഡ=കളി. സമുദ്രജലം കുടിച്ചതു കാൎയ്യമായിട്ടല്ല, വിനോദമായിട്ടാണു ചെയ്തതെന്നു ഭാവം. തേ=അങ്ങേയ്ക്കായിക്കൊണ്ടു, ഭക്ത്യാ=ഭക്തിയോടുകൂടി, നമസ്യാഞ്ജലിം കലയാമഃ=നമസ്കാരത്തോടുകൂടിയ അഞ്ജലിയെ ചെയ്യുന്നു–തൊഴുന്നു. അഗസ്ത്യമഹൎഷി വിന്ധ്യപൎവ്വതത്തെ താഴ്ത്തുകയും, സമുദ്രജലം കുടിക്കുകയും ചെയ്തു എന്ന പൌരാണികകഥ കവി ഇവിടെ സ്മരിച്ചിരിക്കുന്നു.

“വിന്ധ്യസ്യ സംസ്തംഭയിതാ മഹാദ്രേ-
ൎന്നിശ്ശേഷപീതോജ്ഝിതസിന്ധുരാജഃ”

(രഘു–സ–൬) എന്നും മററുമുള്ള മഹാകവിപ്രയോഗങ്ങളും നോക്കുക. മുനികുലശ്രേഷ്ഠത്വം, തപോവൈഭവം, വിന്ധ്യമദാപഹരണം, സമുദ്രജലപാനം, എന്നീ അഗസ്ത്യന്റെ വൈഭവങ്ങളെ ഈ ശ്ലോകത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

ഇന്നേരം പോന്നെഴുന്നള്ളിന തൊഴിൽ നിയമി-
പ്രൗഢ! നന്നായിതെന്നേ
പുണ്യപ്രാഗല്ഭ്യമേ മൽകൃതഘനതപസാ-
മദ്യ സാഫല്യമേശീ
അന്യൂനം താവകാനുഗ്രഹവുമഴകിലെ-
ന്നന്തരാകാംക്ഷയും കേ-
ളൊന്നായ്‌വന്നു തുലോമെന്നതു മുനിവര! ദൈ-
വാനുകൂല്യം മദീയം. ൪൫

പുണ്യപ്രാഗല്ഭ്യമേ=സുകൃതത്തിന്റെ പ്രൗഢിയോടുകൂടിയവനായും, നിയമിപ്രൗഢ=യോഗികൾക്കു ശ്രേഷ്ഠനായും ഇരിക്കുന്ന അല്ലയോ മഹർഷേ, ഇന്നേരം.... ...തൊഴിൽ=അങ്ങു ഇപ്പോൾ ഇവിടെ വന്നുചേൎന്ന പ്രവൃത്തി-കാൎയ്യം, നന്നായിതെന്നേ=ഏററവും നന്നായി എന്നു മാത്രമേ പറയുവാനുള്ളു. മൽ ....മേശീ=ഞാൻ ചെയ്ത വലിയതായ തപസ്സുകൾക്കു ഇന്നു ഫലം കിട്ടി, കേൾ=കേട്ടാലും, അന്യൂനം ....ഗ്രഹവും=കുറവൊന്നുമില്ലാത്തതായ-പൂൎണ്ണമായ അങ്ങയുടെ അനുഗ്രഹവും, എന്ന ....കാംക്ഷയും=ഈ എന്റെ ഉള്ളിലെ ആഗ്രഹവും, അഴകിൽ=ഭംഗിയായി, തുലോം=ഏററവും, ഒന്നായ്വന്നു = ഒന്നുതന്നെയായി വന്നു, എന്നതു=എന്ന സംഗതി, മുനിവര=അല്ലയോ മുനിശ്രേഷ്ഠ, എന്റെ ഉള്ളിലെ ആഗ്രഹം അറിഞ്ഞാണോ അങ്ങു പറഞ്ഞതെന്നു തോന്നും. യോഗത്താൽ അതിനു ശക്തി അങ്ങേയ്ക്കു ഉണ്ടല്ലൊ. ഈ അഭിപ്രായത്തെക്കൂടി മുനിവര എന്ന പദം ധ്വനിപ്പിക്കുന്നു. മദീയം=എന്നെ സംബന്ധിച്ചതു്—എന്റെ, ദൈവാനുകൂല്യം ഈശ്വരൻ അനുകൂലമായി നില്ക്കുന്നതുകൊണ്ടാണ്.

എന്താൎയ്യാൻ ദേഹിനാമിക്കലിമലമധുനാ
കിംനു കൎത്തവ്യമെന്നാ-
യിത്ഥം ഞാനോൎത്തിരിക്കേ ഭുവനകമലിനീ-
ഭാനുമന്തം ഭവന്തം

പ്രത്യക്ഷം കണ്ടുകപ്പെട്ടതു ശിവശിവ! മൽ-
ഭാഗ്യസാമഗ്ര്യമെന്നാ-
മുദ്ധൎത്തും ക്ഷോണിചക്രം കലിസലിലനിധേഃ
കല്പ്യതാമഭ്യുപായം.” ൪൭

ദേഹിനാം=മനുഷ്യൎക്കു, ദേഹംതന്നെ പ്രധാനം എന്നു വിചാരിച്ചു ധൎമ്മകാൎയ്യങ്ങളിൽ വിമുഖന്മാരായി കഴിയുന്നവർ എന്ന അൎത്ഥം ദേഹി എന്ന പദം ധ്വനിപ്പിക്കുന്നു. അധുനാ=ഈ കലികാലത്തിൽ, കലിമലം=കലിയുഗം നിമിത്തം ഉണ്ടാകുന്ന ദോഷം, എത്താൎയ്യാൻ=വന്നുചേരാതിരിക്കുവാൻ, കൎത്തവ്യം കിം നു എന്നായി ഇത്ഥം=ചെയ്യേണ്ടു പ്രവൃത്തി എന്താണു എന്നിങ്ങനെ, ഓൎത്തിടിക്കേ=വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഭുവന ... .ഭവന്തം=ലോകമാകുന്ന താമരപ്പൊയ്കയ്ക്കു ആദിത്യനായിരിക്കുന്ന–ലോകത്തെ എല്ലാം പ്രകാശിപ്പിക്കുന്നവനായ അങ്ങയെ, പ്രത്യക്ഷം...... ....പെട്ടതു=കണ്ണിനു നേരെ കണ്ടതു, മൽഭാഗ്യസാമഗ്ര്യം = എന്റെ ഭാഗ്യത്തിന്റെ പൂൎണ്ണതനിമിത്തമാണ്. ശിവശിവ=ആശ്ചൎയ്യദ്യോതകം. അങ്ങയെ കാണുവാൻ എനിക്കു ഭാഗ്യമുണ്ടായല്ലോ എന്നു ഭാവം. എന്നാൽ=ഇനി, കലി... ......നിധേഃ=കലിയുഗമാകുന്ന കടലിൽനിന്നു, ക്ഷോണീചക്രം=ഭൂമിയെ, ഉദ്ധൎത്തും=ഉയൎത്തുവാനായി, അഭ്യുപായം=വഴി, കല്പ്യതാം = ഉണ്ടാക്കിയാലും. കലിദോഷനിവൃത്തിക്കു ഒരു മാൎഗ്ഗം ഉണ്ടാക്കിത്തരണം എന്നു സാരം.

തസ്മിന്നേവം ബ്രുവാണേ മുനിവരനരുൾചെ-
യ്തു തദാനീം “ത്രിലോകീ-
പൊൽപ്പൂണ്ണേ! യുക്തമോൎത്താലിതു തപനകലീ-
നന്ദ തേ ധൎമ്മസാരം
എപ്പേരും നിൻകരസ്ഥം പുകൾപെരുകിന സാ-
മ്രാജ്യമെന്നാങ്ങിരിക്കെ-
സ്സൽബോധാലീദൃശന്തോന്നിയതഴകതഹോ
മംഗലാൎത്ഥം പ്രജാനാം. ൪൮

തസ്മിൻ=ആ രാജാവു, ഏവം ബ്രുവാണേ=ഇപ്രകാരം പറഞ്ഞപ്പോൾ, 'ബ്രൂഞ് വ്യക്തായാം വാചി' എന്നു ധാത്വർത്ഥം. തദാനീം=ആ സമയത്തു്, മുനിവരൻ=അഗസ്ത്യൻ, അതൂൾചെയ്തു=പറഞ്ഞു, ത്രിലോ................ണേ=മൂന്നു ലോകത്തിനും ആഭരണമായിരിക്കുന്ന അല്ലയോ രാജാവേ, തപനകുലീനന്മാരേ=മനു, ദിലീപൻ മുതലായ ധർമ്മശാലികളായ രാജാക്കന്മാർ ജനിച്ചിരിക്കുന്ന സൂര്യവംശത്തിൽ ഉണ്ടായ അങ്ങയ്ക്കു, ഓർത്താൽ=വിചാരിച്ചാൽ, ഇതു=ഈ, ധർമ്മസാരം=ധർമ്മനിഷ്ഠ, ധർമ്മത്തെ സാരം-പ്രധാനമായി വിചാരിക്കുന്ന സ്വഭാവം, യുക്തം=യോജിച്ചതുതന്നെ, കുലമഹിമയ്ക്കു ചേരുന്നതാണ അങ്ങയുടെ ഈ സ്വഭാവം എന്നു സാരം. പുകൾ.......... സാമ്രാജ്യം=മഹാകീർത്തിയോടുകൂടിയ രാജ്യം, എപ്പേരും=മുഴുവനും, നിൻകരസ്ഥം=അങ്ങയുടെ കയ്യിൽ ഇരിക്കുന്നതു്, അങ്ങയ്ക്കു സ്വാധീനം, എന്നിരിക്കേ=എന്നിരിക്കുമ്പോൾ, സൽബോധാൽ=വേണ്ടതായ കൃത്യബോധം നിമിത്തം, ഈദൃശം=ഇപ്രകാരം തോന്നിയതു, പ്രജാനാം മംഗലാർത്ഥം=ജനങ്ങളുടെ ക്ഷേമത്തിനു-ശുഭത്തിനു വേണ്ടിയാകുന്നു, ഇതു അഴകുതു=ഭംഗിയായിതന്നെ.

ബിംബാത്മനാ ധരണിമേൽ വിഹിതപ്രതിഷ്ഠേ
ശംഭൌ ജഗത്ത്രിതയമംഗലജാഗരൂകേ
സംഭൂയ നീങ്ങുമഖിലം കലിദോഷമർക്കൻ
വൻപോടുദിച്ചളവു കൂരിരുളെന്നപോലെ. ൪൫

ജഗത്ത്രിതയ...........ജാഗരൂകേ=മൂന്നുലോകത്തിനും ക്ഷേമം വരുത്തുന്നതിനു ശ്രദ്ധയോടെ പ്രവർത്തിക്കുന്നവനായ ശിവൻ, ധരണിമേൽ=ഭൂമിയിൽ, ബിംബാത്മനാ വിഹിതപ്രതിഷ്ഠേ=ബിംബാകൃതിയിൽ പ്രതിഷ്ഠചെയ്യപ്പെട്ടവനാകുമ്പോൾ, ഭൂമിയിൽ ശിവന്റെ ബിംബം പ്രതിഷ്ഠിച്ചാൽ എന്നു സാരം. അർക്കൻ.......... പോലെ=സൂര്യൻ ഉദിക്കുന്ന സമയത്തു കൂരിരുട്ടു എന്ന പോലെ, കലിദോഷമഖിലം=കലിനിമിത്തം ഉണ്ടാകുന്ന ദോഷങ്ങൾ എല്ലാം, സംഭൂയ=ഒന്നിച്ചുകൂടി, നീങ്ങും=മാറും-നശിക്കും. കലിദോഷശമനത്തിനു ഭൂമിയിൽ ശിവബിംബപ്രതിഷ്ഠയാണ ഉപായം എന്നു സാരം.

എന്നാലിക്കാലമത്യുഷ്ഠളബാഹളതപോ-
വാപ്തിനാം വിക്രമശ്രീ-
വിന്യാസംകൊണ്ടുപാൎജ്ജിച്ചൊരു വിപുലസമൃ-
ദ്ധിക്കുമങ്ങെന്നുവേണ്ടാ
മിന്നീടും കീൎത്തിലക്ഷ്മീവിളവിനുമുടനൊ-
ക്കെക്കുമേ തക്കവണ്ണം
ധന്യാം ബിംബപ്രതിഷ്ഠാം വിരചയ കലിദോ-
ഷോപശാന്ത്യൈ ധരായാം. ൪൬.

എന്നാൽ, ധരായാം=ഭൂമിയിൽ, കലിദോഷോപശാന്ത്യൈ=കലിദോഷം ശമിക്കുന്നതിനായി, ഇക്കാലം=ഇപ്പോൾ, അത്യുഷ്ഠള............വാപ്തിനാം=ഏററവും ചൂടിന്റെ ആധിക്യത്തോടുകൂടിയ തപസ്സിന്റെ അഭിവൃദ്ധിക്കും, വിക്രമശ്രീ............സമൃദ്ധിക്കും=വിക്രമസമ്പത്തുകൊണ്ടു സമ്പാദിച്ച വലിയ ഐശ്വൎയ്യത്തിനും, മിന്നീടും............വിളവിനും=പ്രകാശിക്കുന്ന കീൎത്തിസമ്പത്തിന്റെ പുഷ്ടിക്കും, എന്നു വേണ്ട ഇന്നതിനെന്നു പ്രത്യേകം പറയേണ്ട. ഒക്കെക്കുമേ തക്കവണ്ണം=എല്ലാത്തിനും യോജിക്കത്തക്കവിധം, ധന്യാം ബിംബപ്രതിഷ്ഠാം വിരചയ=ശ്രേഷ്ഠമായിരിക്കുന്ന ശിവബിംബപ്രതിഷ്ഠയെ നിൎവ്വഹിച്ചാലും.

ചൊല്ലാം തത്തോപദേശം പരമിതിനധുനാ
ശൈവബിംബാപ്പുരാണം
കല്യാണിന്യാ ഭവാന്യാ മഹിതമിഹ ഭവൽ-
പൂൎവ്വലബ്ധാവശേഷം
ഫുല്ലാഭോഗം വിളങ്ങുന്നിതു രജതഗിരൌ
തത്ര ഗത്വാ ഗിരീശം
മെല്ലെ സേവിച്ചസൌ നീ തെളിവിനൊടിദമാ-
ദായ സാധിക്ക സാധോ!" ൪൭.

ഇതിനു=ശിവബിംബപ്രതിഷ്ഠ സാധിക്കുന്നതിനു, അധുനാ=ഇപ്പോൾ, പരം തത്തോപദേശം=ശ്രേഷ്ഠമായ തത്വത്തിന്റെ ഉപദേശം,

തത്ത്വം=അറിവ്, ചെയ്യേണ്ടതു്, ചൊല്ലാം=പറയാം, കല്യാണിന്യാഭ വാന്യാ മഹിതം = മംഗലസ്വരൂപിണിയായിരിക്കുന്ന ശ്രീപാൎവ്വതിയാൽ മഹിതാ—പൂജിക്കപ്പെട്ടതും, പുരാണം=വളരെ പഴയതും, ഭവൽപൂൎവ്വല ബ്ധാവശേഷം=അങ്ങയുടെ പൂൎവ്വന്മാൎക്ക ലഭിച്ചിട്ടുള്ളതിൻെറ ശിഷ്ടമുള്ള തും, മുൻപു മാന്ധാതാവും മുചുകുന്ദനും ഓരോ ശിവബിംബം സമ്പാദി ച്ചിട്ടുണ്ട്, ശേഷിച്ചിട്ടുള്ള ഒന്ന് എന്നു് ഈ പദത്തിൻെറ ഭാവം. ശൈ വബിംബം=ശിവൻെറ ബിംബം, രജതഗിരൌ=കൈലാസപൎവ്വതത്തിൽ, ഏല്ലാഭോഗം=ഏല്ലമായി രിക്കുന്ന, വലുതായ ആഭോഗത്തോടുകൂടി—പൂൎണ്ണ തയോടുകൂടി, വിളങ്ങുന്ന=പ്രകാശിക്കുന്നു. സൎവ്വോൽക്കൎഷേണ വൎത്തി ക്കുന്നു എന്നു സാരം. സാധോ=അല്ലയോ ഉത്തമനായ രാജാവേ, അ ങ്ങു സജ്ജനമാകയാൽ അങ്ങയുടെ ആഗ്രഹം സാധിക്കും എന്ന്, ഈ പ ദം ധ്വനിപ്പിക്കുന്നു. അസൌ നീ=ഈ നീ, തത്രഗത്വാ=കൈലാസ ത്തിൽ ചെന്ന്, മെല്ലേ ഗിരീശം സേവിച്ചു=സാവധാനത്തിൽ ശിവനെ ഭജിച്ച്, തെളിവിനൊടിദം ആദായ=സന്തോഷത്തോടുകൂടി ഈ ബിം ബം കയ്യിൽ വരുത്തി, സാധിക്ക=പ്രതിഷ്ഠ നിൎവ്വഹിച്ചാലും.

എന്നങ്ങുദീൎയ്യ മുനിശ്രേഷ്ഠ രഹസ്യവിദ്യാം
കൎണ്ണേ നരാധിപനു ചൊന്നരുളുംദശായാം
ഒന്നേറെ വായ്പ്പൊടിളകീ സുരലോകഭേരീ-
സന്നാദരീതിരനുവാദമിവാദധാനാ. ൪൮.

ഏഷ മുനിഃ എന്നു അങ്ങു ഉദീൎയ്യ=ഈ അഗസ്ത്യമുനി ഇപ്രകാ രം അവിടെവെച്ചു പറഞ്ഞിട്ട്, നരാധിപനു=രാജാവിനു, കൎണ്ണേ=ചെ വിയിൽ—വേറെ ആരും കേൾക്കാതെ, രഹസ്യവിദ്യാം=രഹസ്യമായ വിദ്യയെ, അരുളും ദശായാം=ഉപദേശിച്ചുകൊടുത്ത സമയത്തു്, അനു വാദം ആദധാനാ ഇവ=അതിനു അനുവാദം കൊടുക്കുകയാണോ എന്നു തോന്നത്തക്കവിധം, സുരലോക..........രീതിഃ=ദേവലോകത്തിങ്കലുള്ള പെരുമ്പറയുടെ വലുതായ ശബ്ദം, ഒന്നേറെ വായ്പ്പൊടു=അധികമായി, ഇളകി=ചലിച്ചു. ദേവലോകത്തെ പെരുമ്പറകൾ അധികം ശബ്ദിച്ചു. ബിംബപ്രതിഷ്ഠയുടെ കാൎയ്യം ദേവന്മാൎക്കുകൂടി സന്തോഷമാകുന്നു എന്നു ശ്ലോകത്തിൻെറ ഉത്തരാൎദ്ധം ധ്വനിപ്പിക്കുന്നു.

കലിതകൗതുകമാശീൎവ്വാദവും ചൊല്ലി നേരേ
കലശഭവനമാമന്ത്ര്യാസ്ഥയാ പോയനേരം
ബലനിധിയിൽ നിധായ ക്ഷ്മാഭരം മന്ത്രിമുഖ്യേ
തെളിവിലുരുതപോൎത്ഥം പ്രാപ കൈലാസശൈലം ൪൯.

കലശഭവനം=അഗസ്ത്യമുനിയും, കലിതകൗതുകം=സന്തോഷത്തോടുകൂടി, ആശീൎവ്വാദവും ചൊല്ലി=മംഗളമാശംസിച്ചു, ആമന്ത്ര്യ ആസ്ഥയാപോയനേരം=അറിയിച്ചിട്ട് ആസ്ഥയോടുകൂടി പോയപ്പോൾ, ബലനിധിയിൽ=രാജ്യഭരണകാൎയ്യം നിൎവ്വഹിക്കുവാൻ ശക്തനായ, മന്ത്രിമുഖ്യേ=മന്ത്രിശ്രേഷ്ഠങ്കൽ, ക്ഷ്മാഭരം നിധായ=ഭൂഭാരത്തെ വച്ചിട്ട്, ഏല്പിച്ചിട്ട്, രാജാവു സന്തോഷത്തോടുകൂടി ഉരുതപോൎത്ഥം=വലിയ തപസ്വിനായിക്കൊണ്ട്, കൈലാസശൈലം=കൈലാസപൎവ്വതത്തിൽ, പ്രാപ=പ്രവേശിച്ചു, ചെന്നു. അഗസ്ത്യൻ വിദ്യോപദേശം ചെയ്തു പോയ ഉടനേതന്നെ രാജാവ് രാജ്യഭാരം മന്ത്രിയേ ഏല്പിച്ചു തപസ്സിനായി കൈലാസത്തിൽ പ്രവേശിച്ചു എന്നു സാരം.

ദീൎഘം നിപത്യ ഘടിതാഞ്ജലിരേഷ വിശ്വ-
ശ്ലാഘ്യേ കരേറി വിപുലേ രജതാദ്രിശൃംഗേ
സാക്ഷാൽകരിച്ചു മനസാ പരചിത്സ്വരൂപം
ദാക്ഷായണീശമൊരു വാചമിവണ്ണമൂചേ. ൫൦.

ഏഷ രാജാ=ഈ ശതസോമരാജാവ്, ദീൎഘം നിപത്യ=ദീൎഘമാകുംവണ്ണം നിപതിച്ചിട്ടു—നമസ്കരിച്ചിട്ടു, ഘടിതാഞ്ജലിഃ=അഞ്ജലിബന്ധം ചെയ്തു. വിശ്വശ്ലാഘ്യേ=ലോകത്തിൽ സ്തുതിക്കുവാൻ യോഗ്യമായും, വിപുലേ രജതാദ്രിശൃംഗേ=വിസ്തൃതമായും ഇരിക്കുന്ന കൈലാസത്തിന്റെ കൊടുമുടിയിൽ, കരേറി=ചെന്നു, മനസാപരചിൽസ്വരൂപം ദാക്ഷായണീശം സാക്ഷാൽകരിച്ചു=മനസ്സുകൊണ്ടു ബ്രഹ്മസ്വരൂപനായിരിക്കുന്ന ശിവനെ പ്രത്യക്ഷമായിക്കണ്ടു, മനസ്സിൽ ശിവനെ ധ്യാനിച്ചുകൊണ്ടു എന്നു സാരം. ശ്രീപരമേശ്വരനെക്കുറിച്ചു ഇവണ്ണം ഒരു വാചം=ഇപ്രകാരം ഒരു വാക്കു പറഞ്ഞു ദേവനെ സ്തുതിച്ചു.

“ഭക്ത്യാ വണങ്ങി ഘടിതാഞ്ജലിരഞ്ജസാ പു-
ക്കത്യന്തശുദ്ധമതിരത്ര ശുഭേ പ്രദേശേ
പ്രത്യക്ഷയന്നഖിലനായകമാത്മനാ ത-
ന്മുഗ്ദ്ധേന്ദുചൂഡമൊരു വാചമിവണ്ണമൂചേ.”

എന്നു രാമായണചമ്പു (രാവണോത്ഭവം) പദ്യത്തിനും ഈ ശ്ലോകത്തിനും ഉള്ള ഛായൈക്യം ദൃശ്യമാകുന്നു.

“ഗൌരീസൌഭാഗ്യരാശേ! ജയജയ! ജഗദാ-
ലംബമേ! തമ്പിരാനേ!
നേരേ വന്നിങ്ങു തൃക്കാലിണയിലടിമപു-
ക്കീട്ടമസ്മാനനാഥാൻ
കാരുണ്യത്തോണിതന്മേലഴകൊടു കരയേ-
റ്റി പ്രഭോ കാംക്ഷിതാൎത്ഥം-
പ്പേരാം വാരാകരത്തിന്മറുകരയൊടണ-
ക്കേണമേ ഭക്തബന്ധോ! ൭൧.

ഗൌരീസൌഭാഗ്യരാശേ=ശ്രീപാൎവ്വതീദേവിയുടെ പ്രേമത്തിനു ഇരിപ്പിടമായും, (സംബുദ്ധി) ജഗദാലംബമേ=ലോകത്തിനു ആശ്രയമായും, പ്രഭോ=പ്രഭുവായും—എല്ലാത്തിനും ശക്തനായും ഇരിക്കുന്ന തമ്പിരാനേ, ലോകേശ്വര, ജയജയ = അവിടുന്നു ഉൽകൎഷത്തോടുകൂടി വൎത്തിച്ചാലും, നേരേ..................പുക്കീട്ടും=നേരേ ഇവിടെവന്നു തിരുവടിയുടെ പാദങ്ങളുടെ അടിമകളായും, അനാഥാൻ=മറ്റൊരു രക്ഷകൻ ഇല്ലാത്തവരായും ഇരിക്കുന്ന ഞങ്ങളെ, അഴകൊടു=ഭംഗിയായി, കാരുണ്യ....... ....തന്മേൽ=കരുണയാകുന്ന വഞ്ചിയിൽ കരയേറ്റി, കാംക്ഷിതാൎത്ഥ....... ....മറുകരയിൽ=അഭീഷ്ടമാകുന്ന സമുദ്രത്തിന്റെ അങ്ങേക്കരയിൽ, അണക്കേണമേ=കൊണ്ടെ ആക്കേണമേ, കരുണയോടുകൂടി ഞങ്ങളുടെ അഭീഷ്ടം സാധിപ്പിച്ചു തരണം. വേറെ ആരും ഞങ്ങൾക്കു നാഥനില്ല എന്നു സാരം. ഈ ശ്ലോകം ഭാഷാരാമായണചമ്പു (രാവണോത്ഭവം) വിൽ ഉണ്ടു്. ഭക്തബന്ധോ എന്ന പദത്തിന്റെ സ്ഥാനത്തു് “മെൻ തമ്പിരാനേ” എന്ന പദം ചേൎത്തിരിക്കുന്നു. ഇത്രമാത്രം വ്യത്യാസം.

സ്വർഗ്ഗംഗാബാലചന്ദ്രാങ്കിതപിരിച്ചിടയും
തീപ്പൊരിഞ്ഞൊരു മൂന്നാം-
തൃക്കണ്ണും ഭോഗിവാർകുണ്ഡലവുമരിയ കാ-
കോളവും കണ്ഠനാളേ
അഗ്രേ തൃക്കൈകൾ നാലും കമലഭവശിരോ-
മാലയും മാറിലയ്യാ!
മുഖ്യാഭോഗം പുലിത്തോലുടയുമിഹ പുല-
മ്പേണമേ തമ്പിരാനേ! ൫൨

ഈ ശ്ലോകത്തിൽ ഭഗവത്സ്വരൂപത്തെ വർണ്ണിക്കുന്നു. തമ്പിരാനേ=ഭഗവാനേ, സ്വർഗ്ഗംഗാ..........ചിടയും=ആകാശഗംഗ, ബാലചന്ദ്രൻ, ഇവയോടുകൂടിയതും പിരിച്ചതും ആയ ജടയും, തീപ്പൊ........കണ്ണും=തീച്ചൊരിയുന്ന മൂന്നാമത്തെ നെററിക്കണ്ണും, ഭോഗി........കുണ്ഡലവും=സർപ്പത്തെക്കൊണ്ടുള്ള കർണ്ണാഭരണവും, കണ്ഠനാളേ=കഴുത്തിൽ, അരിയ കാകോളവും=ഭയങ്കരമായ കാളകൂടവിഷവും, അഗ്രേ=അഗ്രത്തിൽ, നാലു തൃക്കൈകളും=നാലു കൈകളും, മാറിൽ കമല........മാലയും=ബ്രഹ്മാവിന്റെ ശിരസ്സും (തലയോടും) അയ്യാ=ആശ്ചര്യം, മുഖ്യാഭോഗം=മുഖ്യമായ ആഭോഗത്തോടുകൂടിയ ഏററവും വലിയ, പുലിത്തോലുടയും=പുലിയുടെ തോലാകുന്ന വസ്ത്രവും, ഇഹ=എന്റെ മനസ്സിൽ, പുലമ്പേണമേ=തോന്നേണമേ, വർത്തിക്കേണമേ. നിന്തിരുവടിയുടെ ഏതാദൃശമായ സ്വരൂപം എന്റെ മനസ്സിൽ ധ്യാനിക്കാറാകണമേ. ഈ ശ്ലോകവും ഭാഷാരാമായണചമ്പുവിൽ ഉണ്ട്. പുലമ്പേണമെൻ (രാ. ച) എന്നു മാത്രമേ പാഠത്തിനു വ്യത്യാസമുള്ളു.

വാമാലങ്കാരിവാമാംഗവുമണികഴലും
ദേവദൈത്യാവതംസം
മാമാ തൃക്കൈകളിൽത്തങ്ങിന വരമഭയം
മാൻകിശോരം കുഠാരം

വാർമേവും പന്നഗേന്ദ്രാഭരണമമലഭ-
സ്മാംഗരാഗാഭിരാമം
പൂമെയ്യും പൂർണ്ണശോഭം മനസി മമ പുല-
മ്പേണമേ തമ്പിരാനേ!". ൭൩

ഈ ശ്ലോകത്തിലും ഭഗവത്സ്വരൂപത്തെ വർണ്ണിച്ചിരിക്കുന്നു. തമ്പിരാനേ=പ്രഭോ! വാമ... ... .വാമാംഗവും=ശ്രീപാർവ്വതിയാകുന്ന അലങ്കാരത്തോടുകൂടിയ ശരീരത്തിന്റെ വാമഭാഗവും, ദേവദൈത്യാവതംസം=ദേവന്മാരുടേയും അസുരന്മാരുടേയും ശിരസ്സിനു ഭൂഷണമായിരിക്കുന്ന-അവർ നമസ്കരിക്കുന്ന, അണികഴലും=പാദവും, തൃക്കൈകളിൽ ... ...കുഠാരം=കൈകളിൽ ധരിച്ചിരിക്കുന്ന വരം, അഭയം, മാൻകുട്ടി, കുഠാരം (മഴു) എന്നിവയും, ഇവയോടുകൂടിയ നാലു കൈകളും, വാർമേവും... ... ... ഭരണവും=ഭംഗിയേറുന്ന വാസുകി സർപ്പമായ ആഭരണവും, പൂർണ്ണശോഭം=ശോഭനിറഞ്ഞതും, അമല ... ...പൂമെയ്യും=നിർമ്മലമായ ഭസ്മംതേച്ചു ഭംഗിയാക്കിയിരിക്കുന്ന പൂമേനിയും എന്റെ മനസ്സിൽ ധ്യാനിക്കാറാകേണമേ. ഈ ശ്ലോകവും ഭാഷാരാമായണചമ്പുവിൽ (രാവണോത്ഭവം) ഉള്ളതാകുന്നു.

പ്രാർത്ഥിച്ചിവണ്ണമഥ മൂർദ്ധ്നി ക്ലപ്തകൈയും-
ചേർത്തങ്ങിനേ ദിനകരാഭിമുഖോ മഹാത്മാ
ആർത്തോരുഭക്തിഭരമേകപദേന തന്നേ
ധാത്രീതലേ തെളിവിൽ നിന്നു തപം തുടർന്നാൻ ൭൪

മഹാത്മാ=മഹാനുഭാവനായ രാജാവ്, ഇവണ്ണം പ്രാർത്ഥിച്ചു=ഇപ്രകാരം പ്രാർത്ഥിച്ചു, അഥ ... ...ചേർത്തു= കൈതൊഴുതു ശിരസ്സിൽ ചേർത്തുകൊണ്ട്, ദിനകരാഭിമുഖോ=സൂര്യനു നേരെ നിന്നുകൊണ്ട്, അങ്ങിനെ=അപ്രകാരം, ആർത്തോരു... ... ... ഭരം=അധികമായ ഭക്തികൈക്കൊണ്ട്, ധാത്രീതലേ=ഭൂമിയിൽ, ഏകപദേനതന്നെ=ഒററക്കാലുകൊണ്ടുതന്നെ, നിന്നു തെളിവിൽ=മനഃപ്രസാദത്തോടുകൂടി, തപം തുടർന്നാൻ= തപസ്സുചെയ്തു. ശിരിസ്സിൽ തൊഴുകൈചേർത്തു ഒരു കാലുമാത്രം ഭൂമിയിൽ ഊന്നിക്കൊണ്ടു രാജാവ് തപസ്സുചെയ്തു എന്നു സാരം.

യമനിയമാദികൾകൊണ്ടു
വിമലത ചേർത്തുൾക്കരുന്നിലന്തർവ്വലം
ദമിതമഹേന്ദ്രിയതുരഗഃ
സ്തിമിതസമാധിസ്സമാസ്ഥ തപസേസൌ. ൩൭

അസൌ=ഈ രാജാവു്, യമനിയമാദികൾ കൊണ്ടു=യമം മുതലായവകൊണ്ടു്,

"പൂർവ്വം ശമോ ദമഃ പശ്ചാദാസനം തു തൃതീയകം
പ്രാണായാമശ്ചതുർത്ഥോത്ര പ്രത്യാഹാരസ്തു പഞ്ചമഃ
ധാരണാതഃ പരം ധ്യാനം സപ്തമം തല്പരം പുനഃ
സമാധിരേവമംഗാനി യോഗസ്യോക്താനി സൂരിഭിഃ"

എന്നു യോഗശാസ്ത്രത്തിൽ പറയുന്ന ഭാഗം ഇവിടെ സ്മരിക്കേണ്ടതാകുന്നു. യോഗത്തിന്റെ ഈ അഷ്ടാംഗങ്ങളെയാണു് യമനിയമാദി എന്ന പദം കുറിക്കുന്നതു്. ഉൾക്കരുന്നിനു അന്തഃവലം വിമലത ചേർത്തു=മനസ്സിനു ഏററവും നിർമ്മലത്വം വരുത്തി, രാഗദ്വേഷാദിമാലിന്യങ്ങളെല്ലാം നശിപ്പിച്ചു എന്നു സാരം. ദമിതമഹേ...... ......തുരഗഃ=ഇന്ദ്രിയങ്ങളാകുന്ന കുതിരകളെ എല്ലാം അടക്കിനിർത്തി, ഇന്ദ്രിയനിഗ്രഹം ചെയ്തു എന്നു സാരം. സ്തിമിതസമാധിഃ=സമാധിയുറപ്പിച്ചു, തപസേ=തപസ്സിനായിക്കൊണ്ടു, സമാസ്ഥ=സ്ഥിതിചെയ്തു. യോഗംകൊണ്ടു ഇന്ദ്രിയനിഗ്രഹം ചെയ്തു ഏകാഗ്രതയോടുകൂടി രാജാവു തപസ്സു ചെയ്തു എന്നു ഭാവം. ഭോജരാമായണചമ്പുവിൽ ഈ ശ്ലോകവും ഉണ്ടു്. പാഠഭേദം യാതൊന്നുമില്ല (വൃത്തം ഗീതി)

ജിതാസനോ മീലിതലോചനാംബുജ-
സ്സരോജപത്സംയമിതാനിലക്രമഃ
വിധൌതനാഡീനിവഹോ മഹത്തപ-
സ്സ തപ്തവാൻ കേവലമാരുതാശനഃ. ൩൮

സഃ=അവൻ, രാജാവു്, ജിതാസനഃ=ആസനങ്ങളെയെല്ലാം ജയിച്ചവനായും, 'സ്ഥിരസുഖമാസനം' എന്നു പതഞ്ജലിസൂത്രം. നിശ്ച

ളമായ സുഖത്തെ ജനിപ്പിക്കുന്നതു് ആസനം എന്നു് ഈ സൂത്രത്തിന്റെ അൎത്ഥം. 'ആസ്യത അനേനേത്യാസനം' എന്നു ശബ്ദാൎത്ഥം. മീലിത ....ബ്ജഃ=നേത്രങ്ങളെ അടച്ചുകൊണ്ടും, സദാ=എപ്പോഴും, ഉജ്ജ്വലഃ=തേജസ്സുകൊണ്ടു ജ്വലിക്കുന്നവനായും, സംയമി............ക്രമഃ=ശരീരത്തിലുള്ള പ്രാണാദി വായുക്കളുടെ ഗതികളെയെല്ലാം സംയമനം ചെയ്തും—അടക്കിയവനായും, വിധൌത.............നിവഹഃ=നാഡികളെല്ലാം കഴുകി ശുദ്ധിവരുത്തിയവനായും. നാഡീശോധനം യോഗത്തിന്റെ (തപസ്സിന്റെ) പ്രാരംഭത്തിൽ ചെയ്യേണ്ട ഒരു പ്രധാനകൎമ്മമാകുന്നു.

"യഥേഷ്ടധാരണം വായോരനലസ്യ പ്രദീപനം
നാദാഭിവ്യക്തിരാരോഗ്യം ജായതെ നാഡിശോധനം"

എന്നും മററും അതിന്റെ ഫലത്തെപ്പററി യോഗശാസ്ത്രത്തിൽ പറയുന്നു. കേവല..................ശനഃ = കേവലം വായുവിനെ ഭക്ഷിക്കുന്നവനായും, ഇതരങ്ങളായ സാധനം ഒന്നും ഭക്ഷിക്കാതെയും, മഹൽ തപഃ=വലിയതായ തപസ്സിനെ, തപ്തവാൻ=തപിച്ചു—ചെയ്തു. ഒരു യോഗി തപസ്സു ചെയ്യുമ്പോൾ അനുഷ്ഠിക്കേണ്ട കാൎയ്യങ്ങളെല്ലാം ഈ പദ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ ശ്ലോകവും ഭാ. രാമായണചമ്പുവിൽ (രാവണോത്ഭവം) ഉള്ളതാണു്. വൃത്തം വംശസ്ഥം. 'ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും' എന്നു ലക്ഷണം (വൃത്തമഞ്ജരി. ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ)

ഉത്ഥാപ്യ മൂലശിഖികീലമസൌ സുഷുമ്നാ-
മദ്ധ്യാദ്ധ്വനാ ദ്രുഹിണരന്ധ്രമുരുപ്രകാശം
വിസ്താൎയ്യ വിഷ്വഗമൃതൈഃ പരമാത്മചന്ദ്ര-
സ്രസ്തൈസ്തദാന്തരനഭസ്ഥലമഭ്യഷിഞ്ചൽ. ൫൧

അസൌ=ഈ രാജാവു്, സുഷുമ്നാ...................ദ്ധ്വനാ=സുഷുമ്നാനാഡിയുടെ നടുവിലുള്ള വഴിയിൽക്കൂടി.

"സുഷുമ്നാഖ്യാ മഹാനാഡീ ദേഹമദ്ധ്യേ പ്രതിഷ്ഠിതാ
അന്തസ്സുഷിരസമ്പന്നാ വേണുകാണ്ഡവദുത്ഥിതാ
ഗുദാത്തു ദ്വ്യംഗുലാദൂൎദ്ധ്വം മേഢ്റാത്തു ദ്വ്യംഗുലാദധഃ
മൂലേപ്യൎക്കിന്നവംശാഭാ തന്മുഖം സുപ്രതിഷ്ഠിതം.
ത്രികോണദേഹമദ്ധ്യം തന്മൂലാധാരം വിദുൎബ്ബുധാഃ."

എന്നു യോഗശാസ്ത്രത്തിൽ സുഷുമ്നയുടെ ആകൃതിയും സ്ഥാനവും പറയുന്നു. മൂലാധാരത്തിലുള്ള അഗ്നിജ്വാലയെ ഉത്ഥാപ്യ=ഉയർത്തിയിട്ട്, ഉരുപ്രകാശം ദ്രുഹിണരന്ധ്രം=ഏററവും പ്രകാശത്തോടുകൂടിയ ബ്രഹ്മരന്ധ്രത്തെ, വിസ്താര്യ=വലുതാക്കിയിട്ട്, പരമാത്മ..................ന്ദുബിംബാൽ വിഷ്വഗ്ഗളൈരമൃതൈഃ=പരമാത്മാവാകുന്ന ചന്ദ്രങ്കൽനിന്നു എല്ലാഭാഗത്തും ഒലിക്കുന്ന അമൃതങ്ങളെക്കൊണ്ടു, ആന്തരനഭഃസ്ഥലം അഭ്യഷിഞ്ചൽ= അന്തർഭാഗമാകുന്ന ആകാശത്തെ നനച്ചു. ഈ ശ്ലോകവും ഭാഷാരാമായണചമ്പുവിൽ (രാവണോത്ഭവം) ഉണ്ട്. പ്രഥമപാദത്തിൽ ശിഖികീലം എന്നിടത്തു ശിഖിമൂലം എന്നു മാത്രം പാഠഭേദം.

ദീപ്തിസ്തദന്തരഥ കാഞ്ചന മൂലപത്മാൽ
പ്രോത്ഥായ ദന്തുരിതമദ്ധ്യമനാഡിരന്ധ്രാ
ആദ്വാദശാന്തമപി രാജതദണ്ഡഗർഭ-
പ്രോദ്യന്മഹാരജതദണ്ഡനിഭാ ബഭാസേ. ൭൨

അഥ=അനന്തരം, തദന്തഃ=അതിന്റെ ഉള്ളിൽ, മൂലപത്മാൽ പ്രോത്ഥായ=മൂലപത്മത്തിങ്കൽനിന്നു ഉയന്നും, ദന്തുരിത........ ......രന്ധ്രാ=മദ്ധ്യമനാഡീദ്വാരത്തിങ്കൽ ദന്തുരമായതും, ആദ്വാദശാന്തം അപി=ദ്വാദശാന്തം വരെയും—യോഗശാസ്ത്രപ്രകാരം മൂലാധാരംമുതൽ ഭ്രൂമദ്ധ്യമായ ആജ്ഞാചക്രം വരെ ആറു ആധാരങ്ങളും അതിന്മേൽ ബിന്ദു, കല, നിർബ്ബോധിക, അർദ്ധേന്ദു എന്നും മററും പലതു ആധാരങ്ങളും ഉണ്ട്. ഇവയിൽ മൂലാധാരം മുതല്ക്കു കണക്കുകൂട്ടിയാൽ പന്ത്രണ്ടാമത്തെ ആധാരത്തിന്റെ ഒടുവിലത്തെ സ്ഥാനമാണ് ദ്വാദശാന്തം എന്നു പേർ പറയുന്ന പ്രദേശം. ഇവിടെ ഇന്ന വിധത്തിൽ ഈശ്വരനെ ധ്യാനിക്കണമെന്നു യോഗശാസ്ത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്.

"ശുദ്ധസ്ഫടികസങ്കാശം ദ്വാദശാന്തേവലോകയേൽ
ദ്വാദശാംഗുലമായാമം ശരീരം കാലരൂപിണം."

എന്നും,

"സ്വദേഹായതനസ്യാന്തർവ്വിചിന്ത്യ പരമേശ്വരം
ഹൃൽപത്മേ കർണ്ണികാമദ്ധ്യേ ധ്യാനയജ്ഞേന പൂജയേൽ
മൂലേ വാ ശാശ്വതേ നാഭൗ കണ്ഠേ വാ താലുരന്ധ്രകേ
ഭ്രൂമദ്ധ്യേ ദ്വാദശാന്തേ വാ ലലാടേ മൂർദ്ധ്നി സംസ്മരേൽ."

എന്നും പ്രപഞ്ചഹൃദയത്തിൽ (യോഗപ്രകരണത്തിൽ) പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ ഇവിടെ ഓൎമ്മിക്കുന്നതു കൊള്ളാം. ഇവയിൽനിന്നു താഴെയുള്ള ഷഡാധാരങ്ങൾപോലെ മുകളിലുള്ള ധ്യാനസ്ഥാനങ്ങളിൽ ഒന്നാണു് ദ്വാദശാന്തം എന്നു തെളിയുന്നു. രാജത ....നിഭാ=രാജതദണ്ഡത്തിന്റെ ഉള്ളിൽനിന്നു ഉദിച്ചുണ്ടായ വലിയ രാജതദണ്ഡംപോലെയുള്ളതും ആയ, കാചന=ഏതോ ഒരു, ദീപ്തിഃ=ശോഭ, ബഭാസെ=ശോഭിച്ചു. രാജതം=വെള്ളികൊണ്ടുള്ളതു, ദണ്ഡം=വടി. ഈ ശ്ലോകവും ഭാഷാരാമായണചമ്പുവിൽ (രാവണോത്ഭവം) ഉണ്ടു്.

ആകാശകേവലഗൃഹോ ജലവാഹകാലേ
സാകാംക്ഷമേവ ശിശിരേ സലിലാവഗാഹീ
ആകീൎണ്ണപഞ്ചശിഖിമദ്ധ്യഗതശ്ച ഘൎമ്മേ
ലോകാൽഭുതാന്യഥ തപാംസി ചചാര സോയം. ൫൯

സഃ അയം=ഈ രാജാവു്, ജലവാഹകാലേ=ജലവാഹങ്ങളുടെ—മേഘങ്ങളുടെ കാലത്തിങ്കൽ—വൎഷകാലത്തിൽ, ആകാശ...............ഗൃഹഃ=ആകാശമാകുന്ന ഗൃഹം മാത്രമുള്ളവനായും, ഭൂമിയിൽ ഗൃഹത്തിലെങ്ങും ഇരിക്കാതെ വെളിസ്ഥലത്തു നിന്നു എന്നു സാരം. ശിശിരെ=ശിശിര(തണുപ്പുള്ള, മഞ്ഞു)കാലത്തു, സാകാംക്ഷം=താല്പൎയ്യത്തോടുകൂടി, സലിലാവഗാഹീ=വെള്ളത്തിൽ മുങ്ങിയവനായും, ഘൎമ്മേ=വേനൽക്കാലത്തു, ആകീൎണ്ണപഞ്ച ....ഗതഃ=പഞ്ചാഗ്നികളുടെ നടുവിൽനിന്നു. നാലുപുറത്തും തീയിട്ടു അതിന്റെ നടുക്കു ആദിത്യന്റെ രശ്മികൾ തട്ടത്തക്കവണ്ണം നിന്നു എന്നു അൎത്ഥം. ലോകാ..........തപാംസി=ലോകത്തിൽ അത്ഭുതത്തെ ജനിപ്പിക്കുന്നവയായ തപസ്സുകളെ, ചചാര=ആചരിച്ചു—ചെയ്തു. വൃഷ്ട്യാദിപീഡകളെ ഒന്നും വകവെയ്ക്കാതെ കഠിനമായ തപസ്സു രാജാവു ചെയ്തു എന്നു സാരം. ഈ ശ്ലോകവും ഭാ. രാ. ചമ്പുവിൽ (രാവണോത്ഭവം) ഉണ്ടു്.

മുഹുരാന്തരചക്ഷുഷാ ത്രിലോകം നാ-
ളുഗജാകാന്തമകത്തു കാണുകകൊണ്ടോ
ദ്രുഹിണാദിതൃണാന്തമിപ്രപഞ്ചം
നിഖിലം കേശം ശിവരൂപമായ്പുലമ്പി. ൬൦

മുഹുഃ=കൂടെക്കൂടെ, ആന്തരചക്ഷുഷാ=മനസ്സാകുന്ന കണ്ണുകൊണ്ടു്, ഇലോം നാൾ=വളരെക്കാലം, അകത്തു=മനസ്സിൽ, അഗജാകാന്തം=ശ്രീപരമേശ്വരനെ, കാൺകകൊണ്ടോ=ദീർഘകാലം ഭഗവാനെ ധ്യാനിച്ചു തപസ്സുചെയ്തുകൊണ്ടോ എന്നു സാരം. ദ്രുഹിണാ.........പ്രപഞ്ചം=ബ്രഹ്മാവുമുതൽ പുല്ലുവരെയുള്ള പ്രപഞ്ചം, നിഖിലം=എല്ലാം, ശിവസ്വരൂപമായ്=ശിവന്റെ ആകൃതിയായി, പുലന്നി=തോന്നി–വിചാരിച്ചു. ശിവനെ ധ്യാനിച്ചുകൊണ്ടു തപസ്സുചെയ്ത രാജാവിനു ലോകത്തിലെ സകല വസ്തുക്കളും ശിവമയമായിട്ടു തോന്നി.

"വൃക്ഷേ വൃക്ഷേ ഹി പശ്യാമി ചീരകൃഷ്ണാജിനാംബരം
ഗൃഹീതധനുഷം രാമം പാശഹസ്തമിവാന്തകം
അപി രാമസഹസ്രാണി ഭീതഃ പശ്യാമി രാവണഃ
രാമഭൂതമിദം സർവ്വമരണ്യം പ്രതിഭാതി മേ."

(ആരണ്യകാണ്ഡം–സ–൩൯)

എന്നു വാല്മീകിരാമായണത്തിലും,

"ആസീനസ്സംവിശൻ തിഷ്ഠൻ ഭുഞ്ജാനഃ പര്യടന്മഹീം
ചിന്തയാനോ ഹൃഷീകേശമപശ്യത്തന്മയം ജഗത്."

(ദശമസ്കന്ധം–അദ്ധ്യാ–൨)

എന്നു ഭാഗവതത്തിലും പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ പ്രകൃതത്തിൽ സ്മരണീയമാകുന്നു. ഒരു വസ്തുവിനെക്കുറിച്ചു സദാപി ധ്യാനിച്ചുകൊണ്ടിരുന്നാൽ ആ ധ്യാനത്തിന്റെ പരമാവസ്ഥയിൽ കാണുന്നതെല്ലാം ആ വസ്തുവാണെന്നു തോന്നുന്നതു സാധാരണമാണ്. വൃത്തം വസന്തമാലിക. 'വിഷമേ സസജം ഗഗം സമത്തിൽ സഭരേഫം യ വസന്തമാലികയ്ക്കു്' എന്നു ലക്ഷണം (വൃ മ).

ഇക്കാണായ വനങ്ങളും ഗിരിശിഖാ-
ക്കൂടങ്ങളും വല്ലരീ-
വൃക്ഷൗഘങ്ങളുമിമ്മൃഗങ്ങളുമൊരോ
ജന്തുക്കൾ മററുള്ളതും

കേരള സാഹിത്യ അക്കാദമി

അഗ്രേ കണ്ടതശേഷവും പരശിവൻ-
തന്നേ ശിവാദന്യഥാ
ന ക്വാപി സ്ഫുടമൊന്നുമേ ശിവമയം
ത്രൈലോക്യമെപ്പേരുമേ. ൯൧

പൂർവ്വശ്ലോകത്തിലെ ആശയംതന്നെ വിസ്തരിച്ച് ഈ പദ്യത്തിൽ പറയുന്നു. ഇക്കാണായ വനങ്ങളും...... മൃഗങ്ങളും=ലോകത്തിൽ കാണുന്ന വനം, പർവ്വതം, വള്ളി, വൃക്ഷം, മൃഗം എന്നിവയും മററുള്ളതും ഓരോ ജന്തുക്കളും=മററുള്ളവയായ ഓരോതരം ജന്തുക്കളും, അഗ്രേ കണ്ടതശേഷവും=മുൻപിൽ കാണുന്നതെല്ലാം, പരശിവൻതന്നേ=പരമാത്മസ്വരൂപിയായ ശിവൻതന്നെയാകുന്നു. ശിവാദന്യഥാ=ശിവനിൽനിന്നു വേറെയായി, ഒന്നും=യാതൊരു വസ്തുവും, ഒരിടത്തും സ്ഫുടം=വ്യക്തമായി, ന=ഇല്ല, ത്രൈലോക്യം എപ്പേരുമേ ശിവമയം=ലോകം എല്ലാം ശിവരൂപമാകുന്നു. ലോകം എല്ലാം ശിവരൂപമായി രാജാവു കണ്ടു എന്നു സാരം.

ഞാനത്രേ ശശിചൂഡനായതു കനൽ-
ക്കണ്ണും മദീയാളികേ
ഞാനത്രേ ശിതികന്ധരൻ പരശ്രുതാ-
നെങ്കഴ്ത്തിലും സാമ്പ്രതം
ഞാനത്രേ ശിവനെന്നുമെന്നുടലിതെ-
ല്ലാമേ ശിവാഭിന്നമെ-
ന്നാനന്ദത്തൊടുറച്ചിതാത്മനി ദൃഢം
മംഗല്യപാഥോനിധേഃ. ൯൨

മംഗല്യ..................നിധേഃ=മംഗല്യത്തിനു സമുദ്രമായ രാജാവിൻെറ, ആത്മനി=ആത്മാവിൽ, ഞാന..........നായതു=ഞാൻ തന്നെയാണു ശിവൻ, മദീയാളികേ കനൽക്കണ്ണും=എൻെറ നെററിയിലാണു തീക്കണ്ണുള്ളതും, ശിതികന്ധരൻ ഞാനത്രേ=കഴുത്തിൽ കാളകൂടം ധരിച്ചു നീലനിറം ഉണ്ടായിരിക്കുന്നതും എനിക്കാണ്, സാമ്പ്രതം=എൻ കഴുത്തിലും പരശ്രുതാൻ=ഇപ്പോഴും എൻെറ കഴുത്തിലും മഴുവുണ്ട്. ശിവൻ ഞാന

ന്ത്രേ=ശിവൻ ഞാൻ തന്നെയാണ്, എൻ ഇതു ഉടലെല്ലാം ശിവാഭിന്നം=എൻെറ ഈ ശരീരം എല്ലാം ശിവങ്കൽനിന്നും വേർപെട്ടതല്ല. എൻേറയും ശിവൻേറയും ശരീരം ഒന്നുതന്നെ, എന്നു ആനന്ദത്തൊടു=ഇപ്രകാരം സന്തോഷത്തോടുകൂടി, ദൃഢം=ഉറപ്പോടുകൂടി, ഉറച്ചിതു=വിചാരിച്ചു. രാജാവു തന്നെ ശിവങ്കൽനിന്നു അഭിന്നനായി കരുതിയെന്നു സാരം.

സതതമപി മനീഷാബിംബിതം ബിംബമൈശം
പ്രഥിതരുചി പുറത്തുടങ്ങു കത്തുന്നപോലെ
അതിശയിതതപസ്യാരീതികൊണ്ടേററമേററം
പ്രസരദതുലതേജോരാശി ജജ്വാല രാജാ. ൯൨

രാജാ=രാജാവായ ശതദസാമൻ, സതതം അപി=എല്ലാസമയത്തും, മനീഷാബിംബിതം=തൻെറ ഹൃദയത്തിൽ നിഴലിച്ചിരിക്കുന്നതും, പ്രഥിതരുചി=വലിയ തേജസ്സോടുകൂടിയതും ആയ, ഐശം=ശിവൻെറ, ബിംബം=വിഗ്രഹം, പുറത്തു ... ...പോലെ=ദേഹത്തിൻെറ പുറമേയും കത്തുന്നതുപോലെ. അലങ്കാരം ഉൽപ്രേക്ഷ. അതിശയിത ... ... മേററം=അത്ഭുതമായ തപസ്സിൻെറ രീതികൊണ്ടു അധികമധികമായി, പ്രസര... ... ...രാശി=വ്യാപിക്കുന്ന നിസ്തുലമായ തേജസ്സിനു ഇരിപ്പിടമായിട്ടു, ജജ്വാല=ജ്വലിച്ചു-ശോഭിച്ചു. രാജാവിൻെറ ശരീരത്തിനുപുറത്തും നിസ്തുല്യമായ മഹാതേജസ്സു കത്തിക്കാളിപ്പരന്നു. അതു കണ്ടാൽ അദ്ദേഹത്തിൻെറ അകത്തിരിക്കുന്ന ശിവൻെറ തേജസ്സു പുറത്തേക്കും വ്യാപിച്ചുവോ എന്നു തോന്നും എന്നു സാരം.

അത്യന്തം വിസ്മയിച്ചു മുനിജനമരികേ
കണ്ടു ഘോരന്തപസ്യാ-
വിസ്താരന്ദേവതാനാമിടനില മനകാ-
ബിന്നു തട്ടീ നിഗ്രഢം
എത്തീ സംഭ്രാന്തി മുപ്പാരിനുമവശമതേ-
യല്ല സാക്ഷാൽ ത്രിലോകീ-
ഭർത്താവിന്നദ്രികന്യാരമണനു തിരുവു-
ള്ളത്തിലേറീ വിശേഷം. ൯൩

മുനിജനം അഭികേ=മഹർഷിമാർ സമീപത്തിൽ, ഘോരം തപസ്യാവിസ്താരം കണ്ടു=കഠിനവും വിസ്തരിച്ചു ചെയ്യുന്നതുമായ തപസ്സു കണ്ടു. അത്യന്തം വിസ്മയിച്ചു=ആശ്ചര്യപ്പെട്ടു, ദേവതാനാം മനകാമ്പിനും=ദേവന്മാരുടെ മനസ്സിൽ, സന്ധിയിൽ മനക്കാമ്പു എന്നല്ലാതെ ഭാഷയിൽ മനകാമ്പു എന്നു വരികയില്ല. മനകാമ്പു എന്നു പ്രയോഗിച്ചതു വൃത്തത്തിനു ഭംഗം നേരിടാതിരിക്കുവാനാണ്. 'അപി മാഷം മഷം കുര്യാൽ ഛന്ദോഭംഗം ന കാരയേൽ' എന്ന ന്യായം ഇവിടെ സ്മരണീയം. അകകാമ്പു, മനകാമ്പു, ഇത്യാദി പ്രയോഗങ്ങൾ പ്രാചീനചമ്പുക്കളിൽ സാധാരണമാകുന്നു. നിഗൂഢം=രഹസ്യമായി, പുറമേ കാണാതെ, ഇടനില തട്ടീ=ഇളക്കം വന്നു. മുപ്പാരിന്നും സംഭ്രാന്തി എത്തി=മൂന്നു ലോകങ്ങൾക്കും സംഭ്രമം ഉണ്ടായി. അതേയല്ല=അത്രതന്നെയല്ല, അവശം=അവശസ്ഥിതി, സാക്ഷാൽ ത്രിലോകീ.......ലേറീ=സാക്ഷാൽ മൂന്നു ലോകങ്ങളുടേയും നാഥനായും, ശ്രീപാർവ്വതിയുടെ ഭർത്താവായും ഇരിക്കുന്ന ശ്രീപരമേശ്വരന്റെ തിരുവുള്ളത്തിൽ വിശേഷം വന്നുചേർന്നു. ശിവന്റെ ഹൃദയവും അസ്വസ്ഥമായി എന്നു സാരം. മുനികൾ, ദേവന്മാർ, മൂന്നു ലോകത്തിലും അധിവസിക്കുന്ന ജനങ്ങൾ, ശിവൻ ഇവർക്കെല്ലാം രാജാവിന്റെ അത്ഭുതമായ തപസ്സുകൊണ്ടു മനസ്സ് അസ്വസ്ഥമായി എന്നു ഭാവം.

"മൽപ്രാണേശ്വരി ശൈലരാജമകൾതൻ-
നൽപ്രീതിസർവ്വസ്വമാം-
നൽബിംബം പുനരേതദർത്ഥിതമതി-
ങ്ങാമോ കൊടുത്തീടുവാൻ?
ഇപ്പാർ മുട്ടെ ദഹിച്ചുപോമിതു കൊടു-
ത്തീടായ്കിലുഗ്രേ തപോ-
വിസ്താരാഗ്നിയിലെന്തഹോ വിഷമമായ്
നിഷ്പന്നമെപ്പേരുമേ. ൫൮

ഈ ശ്ലോകത്തിൽ ശിവന്റെ വിചാരത്തെ പ്രതിപാദിക്കുന്നു. ഏതദർത്ഥിതം=ഈ രാജാവു ആഗ്രഹിക്കുന്നതു-പ്രാർത്ഥിക്കുന്നത്, മൽപ്രാണേശ്വരി.........നൽബിംബം=എന്റെ ജീവനാഥയായ പാർവ്വതിയുടെ പ്രീതിസർവ്വസ്വമായ ബിംബമാകുന്നു. പാർവ്വതി അതിപ്രീതിയോടു

കൂടി വച്ചു പൂജിക്കുന്ന ബിംബത്തെയാണ രാജാവു ആഗ്രഹിക്കുന്നതെന്നു ഭാവം. പുനഃ ഇങ്ങമാമോ കൊടുത്തീടുവാൻ=എനിക്ക പാൎവ്വതിയുടെ സമ്മതംകൂടാതെ കൊടുക്കാവുന്നതാണോ. ഇതു കൊടുത്തീടാഞ്ഞിൽ ഇപ്പാർ ഇന്നു മുട്ടെ ദഹിച്ചുപോം=ബിംബം രാജാവിന്നു കൊടുത്തില്ലെങ്കിൽ ഈ ലോകം ഇന്നു മുഴുവനും അദ്ദേഹത്തിന്റെ കഠിനതപസ്സാകുന്ന തീയിൽ ദഹിക്കും. എന്തപ്പരമേ വിഷമമായ് നിഷ്പന്നം അഹോ=എല്ലാം ഏററവും വിഷമമായി വന്നു. ബിംബം രാജാവിന്നു കൊടുക്കുവാനും കൊടുക്കാതിരിക്കുവാനും പാടില്ലെന്ന നില വന്നതുകൊണ്ടു ധൎമ്മസങ്കടത്തിലകപ്പെട്ടു ശിവൻ വിഷമിച്ചു എന്നു സാരം.

"എന്നാലും കാലമായീ നിഖിലഭുവനര-
ക്ഷാൎത്ഥമേതസ്യ കാമം-
തന്നേ കാമം കൊടുപ്പാനപചിതിമധികാ
മന്വഹം തന്വതോ മേ."
എന്നമ്മാരാരി മത്വാ പനിമലമകളും നീ-
രാടുവാൻ പോയനേര-
ത്തുന്നിദ്രാത്മാ തദഗ്രേ കനിവൊടനുജിഘൃ-
ക്ഷുസ്തദാ പ്രാദുരാസീൽ. ൯൩

എന്നാലും=ബിംബം കൊടുക്കുന്നതു ശ്രീപാൎവ്വതിക്കു ഹിതമല്ലെന്നു വരികിലും, അന്വഹം=ദിവസംതോറും, മേ=എന്റെ, അപചിതിം=പൂജയെ, അധികാം=അധികമായി, തന്വതഃ=ചെയ്യുന്നവനായ, ഏതസ്യ=ഈ രാജാവിന്റെ, കാമം=ആഗ്രഹത്തെ, നിഖില ... ... രക്ഷാൎത്ഥം=ലോകങ്ങളുടെ എല്ലാം രക്ഷയ്ക്കുവേണ്ടി, കാമംതന്നേ = ഏററവും, കൊടുപ്പാൻ=കൊടുക്കുന്നതിന്നു, കാലമായ്=കാലം വന്നു. എന്നെ ഈ രാജാവു പതിവായി അധികം ഭജിയ്ക്കുന്നു. ഇദ്ദേഹത്തിന്റെ അഭീഷ്ടം സാധിപ്പിക്കുവാൻ ഇനി താമസിപ്പിക്കരുതു എന്നു ഭാവം. എന്നു=ഇപ്രകാരം, ഉന്നിദ്രാത്മാ അമ്മാരാരി=പരമാത്മാവായിരിക്കുന്ന ആ ശിവൻ, മത്വാ=വിചാരിച്ചു, കനിവൊടു അനുജിഘൃക്ഷുഃ=ദയവോടുകൂടി രാജാവിനെ അനുഗ്രഹിക്കുന്നതിന്നു ആഗ്രഹിച്ചുകൊണ്ടു, തദഗ്രേ=രാജാവിന്റെ അടുക്കൽ, പനിമല... ... ...നേരത്തു=ശ്രീപാൎവ്വതി കുളിക്കുവാൻ പോയ സമയത്തു, തദാ=അപ്പോൾ, പ്രാദുരാസീൽ=പ്രത്യക്ഷമാ

യിബ്ഭവിച്ചു. ശ്രീപാർവ്വതി സമീപത്തിൽ ഇല്ലാതെയിരുന്ന സമയം അ റിയാതേ ബിംബം എടുത്തു രാജാവിനു കൊടുക്കുന്നതിനായി അദ്ദേഹ ത്തിൻെറ മുമ്പിൽ ശിവൻ പ്രത്യക്ഷനായി.

അപ്പോളാത്മസ്ഥനാമീശ്വരമഴകൊടു കാ-
ണായ്കകൊണ്ടെന്നപോലേ
വിസ്മേരോസൌ പുരസ്താദണിമിഴികൾ തുറ-
ന്നാശു നോക്കും ദശായാം
ദുഷ്പാരോല്ലാസിരോദസ്ഥലമിടനിറയു-
മ്മാറു കാണായിതയ്യാ!
ദ്ദര്പ്യൽസൂര്യ്യാഗ്നികോടിപ്രതിമ തടവി നി-
ല്പോരു തേജോവിശേഷം. ൩൭

അപ്പോൾ അസൌ=ആ സമയത്തു രാജാവു, ആത്മസ്ഥ............ പോലെ=തൻെറ ആത്മാവിൽ സ്ഥിതിചെയ്യുന്ന ഭഗവാനെ ഉള്ളിൽ കാ ണാഞ്ഞിട്ടെന്നപോലെ, വിസ്മേരഃ=വിസ്മേരനായിട്ടു(വിസ്മയിച്ചു) പുര സ്താൽ=സമീപത്തിൽ, അണി............ദശായാം=കണ്ണുകൾ തുറന്നു നോ ക്കിയപ്പോൾ—ഉള്ളിൽ ഇരിക്കുന്ന ഈശ്വരനെ കാണുന്നില്ല എവിടെയാ ണെന്നു നോക്കാം എന്നു വിചാരിച്ചിട്ട് എന്നപോലെ രാജാവു കണ്ണു തുറ ന്നു നോക്കി. ആ സമയത്തു. അയ്യാ=ആശ്ചര്യം, രാജാവു നോക്കിയ പ്പോൾ, ദർപ്യൽ ....വിശേഷം=എന്നെക്കാൾ പ്രകാശം ആർക്കാണു അധികം എന്നു അഹങ്കാരത്തോടുകൂടിയ ആദിത്യനും അഗ്നിയും കോടി യെണ്ണമൊരുമിച്ചാൽ എത്ര തേജസ്സുണ്ടാകുമോ അത്രയ്ക്കു വിശിഷ്ടമായ പ്ര കാശം, ദുഷ്പാരോ............മാറു=അവസാനമില്ലാതെ ശോഭിക്കുന്ന ദ്യാവാ കാശങ്ങൾ നിറയത്തക്കവിധം, കാണായിതു=കണ്ടു. ലോകം മുഴുവനും നിറഞ്ഞിരിക്കുന്നതും അതിമഹത്തും ആയ പ്രകാശം മുൻപിൽ കണ്ടു എന്നു ഭാവം.

കാണപ്പെട്ടു സമക്ഷം തദനു തെളിവെഴും
തേജസസ്തസ്യ മദ്ധ്യേ
ചേണെത്തും കാളഭോഗീശ്വരകലിതജടാ-
ന്തമുരശ്ചന്ദ്രരേഖം

ടീനത്രാണൈകദീക്ഷം മനസി കിമപി കൊ-
ള്ളാഞ്ഞു തള്ളിക്കടക്ക-
ക്കോണിൽ പാടേ പടൎന്നീടിന ഘനകരുണം
പാൎവ്വതീഭാഗധേയം. ൯൨

ശതസോമൻ കണ്ട തേജസ്സിൻെറ രൂപം ഈ ശ്ലോകത്തിൽ വൎണ്ണിക്കുന്നു. തദനു=അതിനുശേഷം, തെളിവെഴും=തെളിഞ്ഞ, തസ്യ തേജസഃ മദ്ധ്യേ=ആ തേജസ്സിൻെറ നടുവിൽ, ചേണെഴും..........രേഖം=ഭംഗിയായി കാളസൎപ്പത്തെ അണിഞ്ഞിരിക്കുന്ന ജടയിൽ മനോഹരമായ ബാലചന്ദ്രനെ ബന്ധിച്ചിരിക്കുന്നതും-ധരിക്കുന്നതും, ദീന........ദീക്ഷം=ദീനന്മാരെ രക്ഷിക്കുന്നതിൽ വ്രതത്തോടുകൂടിയതും, മനസി........കരുണം=ഉള്ളിൽ നിറഞ്ഞു അവിടെ ഇരിക്കുവാൻ സ്ഥലമില്ലാതെ പുറത്തേക്കു തിരക്കിച്ചാടി കണ്ണിൽ പടൎന്നിരിക്കുന്ന ഘനത്ത-അധികമായ കരുണയോടുകൂടിയതും ആയ, പാൎവ്വതീഭാഗധേയം=ശ്രീപാൎവ്വതിയുടെ ഭാഗ്യം, സമക്ഷം=കണ്ണിന്റെ മുൻപിൽ, കാണപ്പെട്ടു. പരമശിവനെ രാജാവു മുൻപിൽ കണ്ടു എന്നു സാരം. പാൎവ്വതീഭാഗധേയമായിട്ടു ശിവനെ പ്രകൃതത്തിൽ കല്പിച്ചിരിക്കുന്നു. പൂൎണ്ണമായ സ്വരൂപത്തോടുകൂടിയാണു ശിവൻ പ്രത്യക്ഷനായതെന്നു സാരം. മനസി..........കരുണം എന്ന പദം ഭഗവാൻെറ കരുണാധിക്യത്തെ കാണിക്കുന്നു. സഹൃദയന്മാരെ രസിപ്പിക്കുന്നതും നൂതനവും ആയ ഒന്നാണ് ഈ ഭാഗത്തിലെ പദകല്പനം.

അന്നേരം പുഷ്പപൂൎണ്ണാഞ്ജലിപുടമുടനേ
ഭ്രഷ്ടതാം ചക്രവൎത്തീ
ധന്യാത്മാ വീണു ദീൎഘം ത്രിഭുവനപെരുമാൾ-
തൻപദാംഭോജമൂലേ
അന്യൂനാനന്ദകൌതൂഹലവിവശതയാ
ഗൽഗ്ഗദം പൂണ്ട വാചാ
മുന്നേക്കാൾ വാച്ച ഭക്തിപ്രസരസരണി തു-
ഷ്ടാവ പുഷ്ടാത്മഭദ്രാ. ൯൩

അന്നേരം=ഭഗവാനെ മുൻപിൽ കണ്ടപ്പോൾ, ഭൂഭൃതാം ചക്രവൎത്തി=രാജാക്കന്മാരുടെ നാഥനും, ധന്യാത്മാ=പുണ്യാത്മാവും, പുഷ്ടാത്മഭൂമാ=ആത്മഭൂമാവോടുകൂടിയവനും, പുഷ്ടം = വൎദ്ധിച്ചതു, ആത്മഭൂമാവു=തന്റെ ഐശ്വൎയ്യം, ആയ രാജാവു്, ഉടനെ=വേഗത്തിൽ, പുഷ്പപൂൎണ്ണാഞ്ജലിപുടം=പൂനിറച്ചിട്ടുള്ള അഞ്ജലികളോടുകൂടി, കയ്യുകളിൽ പൂനിറച്ചു. ത്രിഭുവന............മൂലേ ദീൎഘം വീണു=മൂന്നുലോകങ്ങൾക്കും നാഥനായ ഭഗവാന്റെ പാദത്തിന്റെ ചുവട്ടിൽ–പാദപത്മത്തിൽ വളരെനേരം വീണു നമസ്കരിച്ചു. അന്യൂനാ............വിവശതയാ=പൂൎണ്ണമായ സന്തോഷംകൊണ്ടു പരവശനായി. ഗദ്ഗദം ... .വാചാ=തൊണ്ടയിടറിക്കൊണ്ടുള്ള വാക്കിനാൽ–വാക്കുകൊണ്ടു, മുന്നേക്കാൾ... ......സരണി=മുൻപിലത്തേതിനേക്കാൾ വൎദ്ധിച്ച ഭക്തി പ്രസരിക്കുന്ന-ഒഴുകുന്ന സരണി-മാൎഗ്ഗത്തോടുകൂടിയവനായിട്ടു–പൂൎവ്വാധികം ഭക്തിയോടുകൂടിയെന്നു സാരം. തുഷ്ടാവ=സ്തുതിച്ചു. ഭഗവാനെ പൂജിച്ചു പൂൎവ്വാധികം ഭക്തിയോടുകൂടി ഇപ്രകാരം സ്തോത്രംചെയ്തു.

കേരളസാഹിത്യ
അക്കാദമി

"അൎദ്ധേന്ദുലാഞ്ഛിതജടാപടലാഞ്ചിതായ
ബ്രദ്ധ്നേന്ദുപാവകമയോജ്ജ്വലലോചനായ
ബദ്ധാമലസ്മിതമുഖായ നവേന്ദ്രനീല-
സ്പൎദ്ധാലുകോമളഗളായ നമശ്ശിവായ. ൧൦

അൎദ്ധേന്ദു........ഞ്ചിതായ=ബാലചന്ദ്രനെക്കൊണ്ടു അടയാളപ്പെടുത്തിയ ജടയുടെ പടലംകൊണ്ടു മനോഹരനും, ശിരസ്സിൽ ബാലചന്ദ്രനെ ധരിച്ചിരിക്കുന്നവനും എന്നു സാരം. ബ്രദ്ധ്നേന്ദു............ലോചനായ=ആദിത്യൻ ചന്ദ്രൻ അഗ്നി എന്നിവരെക്കൊണ്ടു ശോഭിക്കുന്ന മൂന്നു കണ്ണുകളോടുകൂടിയവനും. സൂൎയ്യനും ചന്ദ്രനും അഗ്നിയും ആണു ശിവന്റെ മൂന്നു കണ്ണുകൾ എന്നു പൌരാണികമതം. ബദ്ധാ............മുഖായ=നിൎമ്മലമായ മന്ദഹാസം ബന്ധിച്ചിരിക്കുന്ന മുഖത്തോടുകൂടിയവനും, മുഖത്തു മന്ദഹാസത്തോടുകൂടിയവൻ എന്നു സാരം. നവേന്ദ്ര........ ..ഗളായ=പുതിയ ഇന്ദ്രനീലക്കല്ലിനോടു് അസൂയയോടു കൂടിയതും മനോഹരവുമായ ഗളത്തോടുകൂടിയവനും, നീലകണ്ഠനും എന്നു ഭാവം. ആയ ശിവായ=പരമശിവനായിക്കൊണ്ടു, നമഃ=നമസ്കാരം ഭവിക്കട്ടെ. ഈ പദ്യത്തിലെ ദ്വിതീയാക്ഷരപ്രാസഭംഗി ശ്ലാഘാൎഹമാകുന്നു.

ധമ്മില്ലചിത്രകവലിത്രയഹാരവക്ഷോ-
ജന്മാംശുകാദിലസദൎദ്ധവപുൎദ്ധരായ
ശുംഭൽകപൎദ്ദനയനാഗ്നിവിഷാഹിമാലാ-
ചൎമ്മാപരാൎദ്ധഗഹനായ നമശ്ശിവായ. ൫൯

ഈ ശ്ലോകത്തിൽ പൂൎവ്വാൎദ്ധംകൊണ്ടു പാൎവ്വതിയുടേയും ഉത്തരാൎദ്ധംകൊണ്ടു ശിവന്റേയും രൂപം വൎണ്ണിച്ചു ഭഗവാനെ അൎദ്ധനാരീശ്വരനായി കല്പിച്ചു സ്തോത്രം ചെയ്തിരിക്കുന്നു. ധമ്മില്ല ....ൎദ്ധരായ= ധമ്മില്ലം—തലമുടിക്കെട്ടു്, ചിത്രകം—പൊട്ടു്, വലിത്രയം-മൂന്നു വലികൾ, ഹാരം-മാല, വക്ഷോജന്മാംശുകം—സ്തനവസ്ത്രം മുതലായവകൊണ്ടു ശോഭിക്കുന്ന പകുതിഭാഗത്തോടുകൂടിയവനും, ഇവയെല്ലാം പാൎവ്വതീദേവിയുടെ വിശേഷണങ്ങൾ. ശുംഭൽ...... ഗഹനായ—ശോഭിച്ചിരിക്കുന്ന കപൎദ്ദം—ജട, തീക്കണ്ണു, വിഷം, പാമ്പാകുന്ന മാല, തോലു് എന്നിവകൊണ്ടു ഗഹനമായ മറ്റെ പകുതിഭാഗത്തോടുകൂടിയവനും ആയ ശിവന്നു നമസ്കാരം ഭവിക്കട്ടെ. ഉത്തരാൎദ്ധത്തിലെ കപൎദ്ദാദികൾ ശിവന്റെ വിശേഷണങ്ങൾ.

നമോ നമോ ദീനജനാശ്രയായ
നമോ നമോ ദാനവവന്ദിതായ
നമോ നമോ വാനവർനായകായ
നമോ നമസ്തേ ഭഗവൻ! പ്രസീദ.” ൬൰

ദീനജനാശ്രയായ തേ നമോ നമഃ=ദുഃഖിതന്മാൎക്കു് ആശ്രയസ്ഥാനമായ നിന്തിരുവടിക്കു നമസ്കാരം നമസ്കാരം. ദാനവവന്ദിതായ നമോ നമഃ=അസുരന്മാരാൽ വന്ദിക്കപ്പെട്ടവനായ (തേ എന്നു ഇവിടേയും ഗ്രാഹ്യം.) അങ്ങേയ്ക്കു നമസ്കാരം, നമസ്കാരം. വാനവർനായകായ നമോ നമഃ=ദേവന്മാരുടെ നാഥനായ അങ്ങേയ്ക്കു നമസ്കാരം, ഭഗവൻ തേ നമഃ=ഭഗവാനേ അങ്ങേയ്ക്കു നമസ്കാരം, പ്രസീദ=നിന്തിരുവടി പ്രസാദിച്ചാലും.

ഇത്ഥം തൃക്കാൽക്കൽ വീണു കനമിയലിന ഭ-
ക്ത്യാ പുകണ്ണീടുമേനം
പൃഥ്വീമാണിക്യരത്നത്തിനെ വിപുലകൃപാ-
ധോരണീപൂരിതാത്മാ
പുത്തൻപീയൂഷയൂഷം ചൊരിയുമൊരു കടാ-
ക്ഷാഞ്ചലേനാനുഗൃഹ്ണ-
ന്നുക്ത്യാ ശുഭ്രമന്ദഹാസദ്യുതിശിശിരിതയാ
പാൎവ്വതീശോ ബഭാഷേ. ൭൩

പാൎവ്വതീശഃ=ശ്രീപരമേശ്വരൻ, ഇത്ഥം=ഇപ്രകാരം, കനമിയ ... .ഭക്ത്യാ=അധികമായ ഭക്തിയോടുകൂടി, തൃക്കാല്ക്കൽവീണു=കാലിൽ നമസ്കരിച്ചു, പുകണ്ണീടും=തന്നെ സ്തുതിക്കുന്നവനും, പൃഥ്വീ.......... ....ത്തിനെ = ഭൂമിക്കു മാണിക്യരത്നം—അലങ്കാരമായിരിക്കുന്നവനും, ആയ, ഏനം=ഇവനെ-ഈ—രാജാവിനെ, വിപുല.... ....താത്മാ =വിശാലമായ കരുണാവൈഭവംകൊണ്ടു നിറഞ്ഞ ആത്മാവോടുകൂടിയവനായിട്ടു, പുത്തൻ............ ....ഞ്ചലേന അനുഗൃഹ്ണൻ=പുതിയ അമൃതധാര ചൊരിയുന്ന കടാക്ഷംകൊണ്ടു നോക്കി അനുഗ്രഹിച്ചു, ശുഭ്രമന്ദ ....രിതയാ=നിൎമ്മലമായ മന്ദഹാസത്തിന്റെ ശോഭയാൽ കുളിരുള്ളതായ, ഉക്ത്യാ=വാക്കുകൊണ്ട്, ബഭാഷേ=പറഞ്ഞു. ശ്രീപരമേശ്വരൻ, ഇപ്രകാരം സ്തുതിച്ചു കാലിൽ വീണ രാജാവിനെ അമൃതം വഷിക്കുന്ന കടാക്ഷംകൊണ്ട് അനുഗ്രഹിച്ചു മന്ദഹാസംകൊണ്ട് അകം കുളിൎപ്പിക്കുന്ന വാക്കു ഭംഗിയായി പറഞ്ഞു എന്നു സാരം.

"ചൊല്ലേറീടിന വീരമന്നവർമുടി-
പ്പൂണ്ണേ! തപസ്സംപദാ
കല്യാണ്യാ തവ മോദഭാരപരത-
ന്ത്രോ ഞാൻ ചമഞ്ഞീടിനേൻ
അല്ലേ സംപ്രതി മൽപ്രസാദസദനം
നിന്നാലനുസ്മാരിതോ
നല്ലെ വത്സ! ഭഗീരഥോ നൃപതിതാ-
നത്യൽഭുതപ്രൌഢിമാ. ൭൪

ചൊല്ലേറീടിന=പുകഴ്കൂടുന്ന, വീര .... പൂൺപേ=പരാക്രമശാലികളായ രാജാക്കന്മാൎക്ക് അലങ്കാരമായിരിക്കുന്നവനേ, തവ കല്യാണ്യാ തപസ്സംപദാ=അങ്ങയുടെ ശുഭമായ തപസ്സിൻെറ സമ്പത്തുകൊണ്ട്, ഞാൻ മോദഭാരപരതന്ത്രഃ ചമഞ്ഞീടിനേൻ=ഞാൻ സന്തോഷാധിക്യംകൊണ്ട് പരവശനായിത്തീൎന്നു. അല്ലേവത്സ=അല്ലയോ പുത്രനേപ്പോലെയുള്ള രാജാവേ, വത്സ=വാത്സല്യാധിക്യത്തെ ദ്യോതിപ്പിക്കുന്ന പദം, സമ്പ്രതി=ഇപ്പോൾ, മൽപ്രസാദസദനം=എൻെറ അനുഗ്രഹത്തിന്ന് ഇരിപ്പിടവും, അത്യൽഭുതപ്രൌഢിമാ=ഏററവും ആശ്ചൎയ്യാവഹമായ പ്രഭാവത്തോടുകൂടിയവനും ആയ, ഭഗീരഥഃ നൃപതി=ഭഗീരഥരാജാവ്, നിന്നാൽ അനുസ്മാരിതഃ= അനുസ്മരിപ്പിക്കപ്പെട്ടു നിശ്ചയം. നിൻെറ തപോവൈഭവംകൊണ്ട് ഭഗീരഥൻെറ കാൎയ്യം ഞാൻ ഓൎമ്മിച്ചു. ഭഗീരഥനെപ്പോലെ അതികഠിനമായ തപസ്സാണ് നീ ചെയ്തതെന്നു സാരം. നല്ലെ=നന്നുതന്നെ.

അൻപോടറിഞ്ഞേനിതു മാമകീനം
ബിംബം മനക്കാമ്പിനു കാംക്ഷിതം തേ
സമ്പാദയേ സമ്പ്രതി തൽ സമഗ്രം
വൻപാൎന്ന ലോകത്രയസമ്പദേ ഞാൻ. ൭൬

തേ മനക്കാമ്പിനു=അങ്ങയുടെ ഉള്ളിൽ, മാമകീനം ബിംബം=എൻെറ ബിംബം, കാംക്ഷിതം=കിട്ടുവാനാണ് ആഗ്രഹം എന്ന്, അൻപോടറിഞ്ഞേൻ=ഞാൻ അറിഞ്ഞു, എൻെറ ബിംബത്തിനുവേണ്ടിയാണ് അങ്ങ് ഈ കഠിനമായ തപസ്സു ചെയ്തതെന്ന് എനിക്കറിയാം എന്നു സാരം. ഞാൻ വൻ.................. സമ്പദേ=വൈഭവത്തോടുകൂടിയ മൂന്നു ലോകങ്ങളുടേയും ഐശ്വൎയ്യത്തിനു വേണ്ടി, അങ്ങെയ്ക്കു ബിംബം തരുന്നതു ലോകങ്ങൾക്കെല്ലാം ശ്രേയസ്കരമായി വരുമെന്നു സാരം. തൽസമഗ്രം=അതു പൂൎണ്ണമായി, സമ്പ്രതി=ഇപ്പോൾ, നിനക്കു സമ്പാദയേ=സമ്പാദിക്കുന്നു—തരുന്നു എന്നു ഭാവം.

എങ്കിൽ കേട്ടാലുമിപ്പോൾ മമ പരമനിയോ-
ഗം വടക്കങ്ങു തെക്കും
ഭംഗ്യാ മേവുന്ന കിള്ളാംഘ്രതടിനികളെ -
ക്കൊണ്ടൊരുല്ലാസധാമാ

തുംഗശ്രീകേരളക്ഷ്മാതലമണിതിലകം
ചാരു ചെല്ലൂരനാമാ
മംഗല്യഗ്രാമമാദ്യം നൃവര! വിജയതേ
മൽപ്രസാദൈകരംഗം. ൬൭

നൃവര=അല്ലയോ രാജാവേ, മമ പരമനിയോഗം=എൻെറ ശ്രേഷ്ഠമായ ആജ്ഞയെ, എങ്കിൽ=എന്നാൽ, ഇപ്പോഴും കേട്ടാലും=അങ്ങു കേട്ടാലും, ഞാൻ ബിംബം തരാം. എന്നാൽ ഒരു കാൎയ്യം അങ്ങു ചെയ്യണം എന്നു സാരം. വടക്കു അങ്ങു .... ശാലീ=വടക്കേ അതിരായി കില്ലാനദിയും തെക്കതായി നെയ്യാറും ശോഭിക്കുന്നതായും, ഈ രണ്ടു നദികളുടേയും നടുവിൽ എന്നു സാരം. നെയ്യാർ വളർപട്ടണം പുഴയാണ്. മുൻകാലത്തു കോട്ടിയൂർപെരുമാളിനെ അഭിഷേകം കഴിച്ച നെയ്യു ധാരാളമായി ഈ പുഴയിൽകൂടി ഒഴുകിക്കൊണ്ടിരുന്നു. അതുകൊണ്ട് അതിനു നെയ്യാറെന്ന പേരുണ്ടായി. അതു സംസ്കൃതത്തിൽ ഘൃതതടിനി ആയി. തുംഗശ്രീ............തിലകം=ഐശ്വൎയ്യാഭിവൃദ്ധിയോടുകൂടിയ കേരളഭൂമി അണിയുന്ന പൊട്ടായും, ആദ്യം=പ്രധാനമായും, മൽപ്രസാദൈകരംഗം=എൻെറ അനുഗ്രഹത്തിനു പാത്രമായും, മംഗല്യഗ്രാമം=മംഗല്യത്തോടുകൂടിയ ഗ്രാമമായും, ചാരുചെല്ലൂരനാമാ=മനോഹരമായുമുള്ള പെരുഞ്ചെല്ലൂരെന്ന ദേശം-തളിപ്പറമ്പുദേശം, വിജയതേ=വിജയിക്കുന്നു.

ധരാവധൂടീസമുദ്രഗ്രഹാരേ
നൃദേവ! തസ്മിൻ പുനരഗ്രഹാരേ
ദ്വിതീയകൈലാസമിതി പ്രതീതം
മദീയസൽക്ഷേത്രമുദേതി മേന്മേൽ. ൬൮

നൃദേവ=അല്ലയോ രാജാവേ, ധരാ...........ഹാരേ തസ്മിൻ അഗ്രഹാരേ=ഭൂമിയാകുന്ന സുന്ദരി ധരിക്കുന്ന മഹത്തായ ഹാരത്തെ-മാലയെപ്പോലെ ശോഭിക്കുന്ന ആ ഗ്രാമത്തിൽ, പുനഃ=പിന്നെ, ദ്വിതീയ ....ക്ഷേത്രം=രണ്ടാമത്തെ കൈലാസം എന്നു പുകഴ നേടിയ എൻെറ വിശിഷ്ടമായ ക്ഷേത്രം, മേന്മേൽ=ഉപൎയ്യുപരി, ഉദേതി=ഉൽക്കൎഷത്തെ പ്രാപിക്കുന്നു.

പണ്ടുപണ്ടിനിയ വിശ്വസൃഷ്ടിവിധയേ ത-
പോവിഭവമത്ഭുതം
തണ്ടി മാലൊടു വിരിഞ്ചനാനനചതു-
ഷ്ടയേന പുകഴ്ചം വിധൌ
ഇണ്ടൽ പോംപരിചു ഭക്തിലഭ്യമഴ-
കോടു മുമ്പിലവിടെപ്പരം
കണ്ടിതെന്നെ നിഖിലൈകസാക്ഷിണമനൎഗ്ഗ-
ളോജ്ജ്വലമഹോമയം. ൨൭

പണ്ടുപണ്ടു=വളരെ മുൻപു-വിശ്വസൃഷ്ടിക്കു മുൻപു, വിരിഞ്ചൻ=ബ്രഹ്മാവു്, വിശ്വസൃഷ്ടിവിധയേ=ലോകങ്ങൾ സൃഷ്ടിക്കുന്നതിനായിക്കൊണ്ടു്, അത്ഭുതം തപോവിഭവം തണ്ടി=ആശ്ചൎയ്യകരമായ തപഃപ്രഭാവം കൈക്കൊണ്ടു, മാലൊടു=വിഷാദത്തോടു, ആനനചതുഷ്ടയേന=നാലുമുഖം കൊണ്ടും, പുകഴ്ചംവിധൌ=സ്തുതിച്ച സമയത്തു, ഇണ്ടൽപോംപരിചു=ദുഃഖം നശിക്കുന്ന വിധം, ഭക്തിലഭ്യം=ഭക്തിയോഗംകൊണ്ടുമാത്രം കിട്ടുന്നവനായും, നിഖിലൈകസാക്ഷിണം=എല്ലാത്തിനും ഏകസാക്ഷിയായും, അന.........ജ്വലമഹോമയം=തടവില്ലാതെ ശോഭിക്കുന്ന തേജോരൂപത്തോടുകൂടിയവനായും ഇരിക്കുന്ന എന്നെ, അവിടെ മുൻപിൽ പരംകണ്ടു=മുൻഭാഗത്തു അവിടെ വെച്ചു കണ്ടു. ലോകം സൃഷ്ടിക്കേണ്ടതെങ്ങനെയെന്നു് അറിവില്ലാതെ ആദികാലത്തു ബ്രഹ്മാവു തപസ്സുചെയ്തു എന്നെ സ്തുതിച്ചു. അതിനുശേഷം ഞാൻ പ്രത്യക്ഷനായി. അതു് ഇവിടെ വെച്ചാകുന്നു എന്നു സാരം.

ചീൎത്തെഴും ദുരിതരോഗഭേഷജവരേണ്യ
ഭാസുരമുദാരതീ-
ൎത്ഥോത്തമേന പകവിട്ടു തമ്മിൽ വിളയാടു-
മമ്മൃഗബകാദികം
പ്രാക്തനം പുനരതിന്നടുത്തു ജഗദച്ഛ-
നീയമവനീതലേ
കീൎത്തിതം ജയതി കുംഭയോനിമുനിപുംഗ-
വസ്യ മഹിതാശ്രമം. ൨൮

ചീർത്തൊഴം=വർദ്ധിക്കുന്ന, ദുരിത.........വരേണ=പാപമാകുന്ന രോഗത്തെ നശിപ്പിക്കുന്ന–ഏററവും നല്ല മരുന്നായിരിക്കുന്ന, മരുന്നു രോഗത്തെ എന്നപോലെ ദുരിതങ്ങളെ ക്ഷയിപ്പിക്കുന്ന, ഉദാരതീർത്ഥോത്തമേന=ഏററവും വിശിഷ്ടമായ തീർത്ഥത്താൽ, ഭാസുരം=ശോഭിക്കുന്നതും, തമ്മിൽ പകവിട്ടു വിളയാടും അമ്മൃഗബകാദികം=അന്യോന്യം മത്സരമില്ലാതെ കളിക്കുന്ന മാൻ കൊക്ക മുതലായ ജന്തുക്കളോടുകൂടിയതും, 'അനിഗ്രഹത്രാസവിനീതസത്വം' (രഘു–സ–൧൩) 'തപസ്വിസംസർഗ്ഗവിനീതസത്വേ' (രഘു–സ–൧൪) എന്നും മററുമുള്ള മഹാകവിപ്രയോഗങ്ങൾ ഇവിടെ സ്മരണീയങ്ങളാകുന്നു പ്രാക്തനം=പഴയകാലത്തു തന്നെയുള്ളതും, ജഗദർച്ചനീയം=ലോകത്തിൽ ബഹുമാനിക്കേണ്ടതും, അവനീതലേ കീർത്തിതം=ഭൂമിയിൽ എല്ലാവരും ശ്ലാഘിക്കുന്നതും, ആയ കുംഭയോനി.........ശ്രമം=അഗസ്ത്യമുനിയുടെ ആശ്രമം, ജയതി=വർത്തിക്കുന്നു, അതിനടുത്തു പുനഃ ഉണ്ട്=ക്ഷേത്രത്തിനടുത്തു വിശിഷ്ടമായ തീർത്ഥവും അതിനടുത്തു അഗസ്ത്യമുനിയുടെ ആശ്രമവും ഉണ്ടെന്നു സാരം.

സ്ഥാപിതം കൃതയുഗോദിതേന മമ ബിംബ-
മൻപിനൊടു മുൻപിൽ മാ-
ന്ധാതൃനാമകനൃപർഷിണാ ലസതി തത്ര
ചൈവ സകലോത്തരേ
ഏതദദ്ധ്വമഥ തൽസുതേന മുചുകുന്ദ-
നാമ്നമനുകല്പിതം
ഭാതി മുററുമുടനൊന്നു കുററമിയലാത
ഭാഗ്യവിഭവാംബുധേ! വ്യം

ഭാഗ്യ.............ബുധേ!=ഭാഗ്യവൈഭവത്തിനു സമുദ്രമായിരിക്കുന്ന രാജാവേ, ഭാഗ്യസമ്പന്ന എന്നു സാരം. മഹാഭാഗ്യവാനായ അങ്ങയ്ക്കു് എന്റെ ബിംബം പ്രതിഷ്ഠിക്കുവാൻ സാധിക്കും എന്നു ഈ പദത്തിന്റെ ധ്വനി. കൃതയുഗോദിതേന=കൃതയുഗത്തിൽ ഉണ്ടായ, മാന്ധ..........ർഷിണാ=മാന്ധാതാവു് എന്നു പ്രസിദ്ധനായ രാജർഷിയാൽ, മുൻപിൽ=മുൻകാലത്തു, അൻപിനൊടു=വേണ്ടപോലെ, സ്ഥാപിതം=സ്ഥാപിക്കപ്പെട്ട, മമബിംബം=എന്റെ വിഗ്രഹം, സകലോത്തരേ തത്രച ഏവ=എല്ലാദേശങ്ങളേയുംകാൾ ശ്രേഷ്ഠമായ ആ സ്ഥലത്തുതന്നെ, ലസ

തി=ശോഭിക്കുന്നു, "ഉപര്യുദീച്യശ്രേഷ്ഠേഷ്വപ്യുത്തരഃ സ്യാൽ" എന്നു് അമരം നാനാർത്ഥം. മുൻകാലത്തു മാന്ധാതാവ് അവിടെ എന്റെ ബിംബം പ്രതിഷ്ഠിച്ചിട്ടുണ്ട്. അതു് അവിടെ ശോഭിക്കുന്നു എന്നു സാരം. ഏതദൂർദ്ധ്വം=മാന്ധാതാവ് എന്റെ ബിംബം പ്രതിഷ്ഠിച്ചതിനുശേഷം, അഥ.... .. ....കല്പിതം=പിന്നീടു മാന്ധാതാവിന്റെ പുത്രനായ മുചുകുന്ദൻ പ്രതിഷ്ഠിച്ചിരിക്കുന്ന, ഒന്നു=ഒരു ബിംബം, കുററമിയലാതെ=കേടൊന്നുമില്ലാതെ, ഭാതി=ശോഭിക്കുന്നു. അവിടെത്തന്നെ മുചുകുന്ദൻ എന്റെ ബിംബം പ്രതിഷ്ഠിച്ചിട്ടുള്ളതും ശോഭിക്കുന്നു എന്നു സാരം.

എന്നാലെൻവത്സ! ബിംബം തവാഭിമതമിദം
നീലകണ്ഠാഖ്യയാ മേ
തന്വാ നിത്യാസ്ഥിതം ഭീഷണതരവിഷസം-
ഹാരകേളിം വഹന്ത്യാ
മിന്നും ചെല്ലൂരദേശപ്രതിനവതിലകോ-
ല്ലാസിനി ക്ഷേത്രമുഖ്യേ
ധന്യേ തസ്മിൻ പ്രതിഷ്ഠാപയ കലികലുഷോ-
ന്മൂലനാർത്ഥം മഹാത്മൻ!" വൃഥ

മഹാത്മൻ=അല്ലയോ മഹാനുഭാവനും, വത്സ=എനിക്കു കുട്ടിയെപ്പോലെയിരിക്കുന്നവനും ആയ രാജാവേ! മഹാത്മൻ എന്ന പദം മഹാനായ അങ്ങയ്ക്കു ഇക്കാര്യം സാധിക്കുമെന്നു ധ്വനിപ്പിക്കുന്നു. മിന്നും ചെല്ലൂര...... ...ല്ലാസിനി ധന്യേ തസ്മിൻ ക്ഷേത്രമുഖ്യേ=ചെല്ലൂരദേശത്തിനു പുതിയ തിലകംപോലെ ശോഭിക്കുന്നതും വിശിഷ്ടവും ആയ ആ ദേവാലയത്തിൽ, തവാഭിമതം=അങ്ങ് ആഗ്രഹിച്ചിരിക്കുന്നതും, ഭീഷണ...... .. വഹന്ത്യാ=ഏററവും ഭയങ്കരമായ വിഷപീഡയെ നശിപ്പിക്കുന്നതായ കളിയോടുകൂടിയതും, കാളകൂടവിഷംകൊണ്ടു ലോകത്തിനുണ്ടായ പീഡയെ നിഷ്പ്രയാസം നശിപ്പിച്ചതെന്നു സാരം. നീലകണ്ഠാഖ്യയാ=നീലകണ്ഠൻ എന്നു പേരോടുകൂടിയതും ആയ, മേ തന്വാ=എന്റെ ശരീരത്തോടു, നിത്യാസ്ഥിതം=എന്നും ചേർന്നിരിക്കുന്നതും ആയ, ഇദം ബിംബം=ഈ ബിംബത്തെ, കലി.........നാർത്ഥം=കലിദോഷം നീങ്ങുവാനായി, പ്രതിഷ്ഠാപയ=അങ്ങു പ്രതിഷ്ഠിച്ചാലും.

എന്നേരമിത്ഥമരുൾചെയ്തു മുദാ കൊടുത്തു
ധന്യായ രാജമുനയേ ശിവനാത്മബിംബം
അന്നേരമേ ഝടിതി ചെന്നറിയിച്ചിതെല്ലാ-
മന്നാരദൻ നഗതനൂജയോടുള്ളവണ്ണം. വൃ ൨

ശിവൻ=പരമേശ്വരൻ, ഇത്ഥം അരുൾചെയ്തു=ഇപ്രകാരം പറഞ്ഞു, എന്നേരം=ഏതു സമയത്തു, ധന്യായ രാജമുനയേ=ശ്രേഷ്ഠനായ രാജർഷിക്കായിക്കൊണ്ടു, ആത്മബിംബം=തന്റെ ബിംബത്തെ, മുദാ=സന്തോഷത്തോടുകൂടി, കൊടുത്തു=കൊടുത്തുവോ, അന്നേരം=ആ സമയത്തുതന്നെ, അന്നാരദൻ=കലഹത്തിൽ സന്തോഷത്തോടുകൂടിയ പ്രസിദ്ധനായ ആ നാരദമുനി, നഗതനൂജയോടു=ശ്രീപാർവ്വതിയോടു, എല്ലാം ഉള്ളവണ്ണം = എല്ലാ വർത്തമാനങ്ങളേയും ഉണ്ടായതുപോലെ-ശതസോമന്റെ തപസ്സുമുതൽക്കുള്ള വർത്തമാനങ്ങളെല്ലാം എന്നു സാരം. ഝടിതി ചെന്നറിയിച്ചു=അടുത്തുചെന്നു വേഗം അറിയിച്ചു. കുളിക്കുവാൻ പോയ പാർവ്വതി നാരദന്റെ വാക്കുകൊണ്ടു ശിവൻ ബിംബം രാജാവിനു കൊടുത്ത കാര്യം അറിഞ്ഞു എന്നു സാരം.

ഗദ്യം:—തദനു ഹിമമലതനൂജ താനീദൃശോൽഭൃതമന്നാരദോക്ത്യാ സമസ്തം ധരിച്ചുററമില്ലാത കോപാതിഭാരേണ നേരേ സസംരംഭനിവൃത്തിതസ്നാനവേലാവിധൌ നാലുമൂന്നിങ്ങു ശേഷിച്ചപാടേ കിടക്കും പുരാണപ്രസൂനാഞ്ചിതം ചാലമെത്തുന്ന നൈസർഗ്ഗികോദഗ്രസൌരഭ്യലുബ്ധദ്വിരേഫാളിസാന്ദ്രം തുലോമാകെ നോക്കീടിലാഹന്ത പിൻകാലിലോറം കടന്നോരു നീളം കലർന്നന്തരാ വാരിബിന്ദുക്കളിററിററു വീഴും മലർക്കുന്തൽ മെല്ലെപ്പുറംകൈത്തലേ ചേർത്തുകൊണ്ടപ്പയഃശ്രേണികാസാന്ദ്രമെപ്പേരുമൊന്നിച്ചു ഫാലാന്തരേ പററി മിന്നുന്ന നീലാളകച്ചാർത്തുകൊണ്ടും വിലാസേന മൂന്നൊന്നു ശേഷിച്ചു കാണപ്പെട്ടും മുഗ്ദ്ധകസ്തൂരികാചിത്രകംകൊണ്ടുമത്യന്തചേതോഹരം ചെ

റു കോടിക്കലങ്ങൊരു ചില്ലിക്കൊടിത്തെല്ലുമയ്യാ! കലങ്ങിച്ചുവക്കും കടക്കൺകലാഭംഗിയും, പാടുപാടേ വിറക്കുന്ന ബിംബാധരേ ഭാവമന്യാദൃശം പൂണ്ടു പാകീട്ടുമപ്പുഞ്ചിരിപ്പൈതലും ചേൎന്ന ബാലാതപശ്രീനിഴൽക്കൊണ്ടു പൊന്നിൻപയോജംകണക്കേ കൊട്ടുംകോപരാഗോദയപ്രൌഢി മെത്തുന്ന വക്ത്രാരവിന്ദശ്രീയാ ലോഭനീയം തുലോം പ്രൌഢരോമാഞ്ചവാർകഞ്ചുകംചേൎന്ന വക്ഷോജകുംഭദ്വയത്തിന്നുടപ്പാട്ടിലൊട്ടൊട്ടു മെത്തും പയോബിന്ദുസന്ദോഹസാന്ദ്രോജ്ജ്വലാ സംഭ്രമശ്രാന്തി കൈക്കൊണ്ടു പണ്ടേതിലേററം കുലഞ്ഞൊട്ടുലഞ്ഞൊരു തുമദ്ധ്യവല്ലീമതല്ലീസമുല്ലാസിനീ വാരിപൂരാർദ്രമാഞ്ചൊരു പൂഞ്ചേല നന്നായ് നിതംബസ്ഥലേ ചേൎന്നു പററീടിലുഞ്ചെററു താനേ കിഴിഞ്ഞീടുമന്നീവിബന്ധം മഹാരത്നകാഞ്ചീധൃതം മദ്ധ്യേമദ്ധ്യേ വലംകൈത്തലംകൊണ്ടു താങ്ങി ത്വരാചംക്രമപ്രക്രമംപാടലാഭ്യാം പദാഭ്യാം നിജപ്രാണനാഥാന്തികേ ചെന്നു കോപാഭിമാനാങ്കുരവ്യഗ്രഭാവം കലൎന്നുഗ്രശാപപ്രദാനായ ദേവീ തുനിഞ്ഞീടിനാൾ.

പനിമലത്തയ്യൽ=ശ്രീപാൎവ്വതി, നാരദോക്ത്യാ=നാരദന്റെ വാക്കുകൊണ്ടു, ഈദൃശോദന്തം സമസ്തം=ഇപ്രകാരമുണ്ടായ വൎത്തമാനമെല്ലാം, ധരിച്ചു=അറിഞ്ഞു, തദനു=അതിന്നു ശേഷം, അററ ...... ഭാരേണ =അവസാനമില്ലാത്ത കോപത്തിന്റെ അതിഭാരംകൊണ്ടു—വലിയ ചുമടുകൊണ്ടു—സഹിക്കാൻ പാടില്ലാത്തവിധം കോപം ഉണ്ടായിട്ട് എന്നു സാരം, സസംരംഭ ....വിധൌ=മനസ്സിൽ പാരുഷ്യത്തോടുകൂടി കുളിയുടെ കാൎയ്യം നിൎവ്വഹിച്ച സമയത്ത്. പതിവുപോലെയല്ലാതെ അതിവേഗത്തിൽ കുളിച്ച സമയം എന്നു ഭാവം. നാലു..................ഞ്ചിതം= തലേദിവസത്തെ പൂക്കൾ മുഴുവനും പോകാതെ മൂന്നുനാലെണ്ണം ശേഷിച്ചിരിക്കുന്നതുകൊണ്ട് മനോഹരമായതും, ചാലെ..................സാന്ദ്രം= അടുത്തു വന്നുകൂടുന്നതും സ്വാഭാവികവും—സുഗന്ധവസ്തുക്കൾ ഉപ

കേരള സാഹിത്യ അക്കാദമി

യോഗിക്കാതെ സ്വഭാവസിദ്ധമായിത്തന്നെ—മഹത്തായ മണത്തിങ്കൽ ആഗ്രഹിച്ച് എത്തുന്ന വണ്ടിൻകൂട്ടങ്ങളെക്കൊണ്ടു നിബിഡമായതും, തുലോ............ചേൎത്തുകൊണ്ട് = ആകപ്പാടെ നോക്കിയാൽ അത്ഭുതം, കാലിന്റെ കണ്ണുവരെ നീണ്ടു കിടക്കുന്നതും ഇടയ്ക്കിടയ്ക്ക് വെള്ളത്തുള്ളികൾ ഇററിററു വീണുകൊണ്ടിരിക്കുന്നതും ആയ, മലർക്കുന്തൽ=പൂവോടുകൂടിയ തലമുടി, മെല്ലെ=സാവധാനത്തിൽ, പുറക്കൈത്തലേ ചേൎത്തുകൊണ്ട്=കയ്യിന്റെ പുറകിൽ ഇട്ടുകൊണ്ട്, അപ്പയ............സാന്ദ്രം=ആ വെള്ളത്തുള്ളികളുടെ കൂട്ടംകൊണ്ട് കനത്തിരിക്കുന്നതും, എപ്പേരു............കൊണ്ടും=മുഴുവനും ഒരുമിച്ചു നെററിയിൽ പററി ശോഭിക്കുന്ന നീലനിറമായ കുറുനിരകൾകൊണ്ടും, വിലാസേന.............കൊണ്ടും=ഭംഗിയായി മൂന്നിലൊരുഭാഗം മാത്രം മാഞ്ഞുപോകാതെ തെളിഞ്ഞുകാണുന്നതും മനോഹരവുമായ കസ്തൂരിപ്പൊട്ടുകൊണ്ടും, ചേതോഹരാ=ആരുടേയും ഹൃദയത്തെ അപഹരിക്കത്തക്കവളായിട്ടും, ചെററു............ത്തെല്ലും=അല്പം വളഞ്ഞു കലങ്ങിരിക്കുന്ന പുരികക്കൊടിയും, അയ്യാ!=ആശ്ചര്യം, കലങ്ങി...... ......ഭംഗിയും=കലങ്ങി ചുവപ്പു നിറത്തോടുകൂടിയ നേത്രങ്ങളുടെ അഗ്രഭാഗങ്ങളിലെ ഭംഗിയും, പാടുപാടെ............പ്പൈതല്യം=തനിയേതന്നെ വിറയ്ക്കുന്ന ബിംബം—കോവൽപഴം—പോലെ ചുവന്ന അധരത്തിങ്കൽ മറെറങ്ങും കാണാത്ത ഭാവത്തോടെ ഉണ്ടാകുന്ന മന്ദഹാസവും—പുഞ്ചിരിപ്പൈതൽ ഒരു ഹൃദ്യമായ പ്രയോഗമാണ്. ബാലാ............കണക്കേ=ഉദയസമയത്തുള്ള ആദിത്യന്റെ രശ്മികളോടുകൂടിയ പൊൻതാമരപ്പൂവുപോലെ, കൊടും.........ഗ്രോജ്വലാ=ഭയങ്കരമായ കോപം നിമിത്തമുള്ള രാഗത്തിന്റെ—ചുവപ്പുനിറത്തിന്റെ ഉദയംകൊണ്ടു വല്യതായ രോമാഞ്ചമാകുന്ന ഭംഗിയേറിയ ഉടുപ്പു ചേൎന്ന സ്തനദ്വയത്തിന്റെ നടുവിൽ ഒട്ടൊട്ടു വൎദ്ധിക്കുന്ന വെള്ളത്തുള്ളികളുടെ കൂട്ടം ഘനീഭൂതമായി ജ്വലിക്കുന്നവളും, ജ്വലിക്കുക=കോപിക്കുക, സംഭ്രമ............ല്ലാസിനീ=സംഭ്രമം നിമിത്തം സഞ്ചാരശ്രമം വഹിച്ചു മുൻപിലത്തേക്കാൾ കുലഞ്ഞു ഉലഞ്ഞതായ മദ്ധ്യവല്ലീ—നടുവുകൊണ്ടു ശോഭിക്കുന്നവളും, വാരി............പററീടിലും=വെള്ളം നിറഞ്ഞു നനഞ്ഞു ഭംഗിയേറിയ വസ്ത്രം അരയിൽ ചേൎന്നു പററിപ്പിടിച്ചിട്ടുണ്ടെങ്കിലും, ചെററു............നീവിബന്ധം=അല്പം തനിയേ അഴിയുന്നതായ ആ വസ്ത്രത്തിന്റെ കെട്ട്, മഹാ............ധൃതം=അരയിലെ രത്നകാഞ്ചികൊണ്ടു ധരിച്ചു, മദ്ധ്യമദ്ധ്യേ=ഇടയ്ക്കിടയ്ക്കു, വലക്കൈത്തലംകൊണ്ടു=വലത്തെക്കയ്യുകൊണ്ട്, താങ്ങി=പിടിച്ചു,

ത്വരാ...............പദാബ്ജാം=അതിവേഗത്തിൽ നടക്കുകനിമിത്തം ചുവപ്പുനിറം കൂടിയ കാലുകളെക്കൊണ്ടു നടന്നു, നിജ...............ന്തികേ=തന്റെ അടുക്കൽ, കോപാധി...............വ്യഗ്രഭാവം കലന്റ=ദ്വേഷ്യം അഭിമാനം ഇവയുണ്ടായി വിഷാദത്തോടുകൂടി, ശാപപ്രദാനായ=ശപിക്കുവാനായിക്കൊണ്ടു്, ദേവീ തുനിഞ്ഞീടിനാൾ=ദേവി ആരംഭിച്ചു.

ശ്രീപാർവ്വതി കുപിതയായി കുളക്കടവിൽനിന്നു ഭർത്താവിന്റെ അടുക്കലേക്കു പോകുന്ന യാത്രയെ ഈ ഗദ്യത്തിൽ വർണ്ണിച്ചിരിക്കുന്നു. പോകുന്നസമയത്തു കേശം മുതലായ ഓരോ അംഗത്തിന്റേയും സ്വഭാവം എന്താണെന്നു് ഇതിൽ കവി ഭംഗിയായി വർണ്ണിച്ചിരിക്കുന്നു. ഒരു നായികയുടെ കോപത്തെ ഇതിലധികം ഭംഗിയായി വേറെ ഒരു കവി വർണ്ണിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ ഗദ്യം കവിയുടെ അസാധാരണമായ മനോധർമ്മസമ്പത്തിനെ വെളിവാക്കുന്നു.

അന്നേരം കോപലീലാകലുഷമരികിലോ-
ലോല വന്നാസ്ഥിതാം താം
പുന്നപ്പൂഞ്ചായൽതൊട്ടുച്ചരണതളിരോളം
കണ്ടു ശൈലേന്ദ്രകന്യാം
മുന്നേക്കാളൊന്നലിഞ്ഞീടിന തിരുമനസാ
ശാപശങ്കാം കുറിക്കൊ-
ണ്ടുന്നിദ്രാത്മാ ഭവാനീരമണനനുനയോ-
ദഞ്ചിതാം വാചമൂചേ. വൃന്ദ

അന്നേരം=ശ്രീപാർവ്വതി സമീപത്തു വന്ന സമയത്തു്, ഉന്നിദ്രാത്മാ ഭവാനീരമണൻ=മാഹാത്മാവായിരിക്കുന്ന ശ്രീപരമേശ്വരൻ, കോപ...............കലുഷം=കോപത്തിന്റെ കളികൊണ്ടു കലുഷമാകുംവണ്ണം, കോപത്തിന്റെ ആധിക്യംകൊണ്ടു് മനസ്സിളകിക്കലങ്ങി എന്നു സാരം. ഓലോല=കുളിച്ചു തുവർത്താത്ത വേഷത്തോടുകൂടി, അരികിൽ വന്നാസ്ഥിതാം=സമീപത്തിൽ വന്നു നിന്നവളായ, താം ശൈലേന്ദ്രകന്യാം=ആ പാർവ്വതിയെ, പുന്ന...............കണ്ടു=പുന്നപ്പൂക്കൾ ചൂടിയിരിക്കുന്ന മുടി മുതൽ അടിവരെ കണ്ടു—നോക്കി, മുന്നേക്കാ...............മനസാ=മുൻപിലത്തേക്കാൾ ആർദ്രമായിരിക്കുന്ന മനസ്സുകൊണ്ടു, ശാപ...............ക്കൊ

ണ്ടു=ശപിച്ചേക്കുമോ എന്ന സംശയത്തോടുകൂടി, അനുനയോദഞ്ചിതാം വാചം=സമാധാനിപ്പിക്കുന്നതിന്നു യോഗ്യമായ വാക്കിനെ, ഊചേ=പറഞ്ഞു. പാർവ്വതി കളിച്ചു തോൽക്കാത്ത വേഷത്തോടുകൂടി അടുത്തു വന്നു നിന്നപ്പോഠം ശിവൻ ദേവിയുടെ ശരീരം മുഴുവനും നോക്കി മുൻപിലത്തേക്കാഠം മനസ്സലിഞ്ഞു, ശപിച്ചേക്കുമോ എന്ന ശങ്കയോടുംകൂടി സമാധാനിപ്പിക്കുന്നതിന് ഇപ്രകാരം പറഞ്ഞു എന്നു സാരം.

"കഷ്ടം കഷ്ടം കലാദ്രീശചരസുചരിതസ-
ർവ്വസാരമേ! മൽപ്രിയേ! കേഠം
പെട്ടന്നിക്കോപമെന്തെന്തകതളിരിലൊരാ-
തങ്കമുഠംക്കൊണ്ടകാണ്ഡേ
പട്ടാങ്ങത്രേ ദൃഢം നാമിരുവരിലുമഭേ-
ദോല്ലസൽഭക്തിമാനായ്
ദ്രഷ്ടവ്യോസൌ മഹാത്മാ നൃപമുനി വെറുതേ
മാനമൊല്ലാ മനോജ്ഞേ!. വൃ൪

കലാ.............സർവ്വസാരമേ=ഹിമവൽപർവ്വതം ചെയ്തിരിക്കുന്ന സുകൃതത്തിന്റെ എല്ലാഫലവും, മൽപ്രിയേ=എന്റെ പത്നിയും, മനോജ്ഞേ=സുന്ദരിയും (ഈ മൂന്നു പദങ്ങളും സംബുദ്ധി) ആയിരിക്കുന്ന ഹേ ദേവി, അകതളിരിൽ=മനസ്സിൽ, അകാണ്ഡേ = അനവസരത്തിൽ—കാരണമില്ലാതെ—ഒരാതങ്കമുഠംക്കൊണ്ടു=സങ്കടത്തോടുകൂടി, പെട്ടന്നു ഈ കോപം എന്തെന്തു=വേഗത്തിൽ ഈ കോപം എങ്ങനെയുണ്ടായി. നിനക്കു സങ്കടവും കോപവും ഉണ്ടാകുവാൻ ഹേതു എന്തെന്നു സാരം. കഷ്ടം! കഷ്ടം! കാരണമില്ലാതെ നീ കോപിക്കുന്നുവല്ലോ, എന്നു സാരം. പട്ടാങ്ങത്രേ=ഞാൻ പറയുന്നതു സത്യമാണ്. അസൌ മഹാത്മാ നൃപമുനി=ഈ മഹാനുഭാവനായ രാജൎഷി, നാമിരു..........ഭക്തിമാനായ്=നമ്മഠം രണ്ടുപേരിലും യാതൊരു വ്യത്യാസവുമില്ലാത്തവിധം ഭക്തിയുള്ളവനായി, ദ്രഷ്ടവ്യഃ=കാണപ്പെടണം. ഈ രാജാവു നമ്മളെ രണ്ടുപേരേയും ഒരുപോലെ ഭജിക്കുന്നവനാണെന്നു സാരം. വെറുതേ=കാൎയ്യമില്ലാതെ, മാനം=കോപം—സ്ത്രീകഠംക്കു ഭൎത്താക്കന്മാരോടുള്ള കോപം മാനം. ഒല്ലാ

=അതുള്, ഒക്കകില്ല എന്നു സാരം. മനോജ്ഞേ എന്ന പദം സുന്ദരിയായിരിക്കുന്ന നിനക്കു വികൃതാവസ്ഥയെ ജനിപ്പിക്കുന്ന കോപം ചേരുന്നതല്ല എന്ന് അർത്ഥം ധ്വനിപ്പിക്കുന്നു.

സമസ്തലോകാഭ്യുദയൈകവൃത്തേ-
രമുഷ്യ ഭക്ത്യാ പരതന്ത്രചേതാഃ
മമ പ്രിയേ! ഞാനിഹ ചെയ്തതെല്ലാം
ക്ഷമസ്വ നീ പർവ്വതരാജകന്യേ!" വൃ൭

മമ പ്രിയേ പർവ്വതരാജകന്യേ=എന്റെ പ്രിയേ, എനിക്കു ഏററവും ഇഷ്ടമുള്ളവളായിരിക്കുന്ന പാർവ്വതി എനിക്ക് നിന്നോടു തോന്നുന്നതുപോലെ ഇഷ്ടം നിനക്ക് എന്നോടും തോന്നേണ്ടതാണ് എന്നു പ്രിയേ എന്ന പദം ധ്വനിപ്പിക്കുന്നു. ഞാൻ ഇഹ=ഇവിടെ നിഷ്ഠില്ലാതിരുന്ന സമയത്ത്, സമസ്ത............വൃത്തേഃ=ലോകങ്ങൾക്കെല്ലാം അഭിവൃദ്ധിയുണ്ടാക്കുന്നതിനുവേണ്ടി പ്രവർത്തിച്ചവനായ, അമുഷ്യ = ഈ രാജാവിന്റെ, ഭക്ത്യാ=ഭക്തികൊണ്ട്, പരതന്ത്രചേതാഃ=മനസ്സു വിവശമായിട്ട്, രാജാവിന്റെ ഭക്തിനിമിത്തം അത്യന്തം സന്തോഷമുള്ളവനായിത്തീർന്നിട്ട്, തല്ക്കാലവിശേഷണം. ചെയ്തതെല്ലാം ക്ഷമസ്വ=നീ ക്ഷമിച്ചാലും.

ഓരോതരം പുരഹരാനുനയങ്ങൾകൊണ്ടും
മാറാത കോപവിഭവാമവലോക്യ ഗൌരീം
ആരൂഢശാപഭയമംഘ്രിതലേ പതിത്വാ
നേരേ പുകണ്ണിതു കൃതാഞ്ജലിരേഷ രാജാ. വസ

ഓരോതരം ....വിഭവാം ഗൌരീം അവലോക്യ=ഓരോവിധത്തിലുള്ള ശിവന്റെ സമാധാനവാക്കുകൾകൊണ്ടും കോപത്തിന്റെ ശക്തിക്കു കുറവുവരാതെയിരുന്ന (കോപം മാറാതെയിരുന്ന) പാർവ്വതീദേവിയെക്കണ്ടു, ഏഷ രാജാ കൃതാഞ്ജലിഃ=ഈ രാജാവു തൊഴുതുകൊണ്ട്, ആരൂഢ.........പതിത്വാ=ശപിച്ചേക്കുമോ എന്നു ഭയം നിമിത്തം കാല്ക്കൽവീണു നമസ്കരിച്ച്, നേരെ=സത്യമായിട്ടു, പുകണ്ണിതു=ദേവിയെ

സ്തുതിച്ചു. ശിവന്റെ അനുനയവാക്കുകൾ ഫലിക്കാതെയിരുന്നപ്പോൾ രാജാവുതന്നെ ദേവിയുടെ കാല്ക്കൽ വീണ് ഇപ്രകാരം സ്തുതിച്ചു എന്നു സാരം.

"സാക്ഷാൽത്രൈലോക്യനാഥപ്രണയിനി! ഗിരിരാ-
ജാത്മജേ! കൈതൊഴുന്നേൻ
കാൽക്കീഴ്വന്നാശ്രിതം മാം കനിവൊടഗതിയെ-
ക്കാത്തുകൊള്ളേണമേ നീ
നീക്കം ചെററില്ല മററാരുടയതു മമ നീ-
യെന്നിയേ തമ്പിരാട്ടീ!
പാഴ്ക്കോപം ദാസനാമെന്നൊടു കലരരുതേ
ജൃംഭതാം വൻപ്രസാദം. വ്യാ

സാക്ഷാൽ...... ......ത്മജേ = സാക്ഷാൽ മൂന്നു ലോകങ്ങൾക്കും ഈശ്വരനായ ശിവന്റെ പ്രണയപാത്രമായും—പത്നിയായും, പർവ്വതശ്രേഷ്ഠന്റെ പുത്രിയായും ഇരിക്കുന്ന തമ്പുരാട്ടി=ദേവീ (ഈ പദങ്ങൾ സംബുദ്ധികൾ) കൈതൊഴുന്നേൻ=ഞാൻ നമസ്കരിക്കുന്നു. നി കാൽക്കീഴ് വന്നു ആശ്രിതം അഗതിയേ കാത്തുകൊള്ളേണമേ=നീ നിന്റെ കാലടിയിൽ വന്നു ആശ്രയിച്ചിരിക്കുന്നവനും മറെറാരു ഗതിയില്ലാത്തവനും ആയ എന്നെ രക്ഷിക്കേണമേ, ചെററു നീക്കം ഇല്ല=ഞാൻ പറഞ്ഞതിനു അല്പവും മാററം ഇല്ല. മുഴുവനും സത്യം തന്നെയെന്നു സാരം. മമ നീയെന്നിയേ മററു ആരു ഉടയതു=എനിക്കു നീയല്ലാതെ വേറെ ആരാണ് ഒരു ഉടയതുള്ളതു്. ദാസനാം എന്നൊടു പാഴ്കോപം കലരരുതേ =ഭൃത്യനായിരിക്കുന്ന എന്നോടു വെറുതെ കോപിക്കരുതേ, വൻപ്രസാദം =നിന്റെ മനസ്സിൽ വലിയ തെളിവു—സന്തോഷം, ജൃംഭതാം=ജൃംഭിക്കട്ടെ. കോപം നീങ്ങി മനസ്സു നല്ലപോലെ തെളിയട്ടെ എന്നു സാരം.

നതോസ്മി കാരുണ്യസുധാനിധാനം
നതോസ്മി കാമാർപ്പണകാമധേനും
നതോസ്മി നാനാഗമമൃഗ്യമൂർത്തിം
നതോസ്മി നാരായണസോദരീം ത്വാം. വൃവ്വ

കാരുണ്യസുധാനിധാനം ത്വാം=കരുണയാകുന്ന അമൃതം നിറച്ചു വച്ചിരിക്കുന്ന നിധിയായ നിന്നെ, നതഃ അസ്മി=ഞാൻ നമസ്കരിക്കുന്നു. നതഃ അസ്മി എന്ന പദങ്ങളുടെ അർത്ഥം അടുത്ത പാദങ്ങളിലും യോജിപ്പിച്ചുകൊള്ളണം. കാമ.........ധേനും=ഭക്തന്മാരുടെ അഭീഷ്ടങ്ങളും എല്ലാം കൊടുക്കുന്ന കാമധേനുവായിരിക്കുന്നവളെ, നാനാഗമഭൂഷ്യമൂർത്തിം=നാനാരൂപങ്ങളായ വേദങ്ങളും അലങ്കരിച്ചുകൊണ്ടിരിക്കുന്ന ശരീരത്തോടുകൂടിയവളെ, വേദങ്ങളുംകൂടി നിന്റെ മൂർത്തി ഇന്നവിധം എന്നു ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നു സാരം. നാരായണസോദരീം=മഹാവിഷ്ണുവിന്റെ സഹോദരിയായിരിക്കുന്നവളെ—ദയാനിധിയും ഭക്താഭീഷ്ടപ്രദയും വേദങ്ങളാലും കൂടി അലങ്കരിക്കപ്പെടുന്നവളും മഹാവിഷ്ണുവിന്റെ സോദരിയും ആയ നിന്നെ ഞാൻ നമസ്കരിക്കുന്നു എന്നു സാരം.

പ്രസീദ ഭക്തേഷു വിതീർണ്ണമുക്തേ!
പ്രസീദ മായേ! മദനാരിജായേ!
പ്രസീദ ഭദ്രേ! പരതത്ത്വമുദ്രേ!
പ്രസീദ ധന്യേ! കുലശൈലകന്യേ!" വൃൻ

ഭക്തേഷു വിതീർണ്ണമുക്തേ=ഭക്തന്മാർക്ക മോക്ഷം കൊടുക്കുന്നവളായും, മായേ=മായാരൂപത്തോടുകൂടിയവളായും. ഇല്ലാത്തതു ഉണ്ടെന്നും ഉള്ളതു് ഇല്ലെന്നും തോന്നിപ്പിക്കുന്നവൾ എന്നു മായാപദത്തിന്റെ സാരം. മദനാരിജായേ=ശ്രീപരമേശ്വരന്റെ പത്നിയായും, ഭദ്രേ=മംഗലശീലയായും, പരതത്ത്വമുദ്രേ=അത്യുൽകൃഷ്ടമായ ജ്ഞാനത്തിന്റെ മുദ്രയായും, ധന്യേ=ശ്രേഷ്ഠയായും ഇരിക്കുന്ന, കുലശൈലകന്യേ=ശ്രീപാർവ്വതീദേവി, ഈ പദങ്ങൾ എല്ലാം സംബുദ്ധികൾ. പ്രസീദ=പ്രസാദിച്ചാലും.

ഇത്ഥം തൃക്കാല്ക്കൽ വീണാനതമൊരു ശതസോ-
മം തദാ കണ്ണിലെത്തും-
മദ്ധ്യേ താനേ ബലാൽ പോയൊരുകലുഷതമ-
സ്സങ്കടാ പങ്കജാക്ഷീ

ഉദ്യൽകാരുണ്യവാരാകര തിര കളില ാ-
റാടി മുങ്ങിക്കളിക്കും-
ചിത്തേ ഹൃദ്യാം പ്രസാദശ്രിയമഭജദസൌ
ശൈലരാജന്യകന്യാ. ൯൧

തദാ=അപ്പോൾ, ഇത്ഥം=ഇപ്രകാരം പ്രാൎത്ഥിച്ചു, തൃക്കാല്ക്കൽ ....ശതസോമം=കാല്ക്കൽ വീണു നമസ്കരിച്ച ശതസോമരാജാവിനെ, അസൌ പങ്കജാക്ഷീ ശൈലരാജന്യകന്യാ=ഈ പത്മദളംപോലെ സുന്ദരമായിരിക്കുന്ന നേത്രങ്ങളോടുകൂടിയ സുന്ദരിയായ പാൎവ്വതിദേവി. കണ്ണി..........സങ്കടാ=കണ്ണിൽ ചെന്നു ചേരുന്നതിനിടയിൽ. മുൻപുതന്നെ നശിച്ചതായ കോപവികാരമാകുന്ന ഇരുട്ടുകൊണ്ടുള്ള സങ്കടത്തോടുകൂടിയവളായിട്ട്. ബലപ്രയോഗം ഒന്നും കൂടാതെ ഭക്തനെക്കണ്ടു ഉടനെത്തന്നെ ദേവിയുടെ കോപവൈഭവം എല്ലാം ശമിച്ചു എന്നു ഭാവം. ഈ ഭാഗം ദേവിയുടെ അന്യാദൃശമായ ആശ്രിതവാത്സല്യത്തെ ധ്വനിപ്പിക്കുന്നു. 'താനേ ബലാൽ' എന്ന പദങ്ങൾ ഏററവും ഭാവപുഷ്ടങ്ങളായിരിക്കുന്നു എന്നു കാണേണ്ടതാണ്. കോപവികാരമെല്ലാം അതിവേഗത്തിൽ നശിച്ച് മനസ്സു തെളിഞ്ഞിട്ട് എന്നു സാരം. ഉദ്യൽ.... ....ചിത്തേ=ഉദിച്ചു വളരുന്ന കരുണയാകുന്ന സമുദ്രത്തിലെ തിരമാലകളിൽ മുങ്ങിക്കളിക്കുന്ന മനസ്സിൽ, ദയാധിക്യംകൊണ്ട് ഏററവും അലിവോടുകൂടിയ മനസ്സിൽ എന്നു സാരം. ഹൃദ്യാം=ഹൃദയപ്രീതിയുളവാക്കുന്ന, പ്രസാദശ്രിയം=പ്രസാദത്തിന്റെ ശോഭയെ, അഭജൽ=ഭജിച്ചു-കൈക്കൊണ്ടു. മനസ്സിൽ കരുണയ്ക്കുചിതമായ തെളിവുണ്ടായി. ദേവിക്കു തന്റെ ഭൎത്താവിനോടുള്ളതിൽ കൂടുതലായ കരുണയും വാത്സല്യവും ഭക്തന്മാരോടു ഉണ്ടെന്ന് ഇവിടെ കവി വെളിവാക്കിയിരിക്കുന്നു.

ത്രൈലോക്യനായകനുമമ്പൊടു വൻപ്രസാദം
കോലുന്ന കാന്തയൊടു ചേൎന്നു ദുരന്തധാമാ
ചേലാൎന്നനുഗ്രഹഗിരാ പരിപൂൎത്തി മോദം
മേലേ നരേന്ദ്രഹൃദയേ സദയം മറഞ്ഞു. ൯൨

ദുരന്തധാമാ=അന്തമില്ലാത്ത തേജസ്സോടുകൂടിയ, ത്രൈലോക്യ ....ചേൎന്നു=ശിവനും ദയയോടുകൂടി മനസ്സു തെളിഞ്ഞ പാൎവ്വതി

യും ഒന്നിച്ച്, ചേലാ.........ഗിരാ=ഭംഗിയേറിയ അനുഗ്രഹവാക്കുകൊണ്ട്, നരേന്ദ്രഹൃദയേ=രാജാവിന്റെ മനസ്സിൽ, മോദം=സന്തോഷത്തെ, പരിപൂൎയ്യ=നിറച്ചിട്ട. രാജാവിന്റെ മനസ്സ് സന്തോഷപൂൎണ്ണമാക്കിയിട്ട് അവിടെനിന്നു മറഞ്ഞു.

പണ്ടേതിൽപ്പത്തിരട്ടിച്ചിളകിനരുചിമാൻ
ബിംബമൈശം ഗൃഹീത്വാ
കണ്ഠേകാളപ്രസാദാത്തദനു നൃപതിക-
ണ്ഠീരവോസൌ മഹാത്മാ
കൊണ്ടാടാമല്ല ഭാഗ്യം കലശഭവമുനേ-
രാശ്രമേ ചെന്നു തേജോ-
ഭണ്ഡാരന്തം വണങ്ങി ത്രിപുരഹരനിയോ-
ഗം ന്യഗാദീദശേഷം. ൯൨

തദനു=അതിനുശേഷം, അസൌ മഹാത്മാ നൃപതികണ്ഠീരവഃ=ഈ മഹാനുഭാവനായ നൃപതികളുടെ സിംഹം. രാജാക്കന്മാരുടെയും രാജാവ്-ചക്രവൎത്തിയെന്നു സാരം. കണ്ഠേകാളപ്രസാദാൽ = വിഷം ധരിക്കുകയാൽ കഴുത്തു കറുത്തിരിക്കുന്ന ദേവന്റെ-ശ്രീപരമേശ്വരന്റെ അനുഗ്രഹം ഹേതുവായിട്ട, ഐശം ബിംബം ഗൃഹീത്വാ=ശിവന്റെ ബിംബം കൈക്കൊണ്ടിട്ട്-വാങ്ങിയിട്ട്, പണ്ടേതിൽ.........രുചിമാൻ=മുൻപുണ്ടായിരുന്നതിനേക്കാൾ പത്തിരട്ടി അധികം ശോഭയോടുകൂടിയവനായിത്തീൎന്ന. തല്ക്കാലവിശേഷണം. ഭാഗ്യം കൊണ്ടാടാമല്ല=രാജാവിന്റെ ഭാഗ്യം പുകഴ്ത്താവുന്നതല്ല. അത്രയ്ക്കധികമാണെന്നു സാരം. കലശ.........ചെന്നു=രാജാവ് അഗസ്ത്യന്റെ ആശ്രമത്തിൽ ചെന്ന്. തേജോഭണ്ഡാരന്തം=തപസ്സിന്റെ തേജസ്സിനു ഭണ്ഡാരം ഇരിപ്പിടം ആയിരിക്കുന്ന അവനേ-മുനിയേ, വണങ്ങി=വന്ദിച്ച്, ത്രിപുരഹരനിയോഗം അശേഷം ന്യഗാദീൽ=പുരവൈരിയായ ഭഗവാൻ ശിവന്റെ ആജ്ഞയെല്ലാം പറഞ്ഞു-അറിയിച്ചു. ഇവിടെ ത്രിപുരഹരപദം ശിവന്റെ നിയോഗം അനുസരിച്ചില്ലെങ്കിൽ പുരന്മാൎക്കുണ്ടായ അനുഭവം തനിക്കും വരുമെന്ന അൎത്ഥത്തെക്കൂടി ധ്വനിപ്പിക്കുന്നതായി വിചാരിക്കണം. നിയോഗം ന്യഗാദീൽ എന്ന ഭാഗത്തിൽ യതിഭംഗം ദുസ്സഹം.

രാജർഷിണോക്തമുപകർണ്യ മുദാ തദാനീ-
മീശാനമുഖ്യവരമുദ്ധുരകൌതുകാത്മാ
വാചാ മൃദുസ്മിതസുധാർദ്രിതയാഭിനന്ദ-
ന്നൂചേ തെളിഞ്ഞു പെരുമാൾ മുനിമണ്ഡലാനാം ൯൩

മുനിമണ്ഡലാനാം പെരുമാൾ=മുനികളുടെ കൂട്ടങ്ങൾക്കു നാഥനായ അഗസ്ത്യൻ, ഉദ്ധുര......... ത്മാ=ഏററവും സന്തോഷിച്ച ആത്മാവോടു കൂടിയവനായിട്ടു, ആത്മാവ്=മനസ്സ്, "ആത്മാ ദേഹമനോബ്രഹ്മസ്വഭാവധൃതിബുദ്ധിഷു" എന്നു വിശ്വം. അധികം സന്തോഷിച്ചു, തദാനീം=അപ്പോൾ, രാജർഷിണാ=രാജർഷിയായ ശതസോമനാൽ, ഉക്തം=പറയപ്പെട്ടതായ, ഈശാനമുഖ്യവരം=ശിവന്റെ പ്രധാനമായ വരത്തെപ്പററി, ഉപകർണ്യ=കേട്ടിട്ടു, രാജാവു പറഞ്ഞതു കേട്ടു-ശിവന്റെ നിയോഗം അറിഞ്ഞിട്ടു എന്നു സാരം. തെളിഞ്ഞു=മനസ്സു പ്രകാശിച്ചു, മൃദു.........ർദ്രിതയാ വാചാ=പുഞ്ചിരിയാകുന്ന അമൃതത്തിൽ അലിഞ്ഞ വാക്കുകൊണ്ടു്, അഭിനന്ദൻ=രാജാവിനെ ശ്ലാഘിച്ചുകൊണ്ടു്, ഊചേ=പറഞ്ഞു

"അത്യന്തോത്തീർണ്ണഭാഗ്യോദയ! നിശമയ നീ
പൂർവ്വഭൂപാലകാഭ്യാ-
മുത്തുംഗാഭ്യാമധിഷ്ഠാപിതമഴകിയ ബിം-
ബദ്വയന്തൽ പുരാരേഃ
മർത്ത്യാനാമത്യുദഞ്ചൽകലികലുഷധിയാം
കല്മഷംകൊണ്ടിദാനീം
പൃഥ്വീഗർഭേ മറഞ്ഞങ്ങൊരുവനുമിഹ കാ-
ണാതവണ്ണം ചമഞ്ഞു ൯൪

അത്യന്തോ......... ദയ=മഹത്തായിരിക്കുന്ന ഭാഗ്യം കൈവന്നിരിക്കുന്ന അല്ലയോ രാജാവേ, നീ=അങ്ങു, നിശമയ=ഞാൻ പറയുന്നതു കേട്ടാലും. ഉത്തുംഗാഭ്യാം പൂർവ്വഭൂപാലകാഭ്യാം=ശ്രേഷ്ഠന്മാരായ രണ്ടു പൂർവ്വരാജാക്കന്മാരാൽ. മാന്ധാതാവിനാലും മുചുകുന്ദനാലും എന്നു സാരം

അധിഷ്ഠാപിതാം=പ്രതിഷ്ഠിക്കപ്പെട്ടതും, അഴകിയ=ഭംഗിയുള്ളതുമായ, പുരാരേഃ=ശിവന്റെ, തൽ=ആ, ബിംബം=വിഗ്രഹം–പൂൎവ്വന്മാരായ രാജാക്കന്മാർ പ്രതിഷ്ഠിച്ചു പൂജിച്ചുവന്ന ബിംബം. ഇദാനീം=ഇപ്പോൾ, അത്യുദ.........ധിയാം=ഏററവും ഉയൎന്ന കലിദോഷംകൊണ്ടു കലങ്ങിയ ബുദ്ധിയോടുകൂടിയവരായ–കലിയുടെ ശക്തിയാൽ മനസ്സിൽ തെളിവില്ലാത്തവരായിത്തീൎന്ന, മൎത്ത്യാനാം=മനുഷ്യരുടെ, കല്മഷംകൊണ്ടു= പാപശക്തികൊണ്ടു, പൃഥ്വീഗത്തെ അങ്ങു മറഞ്ഞു്=ഭൂമിയുടെ അടിയിൽ മറഞ്ഞിട്ടു, ഇഹ=ഭൂമിയിൽ, ഒരുവനും=ഒരാൾക്കും, കാണാ....... ....മഞ്ഞു=കാണാൻ പാടില്ലാത്തവിധമായിത്തീൎന്നു. കലിശക്തികൊണ്ടു മാന്ധാതാവും മുചുകുന്ദനും പ്രതിഷ്ഠിച്ച ബിംബങ്ങൾ ഭൂമിക്കടിയിൽ മറഞ്ഞു് ആൎക്കും കാണ്മവാൻ പാടില്ലാതെയായി എന്നു ഭാവം.

ഫുല്ലാത്മാ നീയുമെന്നാൽ ഭുവനഗുരുനിയോ-
ഗാനുഗാമീ വിഭോ! കേൾ
ചെല്ലൂരഗ്രാമശൃംഗൽപൊരുതൊടുകുറിയാം
ക്ഷേത്രമുഖ്യേത്ര പുണ്യേ
കല്യാണാൎത്ഥം പ്രതിഷ്ഠാപയ പുരമഥനം
ദക്ഷിണേ തസ്യ പാൎശ്വേ
ചൊല്ലേറീടുന്ന ശംഭോരഭിമതമഥ കും-
ഭോദരം ഭൂതരാജം. സ്രഗ്ദ്ധ

വിഭോ=അല്ലയോ രാജാവേ, എന്നാൽ ഫുല്ലാത്മാ=സന്തോഷംകൊണ്ടു വികസിച്ച ആത്മാവോടുകൂടിയവനായിരിക്കുന്ന മഹാത്മാവായ നീയും=അങ്ങും, കേൾ=ഞാൻ പറയുന്നതു കേട്ടാലും, ഭുവന.........ഗാമീ =ലോകങ്ങൾക്കു എല്ലാം പൂജ്യനായ ഭഗവാന്റെ ആജ്ഞയനുസരിച്ചു്, പുണ്യേ=പുണ്യമായും, ചെല്ലൂര..............കുറിയാം=ചെല്ലൂർഗ്രാമത്തിനു പൊട്ടു–അലങ്കാരമായും ഇരിക്കുന്ന, ക്ഷേത്രമുഖ്യേ = പ്രധാനക്ഷേത്രത്തിങ്കൽ, കല്യാണാൎത്ഥം=ലോകങ്ങൾക്കു മംഗലം വൎദ്ധിക്കുവാനായി, പുരമഥനം=ശ്രീപരമേശ്വരനേയും, അഥ=പിന്നീടു, തസ്യ ദക്ഷിണേ പാൎശ്വേ =ശിവന്റെ തെക്കുഭാഗത്തു അടുത്തു, ചൊല്ലേറീടുന്ന.......ഭിമതം=കീൎത്തിയോടുകൂടിയവനും ശിവനു ഇഷ്ടനും, ഭൂതരാജം=ഭൂതങ്ങളുടെ നാഥനും ആയ, കുംഭോദരം=കുംഭോദരനേയും, പ്രതിഷ്ഠാപയ=പ്രതിഷ്ഠിച്ചാലും.

മമ്മാ നിമ്മായ്യ ഭൂയോപി ച ഭുവനപതേ-
വ്വിശപവന്ദ്യം വിമാനം
ചെമ്മേ സന്നാമപൂജാനിയതിമനുദിനം
കല്പയിത്വാ വിശേഷാൽ
ധമ്മ്യേഭ്യോ രക്ഷണാത്ഥം വിതര മഹിതച്ചെ-
ല്ലരവിപ്രേശരേഭ്യോ
നിമ്മായം കല്മഷോന്മൂലനചതുരതരം
തൽപുരം മുപ്പുരാരേഃ. ൻ൬൭

മമ്മാ=ആശ്ചയ്യദ്യോതകം, ഭൂയഃ അപി ച=വീണ്ടും, ഭുവനപതേഃ=ലോകേശ്വരനായ ശിവന്റെ, വിശ്വവന്ദ്യം=എല്ലാവക്കും വന്ദിക്കുവാൻ യോഗ്യമായ, വിമാനം=വിമാനത്തെ, നിമ്മായ്യ=ഉണ്ടാക്കിയിട്ട്.

അമ്പലങ്ങളിൽ ദേവന്റെ ഗർഭഗൃഹത്തിന്ന അല്ലെങ്കിൽ പ്രാസാദത്തിന്ന വിമാനം എന്ന പേർ പറയുന്നു.

> "അഥാത്ര ലിഖ്യതേ ലക്ഷ്മ പ്രാസാദാനാം സമാസതഃ
> ദേവാദീനാം നരാണാം ച യേഷു രമ്യതയാ ചിരം
> മനാംസി ച പ്രസീദന്തി പ്രാസാദാസ്തേന കീത്തിതാഃ
> നാനാമാനവിധാനത്വാദ്വിമാനം ശാസ്ത്രതഃ കൃതം
> പിതാമഹേന കൃതിഭിമ്മയേന ച യഥാ പുരാ
> മുഖ്യാദീനി വിമാനാനി കഥിതാന്യനുപൂവ്വശഃ
> യാനി താന്യത്ര കത്ഥ്യന്തേ ദേവാദീനാം സമാസതഃ."

എന്ന ഈശാനഗുരുദേവപദ്ധതിയിൽ (ഉത്തരാദ്ധം നവ്യ-ാംപടലം) പറഞ്ഞിരിക്കുന്നു. ദേവന്മാക്കും മനുഷ്യക്കും മനസ്സിന്ന പ്രസാദം—സന്തോഷം ഉണ്ടാകുന്നതു പ്രാസാദം. പലതരം അളവുപയോഗിച്ചു നിമ്മിക്കുന്നതുകൊണ്ട് അതിന്ന വിമാനം എന്ന പേർ സിദ്ധിച്ചു.

"വിമാനം ഭവനം ഹമ്മ്യം സൌധം ധാമ നികേതനം."

എന്ന മയമതത്തിൽ കാണുന്നതിൽനിന്ന വിമാനവും പ്രാസാദവും സൌധവും മററും സമാനാത്ഥകങ്ങളാണെന്ന ഗ്രഹിക്കാം. ഭോജദേവകൃതമായ

സമരാങ്കണസൂത്രധാരം എന്ന പ്രാചീനശില്പശാസ്ത്രത്തിന്റെ ഉത്തരാൎദ്ധത്തിൽ വിമാനത്തിന്റെ പല അളവുകളേയും അതിനുള്ള പല നാമങ്ങളേയും പ്രതിപാദിക്കുന്നു. ചെമ്മെ=ഭംഗിയായി, അനുദിനം=പതിവായി, സന്നാമപൂജാനിയതിം=നമസ്കാരം പൂജ എന്നിവ ചെയ്യുന്നതിനു വേണ്ട നിയമങ്ങളെ, കല്പയിത്വാ=കല്പിച്ചിട്ടു-ഏൎപ്പെടുത്തിയിട്ടു, വിശേഷാൽ=ഇത്രയും ചെയ്താൽ പോരാ, വിശേഷമായി ഇക്കാൎയ്യംകൂടി ചെയ്യണം എന്നു സാരം. മുപ്പുരാരേഃ=ശിവന്റെ, കല്മ.........തരം=പാപങ്ങളെ നശിപ്പിക്കുന്നതിൽ ഏററവും സമൎത്ഥമായിരിക്കുന്ന, തൽപുരം=ആ പുരത്തെ, നിൎമ്മായം=വ്യാജംകൂടാതെ, ധൎമ്മ്യേഭ്യഃ മഹിത ..... വിപ്രേശ്വരേഭ്യഃ=ധൎമ്മനിഷ്ഠന്മാരായ ചെല്ലൂർഗ്രാമത്തിലെ ശ്രേഷ്ഠന്മാരായ ബ്രാഹ്മണൎക്കായിക്കൊണ്ടു, രക്ഷണാൎത്ഥം=രക്ഷചെയ്യുന്നതിനായി, വിതര=കൊടുത്താലും. ക്ഷേത്രത്തിലെ പൂജാദികാൎയ്യങ്ങൾ ശരിയായി നടക്കുന്നതിനുവേണ്ട ഏൎപ്പാടുകൾ ചെയ്തിട്ടു രക്ഷിക്കുന്നതിനായി അവിടത്തുകാരായ ബ്രാഹ്മണൎക്കു കൊടുത്താലും എന്നു സാരം.

അപ്പാ ജഗത്ത്രയഹിതാൎത്ഥമിവണ്ണമുച്ചൈ-
രെപ്പേരുമൻപൊടധികല്പ്യ ശിവപ്രസാദാൽ
കെല്പാൎന്ന കീൎത്തിനെറി ചേൎത്തരുളായുഗാന്തം
ത്വൽപൂൎവ്വഭൂപതി ഭഗീരഥനെന്നപോലെ.” ൯൭

അപ്പാ=ആശ്ചൎയ്യദ്യോതകം, ജഗത്ത്രയഹിതാൎത്ഥം=മൂന്നു ലോകങ്ങളുടേയും ഇഷ്ടം സാധിക്കുന്നതിനു, ഇവണ്ണം.........ധികല്പ്യ=ഇപ്രകാരം എല്ലാം വേണ്ടവിധം ഏൎപ്പെടുത്തിയിട്ടു, ശിവപ്രസാദാൽ=ശിവന്റെ അനുഗ്രഹംകൊണ്ടു, ത്വൽപൂൎവ്വ ....പോലെ=അങ്ങയുടെ പൂൎവ്വികനായ ഭഗീരഥരാജാവു എന്നപോലെ, ആയുഗാന്തം=യുഗാവസാനം-പ്രളയകാലം വരെ, കെല്പാൎന്ന......ചേൎത്തു=സാമൎത്ഥ്യത്തോടുകൂടി കീൎത്തിയുടെ നെറി-ഭംഗി ചേൎത്തു, ലോകത്തിൽ ഉണ്ടാക്കി, അരുളു്=അങ്ങു വാണാലും. ഭഗീരഥനെപ്പോലെ ഒരിക്കലും നാശമില്ലാത്ത യശസ്സോടുകൂടി അങ്ങു വാണാലും എന്നു അഗസ്ത്യന്റെ അനുഗ്രഹം. ശിവപ്രസാദാൽ എന്ന പദത്തിനു ഞാൻ പറഞ്ഞതെല്ലാം ഈശ്വരാനുഗ്രഹംകൊണ്ടു അങ്ങേക്കു സാധിക്കും എന്നു ധ്വനി.

ഗദ്യം ൩. അഥ നരപതിർമ്മുനിസാർവ്വഭൌമവദന ചന്ദ്രനിഷ്യന്ദമാനവചനചന്ദ്രികാഭിമർശസംഫുല്ലഹൃദയ കൈരവോ നിഖിലാഗമാംഭോധിലംഘനകലാജാംഘി കൈർവ്വിദിതനിശ്ശേഷവേദ്യാന്തൈശ്ശുദ്ധചര്യൈർവ്വിപ്രവ ര്യൈഃ പരീതോ നിരന്തരാരചിതധനധാരാപൂരവർഷേണ സമന്താത്സന്തർപ്പിതസമസ്തജീവലോകഃ ദിവ്യദുന്ദുഭിഷു സ്വയമേവ ദിവി ധ്വനത്സു വിശുദ്ധമാന്ത്രികവദനകു ഹരതോ യൌഗപദ്യനിസ്സൃതേന സാന്ദ്രതരേണ ത്രി വേദീഘോഷേണ ച വിവിധമാഗധസംകീർത്തിതശംകര നാമസംകീർണ്ണജയജയാരാവകോലാഹലേന ച സമഗ്രസ ന്താഡ്യമാനഗഭീരഭേരീമദ്ദളകാഹളനിസ്സാണശംഖഗോമു ഖനാനാവാദിത്രനിധാനേന ച സർവ്വലോകേഷു കരാഭി നയൈരേവ പരസ്പരം കാര്യാണി സംജ്ഞാനാനേഷു മഹി തമന്ത്രാഹുതിതന്ത്രസന്ധുക്ഷിതാശുശുക്ഷണിനീരന്ധ്രനി സ്സൃതായാം ബഹളസൌഗന്ധ്യപൂരിതഹരിന്മുഖായാം ധൂമലേഖായാമുദിതകൌതുകാഡംബരാലംബിനാം വൈമാ നികസ്തോമാനാമീക്ഷണപുടേഷു ക്ഷണമാത്രം തിരസ്കര ണീഭംഗീമംഗീകുർവ്വത്യാം ത്രിജഗദാനന്ദകന്ദളനചതുരേ സുരഭിശീതളസ്പർശേ നഭസ്വതി സംവീജതി സ്വയംപ്ര കാശിതോന്മസ്തകപ്രസാദസമ്മേദുരഹൃദയേ ഭുവനവാസി കദംബേ യഥാവിധി വാസ്തുശുദ്ധ്യാദികാം കർമ്മപരമ്പരാ മാനുപൂർവ്വ്യേണ നിർവ്വർത്ത്യ സുമുഹൂർത്തേ തപസ്സംപദംഭോ ധിനാ കുംഭോൽഭവേന മുനിനാ ഭുവനമംഗലാർത്ഥം ബിം ബമൈശ്വരം തത്രൈവ പുണ്യക്ഷേത്രേ സാധിഷ്ഠഭാഗ്യ ശാലീ പ്രാതിഷ്ഠിപൽ.

ഈ ഗദ്യത്തിൽ ഭഗവൽപ്രതിഷ്ഠയെ വൎണ്ണിക്കുന്നു. അഥ=അതിന്റെശേഷം, മുനി.........കൈരവഃ=മുനികളുടെ ചക്രവൎത്തിയായ അഗസ്ത്യന്റെ മുഖമാകുന്ന ചന്ദ്രങ്കൽനിന്നു ഒഴുകിയ വാക്കാകുന്ന നിലാവിന്റെ ചേൎച്ചകൊണ്ടു നല്ലപോലെ വിടിൎന്ന മനസ്സാകുന്ന ആമ്പലോടുകൂടിയവനും, മുനിയുടെ വാക്കുകേട്ടു ഏററവും സന്തോഷിച്ചവൻ എന്നു സാരം. മുനിയുടെ മുഖം ചന്ദ്രൻ, വാക്കു നിലാവു, രാജാവിന്റെ മനസ്സ് ആമ്പൽപ്പൂവ്, അലങ്കാരം രൂപകം. നിഖിലാ...... ജാംഘികൈഃ=നാലു വേദങ്ങളാകുന്ന സമുദ്രങ്ങളെ കടക്കുന്ന കാൎയ്യത്തിൽ ഏററവും ശീഘ്രഗതിയോടുകൂടിയവരും, അസാധാരണമായ ബുദ്ധിവൈഭവംകൊണ്ടു വേദങ്ങളെല്ലാം വേഗത്തിൽ പഠിച്ചവർ എന്നു സാരം. വിദിത .... ന്തരൈഃ=അറിയേണ്ടവയായ മററുവിഷയങ്ങളും എല്ലാം അറിഞ്ഞിരിക്കുന്നവരും, ശുദ്ധചരിത്രൈഃ=പരിശുദ്ധമായ ആചാരനിഷ്ഠയോടുകൂടിയവരും ആയ, വിപ്രവൎയ്യൈഃ=ബ്രാഹ്മണശ്രേഷ്ഠന്മാരാൽ, പരീതഃ=ചുററപ്പെട്ടവനും, നിരന്തര... . ...വൎഷണ=തടവില്ലാതെ ആചരിക്കുന്ന ധനധാരാപൂരവൎഷംകൊണ്ടു, ധാരാപൂരവൎഷം എന്ന പദം ധനത്തിന്റെ അതിരില്ലാത്ത ആധിക്യത്തെ കുറിക്കുന്നു. സമസ്ത........ ...ലോകഃ=ചുററും എല്ലാജനങ്ങൾക്കും മനസ്സിൽ തൃപ്തിയെ വേണ്ടപോലെ ജനിപ്പിച്ചവനും, ധനം ധാരാളം വാരിക്കൊടുത്തു ജനങ്ങളെ എല്ലാം സന്തുഷ്ടന്മാരാക്കിയവൻ എന്നു സാരം. സാധിഷ്ഠഭാഗ്യശാലീ=ഏററവും വിശിഷ്ടമായ ഭാഗ്യത്തോടുകൂടിയവനും ("അന്തികബാഢയോൎന്നേദസാധൌ" എന്നു പാണിനിസൂത്രം.) ആയ, നരപതിഃ=രാജാവു. ഇനി പ്രതിഷ്ഠാസമയത്തെ വിശേഷങ്ങളെ പറയുന്നു. ദിവ്യ.... ....ധ്വാനതൂൎയ്യ=ദേവന്മാരുടെ വാദ്യങ്ങളും-പെരുമ്പറകളും അടിക്കാതെ തനിയെതന്നെ സ്വൎഗ്ഗത്തിൽ ഏററവും ധ്വാനത്തുകളായിരുന്നപ്പോളും-ശബ്ദിച്ചുകൊണ്ടിരുന്നപ്പോളും, വിശുദ്ധ... ....ഗാത്രഃ=സ്നാനം ജപം മുതലായവകൊണ്ടു ശരീരത്തിനും മനസ്സിനും ശുദ്ധിവരുത്തിയവരായ മാന്ത്രികന്മാരുടെ-മന്ത്രം ജപിക്കുന്നവരായ ബ്രാഹ്മണരുടെ മുഖത്തിന്റെ അന്തൎഭാഗത്തുനിന്നു-വായിൽനിന്നു, യൌഗ.........ഘോഷേണ ച=ഒരുമിച്ചു ഒഴുകുന്നതും, പുറമെത്തുക ഇടമുറിയാതെ പുറപ്പെടുന്നതെന്നു സാരം. ഏററവും പൂൎണ്ണവും നിബിഡവും ആയ വേദോച്ചാരണശബ്ദംകൊണ്ടും, ഒരേ സമയത്തു ബ്രാഹ്മണരുടെ മുഖത്തുനിന്നു ഉച്ചത്തിൽ ഇടതിങ്ങി പുറപ്പെടുന്ന വേദജപഘോഷംകൊണ്ടും എന്നു സാരം. വിവിധ ....ഹലനാച=നാനാതരക്കാരായ സ്തുതിപാഠകന്മാർ സ്തോത്രംചെയ്യുന്ന ശിവനാമങ്ങളോടു

ഇടകലൎന്ന് ജയിച്ചാലും ജയിച്ചാലും എന്ന ശബ്ദത്തിന്റെ കോലാഹലം കൊണ്ടും, സമഗ്ര............നിദ്ധ്വാനേന ച=പൂൎണ്ണമായി അടിച്ചുകൊണ്ടിരിക്കുന്ന വലിയതായ പെരുമ്പറ, മദ്ദളം, കുഴല്, നിസ്സാണം (വാദ്യവിശേഷം), ശംഖം, ഗോമുഖം, (ഗോമുഖം വാദ്യവിശേഷം. 'ഗോമുഖം കുടിലാഗാരേ വാദ്യഭാണ്ഡേ ച ലേപകേ' എന്നു വിശ്വം) മുതലായ നാനാ വാദ്യങ്ങളുടെ ശബ്ദംകൊണ്ടും, സൎവ്വലോകേഷു.......സംജ്ഞാനാനേഷു=എല്ലാജനങ്ങളും കൈകളാൽ അഭിനയിച്ചു കാണിച്ചുകൊണ്ടുതന്നെ തങ്ങളിൽ ഓരോ കാൎയ്യങ്ങളെ അറിയിച്ചുകൊണ്ടിരുന്നപ്പോളും, വാദ്യഘോഷങ്ങളുടേയും മററും ശബ്ദംകൊണ്ടു ചെവി ആൎക്കും കേൾക്കുവാൻ പാടില്ലാതെയായപ്പോൾ കൈ കാണിച്ചുതന്നെ അന്യോന്യം കാൎയ്യം അറിയിക്കേണ്ടി വന്നു എന്നു സാരം. മഹിത..........സ്സ്രുതായാം=മഹിതമായ മന്ത്രത്തോടുകൂടിയ ഹോമംകൊണ്ടും തന്ത്രംകൊണ്ടും വൎദ്ധിച്ച തീയിൽനിന്നു ഇടതിങ്ങി വളൎന്നു പുറപ്പെട്ടതും, ബഹള.........മുഖായാം=അധികമായിരിക്കുന്ന മണംകൊണ്ടു ദിക്കുകൾ എല്ലാം നിറയ്ക്കപ്പെട്ടിരിക്കുന്നതും ആയ, ധൂമലേഖായാം=ധൂമപരമ്പര, ഉദിത.........പൃഥേഷു=അധികമായ സന്തോഷത്തോടുകൂടിയവരും, ആകാശത്തു വന്നിരിക്കുന്നവരും ആയ ദേവന്മാരുടെ കൂട്ടങ്ങളുടെ—ഇവിടെ വൈമാനികപദംകൊണ്ടു വിമാനത്തിൽ കൂടിയാണു ദേവന്മാർ ആകാശത്തിൽ വന്നു സ്ഥിതിചെയ്യുന്നതെന്ന് അൎത്ഥം ധ്വനിക്കുന്നു. അനേകായിരം ദേവന്മാർ ആകാശത്തിലുണ്ടെന്നു സ്തോമപദത്തിന്റെ ഭാവം—കണ്ണുകളിൽ ക്ഷണമാത്രം=അല്പനേരം, തിരസ്ക.......ൎവ്വത്യാം=തിരസ്കരണിയായിത്തീൎന്ന സമയത്തു. ധൂമലേഖകൊണ്ടു ദേവന്മാരുടെ കണ്ണുകളുടെ കാഴ്ച, അല്പം സമയം മറഞ്ഞു എന്നു സാരം. ത്രിജഗദാ.........ചതുരേ=മൂന്നു ലോകങ്ങളേയും സന്തോഷിപ്പിക്കുന്നതിൽ സമൎത്ഥനായും, സുരഭി.........സ്പൎശേ=മണവും തണുപ്പും ഏറിയ സ്പൎശത്തോടുകൂടിയവനായും ഇരിക്കുന്ന, നഭസ്വതി=വായു-കാററു, സംവീജതി = വീശിക്കൊണ്ടിരുന്നപ്പോൾ, ഭുവനവാസികദംബേ=ലോകത്തിൽ താമസിക്കുന്ന ജനങ്ങളുടെ സംഘം എല്ലാം, സ്വയം=തനിയേ, പ്രകാശി..................ഹൃദയേ=പ്രകാശിച്ചതായ–തലപൊക്കിപ്പിടിച്ചു തെളിച്ചം വളൎന്ന ഹൃദയത്തോടുകൂടിയതായ സമയത്തു്. ജനങ്ങളെല്ലാം തലപൊക്കിപ്പിടിച്ചു് അധികം സന്തോഷത്തോടുകൂടിയിരുന്നപ്പോൾ. ഉന്മസ്തകപദം ഉൽക്കണ്ഠയേ ദ്യോതിപ്പിക്കുന്നു. യഥാവിധി=ശാസ്ത്രങ്ങളിൽ വിധിച്ചിരിക്കുന്നതനുസരിച്ചു, ആനുപൂൎവ്വ്യേണ=ക്രമമായി, മുൻപു ചെയ്യേണ്ടതു മുൻപു, പിന്നെ ചെയ്യേണ്ടതു പിന്നെ എന്ന

ക്രമത്തിന്, വാസ്തു.........പരമ്പരാം=വാസ്തുബലി സ്ഥലശുദ്ധി മുതലായ കാൎയ്യങ്ങളെയെല്ലാം. പുതിയ കെട്ടിടം ഉണ്ടാക്കിക്കഴിഞ്ഞാൽ വാസ്തുപുരുഷന്റെ പ്രീതിക്കുവേണ്ടി കൊടുക്കുന്ന ബലി വാസ്തുബലി.

"തതഃ സപൎയ്യാം സപശൂപഹാരാം
പുരഃ പരാൎദ്ധ്യപ്രതിമാഗൃഹായാഃ
ഉപോഷിതൈൎവ്വാസ്തുവിധാനവിദ്ഭി-
ൎന്നിൎവ്വൎത്തയാമാസ രഘുപ്രവീരഃ."

എന്നു (രഘു-സ-൧൬) പറഞ്ഞിരിക്കുന്നതു നോക്കുക. നിൎവ്വൎത്ത്യ=നിവൎത്തിച്ചിട്ടു-ചെയ്തിട്ടു, സുമുഹൂൎത്തേ=ശോഭനമായ മുഹൂൎത്തത്തിൽ, മുഹൂൎത്തം=ശുഭകൎമ്മത്തിന്നു യോഗ്യമായ കാലം.

"കാലസ്തു ശുഭക്രിയായോഗ്യോ മുഹൂൎത്ത ഇതി കത്ഥ്യതേ".

എന്നു മുഹൂൎത്തമാധവീയ (മാധവാചാൎയ്യർ) ത്തിൽ പറയുന്നു. തപസ്സമ്പ.........മുനിനാ=തപസ്സാകുന്ന ധനത്തിന്നു സമുദ്രംപോലെ ഇരിപ്പിടമായിരിക്കുന്ന അഗസ്ത്യമഹൎഷിയെക്കൊണ്ടു, തത്ര പുണ്യക്ഷേത്രേ ഏവ=അവിടെ പുണ്യമായ അമ്പലത്തിൽ തന്നെ, ഭുവനമംഗലാൎത്ഥം=ലോകത്തിന്നു മംഗലത്തിനായിട്ടു, ഐശ്വരം ബിംബം=ഈശ്വരന്റെ ബിംബം, പ്രാതിഷ്ഠിപൽ=പ്രതിഷ്ഠിപ്പിച്ചു.

പ്രീത്യാ നരേന്ദ്രതിലകം നിഖിലൈകധാത്രീം
ഭൂത്യൈ നൃണാം ഭുവനമോഹനഗാത്രരേഖാം
കാത്ത്യായനീം ഭഗവതീം പുനരേവ തസ്മി-
ന്നാസ്ഥാപയത്സകലകാമിതകാമധേനും ൻവ

നരേന്ദ്രതിലകം=രാജശ്രേഷ്ഠനായ ശതസോമൻ, പ്രീത്യാ=ഇഷ്ടത്തോടുകൂടി, നൃണാം ഭൂത്യൈ=മനുഷ്യരുടെ ഐശ്വൎയ്യത്തിനായിക്കൊണ്ടു, നിഖിലൈകധാത്രീം=ലോകങ്ങൾക്കു എല്ലാം ഒരേ മാതാവായിരിക്കുന്നവളും, ഭുവന.........രേഖാം=ലോകങ്ങൾക്കു മോഹം ജനിപ്പിക്കുന്ന ശരീരലതയോടു കൂടിയവളും. ലോകൈകസുന്ദരിയും എന്നു സാരം. കാത്ത്യായനീം = കാത്ത്യായനിയും-ധൎമ്മത്തിന്നു ആശ്രയമായിരിക്കുന്നവളും, കാത്ത്യം ധൎമ്മം, അയനം ആശ്രയം-ധൎമ്മത്തിന്നു ആശ്രയമായിരിക്കുന്നവൾ

കാത്ത്യായനി, സകലകാമിതകാമധേനും=എല്ലാ അഭീഷ്ടങ്ങളേയും സാധിപ്പിക്കുന്നതിൽ കാമധേനുവിനെപ്പോലെയുള്ളവളും ആയ, ഭഗവതീം=ഭഗവതിയെ–ദേവിയെ, പുനഃ=പിന്നെ, തസ്മിൻ=ആ ക്ഷേത്രത്തിൽ, ആസ്ഥാപയൽ = സ്ഥാപിച്ചു. പിന്നീടു ശ്രീപാർവ്വതിയേയും അവിടെ പ്രതിഷ്ഠിച്ചു എന്നു സാരം.

വൻപാമ്പുകൊണ്ടൊരുപവീതമണിഞ്ഞു ഭംഗ്യാ
വൻപോടു പാണികമലാത്തകപാലശൂലം
ശംഭോരഭീഷ്ടമഥ കല്പിതസംപ്രതിഷ്ഠം
കുംഭോദരം വ്യധിത ദക്ഷിണപാർശ്വഭാഗേ. ൯൯

അഥ=പിന്നെ, ഭംഗ്യാ=ഭംഗിയോടേ, വൻപാമ്പു.........മണിഞ്ഞു=വലിയ പാമ്പുകൊണ്ടു ഉപവീതം–പൂണുനൂലു അണിഞ്ഞിരിക്കുന്നവനും, ശരീരത്തിൽ പാമ്പിനെ വളച്ചു ചുററിയിട്ടിരിക്കുന്നവൻ എന്നു സാരം. വൻപോടു ....ശൂലം=മേന്മയോടുകൂടി കൈകളാകുന്ന താമരപ്പൂക്കളിൽ തലയോടും ശൂലവും ധരിച്ചിരിക്കുന്നവനും, ശംഭോഃ അഭീഷ്ടം കുംഭോദരം=ശിവനു പ്രീതിപാത്രവും ആയ കുംഭോദരനെ, ദക്ഷിണപാർശ്വഭാഗേ=ദക്ഷിണഭാഗത്തിൽ, കല്പിതസംപ്രതിഷ്ഠം വ്യധിത വഴിപോലെ ചെയ്യപ്പെട്ട പ്രതിഷ്ഠയോടുകൂടിയവനാക്കി, പ്രതിഷ്ഠിച്ചു എന്നു സാരം.

വിമലമണിഗണശ്രീകൢപ്തമാഹേന്ദ്രചാപ-
ഭ്രമസരണി സമന്താന്മന്ദിരം ചന്ദ്രമൌലേഃ
അമിതവിവിധശില്പം വിശ്വകർമ്മാവിനെക്കൊ-
ണ്ടമരനഗരജൈത്രം കാരയാമാസ ധീമാൻ. ൧൦൦

ധീമാൻ=ബുദ്ധിമാനായ രാജാവു, ചന്ദ്രമൌലേഃ=ശിവനു, വിമലമണി....... ...സരണി=നിർമ്മലങ്ങളായ രത്നസമൂഹങ്ങളെക്കൊണ്ടു, രത്നങ്ങളുടെ പ്രകാശംകൊണ്ടു ദേവേന്ദ്രന്റെ വില്ലാണോ എന്ന ഭ്രമം ജനങ്ങൾക്കു ജനിപ്പിക്കുന്നതും, അമിത.................ശില്പം=അതിരില്ലാത്തതും അനേകം തരത്തിലുള്ളതും ആയ കൊത്തുപണികളോടുകൂടിയതും, അമര.............ജൈത്രം=ദേവന്മാരുടെ നഗരത്തെ ശോഭാധിക്യംകൊണ്ടു

ജയിച്ചു നില്ക്കുന്നതും ആയ, മന്ദിരം=ഭവനത്തെ, സമന്താൽ=അമ്പല ത്തിന്റെ ചുററും. വിശ്വകർമ്മാവിനെക്കൊണ്ടു, കാരയാമാസ=ഉണ്ടാക്കിച്ചു.

പുകൾപെരിയ ഭുജാബലാർജ്ജിതാനാം
നിഖിലദിഗന്തരസംപദാം കദംബം
സുകൃതനിധി ഹരാലയേ സമന്താ-
ദഗണിതരത്നധനം ന്യധത്ത രാജാ. ൧൦൧

സുകൃതനിധി രാജാ=പുണ്യശാലിയായ രാജാവു, പുകൾപെരിയ ....കദംബം=കീർത്തിവർദ്ധിച്ച തന്റെ കയ്യൂക്കുകൊണ്ടു നേടിയവയായ എല്ലാദിക്കുകളിലേയും ധനങ്ങളുടെ കൂട്ടം. തന്റെ ഭുജവിക്രമംകൊണ്ടു എല്ലാദേശങ്ങളിൽനിന്നും ധനം സമ്പാദിച്ചുകൊണ്ടു വന്നു എന്നു ഭാവം. ഹരാലയേ സമന്താൽ=ശിവക്ഷേത്രത്തിന്റെ ചുററും, അഗണിതരത്നധനം=സംഖ്യയില്ലാതെ രത്നവും ധനവും, ന്യധത്ത=വച്ചു. അനേകദിക്കുകളിൽനിന്നും കൂട്ടികൊണ്ടുവന്ന ധനം അമ്പലത്തിൽ കണക്കില്ലാതെ വച്ചു എന്നു സാരം.

അന്നേരം മന്ത്രതന്ത്രങ്ങളിൽ മികവിയലും
ഭൂമിദേവേന്ദ്രവൃന്ദ-
ത്തന്നാൽ നിർവൃത്തമന്ത്രോദകഭരിതമഹാ-
രത്നകുംഭാഭിഷേകം
വന്ദ്യം ഗൌരീസഹായം മുഹുരപി ച മുദാ
കൈവണങ്ങിപ്പദാന്തേ
ധന്യാത്മാ വീണു ദീർഘപ്രണതിയൊടു പുക-
ണ്ണാനസൌ പുണ്യഭൂമാ. ൧൦൨

അന്നേരം=അപ്പോൾ, ധന്യാത്മാ പുണ്യഭൂമാ അസൌ=ശ്രേഷ്ഠനും പുണ്യശാലിയും ആയ ഈ രാജാവു, മന്ത്ര..........ത്തന്നാൽ=മന്ത്രങ്ങളിലും തന്ത്രങ്ങളിലും അറിവു തികഞ്ഞവരായ ബ്രാഹ്മണശ്രേഷ്ഠന്മാരുടെ സമൂഹത്താൽ, നിർവൃത്ത..........കുംഭാഭിഷേകം=നിർവ്വഹിക്കപ്പെട്ട മന്ത്ര

സംസ്കാരംചെയ്ത ജലംകൊണ്ടു ചെയ്യപ്പെട്ട മഹത്തായ കുംഭാഭിഷേകത്തോടു കൂടിവനായും, മന്ത്രപൂൎവ്വം കുംഭാഭിഷേകം ചെയ്യുവനും എന്നു സാരം. വന്ദ്യം=ലോകത്തിനു വന്ദിക്കുവാൻ യോഗ്യനായും ഇരിക്കുന്ന, ഗൌരീസഹായം=ശ്രീപരമേശ്വരനെ, മുഹുഃ അപി മുദാ=സന്തോഷത്തോടെ കൈവണങ്ങി=വീണ്ടും തൊഴുതു, പദാന്തേ=പാദത്തിങ്കൽ, ദീൎഘപ്രണതിയോടു=ദീൎഘമായ നമസ്കാരത്തോടുകൂടി, വീണു പുകഴ്ന്നാൻ =സ്തുതിച്ചു.

"ജയ ജയ ജഗതീമംഗല!
ജയ നമതാമഭിമതാൎത്ഥകല്പതരോ!
ജയ ജയ ചെല്ലൂരേശ്വര!
വരദ! മഹാരാജ! നീലകണ്ഠ! വിഭോ ൧൦൩

ജഗതീമംഗല ജയ ജയ=ലോകങ്ങൾക്കു മംഗലമൂൎത്തിയായിരിക്കുന്ന ഭഗവാനേ! നിന്തിരുവടി ജയിച്ചാലും ജയിച്ചാലും, നമതാം=കാലിൽ വീണു നമസ്കരിക്കുന്നവൎക്കു, അഭിമതാൎത്ഥകല്പതരോ=ആഗ്രഹം എല്ലാം സാധിപ്പിക്കുന്ന കല്പവൃക്ഷമായിരിക്കുന്നവനേ, അങ്ങു ജയിച്ചാലും. ചെല്ലൂരേശ്വര ജയ ജയ=പെരുഞ്ചെല്ലൂർഗ്രാമത്തിനു പരദേവതയായിരിക്കുന്ന ഭഗവാനേ, അവിടുന്നു ജയിച്ചാലും ജയിച്ചാലും, വരദ=വരങ്ങളെ കൊടുക്കുന്നവനായും, മഹാരാജ=മഹാരാജാവായും, നീലകണ്ഠ=നീലകണ്ഠനായും ഇരിക്കുന്ന, വിഭോ=ഭഗവാനേ (ഈ പദങ്ങൾ സംബുദ്ധി) അവിടുന്നു ജയിച്ചാലും.

പ്രീത്യാ ചിരായ രജതാദ്രിയിലെന്നപോലേ
ക്ഷേത്രേ നികാമമിഹ സന്നിഹിതസ്സദാ നീ
പേൎത്തും വളൎത്തു ഭഗവൻ! ഭജതാമഭീഷ്ടം
ധാത്രീമിമാം കലിഭയാൽ പരിപാലയേഥാഃ" ൧൦൪

ഭഗവൻ=ഭഗവാനേ, നീ=നിന്തിരുവടി, രജതാദ്രിയിൽ എന്നപോലെ=കൈലാസപൎവ്വതത്തിൽ എന്നപോലെ, ക്ഷേത്രേ ഇഹ നികാമം സന്നിഹിതഃ=ഈ അമ്പലത്തിങ്കൽ ഏററവും സന്നിധാനം ചെയ്യുന്നവനായിട്ടു സ്ഥിതിചെയ്തു, പ്രീത്യാ=സന്തോഷത്തോടുകൂടി, എല്ലാ കാല

കേരള സാഹിത്യ അക്കാദമി

വും, ഭജതാമഭീഷ്ടം സദാ ദാപേത്തും വളർത്തു=ഭജിക്കുന്നവരുടെ-ഭക്തന്മാരുടെ ആഗ്രഹം എപ്പോഴും അധികം സാധിപ്പിച്ച്, ഇമാം ധാത്രീം=ഈ ഭൂമിയെ, കലിഭയാൽ=കലിഭീതിയിങ്കൽനിന്നും, ചിരായ പരിപാലയേഥാഃ=വളരെക്കാലം രക്ഷിച്ചാലും. നിന്തിരുവടി എല്ലാ കാലവും കൈലാസത്തിലെന്നപോലെ ഇവിടെ സന്നിധാനം ചെയ്തു ലോകത്തെ കലിദോഷം നീക്കി രക്ഷിക്കണം എന്നു സാരം.

ഇത്ഥംകാരം വണങ്ങി പ്രണതിജപസപര്യാന്നദാനാദിക്ളൃപ്തിം
ഭക്ത്യാ സമ്പാദ്യ രാജാ പുനരപി പരിവാരോൽക്കരം ചന്ദ്രമൌലേഃ
അത്യന്താനുഗ്രഹശ്രീകളിനിലമരികേ കല്പയിത്വാ ത്രിസന്ധ്യം
നിർദ്ധ്യാതം വിശ്വദേവൈർവ്യതനുത മഹിതശ്രീബലിം ഭൂതശാന്ത്യൈ. ൧൦൩

രാജാ=രാജാവു, ഇത്ഥംകാരം വണങ്ങി=ഇപ്രകാരം സ്തുതിച്ചുതൊഴുതു, ഭക്ത്യാ=ഭക്തിയോടുകൂടി, പ്രണതി............ക്ളൃപ്തിം സമ്പാദ്യ =നമസ്കാരം ജപം പൂജ അന്നദാനം മുതലായവയ്ക്കു വേണ്ട ഏർപ്പാടുകളും എല്ലാം ചെയ്തു, പുനഃ അപി=വീണ്ടും, ചന്ദ്രമൌലേഃ=ശിവന്റെ, അത്യന്താ............നിലം=പരമമായ അനുഗ്രഹത്തിനു പാത്രമായിരിക്കുന്ന, പരിവാരോൽക്കരം=പരിവാരങ്ങളുടെ സമൂഹത്തെ, പരിവാര്യതേ അനേന ഇതി പരിവാരഃ-ചുററും സ്ഥിതിചെയ്യുന്നതു-പരിജനം-അരികേ= അടുത്തു, കല്പയിത്വാ=ഉണ്ടാക്കിവച്ചിട്ടു, ത്രിസന്ധ്യം വിശ്വദേവൈർന്നിർദ്ധ്യാതം=മൂന്നു സന്ധ്യയ്ക്കും ദേവന്മാരെല്ലാം ധ്യാനിക്കുന്നതായ, മഹിതശ്രീബലിം=വലിയ ശിവബലിയെ, ഭൂതശാന്ത്യൈ=ഭൂതശാന്തിക്കായി, വ്യതനുത=ചെയ്തു. അമ്പലത്തിൽ രാജാവു നമസ്കാരം ജപം പൂജ അന്നദാനം മുതലായവയ്ക്കു വേണ്ട ഏർപ്പാടുകളും ചെയ്തു ശിവന്റെ പരിവാരഗണത്തെ സ്ഥാപിച്ചു. ഭൂതങ്ങളുടെ പീഡ ശമിപ്പിക്കുന്നതിനായി മൂന്നു സന്ധ്യയ്ക്കും ശിവബലിയും നടപ്പിൽ വരുത്തി എന്നു സാരം.

തസ്യോപാന്തതലേ വിശുദ്ധസലില-
പ്രദ്യോതി മുക്തിശ്രിയോ
ഹൃദ്യം വിശ്രമരംഗമാശ്രമമഹാ-
തീൎത്ഥം മഹീപാവനം
ഉദ്യൽസ്ഫാടികവൈദ്രുമേഷ്ടകചിതം
വിസ്താൎയ്യ തൽപൂൎവ്വഭാ-
ഗൈത്തെശ്വൎയ്യമയം ചകാര നഗരം
നാനാവണിക്പൂരിതം. ൧൦൩

തസ്യ ഉപാന്തതലേ=അമ്പലത്തിന് അടുത്തു, വിശുദ്ധസലില പ്രദ്യോതി=നിൎമ്മലമായിരിക്കുന്ന വെള്ളംകൊണ്ടു ശോഭിക്കുന്നതും, മുക്തിശ്രിയഃ=മോക്ഷമാകുന്ന ലക്ഷ്മീദേവിയുടെ, ഹൃദ്യം വിശ്രമരംഗം= മനസ്സിന്ന പ്രീതിയെ ഉണ്ടാക്കുന്ന വിശ്രമസ്ഥാനവും-മുക്തിയാകുന്ന ലക്ഷ്മി ഇവിടെയാണ വിശ്രമിച്ചു സ്ഥിതിചെയ്യുന്നത് എന്നു സാരം. മഹീപാവനം = ലോകത്തിൽ പരിശുദ്ധവും, ഉദ്യൽ... ....ചിതം= സ്ഫടികം പവിഴം എന്നിവകൊണ്ടുള്ള ഇഷ്ടികകൾകൊണ്ടു കെട്ടിയതും ആയ, മഹാതീൎത്ഥം=ആശ്രമത്തിലെ മഹത്തായ തീൎത്ഥത്തെ-വലിയതായ തീൎത്ഥക്കുളത്തെ, വിസ്താൎയ്യ=വലുതാക്കിയിട്ടു, നാനാവണിക്പൂരിതം= പലതരത്തിലുള്ള സാമാനങ്ങൾ വില്ക്കുന്ന കച്ചവടക്കാർ നിറഞ്ഞിരിക്കുന്നതും-ഐശ്വൎയ്യമെല്ലാം തികഞ്ഞതും ആയ നഗരത്തെ, തൽപൂൎവ്വഭാഗത്തു=അതിന്റെ കിഴക്കഭാഗത്തു, ചകാര=ചെയ്തു. പരിശുദ്ധമായ തീൎത്ഥം നഗരം എന്നിവ അമ്പലത്തിനടുത്തു ഉണ്ടാക്കി എന്നു സാരം.

ഗദ്യം ൪. തതശ്ച വിമലസൂൎയ്യോപലകോടിസംഘട്ടിതചതുരശ്രവേദികേന സ്ഫടികമണിക്ഌപ്തചിത്രഭിത്തി വിരാജമാനകാഞ്ചനഗവാക്ഷരാജിനാ ദീപ്രദീപമാലാസഹസ്രവിദ്യോതമാനരത്നഗൎഭഗൃഹസ്യ ച ദാരുണദ്വാരപാലോല്ബണബദ്ധമാണിക്യഘണ്ടാഘടാഞ്ചിതസ്യ സിതഭസിതോജ്ജ്വലിതസൎവ്വാംഗൈസ്ത്രിപുണ്ഡ്രമണ്ഡിതമസ്തകൈൎദ്ധൃതരുദ്രാക്ഷദാമമുദ്രിതൈൎദ്ദിവഗിരിശഹരാദിനാമാന്യുച്ച

കൈരുച്ചരൽഭിഃ ശിരസി നിഹിതകരകമലൈൎഗ്ലിവാ
ഗമാൎത്ഥനിഷ്ണാതൈൎഭക്തലോകൈസ്സദാ പൂജ്യമാനസ്യ
വജ്രോപക്ളപ്തസോപാനമാൎഗ്ഗസ്യ ച തൽപുരോവൎത്തി
നോ രത്നസ്തംഭമൂൎദ്ധസു സ്ഥാപിതസ്യ ശുക്ലപട്ടാംബരവി
താനസനാഥസ്യ ലളിതസംഭൃതശാതകുംഭോപരികുംഭശോ
ഭിതസ്യ സൎവ്വദാ സൎവ്വഗീൎവ്വാണസേവാരംഗസ്യ മംഗലമ
ണിമണ്ഡപസ്യ ച കാന്ത്യാ നിതാന്തമലംക്രിയമാണഭാ
രഭാഗേന നിഖിലവിദ്യാവിലാസമൂലകന്ദേനാപ്യവിദ്യാനി
ധിനാ നിഗമാൎത്ഥനിഗൂഢമൂൎത്തിനാപി സമാദൃതസകല
ലോകസാമക്ഷ്യേണ വ്യാഖ്യാനമുദ്രിതപാണിനാ പ്രണത
ജനാഭീഷ്ടസംപൽസംപാദനദക്ഷിണേന ഭാരധാമ്നാ
ദക്ഷിണാമൂൎത്തിനാമ്നാ ധാമഭ്രമ്നാ നിൎമ്മൂലിതമനോജലോ
കതമോമണ്ഡലേന സജലജലധരമധുരകുവലയതുലിതസു
ലളിതകലിതനിബിഡിതകബരീഭരലസിതശശധരകല
യാ, വിലുളദളകപടലചടുലനിടിലതടഘടിതമൃഗമദതി
ലകസുമധുരയാ, കുസുമശരനിഗമപരമമഹിമനിഗദവി
വരണനിപുണസഹജലളിതമിളിതകുടിലചില്ലീലതയാ,
തരുണതരണികിരണവികസദസിതകമലദലലളിതനയ
നയുഗളനിഗളിതഘനതരകരുണയാ, കനകമുകുരസുഭഗ
കപോലതലബിംബിതമണികുണ്ഡലയാ, കനകസരസി
ജലസിതജഘനതലനിഹിതകരകമലസുമഹിതയാ, പ്ര
തിനവഘുസൃണരസലുളിതവിപുലഗുരുതരകഠിനരുചിരകു
ചകലശഭരേണനമിതതനുമദ്ധ്യലേഖയാ, മദനനൃപതിമ
ണിശിബിരസുഭഗനിബിഡജഘനഭരഘടിതമൃദുലവസന
പരിലസദതുലഹേമരശനയാ, സതതനമദസുരസുരമുകു
ടമണിഗണകിരണകിസലയിതചരണകമലയാ, സംഭൃ

തസകലാഭരണഭൂഷായമാണമംഗലാംഗലേഖയാ, സത
താഭിഷിച്യമാനരജനീരേണുദന്തുരിതകാന്തിസന്താനയാ,
നിരന്തരകരുണാപൂരപാത്ര്യാ, നിശ്ശേഷഭുവനസവിത്ര്യാ,
നീഹാരശൈലപുത്ര്യാ നിത്യോജ്ജ്വലപാശ്ചാത്യകാഞ്ച
നദ്വാരേണ, ഭുവനഭീഷണവേഷഭദ്രകാളീനിഷേവാരം
ഗമംഗലോത്തരദ്വാരേണ, പ്രത്യുപ്തരത്നകാന്തിദീപ്രല
ളിതവളഭീനീവ്രേണ, മണിമയോച്ചപ്രാസാദമേദുരദ്വാ
രനികടേഷു യഥാക്രമമധിഷ്ഠിതൈ, രഷ്ടാപദരജത
സ്ഫടികഹരിന്മണികല്പിതൈരബ്ജയോനിശങ്കരഹരിസിംഹ
നാരായണൈശ്ച, വിമലരത്നഭിത്തിസമുൽകീർണ്ണരൂ
പൈശ്ച വിബുധശചരൈസ്സ്വർണ്ണനിർമ്മിതപ്രമഥാധി
പൈരപ്യതിവിസ്മയാംഗചാതുര്യസാലഭഞ്ജികാപുഞ്ജൈ
ശ്ച പരീതേന, ചതുരകോണചതുഷ്ടയകോടിവിനി
വേശിതഭാസുരകേസരിസ്തംഭേന, ശുംഭന്മണിസ്തംഭമസ്ത
കസുസ്ഥിതേന, ഭൂമിഷ്ഠൈരപി ദിവിഷ്ഠൈർന്നോദിഷ്ഠൈ
രപി ദവിഷ്ഠൈസ്സാമാന്യദർശനീയതേന സമുജ്ജ്വല
തേജസാ ച ദ്വിതീയമിവ തരുണസൂര്യമുച്ചവർത്തി
നം കാഞ്ചനകുംഭം ബിഭ്രാണേന, സമന്തതോനിർഗ്ഗച്ഛ
ദതുച്ഛദിവ്യധൂപസൌരഭീപൂരനിഷ്കാസിതദുരിതസഞ്ചയേ
ന ദ്വിഭൂമേന ദിവ്യപ്രാസാദേന വിഭൂഷിതം; പരിതോ
വർത്തിനി വിചിത്രചിത്രാലക്ഷ്യസകലേതിഹാസകഥേ
സന്തതനന്നമ്യമാനനിഖിലഭൂസുരനിരന്തരോദീരിതനിഗ
മഘോഷമുഖരിതേ, വിശാലേ ശാലാചതുഷ്ടയേ യഥാ
ക്രമം പൂഗഭൂരുഹാധോനിവാസിന്യാ, പൂർണ്ണലാവണ്യ
ലക്ഷ്മ്യാ, യക്ഷീസമാഖ്യയാ കയാചിദഭിഖ്യയാ പരി
ഷ്കൃതേന, വിവിധകല്പിതശില്പചാതുരീപരീതേന മണി

മയേന ചാരുഹർമ്മ്യേണ ച സതതമപി സർവ്വജനവ
ന്ദനീയേന സർവ്വജ്ഞസന്നിധാനസുമഹിതേന സകല
കാര്യ്യകല്പനാസാധകതമേന ഭാരതാദ്യോനനമുഖ്യസ്ഥാ
നേന, ചതുരാംഗതരളഭുജംഗരാജഫണാസഹസ്രവിന്യസ്ത
മസ്തകേന, ഘനപ്രണയഭരിതമുഗ്ധസ്നിഗ്ധനിഷ്പന്ദമന്ദാ
ക്ഷസാക്ഷിവീക്ഷണാഞ്ചലായാം, വാങ്മനസാതിവൃത്ത
ലാവണ്യലക്ഷ്മീതരംഗിതായാസ്സർവ്വമംഗലായാസ്സമധുരോ
ത്സംഗനിഹിതപാദപങ്കജേന, കോമളവാമകരതലകലി
തഹേമതാമരസേന, നിഖിലദേവാസുരമുനികിന്നരയ
ക്ഷസിദ്ധവിദ്യാധരനിഷേവിതേന, മുഖ്യേതരാലേഖ്യരൂ
പേണ വാസുകിശായിനാ സർവ്വജഗത്സ്വാമിനാ പാർവ്വ
താപത്യജീവാതുനാ ച, പ്രകാമാധരിതധനപതിനിധാന
സഞ്ചയാഭിർമ്മഹാനിധിസമ്പത്തിഭിശ്ച നീരാജിതം,
ബഹളസുവർണ്ണരത്നഭരിതവിശാലകോശാഗാരം, സമ
ന്തതഃസ്പന്ദിതമണിപ്രദീപവേദികാശോഭിതം, സുമഹിത
രത്നഘണ്ടികാമണ്ഡിതഗണ്ഡാന്തരേണ ഘനസുഭഗ
പീനസ്നിഗ്ധോന്നതകകുദേന, കൌമുദീവിശദേന, പര
മേശ്വരാഭിമുഖേന, സ്ഫടികസത്തമകല്പിതാസ്പദേന, കകു
ത്മതാം സാർവ്വഭൌമേന സംഭൂഷിത, മനല്പശില്പക്ൢ
പ്തന്ത്രഗൃഹാദിഭവനാന്തരാഭിരാമ, മമലസലിലസരോ
വരോജ്ജ്വല, മഭിനവവിദ്രുമോപലവിദ്യോതിതവേദികേ
ന, സർവ്വർത്തുസമുജ്ജ്വലകുസുമേന, സുരഭിശീതളപ്രച്ഛായ
കോമളേന, സകലജനവന്ദിതേന, സന്തതസന്നിഹി
തചന്ദ്രമൌലിനാ, ദുർവ്വാരദുരിതകംപനലംപടേന ചം
പകശാഖിനാ വിരാജമാന, മവിരളകുസുമപല്ലവസമു
ല്ലസിതവിവിധാനോകഹതല്ലജം, ദൃഢതരാഭ്രംലിഹച

തുരശ്രാകാരകനകപ്രാകാരപരീതം, വിലമണിഗണകിരണമഞ്ജരീപിഞ്ജരിതാഭ്യാം, പ്രാചീനപ്രതീചീനപ്രാകാരമദ്ധ്യപ്രതിഷ്ഠിതാഭ്യാ, മത്യുന്നതത്രിഭ്രമാഭ്യാം, മണിഗോപുരാഭ്യാം വിഭ്രാജമാനം, പ്രകടനിഷ്ഠുരാട്ടഹാസമുഖരിതഹരിന്മുഖയാ, പരിരക്ഷണാൎത്ഥം പാശ്ചാത്യമഹാഗോപുരേധിഷ്ഠിതയാ, കരാളവേതാളപാളീകലിതകേള്യാ ഭദ്രകാള്യാ ഭയാനകം, ഭുവനമംഗലം തൽ പുണ്യക്ഷേത്രം പൃഥിവീചക്രവാളേ സമന്തതശ്ശതസോമരാജൎഷിതിലകപരികല്പിതം പപ്രഥേ.

ഈ സുദീൎഘമായ ഗദ്യത്തിൽ അമ്പലത്തിൻെറ ഓരോ ഭാഗത്തിലേയും വിശേഷങ്ങളെ വൎണ്ണിക്കുന്നു. ശതസോമരാജൎഷികല്പിതം തൽ പുണ്യക്ഷേത്രം പൃഥിവീചക്രവാളേ പപ്രഥേ എന്നു ഗദ്യാവസാനഭാഗത്തു കൎത്താവും ക്രിയയും. ശതസോമരാജാവു നിൎമ്മിച്ച ആ പുണ്യക്ഷേത്രം ലോകപ്രസിദ്ധമായിവന്നു എന്നു സാരം. തതശ്ച=പിന്നീടു, വിമല..........വേദികേന=നിൎമ്മലമായിരിക്കുന്ന സൂൎയ്യകാന്തക്കല്ലുകളുടെ കോടികൾകൊണ്ടു ഉണ്ടാക്കപ്പെട്ടിരിക്കുന്ന ചതുരശ്രവേദികയോടുകൂടിയ. ചതുരശ്രവേദിക=നാലു കോണോടുകൂടിയ തറ. തറ സൂൎയ്യകാന്തക്കല്ലുകൊണ്ടാണു കെട്ടിയിരിക്കുന്നതെന്നു സാരം. സ്ഫടിക..........രാജിനാ=സ്ഫടികക്കല്ലുകൾകൊണ്ടു ഉണ്ടാക്കിയിരിക്കുന്നതും ചിത്രവുമായ—അത്ഭുതകരമായ ഭിത്തിയിൽ ശോഭിക്കുന്ന സ്വൎണ്ണമയങ്ങളായ ജനലുവാതലുകൾകൊണ്ടു്, ദീപ്ര..........ഗൃഹസ്യ=വിളങ്ങുന്ന ദീപക്കൂട്ടങ്ങളെക്കൊണ്ടു ശോഭിക്കുന്ന രത്നമയമായ ഗൎഭഗൃഹത്തിൻേറയും. ഗൎഭഗൃഹം=ദേവനെ പ്രതിഷ്ഠിച്ചിരിക്കുന്ന സ്ഥലം. ദാരുണ..........ഘടാഞ്ചിതസ്യ=ഭയങ്കരവിഗ്രഹത്തോടുകൂടിയ ദ്വാരപാലന്മാരുടെ മുകൾഭാഗത്തു ഉണ്ടാക്കിച്ചിരിക്കുന്ന മാണിക്യരത്നമയങ്ങളായ ഘണ്ടാമണിക്കൂട്ടങ്ങളെക്കൊണ്ടു മനോഹരമായതും, സിത..........സൎവ്വാംഗൈഃ=വെളുത്ത ഭസ്മം ശരീരത്തിൽ മുഴുവനും തേച്ചിരിക്കുന്നവരും, ത്രിപുണ്ഡ്ര..........മസ്തകൈഃ=മൂന്നു വരകൾകൊണ്ടു അലങ്കരിക്കപ്പെട്ട നെററിയോടു കൂടിയവരും, ഭദ്ര..........മുദ്രികൈഃ=മംഗളമായ രുദ്രാക്ഷമാലയാകുന്ന അടയാളത്തോടു കൂടിയവരും, ശിവ..........ച്ചരത്ഭിഃ=ശിവ, പരമേശ്വര

എന്നു തുടങ്ങിയ നാമങ്ങളെ ഉച്ചത്തിൽ പറയുന്നവരും, ശിരസി...... ....കമലൈഃ=തലയിൽ തൊഴുതു പിടിച്ചിരിക്കുന്ന കൈകളം ചേൎത്തിരിക്കുന്നവരും, ശിവാ... ... ...നിഷ്ണാതൈഃ=ശിവപരങ്ങളായ ശാസ്ത്രങ്ങളം അഗാധമായി ചിന്തിച്ചറിഞ്ഞിരിക്കുന്നവരും ആയ, ഭക്തലോകൈഃ=ഭക്തന്മാരാൽ, സദാപൂൎണ്ണമാണസ്യ=എപ്പോഴും നിറഞ്ഞിരിക്കുന്നതും, വജ്രാ.... ... ...മാൎഗ്ഗസ്യ=വജ്രംകൊണ്ടു ഉണ്ടാക്കപ്പെട്ട സോപാനമാൎഗ്ഗത്തിൻെറയും, തൽപുരോവൎത്തിനഃ=അതിൻെറയടുത്തു സ്ഥിതിചെയ്യുന്നതും, രത്നസ്തംഭ.... ... ...സ്ഥാപിതസ്യ=രത്നമയങ്ങളായ തൂണുകളുടെ മുകളിൽ സ്ഥാപിച്ചിരിക്കുന്നതും, ശുഭ്ര ... ... സനാഥസ്യ=വെള്ളനിറത്തോടുകൂടിയ പട്ടാംബരംകൊണ്ടു വിതാനിച്ചിരിക്കുന്നതും ആയ, മംഗലമണിമണ്ഡപസ്യ=മംഗലമായ രത്നമണ്ഡപത്തിൻെറയും, കാന്ത്യാ=ശോഭകൊണ്ടു. രത്നമണ്ഡപത്തിൻെറയും മുൻപു പറഞ്ഞ ഗൎഭഗൃഹത്തിൻെറയും കാന്തികൊണ്ടു എന്നു അൎത്ഥം ധരിക്കണം. ദാരുണദ്വാരപാല എന്നു മുതൽ ഗീൎവ്വാണസംവാരംഗസ്യ എന്നുവരെയുള്ള ഭാഗം മണ്ഡപത്തിൻെറ വൎണ്ണനമാണ്. നിതാന്തം അലംകൃതമാണദ്വാരഭാഗേന=അലങ്കരിച്ചിരിക്കുന്ന ദ്വാരഭാഗങ്ങളോടു- പ്രവേശദ്വാരത്തിൻെറ രണ്ടു വശങ്ങളോടുകൂടിയതായി, നിഖില... ... ...നിധിനാ=സകലവിദ്യകളുടേയും പ്രകാശത്തിനു ആദികാരണമായിരിക്കുന്നവനാണെങ്കിലും അവിദ്യയ്ക്കു ഇരിപ്പിടമായും. വിദ്യകൾ—പതിനെട്ടു വിദ്യകൾ—

> "അംഗാനി വേദാശ്ചത്വാരോ മീമാംസാ ന്യായവിസ്തരഃ
> പുരാണം ധൎമ്മശാസ്ത്രം ച വിദ്യാ ഹ്യേതാശ്ചതുർദശ
> ആയുൎവ്വേദോ ധനുൎവ്വേദോ ഗാന്ധൎവ്വോ വേദ ഏവ ച
> അൎത്ഥശാസ്ത്രചതുൎത്ഥാസ്തേ വിദ്യാ ഹ്യഷ്ടാദശ സ്മൃതാഃ."

അവിദ്യ മായ 'അനിത്യാശുചിദുഃഖാനാത്മസു നിത്യശുചിസുഖാത്മഖ്യാതിരവിദ്യാ' എന്നു പതഞ്ജലിസൂത്രം. അനിത്യാദികളായ വസ്തുക്കളിൽ വിപരീതമനഃസ്ഥിതിയുണ്ടാക്കുന്നതു് അവിദ്യ.

> "വിദ്യാവിദ്യേ മമ തനൂ വിദ്ധ്യുദ്ധവ ശരീരിണാം
> മോക്ഷബന്ധകരീ ആദ്യേ മായയാ മേ വിനിൎമ്മിതേ."

എന്നു ഭാഗവതത്തിൽ (ഏകാദശം അദ്ധ്യായം എന്നു) ഭഗവാൻ ഉദ്ധവനോടു പറയുന്ന ഭാഗം ഇവിടെ സ്മരണീയമാകുന്നു. നിഗമാൎത്ഥ ... ...

മൂൎത്തിനാ=വേദങ്ങളുടെ ഗഹനങ്ങളായ അൎത്ഥങ്ങളിൽ മറഞ്ഞിരിക്കുന്നവൻ ആണെങ്കിലും, സമാ............സാമക്ഷ്യേണ=സകലലോകവ്യാപാരങ്ങളെയും പ്രത്യക്ഷമായിക്കാണുന്നവനും. സാമക്ഷ്യം=ഇന്ദ്രിയങ്ങൾക്കു പ്രത്യക്ഷമായിരിക്കുന്ന നില. നിഖിലവിദ്യാ എന്നു മുതൽ സാമക്ഷ്യേണ എന്നുവരേയുള്ള ഭാഗത്ത് അലങ്കാരം വിരോധാഭാസം. വ്യാഖ്യാന............പാണിനാ=കയ്യിൽ വ്യാഖ്യാനമുദ്രയോടുകൂടിയവനായും, പ്രണത .. ..ദക്ഷിണേന=ഭക്തന്മാരുടെ അഭീഷ്ടങ്ങളെല്ലാം സമ്പാദിച്ചു കൊടുക്കുന്നതിൽ സമൎത്ഥനായും, ദ്വാരധാമ്നാ=പ്രവേശദ്വാരത്തിൽ സ്ഥിതിചെയ്യുന്നവനായും, ധാമഭൂമ്നാ=ഏററവും പ്രകാശത്തോടുകൂടിയവനായുമിരിക്കുന്ന, ദക്ഷിണാ...... ......നാമ്നാ=ദക്ഷിണാമൂൎത്തിയെന്നു പേരോടുകൂടിയ ദേവനാൽ, നിൎമ്മൂലിത.........മണ്ഡലേന=മനുഷ്യരുടെ അറിവില്ലായ്മയെയെല്ലാം വേരോടുകൂടി നശിപ്പിക്കുന്നതും. നിഖിലവിദ്യ എന്നുമുതൽ ധാമഭൂമ്നാ എന്നുവരെയുള്ള ഭാഗം ദക്ഷിണാമൂൎത്തിയുടെ വിശേഷണം. സജലജലധര എന്നുമുതൽ നീഹാരശൈലപുത്ര്യാ എന്നുവരെയുള്ള ഭാഗം പാൎവ്വതിയുടെ വിശേഷണം. സജലജലധര.........കലയാ=കരിങ്കാറുപോലെയും മനോഹരമായ കുവലയപ്പൂവ് പോലെയും ഇരിക്കുന്നതും ലളിതവും ഇടതിങ്ങി നിറഞ്ഞതും ആയിരിക്കുന്ന തലമുടിയിങ്കൽ ചന്ദ്രന്റെ കലയെ ധരിച്ചിരിക്കുന്നവളും, വില്ലുളദളക.... ....മധുരയാ=ഇളകുന്നതായ കുറുനിരകളുടെ കൂട്ടത്താൽ സുന്ദരമായ നെററിയിങ്കൽ കസ്തൂരികൊണ്ടു പൊട്ടു ചേൎത്തു ഏററവും സുന്ദരിയായിരിക്കുന്നവളും, കുസുമ ....·.... ...ലതയാ=കാമശാസ്ത്രത്തിന്റെ മാഹാത്മ്യത്തെ വിവരിക്കുന്നതിൽസാമൎത്ഥ്യത്തോടുകൂടിയവയും സ്വഭാവേന തന്നെ ലളിതങ്ങളും വളവോടുകൂടിയവയും ആയ പുരികലതകളോടുകൂടിയവളും, തരുണ............കരുണയാ=തരുണൻ–യുവാവായ ആദിത്യന്റെ രശ്മിതട്ടി പ്രകാശിക്കുന്ന കറുത്ത താമരപ്പൂവിന്റെ ഇതളുപോലെ മനോഹരങ്ങളായിരിക്കുന്ന കണ്ണുകളിൽ നിറച്ചു ദയയേ ബന്ധിച്ചിരിക്കുന്നവളും, കരുണാധിക്യത്തോടുകൂടിയവൾ എന്നു സാരം. കനക............കുണ്ഡലയാ=സ്വൎണ്ണമയമായ കണ്ണാടിപോലെ മനോഹരങ്ങളായ കവിളുകളിൽ നിഴലിക്കുന്ന കൎണ്ണാഭരണങ്ങളോടുകൂടിയവളും. കാതിൽ ധരിച്ചിരിക്കുന്ന ആഭരണം സ്വച്ഛതനിമിത്തം കവിളുകളിൽ പ്രതിബിംബിക്കുന്നു എന്നു സാരം. കനകസരസിജ........... ....സുമഹിതയാ = പൊൻതാമരപ്പൂവുപോലെ ശോഭിക്കുന്ന ജഘനങ്ങളിൽ (ജഘനം=കടിപ്രദേശം) കൈകൾവച്ചു ശ്രേ

ഷ്ഠയായിരിക്കുന്നവളും, പ്രതിനവ… … ….ലേഖയാ=നൂതനമായ കുങ്കുമത്തിൻെറ ചാറുതേച്ചിരിക്കുന്നതും വിസ്തൃതവും ഘനംകൂടിയതും കഠിനവും ശോഭയോടുകൂടിയതും ആയ സ്തനകലശങ്ങളുടെ—സ്തനങ്ങളാകുന്ന കുടങ്ങളുടെ—ഭരണംകൊണ്ടു—സ്തനങ്ങൾ ചുമക്കുന്നതു നിമിത്തം താഴ്ന്നതായ നടുവോടുകൂടിയവളും, നമിതാ=കീഴ്പോട്ടു ഇടിഞ്ഞതു, മദന… … … രശനയാ=കാമദേവനാകുന്ന രാജാവിൻെറ ശ്രേഷ്ഠമായ കൂടാരംപോലെ മനോഹരമായ ജഘനത്തിങ്കൽ ചേൎത്തിരിക്കുന്ന മാറ്റുമേറിയ പട്ടുകൊണ്ടു ശോഭിക്കുന്നതും നിസ്തുല്യവുമായ പൊൽക്കാഞ്ചിയോടുകൂടിയവളും, സതത… കമലയാ=എല്ലായ്പോഴും വന്നു നമസ്കരിക്കുന്ന ദേവന്മാരുടെയും അസുരന്മാരുടേയും കിരീടങ്ങളിലുള്ള രത്നസമൂഹങ്ങളുടെ ശോഭകൊണ്ടു തളിരുള്ളതായിരിക്കുന്ന കാലുകളാകുന്ന താമരപ്പൂക്കളോടുകൂടിയവളും, സംഭൃതാ… … … ലേഖയാ=ശേഖരിച്ചിരിക്കുന്ന വിവിധങ്ങളായ രത്നാഭരണങ്ങൾക്കു ആഭരണമായി-മംഗലമായിരിക്കുന്ന ശരീരത്തോടുകൂടിയവളും, ദേവിയുടെ ശരീരം ആഭരണങ്ങൾക്കു ആഭരണമായിരിക്കുന്നതു എന്നു സാരം. സതതാ … … … സന്താനയാ=എപ്പോഴും അഭിഷേകംചെയ്യുന്ന മഞ്ഞൾപ്പൊടിയുടെ അധികമായ കാന്തിയോടുകൂടിയവളും, നിരന്തര… … … പാത്ര്യാ=നിറഞ്ഞിരിക്കുന്ന കരുണയുടെ പ്രവാഹത്തിനു പാത്രമായിരിക്കുന്നവളും, നിശ്ശേഷ… … … .. സവിത്ര്യാ=എല്ലാലോകങ്ങളുടേയും അമ്മയും—ലോകങ്ങളുടെ എല്ലാം ഉല്പത്തിക്കു കാരണമായിരിക്കുന്നവൾ എന്നു സാരം. ആയ നീഹാരശൈലപുത്ര്യാ=ശ്രീപാൎവ്വതിയാൽ. സജലജലധാ എന്നുമുതൽ ഇതുവരെയുള്ള ഭാഗത്തിൽ ദേവിയുടെ ശിരസ്സുമുതൽ പാദംവരെയുള്ള അംഗങ്ങളെ യഥാക്രമം വൎണ്ണിച്ചിരിക്കുന്നു എന്നു കാണേണ്ടതാണ്. നിത്യോ… … ….ദ്വാരേണ=എന്നും പ്രകാശിക്കുന്നതായ പടിഞ്ഞാറു ഭാഗത്തുള്ള സ്വൎണ്ണമയമായ പ്രവേശദ്വാരത്തോടുകൂടിയതും, ഈ ദ്വാരത്തിൽ ദേവിയുടെ ഇപ്രകാരമുള്ള ഒരു രൂപം ഉണ്ടാക്കിവച്ചിരിക്കുന്നതു ശോഭിക്കുന്നുണ്ടു് എന്നു സാരം. നിത്യാജ്വല എന്നു മുതൽ മേലിൽ ദ്വിഭ്രമേന എന്ന ഭാഗംവരെ ദിവ്യപ്രാസാദേന എന്ന പദത്തിൻെറ വിശേഷണം. ഇനി പ്രാസാദത്തെ വൎണ്ണിക്കുന്നു. ഭുവന … … …ദ്വാരേണ=ലോകഭയങ്കരമായ വേഷത്തോടുകൂടിയ ഭദ്രകാളി ഇരിക്കുന്നതും മംഗലവുമായ വടക്കുഭാഗത്തുള്ള ദ്വാരത്തോടുകൂടിയതും, പ്രത്യുപ്ത… … …നീവ്രേണ=പതിച്ചിരിക്കുന്ന രത്നങ്ങളുടെ ശോഭകൊണ്ടു ലളിതങ്ങളായ വളഭികളു-

കേരള സാഹിത്യ അക്കാദമി

തൂവാല്പലകകളുമുള്ളതും—രത്നവലഭികളും രത്നനിര്യൂഹങ്ങളുമുള്ളതു എന്നുസാരം. മണിമയോ .... നാരായണൈശ്ച=മുകൾഭാഗത്തുള്ള രത്നമയമായ പ്രാസാദത്തിലെ വലിയ ദ്വാരത്തിന്റെ അടുത്തുള്ള സ്ഥാനങ്ങളിൽ ക്രമമനുസരിച്ചു സ്ഥിതിചെയ്യുന്നവരും, അഷ്ടാ... ....കല്പിതൈഃ=സ്വർണ്ണം വെള്ളി, സ്ഫടികം, ഇന്ദ്രനീലക്കല്ലു എന്നിവകൊണ്ടു ഉണ്ടാക്കപ്പെട്ടവരുമായ ബ്രഹ്മാവു, ശിവൻ, നരസിംഹം, മഹാവിഷ്ണു എന്നിവരാലും. ഇവരുടെ വിഗ്രഹങ്ങൾ രത്നങ്ങളെക്കൊണ്ടു ഉണ്ടാക്കിവെച്ചിട്ടുണ്ടെന്നു സാരം. യഥാക്രമം എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നു ആദ്യം ബ്രഹ്മാവു, പിന്നെ ശിവൻ എന്നീ ക്രമം എന്നു അർത്ഥം ധരിക്കണം. വിമല...... രപി=നിർമ്മലങ്ങളായിരിക്കുന്ന രത്നഭിത്തികളിൽ കൊത്തിവെച്ചിരിക്കുന്ന രൂപങ്ങളോടു കൂടിയ ദേവശ്രേഷ്ഠന്മാരാലും—ഇന്ദ്രാദികളായ മററു ദേവന്മാരാലും എന്നു ഭാവം. സ്വർണ്ണംകൊണ്ടുണ്ടാക്കിവച്ചിരിക്കുന്ന ഭൂതശ്രേഷ്ഠന്മാരാലും-ഭൂതങ്ങളുടെ വിഗ്രഹങ്ങൾ സ്വർണ്ണംകൊണ്ടുണ്ടാക്കിവച്ചിരിക്കുന്നു എന്നു സാരം. അതി......... പുഞ്ജൈശ്ച= ഏററവും വിസ്മയിപ്പിക്കുന്ന അംഗഭംഗിയോടുകൂടിയ പാവകളുടെ കൂട്ടത്താലും, പരീതേന=ചുററപ്പെട്ടതും. ചതുര.... ...... സ്തംഭേ=തൂണുകളുടെ ചതുരങ്ങളായ നാലു കോണുകളുടേയും അററങ്ങളിൽ സിംഹങ്ങളുടെ ആകൃതി ഉണ്ടാക്കിവച്ചിരിക്കുന്നതും, ശുംഭന്മണി......... ....സുസ്ഥിതേന=മണിമയങ്ങളായ തൂണുകളുടെ മുകളിൽ ഇരിക്കുന്നതും. ഭൂമിഷ്ഠൈഃ അപി ദിവിഷ്ഠൈഃ=ഭൂമിയിൽ ഇരിക്കുന്നവയാണെങ്കിലും ആകാശത്തിലുള്ളവയും. നേദിഷ്ഠൈഃ അപി ദവിഷ്ഠൈഃ=സമീപത്തിൽ ഇരിക്കുന്നവയെങ്കിലും ദൂരത്തിലിരിക്കുന്നവയും. 'അന്തികബാഢയോർന്നേദസാധൌ' എന്നു പാണിനിസൂത്രം. 'ദവീയശ്ച ദവിഷ്ഠം ച സുദൂരേ' എന്നു അമരം. അലങ്കാരം വിരോധാഭാസം. "ആഭാസത്വേ വിരോധസ്യ വിരോധാഭാസ ഇഷ്യതേ" എന്നു (കുവലയാനന്ദം) ലക്ഷണം. സാമാന്യദർശനീയത്വേന=സാമാന്യേന കാണുവാനുള്ള ഭംഗികൊണ്ടും, സമുജ്ജ്വലതേജസാ ച=ജ്വലിക്കുന്നതായ പ്രകാശംകൊണ്ടും, ഊർദ്ധ്വവർത്തിനം കാഞ്ചനകുംഭം ദ്വിതീയം തരുണസൂര്യം ഇവ ബിഭ്രാണേന=മുകൾഭാഗത്തു ഇരിക്കുന്ന പൊൻതാഴികക്കുടത്തെ രണ്ടാമത്തൊരു ആദിത്യനെ എന്നപോലെ ധരിച്ചിരിക്കുന്നതും. ഉപരിഭാഗത്തു ഇരിക്കുന്ന താഴികക്കുടം കണ്ടാൽ ആദിത്യനാണെന്നു തോന്നും എന്നു ഭാവം. പ്രാസാദത്തിന്റെ ആകാശംവരെയുള്ള പൊക്കം ഇവിടെ ധ്വനിതമായി. സമന്തതോ.........സഞ്ചയേന

=നാലുഭാഗത്തുനിന്നും പുറപ്പെടുന്നതും ധാരാളമുള്ളതും ദിവ്യവുമായ അ
ഷ്ടഗന്ധദ്രവ്യങ്ങളുടെ സൌരഭ്യംകൊണ്ടു പാപസമൂഹത്തെയെല്ലാം വള
രെ ദൂരത്തിങ്കൽ തള്ളുന്നതും, ദ്വിഭൂമെന രണ്ടു നിലയുള്ളതും ആയ, ദിവ്യ
പ്രാസാദേന=ദിവ്യമായ മാളികകൊണ്ടു, വിഭൂഷിതം=അലങ്കരിക്കപ്പെ
ട്ടതും. സമീപത്തു ഇപ്രകാരം ദിവ്യമായ മാളിക ഉള്ളതു എന്നു സാരം.
പരിതഃ വൎത്തിനി എന്നു മുതൽ ശാലാചതുഷ്ടയേ എന്നുവരെ ചതുശ്ശാല
ത്തിന്റെ വൎണ്ണനമാകുന്നു. പരിതഃ വൎത്തിനി=ചുററും സ്ഥിതിചെയ്യുന്ന
തും, വിചിത്ര............കഥ=ഭാരതാദികളായ ഇതിഹാസങ്ങളിലെ
കഥകളെല്ലാം ആശ്ചൎയ്യജനകങ്ങളായ ചിത്രങ്ങളിൽ കാണത്തക്കവിധം
എഴുതിവച്ചിരിക്കുന്നതും—ചിത്രങ്ങളിൽ എഴുതിവച്ചിരിക്കുന്ന ഇതിഹാസ
കഥകളോടുകൂടിയതു എന്നു സാരം. സന്തത............മുഖരിതേ=എ
പ്പോഴും വീണ്ടും വീണ്ടും നമസ്കരിക്കുന്നവരായ എല്ലാ ബ്രാഹ്മണരും ഇട
വിടാതെ ചൊല്ലുന്ന ഉച്ചത്തിലുള്ള വേദശബ്ദംകൊണ്ടു മുഴങ്ങിക്കൊണ്ടി
രിക്കുന്നതും, വിശാലേ=വിസ്താരമുള്ളതുമായ, ശാലാചതുഷ്ടയേ=നാലു
ശാലകളിൽ(ചതുശ്ശാലത്തിൽ), യഥാക്രമം=ക്രമമനുസരിച്ചു. പൂഗ എന്നു
മുതൽ അഭിഖ്യയാ എന്നുവരെ യക്ഷിയുടെ വിശേഷണം. പൂഗ.........
നിവാസിന്യാ=പൂഗമരത്തിന്റെ താഴെ ഇരിക്കുന്നതു, പൂഗം=കവുങ്ങു,
'പൂഗസ്തു ക്രമുകഃ പൂഗേ' എന്നു വിശ്വം. പൂൎണ്ണ............ലക്ഷ്മ്യാ=
തികഞ്ഞ സൌന്ദൎയ്യസമ്പത്തോടുകൂടിയതും, യക്ഷീസമാഖ്യയാ=യ
ക്ഷിയെന്നു പേരോടുകൂടിയതും ആയ, കയാചിദഭിഖ്യയാ=ഒരു തേജസ്സു
കൊണ്ടു, യക്ഷിയാൽ എന്നു സാരം. പരിഷ്കൃതേന=പരിഷ്കരിക്കപ്പെട്ട
തും, വിവിധ............പചിതേന=പല രീതികളിൽ ഉണ്ടാക്കിയിരി
ക്കുന്ന കൊത്തുപണികളുടെ ഭംഗി ചുററുമുള്ളതും, മണിമയേന=രത്നമ
യവും ആയ, ദ്വാരഹൎമ്മ്യേണ ച=ദ്വാരഭാഗത്തുള്ള മാളികകൊണ്ടും.
സതതമപി എന്നുമുതൽ വാസുകിശായിനാ എന്നുവരെ വിഷ്ണുവിന്റെ
വിശേഷണം. സതതമപി=എല്ലാക്കാലത്തും, സൎവ്വജനവന്ദനീയേന
=എല്ലാ ജനങ്ങൾക്കും വണങ്ങുവാൻ യോഗ്യനും, സൎവ്വജ്ഞ.........
ഹിതേന=ശ്രീപരമേശ്വരന്റെ സന്നിധാനംകൊണ്ടു പൂജിക്കപ്പെടുന്നവ
നും, സകല......... സാധകതമേന=എല്ലാകാൎയ്യങ്ങളും സാധിപ്പിച്ചു
തരുന്നവനും, ഭാരതാ............സ്ഥാനേന=ഭാരതകഥ പറയുന്ന പ്ര
ധാനസ്ഥാനത്തിൽ ഇരിക്കുന്നവനും, ചതുരാം............മസ്തകേന=സു
ഭഗശരീരനായ അനന്തന്റെ ആയിരം പത്തികളിലുമായി ശിരസ്സു വച്ചി
രിക്കുന്നവനും, ഘന.........ജ്വലായാഃ=പൂൎണ്ണമായ അനുരാഗത്തോ

ട്ടും മനോഹരവും മൃദുവും ചലിക്കാത്തതും ആയ മന്ദാക്ഷത്തോടും ചേൎന്ന കടക്കണ്ണുകൊണ്ടുള്ള നോട്ടത്തോടുകൂടിയവളും, വാങ്മനസാ............ തരംഗിതായാഃ=വാക്കുകൊണ്ടു പറയുന്നതിനും മനസ്സുകൊണ്ടു വിചാരിക്കുന്നതിനും പാടില്ലാത്ത വിധം അവയെ അതിക്രമിച്ചു നില്ക്കുന്ന സൌന്ദൎയ്യസമ്പത്തു തിരമാലപോലെ ഇളകിമറിഞ്ഞു ശോഭിക്കുന്നവളും ആയ, സൎവ്വമംഗലായാഃ=ലക്ഷ്മീദേവിയുടെ. സൎവ്വമംഗലാ എന്ന പദത്തിനു ശ്രീപാൎവ്വതി എന്ന അൎത്ഥത്തിലാണു പ്രസിദ്ധി. 'ശൎവ്വാണീ സൎവ്വമംഗലാ' എന്നു അമരവും ഉണ്ടു്. 'സൎവ്വാണി മംഗലാന്യസ്യാമിതി സൎവ്വമംഗലാഃ' എന്നു (എല്ലാ മംഗലങ്ങളോടുംകൂടിയവൾ) ശബ്ദാൎത്ഥം ഗ്രഹിച്ചു പ്രകൃതത്തിൽ ഈ പദത്തിനു ലക്ഷ്മീദേവി എന്നു അൎത്ഥം കല്പിക്കുന്നതു യുക്തമായിരിക്കും. അല്ലെങ്കിൽ സൎവ്വമംഗലായാഃ എന്ന പാഠം അബദ്ധമായി തള്ളി അതിൻെറ സ്ഥാനത്തു 'മംഗലദേവതായാഃ' എന്ന പദം സ്വീകരിക്കണം. മഹാവിഷ്ണു ശ്രീപാൎവ്വതിയുടെ ഉത്സംഗത്തിൽ കാലുവെച്ചു കിടക്കുന്നതായി പ്രസിദ്ധിയില്ല. സൎവ്വമംഗലാപദത്തിനു ലക്ഷ്മീദേവി എന്ന അൎത്ഥത്തിൽ പ്രസിദ്ധിയില്ലെങ്കിലും, ശബ്ദാൎത്ഥസ്വഭാവംകൊണ്ടു അതു ലക്ഷ്മീദേവിക്കും യോജിപ്പിക്കാം. സുമധുരോത്സംഗ............ പങ്കേരുഹ=ഏററവും ഭാഗിയുള്ള മടിയിൽ പൂപോലെയുള്ള കാലുകൾ വച്ചിരിക്കുന്നവനും, കോമള............ രശനാ=മനോഹരമായ ഇടത്തുകയ്യിൽ സ്വൎണ്ണത്താമരപ്പൂവു ധരിച്ചിരിക്കുന്നവനും, നിഖില............ നിഷേവിതേന=എല്ലാദേവന്മാരും അസുരന്മാരും മുനികളും ഗന്ധൎവ്വന്മാരും യക്ഷന്മാരും സിദ്ധന്മാരും വിദ്യാധരന്മാരും വന്നു സേവിക്കുന്നവനും, മുഖ്യ............ രൂപേണ=പ്രധാനമായ ചിത്രത്തിൽ വരച്ചിരിക്കുന്നവനും–ചിത്രത്തിൽ എഴുതിയിരിക്കുന്നതാണു ഈ രൂപം എന്നു സാരം. സൎവ്വജഗത്സ്വാമിനാ=ലോകത്തിനെല്ലാം നാഥനും ആയിരിക്കുന്ന, വാസുകിശായിനാ=മഹാവിഷ്ണുവിനാലും, പൎവ്വതാപത്യജീവാതുനാ ച=പാൎവ്വതിക്കു ജീവിച്ചിരിക്കുന്നതിനുള്ള ഔഷധം ആയിരിക്കുന്നവനാലും–ശിവനാലും എന്നു സാരം. പ്രകാമാ............ സമ്പത്തിഭിഃ ച=വൈശ്രവണൻെറ നിധിക്കൂട്ടങ്ങളെ കൂടിയും നിസ്സാരമാക്കിത്തള്ളുന്ന മഹാനിധികളെക്കൊണ്ടും, നീരാജിതം=നീരാജനം ചെയ്യപ്പെട്ടതും, ബഹള............ കോശാഗാരം=അതിധാരാളമായി സ്വൎണ്ണം രത്നം എന്നിവയോടുകൂടിയതും വിസ്താരമുള്ളതുമായ ഭണ്ഡാരപ്പുരയോടുകൂടിയതും, സമന്തതഃ............ ശോഭിതം=ചുററും ഇളകുന്നതായ മണിവിളക്കുകളോടുകൂടിയ വേദികകൾകൊണ്ടു ശോഭിക്കുന്നതും, സുമഹിത............ ഗന്ധാ

ന്തോരണ=വിശിഷ്ടങ്ങളും മണിമയങ്ങളും ആയ ഘണ്ടാമണികളെക്കൊണ്ടു അലങ്കരിക്കപ്പെട്ട ഗണ്ഡാന്തരത്തോടുകൂടിയതും–ഗണ്ഡത്തിൽ മനോഹരമായ ഘണ്ടാമണികൾ കെട്ടിയിരിക്കുന്നതെന്നു സാരം. ഘന.. ....കകുദേന=ഘനവും ഭംഗിയുമുള്ളതും തടിച്ചതും മിനുസമുള്ളതും പൊങ്ങിയതും ആയ കകുദത്തോടുകൂടിയതും–കകുദം–കാളയുടെ ചിഹ്നമായ ഒരു അംഗ(പൂഞ്ഞ്)ത്തിൻെറ പേർ–'കകുദ്വാൻ കകുദം ശ്രേഷ്ഠവൃഷാംഗേ' എന്നു വിശ്വം. കൌമുദീവിശദേന=നിലാവുപോലെ വെളുപ്പുനിറമുള്ളതും, പരമേ...... ....മുഖേന=ശിവനെ നേരേ നോക്കിയിരിക്കുന്നവനും, സ്ഫടിക..................സ്ഥലേന=സ്ഫടികംകൊണ്ടു ഉണ്ടാക്കിയ പുരയിൽ സ്ഥിതിചെയ്യുന്നവനും ആയ, കകുദ്മതാം സാർവ്വഭൌമേന=വൃഷഭരാജാവിനാൽ–ആകൃതിവലിപ്പത്തോടുകൂടിയ കാളയാൽ എന്നു അർത്ഥം, സംഭൂഷിതം=അലങ്കരിക്കപ്പെട്ടതും, അനല്പ ....രാമം=വലിയ ശില്പവേലകളോടുകൂടിയ കൂത്തമ്പലം മുതലായ മററു ഉപഗൃഹങ്ങളെക്കൊണ്ട് മനോഹരവും, അമല.... ....ജലം=നിർമ്മലമായ വെള്ളത്തോടുകൂടിയ വിശിഷ്ടമായ കുളംകൊണ്ടു ശോഭിക്കുന്നതും. അഭിനവ എന്നു മുതൽ ലമ്പടേന എന്നുവരെ ചമ്പകശാഖിയുടെ വിശേഷണം. അഭിനവ...............വേദികേന=പുതിയ പവിഴക്കല്ലുകൊണ്ടു ശോഭിക്കുന്ന തറയോടുകൂടിയതും, സർവ്വർത്തു ....സുമേന=എല്ലാ ഋതുക്കളിലും പുഷ്പങ്ങൾ ഉണ്ടായി ശോഭിക്കുന്നതും, സുരഭി..............കോമളേന=സൌരഭ്യവും തണുപ്പുമുള്ള നിഴലോടുകൂടിയ സ്ഥലംകൊണ്ടു മനോഹരവും, സകലജനവന്ദിതേന=എല്ലാവരും വന്ദിക്കുന്നതും, സന്തത.................. മൌലിനാ=എല്ലായ്പോഴും ശ്രീപരമേശ്വരൻെറ സന്നിധാനത്തോടുകൂടിയതും, ദുർവ്വാര...............ലമ്പടേന=തടുക്കുവാൻ പാടില്ലാത്ത പാപങ്ങളെയെല്ലാം ഇളക്കി നശിപ്പിക്കുന്നതിൽ താല്പര്യത്തോടുകൂടിയതും ആയ, ചമ്പകശാഖിനാ = ചമ്പകവൃക്ഷത്താൽ, വിരാജമാനം = ശോഭിക്കുന്നതും, അവിരളകുസുമ ....തല്ലജം=ധാരാളമായി പൂക്കളും തളിരുകളും ശോഭിക്കുന്നവയും നാനാതരത്തിൽ വിശിഷ്ടങ്ങളുമായ വൃക്ഷങ്ങളോടുകൂടിയതും, ദൃഢതരാ ....പരീതം=ഉറപ്പോടുകൂടി ആകാശത്തിൽ ചെന്നു ഉരുമ്മുന്നതും ചതുരശ്രാകാരവുമായ പൊന്മതിലുകൊണ്ടു ചുററപ്പെട്ടതും. ചതുരശ്രം=നാലു കോണോടുകൂടിയത്. ചുററും വലിയ മതില് കെട്ടിയിരിക്കുന്നത് എന്നു സാരം. വിമലമണി..............പിഞ്ജരിതാഭ്യം = നിർമ്മലമായ രത്നസമൂഹങ്ങളുടെ ശോഭാസമൂഹംകൊണ്ടു

മഞ്ഞനിറത്തോടുകൂടിയവയും—മഞ്ഞയും ചുവപ്പും കൂടിയ നിറം(ഗോരോചനനിറം)പിഞ്ജരം—പിഞ്ജരം ഇതിൽ ഉള്ളതു പിഞ്ജരിതം, പ്രാചീന ....പ്രതിഷ്ഠിതാഭ്യാം=കിഴക്കും പടിഞ്ഞാറുമുള്ള മതിലുകളുടെ നടുവിൽ പ്രതിഷ്ഠിച്ചിരിക്കുന്നവയും, കിഴക്കേ മതിലിൻെറ നടുവിൽ ഒന്നു, പടിഞ്ഞാറേ മതിലിൻെറ നടുവിൽ ഒന്നു എന്നു സാരം. അത്യുന്നതത്രിഭൂമാഭ്യാം=ഏററവും ഉയൎന്ന മൂന്നു നിലകളോടുകൂടിയവയും ആയ, മണിഗോപുരാഭ്യാം=മണിഗോപുരങ്ങളെക്കൊണ്ടു്, വിഭ്രാജമാനം=ശോഭിക്കുന്നതും, പ്രകട..............മുഖയാ=സ്പഷ്ടമായും ഭയങ്കരമായും ഉള്ള അട്ടഹാസംകൊണ്ടു് ദിങ്മുഖങ്ങൾ എല്ലാം മുഴക്കുന്നവളും, പരിരക്ഷണാൎത്ഥം=രക്ഷയ്ക്കുവേണ്ടി, പാശ്ചാത്യമഹാഗോപുര അധിഷ്ഠിതയാ=പടിഞ്ഞാറേ ഗോപുരത്തിങ്കൽ ഇരിക്കുന്നവളും, കരാള ....കേള്യാ =ഭയത്തെ ജനിപ്പിക്കുന്ന വിഗ്രഹത്തോടുകൂടിയ വേതാളക്കൂട്ടങ്ങളോടുകൂടി കളിക്കുന്നവളും ആയ, ഭദ്രകാള്യാ=ഭദ്രകാളിയാൽ, ഭയാനകം=ഭയത്തെ ജനിപ്പിക്കുന്നതും, ഭുവനമംഗലം=ലോകത്തിനു മംഗലമായിരിക്കുന്നതുമായ. തൽപുണ്യക്ഷേത്രം എന്നുവരെയുള്ള ഭാഗങ്ങൾ പുണ്യക്ഷേത്രത്തിൻെറ വിശേഷണം. ഈ ദീൎഘമായ ഗദ്യത്തിൽ അമ്പലം, അതിനകത്തുള്ള ഉപഗൃഹങ്ങൾ, ഓരോ വിശേഷവസ്തുക്കൾ, ദേവപ്രതിഷ്ഠകൾ മുതലായവയേയെല്ലാം പ്രൌഢമായ ശൈലിയിൽ കവി വൎണ്ണിച്ചിരിക്കുന്നു.

ശ്രീമന്മാൎത്താണ്ഡവംശാഭരണമണി തദാ
സാധു സഞ്ചിന്ത്യ ബുദ്ധ്യാ
സാമാന്യാതീതഭാഗ്യോദയസുമഹിതമാം-
ധാമ തൽ സോമമൌലേഃ
ആമോദീ രക്ഷണാൎത്ഥം പരിചിനൊടു കൊടു-
ത്തു ജഗന്മംഗലാഢ്യഃ
ശ്രീമച്ചെല്ലൂരഭൂമീസുരവരപരിഷദ്-
ഭ്യോ മിളദ്ഭക്തിഭൂമാ. ൨൦൧

തദാ=അപ്പോൾ—ക്ഷേത്രത്തിൻെറ പണി പ്രതിഷ്ഠ മുതലായവയെല്ലാം നിവൃഹിച്ചതിനുമേൽ ഒരു ദിവസം ശ്രീമ..............മണി=

സൂൎയ്യവംശത്തിന്ന ഭൂഷണമായിരിക്കുന്ന ശതസോമരാജാവു, ബുദ്ധ്യാ സാധു സഞ്ചിന്ത്യ=ബുദ്ധികൊണ്ടു വഴിപോലെ ആലോചിച്ചിട്ടു, സോമമൌലേഃ=ശിവൻെറ, സാമാന്യ .. ..ഹിതമാം തൽ ധാമ=അസാധാരണമായ *ഭാഗ്യത്തിൻെറ ഉദയംകൊണ്ടു വിശിഷ്ടമായിരിക്കുന്ന ആ ധാമം-ക്ഷേത്രത്തെ, ആമോദീ=സന്തോഷത്തോടുകൂടിയും, മിളൽ ....ഭൂമാ=നിൎമ്മലമായ ഭക്തിയുടെ ആധിക്യത്തോടുകൂടിയും, രക്ഷണാൎത്ഥം പരിചിനോട്ട=അമ്പലത്തെ രക്ഷിക്കുന്നതിന്നുവേണ്ടി വഴിപോലെ, ജഗന്മംഗലാഢ്യൈഃ=ലോകത്തിൽ മംഗലശീലന്മാരായ, ശ്രീമച്ചെല്ലൂര ....പരിഷൽഭ്യഃ=ചെല്ലൂർപ്രദേശത്തെ ബ്രാഹ്മണയോഗക്കാൎക്കായിട്ടു കൊടുത്തു. രാജാവു ക്ഷേത്രം രക്ഷിക്കുന്നതിന്നായി ബ്രാഹ്മണൎക്കു വിട്ടുകൊടുത്തു എന്നു സാരം.

ശുദ്ധാധികാരമഹതാമഥ പഞ്ച പഞ്ച
വ്യസ്താനി വിംശതികുലാനി മഹീസുരാണാം
ക്ളപ്താനി ശാംഭവമഹാഭവനസ്യ ഗുപ്ത്യൈ
പൃഥ്വീഭുജാ പ്രതിദിശം പ്രഥമാനധാമ്നാ. ൧൦൮

അഥ=അനന്തരം, പ്രതിദിശം=ദിക്കുതോറും, പ്രഥമാനധാമ്നാ പൃഥ്വീഭുജാ=പുകഴ്ന്നിരിക്കുന്ന തേജസ്സോടുകൂടിയ രാജാവിനാൽ. ക്ഷേത്രം പണിചെയ്യിച്ചു അവിടെ പ്രതിഷ്ഠ നടത്തിയതോടുകൂടി രാജാവിൻെറ വൈഭവത്തെക്കുറിച്ചുള്ള കീൎത്തി എല്ലാ പ്രദേശത്തും പരന്നു എന്നു സാരം. ശാംഭവ.........ഗുപ്ത്യൈ=പ്രസ്തുതമായ ശിവക്ഷേത്രത്തിൻെറ രക്ഷയ്ക്കായിക്കൊണ്ടു, ശുദ്ധാധികാരമഹതാം=വിശുദ്ധമായിരിക്കുന്ന അധികാരംകൊണ്ടു മഹാന്മാരായ-പെരുഞ്ചെല്ലൂർഗ്രാമത്തിൻെറ രക്ഷയ്ക്കും ശിക്ഷയ്ക്കും മററുമുള്ള അധികാരങ്ങൾ മുൻപുതന്നെ ബ്രാഹ്മണൎക്കു ഉണ്ടായിരുന്നു എന്നു ഈ ഭാഗത്തിൽനിന്നു ഗ്രഹിക്കണം. ഇവിടെ അധികാരപദത്തിന്ന ബ്രാഹ്മണരുടെ ഷൾകൎമ്മാധികാരം എന്ന അൎത്ഥവും ഗ്രഹിക്കാം. മഹീസുരാണാം=ബ്രാഹ്മണരുടെ, പഞ്ചപഞ്ച വ്യസ്താനി വിംശതികുലാനി=അയ്യഞ്ചായിട്ടു വേറുതിരിച്ചിട്ടുള്ള ഇരുപതു ഗൃഹങ്ങൾ, ക്ളപ്താനി=ഏൎപ്പെടുത്തപ്പെട്ടു.

ദ്വേണേലും ഭൂസുരാണാം ദിനമനു ഭജതാം
ഭസ്മലേപോജ്വലാനാം
ജാനുദ്വന്ദ്വേ ച ഫാലേ ചടുലഗദുദ്ധൃതാം
സൎവ്വകാലപ്രണാമാൽ
താനേ വാരാതതെന്തൊന്നഭിമതമവരെ-
ന്തേ വരുത്താതതോരോ
ന്നൃണാം പ്രാൎത്ഥിച്ചു വിശ്വേശനൊടു ജയതി ചെ-
ല്ലൂരനാഥപ്രഭാവം. ൧൦൯

ദ്വേണേലും=ദ്വേണുള്ളവരും-യോഗ്യന്മാരും, അനുദിനം=ദിവസംതോറും, ഭജതാം=ഭജിക്കുന്നവരും, ഭസ്മ..............ജ്വലാനാം=ശരീരത്തിൽ ധരിച്ചിരിക്കുന്ന ഭസ്മംകൊണ്ടു ശോഭിക്കുന്നവരും, സൎവ്വകാലപ്രണാമാൽ=ഏതു സമയത്തും നമസ്കരിക്കുന്നതുകൊണ്ടു, ജാനുദ്വന്ദ്വേ.....................ദ്ധൃതാം=കാൽമുട്ടുകളിലും നെററിയിലും നമസ്കാരമുഴയുള്ളവരും ആയ, ഭൂസുരാണാം=ബ്രാഹ്മണൎക്കു, താനേവരാത..................നഭിമതം=തനിയേ വരാത്തതായ ആഗ്രഹം എന്താണുള്ളതു്. എല്ലാ അഭീഷ്ടങ്ങളും നിഷ്പ്രയാസം ലഭിക്കും എന്നു സാരം. അവർ വിശ്വേശനൊടു പ്രാൎത്ഥിച്ചോരോ നൃണാം എന്തേ വരുത്താതതു്. അവർ=ഈശ്വരനോടു പ്രാൎത്ഥിച്ചു ജനങ്ങളുടെ എന്തിഷ്ടവും വരുത്തും. ചെല്ലൂരനാഥപ്രഭാവം ജയതി=ചെല്ലൂർനാഥന്റെ വൈഭവം ജയിക്കുന്നു.

മേളം കോലും ദിവാനായകശശികുലജാ-
സ്സാദരം കൈതൊഴുന്നു
മേലേമേലേ മഹാരാജനെ വടിവിൽ നിബ-
ദ്ധായുധം ക്ഷത്രിയാസ്തേ
കാലംപാൎത്തന്യവൎണ്ണങ്ങളുമണിതിരുമു-
ല്ക്കാഴ്ചയും വച്ചു വന്ദി-
ച്ചാലംബന്തേ പദാന്തേ ജഗതി ജയതി ചെ-
ല്ലൂരനാഥപ്രഭാവം ൧൧൦

മേളം കോലും=എല്ലാവിധം വൈഭവം ചേൎന്നവരും, ദിവാനായ കം...........കുലജാഃ=സൂൎയ്യന്റെയും ചന്ദ്രന്റെയും വംശങ്ങളിൽ ജനിച്ചവരും ആയ, തേ=ആ, ക്ഷത്രിയാഃ=ക്ഷത്രിയന്മാർ-രാജാക്കന്മാർ, വടിവിൽ നിബദ്ധായുധം=വേണ്ടതുപോലെ ബന്ധിച്ചിരിക്കുന്ന ആയുധത്തോടുകൂടി, സാദരം=ബഹുമാനത്തോടുകൂടി, മേലേ മേലേ=മീതേ മീതേയായി, മഹാരാജനെ=ചെല്ലൂർനാഥനെ, കൈതൊഴുന്നു=വന്നു വണങ്ങുന്നു. സൂൎയ്യവംശത്തിലും ചന്ദ്രവംശത്തിലും ജനിച്ചവരായ രാജാക്കന്മാരെല്ലാം അവിടെ വന്നു വൎദ്ധിച്ചുവരുന്ന ഭക്തിയോടുകൂടി ദേവനെ തൊഴുന്നു എന്നു സാരം. അന്യവൎണ്ണങ്ങളും=മററു ജാതിയിൽ ജനിച്ച ജനങ്ങളും, കാലംപാൎത്തു=സമയം നോക്കി, പദാന്തേ അണി തിരുമുൽക്കാഴ്ചയും വച്ചു വന്ദിച്ചു=കാൽക്കൽ കാഴ്ചവച്ചു-നെയ്യുമറ്റു മുതലായവ വച്ചു വണങ്ങി. ആലംബന്തേ=ദേവനെ ആശ്രയിക്കുന്നു. ചെല്ലൂരനാഥപ്രഭാവം ജഗതി ജയതി=ചെല്ലൂർനാഥന്റെ വൈഭവം ലോകത്തിൽ ജയിക്കുന്നു.

ഏതും വാഴ്ത്താവതല്ല ശിവ! ശിവ! ചതുരം-
ഭോധിസംഭൂഷിതായാം
മേദിന്യാമെങ്ങിരുന്നും പുനരവനിവനെ-
ന്നില്ല ഭക്ത്യാ ജനൌഘഃ
ഏതൊന്നുൾക്കാമ്പിലാകാംക്ഷിതമതറു നമ-
സ്കാരമാത്രേണ തന്നോ
സാധിക്കുന്നു സമസ്തം ജയതി ജഗതി ചെ-
ല്ലൂരനാഥപ്രഭാവം. ൧൧൧

ശിവ ശിവ=ആശ്ചൎയ്യം ആശ്ചൎയ്യം, ഏതും വാഴ്ത്താവതല്ലേ=അല്പവും വാഴ്ത്തുന്നതിന്ന് സാധിക്കുകയില്ല. അതിനു വാക്‌സാമൎത്ഥ്യമില്ല എന്നു ഭാവം. ചതുരംഭോധി സംഭൂഷിതായാം മേദിന്യാം=നാലു സമുദ്രങ്ങളാകുന്ന കാഞ്ചികൊണ്ടു അലങ്കരിക്കപ്പെട്ടിരിക്കുന്ന ഭൂമിയിൽ, എങ്ങിരുന്നും=ഏതു ദേശത്തിരുന്നും, പുനഃ അവനിവനെന്നില്ല=അവൻ ഇവൻ എന്നിങ്ങനെ വ്യത്യാസമില്ലാതെ, ഭക്ത്യാ ജനൌഘഃ=ഭക്തിയോടുകൂടി ജനങ്ങൾ, ഏതൊന്നു ഉൾക്കാമ്പിൽ ആകാംക്ഷിതം=ഏതുകാൎയ്യം

മനസ്സിൽ ആഗ്രഹിക്കുന്നു, അതതു സമസ്തം=അതാതു കാൎയ്യങ്ങൾ എല്ലാം, നമസ്കാരമാത്രേണതന്നെ സാധിക്കുന്നു=നമസ്കാരംകൊണ്ടുമാത്രം സാധിക്കുന്നു. ജനങ്ങൾ ഭക്തിയോടുകൂടി എവിടെയിരുന്നും നമസ്കരിച്ചാൽ മതി അവരുടെ അഭീഷ്ടം സാധിക്കുന്നു എന്നു സാരം. ജഗതി=ലോകത്തിങ്കൽ, ചെല്ലൂരനാഥപ്രഭാവം = ചെല്ലൂർനാഥന്റെ പ്രഭാവം ജയിക്കുന്നു.

സാനന്ദം തൃക്കണിക്കാഴ്ചയുമുഷസി തുലോ-
മുജ്ജ്വലാതിപ്രസന്നം
നാനാകല്പാഞ്ചിതം വൈകിനപൊഴുതിലൊരാ-
ഭോഗവും പ്രാഭവാഢ്യാ
വാനോർപാളീനിഷേവാകലവിയുമധികാ-
ശ്ചൎയ്യമാന്തിനേരം
ചേണാർ ദീപങ്ങൾ വാദ്യധ്വനികൾ ജയതി ചെ-
ല്ലൂരനാഥപ്രഭാവം. ൧൧൨

സാനന്ദം ഉഷസി തൃക്കണിക്കാഴ്ചയും=സന്തോഷത്തോടുകൂടി കാലത്തു കണിക്കാഴ്ചയും, വൈകിന പൊഴുതിൽ = വൈകുമ്പോൾ, തുലോം=ഏററവും, ഉജ്ജ്വലാതിപ്രസന്നം=ഏററവും ശോഭിക്കുന്നതും പ്രസാദത്തോടുകൂടിയതും, നാനാ.............ഞ്ചിതം=പലതരം ആഭരണങ്ങൾ അണിഞ്ഞിരിക്കുന്നതും, പ്രാഭവാഢ്യം=പ്രഭാവത്തോടുകൂടിയതും ആയ, ആഭോഗവും = മാഹാത്മ്യത്തികവും, വാനോർ..............കലവിയും=ദേവസമൂഹങ്ങൾ വന്നു സേവിക്കുന്ന കളിയും, അന്തിനേരം=സന്ധ്യക്കു, അധികാശ്ചൎയ്യമാന്=ഏററവും അത്ഭുതകരമായി, ചേണാർ ദീപങ്ങൾ വാദ്യധ്വനികൾ=ഭംഗിയേറിയ വിളക്കുകൾ, വാദ്യശബ്ദങ്ങൾ എന്നിവയെല്ലാം ജയിക്കുന്നു. ചെല്ലൂർനാഥന്റെ പ്രഭാവം ജയിക്കുന്നു.

എന്നീവണ്ണം തദാനീമഖിലവസുമതീ-
ചക്രസംരക്ഷണാൎത്ഥം
ധന്യശ്രീനീലകണ്ഠാലയമതു നിഖിലലോ-
തീണ്ണലക്ഷ്മീനിധാനം

കേരള സാഹിത്യ അക്കാദമി

നന്നായ് മുട്ടച്ചമച്ചുജ്ജ്വലമുലകുകളിൽ
കേളി പൊങ്ങിച്ചു പൂർണ്ണാ-
നന്ദം ഭൂപാലരത്നം നിജമഥ സഫലം
ജന്മ മേനേ നികാമം. ൧൧൭

ഭൂപാലരത്നം=രാജശ്രേഷ്ഠനായ ശതസോമൻ. തദാനീം=അപ്പോൾ, എന്നിവണ്ണം=ഇപ്രകാരം, അഖില.........രക്ഷണാർത്ഥം=എല്ലാ ലോകങ്ങളുടേയും രക്ഷയ്ക്കുവേണ്ടി, ധന്യശ്രീ നീലകണ്ഠാലയം=ഉൽകൃഷ്ട ശോഭയോടുകൂടിയ ചെല്ലൂർക്ഷേത്രത്തെ, നിഖിലോ..........നിധാനം= എല്ലാസമ്പത്തുകൾക്കും ഇരിപ്പിടമാകത്തക്ക വിധത്തിൽ, മുട്ടെ=മുഴുവനും, ചമച്ചു=ഉണ്ടാക്കി, ഉലകുകളിൽ=ലോകങ്ങളിൽ, ഉജ്ജ്വലം=പ്രകാശിക്കുന്ന, കേളി=കീർത്തി, പൊങ്ങിച്ചു=ഉയർത്തി, ലോകത്തിലെവിടെയും കീർത്തി വളർത്തി, പൂർണ്ണാനന്ദം=തികഞ്ഞ സന്തോഷത്തോടുകൂടുംവണ്ണം, നിജം ജന്മ=തന്റെ ജന്മത്തെ, നികാമം സഫലം=ഏററവും സഫലമായിട്ടു, മേനേ=വിചാരിച്ചു. ക്ഷേത്രസംബന്ധങ്ങളായ കാര്യങ്ങൾ എല്ലാം നിർവ്വഹിച്ചു രാജാവു ജന്മം സഫലമായതായി വിചാരിച്ചു സന്തോഷിച്ചു എന്നു സാരം.

അന്നേരം ചേതനായാം ചെറുതൊരു ചെതമി-
ല്ലായ്ക പോന്നാങ്കുരിച്ചു
ധന്യാത്മാവിന്നഹോ പിന്നെയുമൊരു കൃതകൃ-
ത്യതാമെത്താഞ്ഞപോലെ
ഇന്നോർത്താലെന്തുപോൽ കാരണമുടനിതിനെ-
ന്നോർത്തു സമ്മീലിതാക്ഷി-
ദ്വന്ദ്വം ധ്യാനിച്ചിരിക്കെസ്സവിധമുപഗത-
സ്തം ബഭാഷേ കപാലി. ൧൧൮

ധന്യാത്മാവിന്നു=വിശിഷ്ടാത്മാവായ രാജാവിന്നു, അന്നേരം=ആ സമയത്തു, പിന്നെയും=വീണ്ടും, ഒരു......... പോലെ=ഒരു ചാരിതാർത്ഥ്യം-തൃപ്തി ഉണ്ടാകാത്തതുപോലെ, ചേതനായാം=മനസ്സിൽ, ചെറുതൊരു..... ...ങ്കുരിച്ചു=അല്പമായ ഒരു ചെതമില്ലായ്ക ഉണ്ടായി. ചെതം=

ചിതം-കൃതാൎത്ഥത, അഹോ=ആശ്ചൎയ്യം; ക്ഷേത്രംസംബന്ധിച്ച ഇത്രയും അധികം നല്ല കാൎയ്യങ്ങൾ ചെയ്തിട്ടും രാജാവിന്റ മനസ്സിൽ പൂൎണ്ണമായ തൃപ്തി ഉണ്ടാകാതിരുന്നതു ആശ്ചൎയ്യം എന്നു അഹോ എന്ന പദത്തിന്റെ ഭാവം. ഇതിന് ഇന്ന് ഓൎത്താൽ എന്നുപോൽ കാരണം എന്ന് ഓൎത്തു ഉടൻ സമ്മീലിതാക്ഷ്മിദ്വന്ദ്വം ധ്യാനിച്ചിരിക്കേ=സന്തോഷക്കുറവിന്നു ഇന്നു എന്താണു കാരണം എന്നു വിചാരിച്ചു കണ്ണു നന്നായി അടച്ചു ധ്യാനിച്ചിരുന്നപ്പോൾ, കപാലീ സവിധം ഉപഗതഃ=ശ്രീപരമേശ്വരൻ അടുത്തു വന്നിട്ടു, തം=അവനോടു, രാജാവിനോടു, ഇപ്രകാരം പറഞ്ഞു. തനിക്കു കൃതാൎത്ഥത പൂൎണ്ണമായി വരാതിരുന്നതിന്റെ കാരണത്തെപ്പററി രാജാവു കണ്ണടച്ചു ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ അടുത്തു ശ്രീപരമേശ്വരനെ കാണുകയും ഭഗവാൻ ഇപ്രകാരം പറയുകയും ചെയ്തു എന്നു സാരം.

"ഇപ്പാർമേൽ വാഴ്ക നീണാൾ നൃപതിലക! ഭവാൻ
നീയൊഴിഞ്ഞാരുമോൎത്താ-
ലപ്പാ! മൽഭക്തിപാഥോനിധിമറുകര ക-
ണ്ടീല മററിത്രിലോക്യാം
സ്വല്പം വേണ്ടാ വിഷാദം തവ ശുഭചരിതം-
കൊണ്ടു പണ്ടുള്ളതിൽക്കാ-
ളപ്പാ നൂറെറട്ടിരട്ടിച്ചിതു മമ മനകാ-
മ്പിന്നു വാത്സല്യഭാരം. ൧൧൭

ഹേ നൃപതിലക!=അല്ലയോ രാജശ്രേഷ്ഠ, ഭവാൻ=അങ്ങു, നീണാൾ=വളരെക്കാലം, ഇപ്പാർമേൽ=ഈ ഭൂമിയിൽ, വാഴ്ക=വാണാലും. അങ്ങയ്ക്കു ദീൎഘായുസ്സു ഭവിക്കട്ടെ എന്നു സാരം. അപ്പാ=ആശ്ചൎയ്യദ്യോതകം, നിയ്യൊഴിഞ്ഞു=നീയല്ലാതെ, മററ് ആരും=വേറെ ഒരാളും, ഇത്രിലോക്യാം= മൂന്നു ലോകത്തിലും, മൽഭക്തി........കണ്ടീല=എന്നോടുള്ള ഭക്തിയാകുന്ന കടലിന്റെ അക്കര കണ്ടിട്ടില്ല. എന്നോടുള്ള ഭക്തി സമുദ്രംപോലെ കരകാണാൻ പാടില്ലാത്ത ഒന്നാണ്. എന്നാൽ അതിന്റെ മറുകര നീ കണ്ടു. എന്നോടു നിനക്കെന്നപോലെ പൂൎണ്ണമായ ഭക്തി മററാൎക്കും ഇല്ലെന്നു സാരം. സ്വല്പം വിഷാദംവേണ്ടാ=നീ അല്പവും വിഷാദിക്കരുത്, അപ്പാ=വാത്സല്യദ്യോതകമായ പദം, തവ

ശുഭചരിതംകൊണ്ടു=നിന്റെ മംഗലകരമായ പ്രവൃത്തികൊണ്ടു, പണ്ടു ള്ളതിൽക്കാൾ=മുൻപുള്ളതിനേക്കാൾ, മമ മനകാമ്പിന്നു=എന്റെ മനസ്സിൽ, നിന്നോടു വാത്സല്യഭാരം=സ്നേഹാധിക്യം, നൂറെട്ടിരട്ടിച്ചിതു=നൂററിയെട്ടിരട്ടി അധികമായി, നൂററിയെട്ടു ഹിന്തുക്കൾക്കു പൊതുവേ മംഗലമായ ഒരു സംഖ്യയാണ്. അഷ്ടോത്തരശതകം എന്നും മററുമുള്ളവ പ്രസിദ്ധമാണല്ലോ. ചമ്പുക്കളിൽ ഈ പദം പല സന്ദർഭങ്ങളിലും പ്രയോഗിച്ചു കാണാം. "നൂറെട്ടു കൊട്ടപ്പൊരികനൽ മയി തൂകുന്ന പോലെ വരുന്നു" എന്നു നൈഷധചമ്പുവിലും മററും പ്രയോഗിച്ചിരിക്കുന്നതു നോക്കുക.

ചിത്രം കല്പിച്ചവാറെത്രയുമഴകിതെടോ!
 വത്സ! നീ മൽസപര്യാ-
വിസ്താരപ്രക്രമം കേളിനിയുമിഹ കിമ-
 പ്യസ്തി കൃത്യം വിശേഷാൽ
എത്താഞ്ഞസ്മിൻ നികേതേ ബഹുജനബഹളേ
 കണ്ടുകൊൾവാനമും മാം
നിത്യം മൽഭക്തികോലും ദ്വിജയുവതിജനം
 ദുരയതേ ദുരപിന്നാം. ൧൧൬

എടോ വത്സ!=എന്റെ വാത്സല്യഭാജനമായ അല്ലയോ രാജാവേ, നീ ഇതു മത്സപര്യാവിസ്താരപ്രക്രമം കല്പിച്ചവാറെത്രയും അഴകു ചിത്രം=നീ എന്റെ പൂജയ്ക്കുവേണ്ട കാര്യങ്ങളെല്ലാം ക്രമംപോലെ വിസ്തരിച്ചു നിശ്ചയിച്ചതു ഭംഗിയായി, അത്ഭുതവുമായിരിക്കുന്നു. കേൾ= നീ കേട്ടാലും, വിശേഷാൽ ഇനിയും ഇഹ കൃത്യം കിം അപി അസ്തി=വിശേഷിച്ചു ഇനിയും ഇവിടെ നീ ചെയ്യേണ്ടതായിട്ടു അല്പം ഒരു കാര്യം കൂടിയുണ്ട്, മുഴുവനായില്ല എന്നു സാരം. നിത്യം ....ജനം=എന്നും എന്നോടു ഭക്തിയധികമുള്ളവരായ ബ്രാഹ്മണസ്ത്രീകൾ—നമ്പൂതിരിമാരുടെ സ്ത്രീകളായ അന്തർജ്ജനങ്ങൾ, ദുരപിന്നാം=ഏററവും സങ്കടമുള്ളതായിത്തീൻ, ബഹുജനബഹളേ അസ്മിൻ നികേതേ=എപ്പോഴും ജനങ്ങൾ വന്നു തിക്കിത്തിരക്കുന്ന ഈ ക്ഷേത്രത്തിൽ, അമും മാം കണ്ടുകൊൾവാൻ എത്താഞ്ഞു=എന്നെക്കണ്ടു ദർശനം നടത്തുന്നതിനു വരാതെ, ദുരയ

തേ=ദുഃഖിക്കുന്നു. ഈ അമ്പലത്തിൽ എപ്പോഴും ആൾത്തിരക്ക കൂടുന്നതുകൊണ്ടു അന്തർജ്ജനങ്ങൾക്ക ഇവിടെ വന്നു എന്നെ ദർശിക്കുന്നതിന്ന സാധിക്കുന്നില്ല. അതുകൊണ്ടു അവർ ദുഃഖിക്കുന്നു എന്നു ഭാവം. നമ്പൂരിമാരുടെ സ്ത്രീകൾക്ക പരപുരുഷന്മാരെ കാണ്മാൻ പാടില്ലെന്നുള്ള കേരളാചാരം ഇവിടെ സ്മർത്തവ്യമാകുന്നു.

അന്തർജ്ജനങ്ങൾ മുൻകാലം മുതല്ക്കുതന്നെ തളിപ്പറമ്പു ക്ഷേത്രത്തിൽ വന്നു തൊഴുക പതിവില്ല. ക്ഷേത്രത്തിലെ ദേവന്റെ രാജത്വംകൂടിയുള്ളതാണ് അതിന്നു കാരണം എന്നു പറയപ്പെടുന്നു. 'ബഹുജനബാഹുള്യേ' എന്നാണു പ്രകൃതത്തിൽ കവി അതിന്നു കാരണം പറയുന്നത്. ഇതിലധികം ജനബാഹുല്യം ഉള്ള ഗുരുവായൂർ മുതലായ ക്ഷേത്രങ്ങളിൽ അന്തർജ്ജനങ്ങൾ ചെന്നു ദർശനം നടത്താറുള്ള സ്ഥിതിക്ക ഇവിടെ കവി പറയുന്ന കാരണം പൂർണ്ണമായി സമ്മതിക്കാവുന്നതല്ല. ഐതിഹ്യത്തിലായിരിക്കണം അല്പം വാസ്തവാംശം ഉള്ളതെന്നു തോന്നുന്നു.

എന്നാലിമ്മന്ദിരത്തിന്നഴകിനൊടു കിഴ-
ക്കങ്ങു ക്രോശീടടുത്തേ
ധന്യം കിമ്പാകഭാവാദ്ഭയമിയലിന പു-
ണ്യസ്ഥലേ മാമകീനം
മിന്നുന്നു ദിവ്യബിംബം ദിനകരനിഹിതം
തത്ര കൃത്വാ വിമാനം
നന്നായ്ക്കല്പിച്ചു പൂജാവിധിമരുൾ സദസേ
കാശ്യപാനാം ദ്വിജാനാം. ൫൬

എന്നാൽ ഇമ്മന്ദിരത്തിൻ കിഴക്കങ്ങു=ഈ ക്ഷേത്രത്തിന്റെ കിഴക്ക, ക്രോശീടടുത്തു=ഏകദേശം ഒന്നു ഒന്നരനാഴിക അകലെ, അത്രയ്ക്കു അടുത്തു, അങ്ങു=അവിടെ ഒരിടത്തു, ധന്യം.........ഭയമിയലിന=ശ്രേഷ്ഠമായ കാഞ്ഞിരങ്ങാടു എന്നു പേരോടുകൂടിയ, പുണ്യസ്ഥലേ=പുണ്യസ്ഥലത്തിങ്കൽ, ദിനകരനിഹിതം മാമകീനം ദിവ്യബിംബം=ആദിത്യൻ പ്രതിഷ്ഠിച്ചിരിക്കുന്ന എന്റെ ദിവ്യമായ ബിംബം, മിന്നുന്നു=ശോഭിക്കുന്നു, തത്ര വിമാനം കൃത്വാ=അവിടെ പ്രാസാദം ഉണ്ടാക്കി, പൂ

ജാവിധിം കല്പിച്ചു=പൂജയ്ക്കു വേണ്ട കാൎയ്യങ്ങൾ ചെയ്തു, കാശ്യപാനാം ദ്വിജാനാം സദസേ=കാശ്യപഗോത്രക്കാരായ ബ്രാഹ്മണരുടെ യോഗത്തിന്നായിക്കൊണ്ടു, അദാഃ=കൊടുത്താലും.

തളിപ്പറമ്പുക്ഷേത്രത്തിൽനിന്നു ഒന്നൊന്നരനാഴിക കിഴക്കു കാഞ്ഞിരങ്കാട്ടു എന്ന ഒരു സ്ഥലം ഉണ്ടു്. കാരസ്കരൻ എന്നു പേരായ ഒരു അസുരൻ താമസിച്ചിരുന്ന കാടാകകൊണ്ടു് അതിന്നു് ഈ പേരുണ്ടായി. അവിടെ ആദിത്യൻ ശിവന്റെ ഒരു ബിംബം പ്രതിഷ്ഠിച്ചിട്ടുണ്ടു്. ആ സ്ഥലത്തു കെട്ടിടം ഉണ്ടാക്കി പൂജാവിധികൾ ഏൎപ്പെടുത്തി ക്ഷേത്രം ബ്രാഹ്മണൎക്കു കൊടുക്കണം എന്നു ശിവന്റെ ഉപദേശം.

പരിചിനൊടഥ നിന്നാലേധിതം കണ്ടു കാര-
സ്കരവനഗതമിമ്മാം വിപ്രകന്യാസ്സുധന്യാഃ
ചരണഭുവി നമന്ത്യസ്സാധയിഷ്യന്ത്യഭീഷ്ടം
നരവര! തെളിയും തേ ചിത്തമെന്നാൽ കൃതാൎത്ഥം” ൧൧൨

നരവര=അല്ലയോ രാജാവേ, അഥ=കാഞ്ഞിരങ്കാട്ടു ഞാൻ പറഞ്ഞതനുസരിച്ചുള്ള പ്രവൃത്തികൾ എല്ലാം ചെയ്തശേഷം, സുധന്യാഃ വിപ്രകന്യാഃ=ഏററവും ശ്രേഷ്ഠകളായ ബ്രാഹ്മണകന്യകമാർ. കന്യാ=വിവാഹം ചെയ്യാത്ത സ്ത്രീ. കാരസ്കരവനഗതം പരിചിനൊടു നിന്നാൽ ഏധിതം ഇമ്മാം കണ്ടു=കാഞ്ഞിരങ്കാട്ടു സ്ഥിതിചെയ്യുന്നവനും വഴിപോലെ നീ ചെയ്തിരിക്കുന്ന സല്കൎമ്മങ്ങൾകൊണ്ടു ചൈതന്യം ഏറിയവനും ആയ ഈ എന്നെ-അവിടെയിരിക്കുന്നതും ചെല്ലൂർക്ഷേത്രത്തിലെ നാഥനായ ഞാൻതന്നെ എന്നു ഈ എന്ന പദത്തിന്റെ ധ്വനി-കണ്ടു ദൎശനം ചെയ്തു, ചരണഭുവി=കാലുകളിൽ, നമന്ത്യഃ=നമസ്കരിച്ചു വന്ദിക്കുന്നവരായിട്ടു, അഭീഷ്ടം സാധയിഷ്യന്തി=ആഗ്രഹം സാധിക്കും. ബ്രാഹ്മണകന്യകകൾ അവിടെ വന്നു എന്നെ തൊഴുതു വന്ദിച്ചാൽ മതി അവരുടെ ആഗ്രഹമെല്ലാം സാധിക്കും എന്നു സാരം. എന്നാൽ=ഇപ്രകാരം എല്ലാം ചെയ്താൽ, തേ ചിത്തം=അങ്ങയുടെ മനസ്സ്, കൃതാൎത്ഥം=കാൎയ്യം സാധിച്ചതായിട്ടു, തെളിയും=പ്രസന്നമാകും.

ഇത്ഥം ചൊല്ലീത്തദാനീം പെരിയ കരുണയാ
തൃക്കരംകൊണ്ടു മെല്ലെ-
ന്നദ്ധ്യന്മോദം തലോടിത്തെളിവൊടു ജഗദീ-
ശൻ മറഞ്ഞോരു നേരം
പൃഥ്വീമംഗല്യമല്ലാർതൊട്ടുകുറി ശതസോ-
മോയമുന്മീല്യ നേത്രം
ഭക്ത്യാ കൈക്കൂപ്പി നേരേ സമുദിതരുചി സ-
മ്പ്രാപ കിമ്പാകദാവം. ൱൩൯

ജഗദീശൻ=ശിവൻ, തദാനീം ഇത്ഥം ചൊല്ലി=അപ്പോൾ ഇപ്രകാരം പറഞ്ഞു, പെരിയ കരുണയാ=അധികം ദയയോടുകൂടി, തൃക്കരം..................തെളിവൊടു മറഞ്ഞോരുനേരം=തൃക്കൈകൊണ്ടു പതുക്കെ രാജാവിനെ തലോടി സന്തോഷത്തോടുകൂടി(പ്രസന്നനായി)മറഞ്ഞസമയത്തു, ശിവൻ ഇപ്രകാരം രാജാവിനോടു പറഞ്ഞു അന്തർദ്ധാനം ചെയ്തപ്പോൾ, പൃഥ്വീ..........തൊട്ടുകുറി അയം ശതസോമഃ=ലോകത്തിന്റെ തിലകമായിരിക്കുന്ന ഈ ശതസോമൻ, നേത്രം ഉന്മീല്യ=കണ്ണുതുറന്നിട്ടു, ഭക്ത്യാ കൈ കൂപ്പി=ഭക്തിയോടുകൂടി ശിവനെ തൊഴുതിട്ടു്, സമുദിതരുചി=ഏററവും ശോഭയോടുകൂടി, നേരേ കിമ്പാകദാവം=കാഞ്ഞിരങ്കാട്ടിൽ, സമ്പ്രാപ=പ്രാപിച്ചു-ചെന്നു.

ഭുവനമഹിതമായ് ചമച്ചു രാജാ
ശിവഭവനം തദനന്തഭൂതിപൂർണ്ണം
ഭവഭിഷജമശേഷരോഗവന്ധ്യാ-
ഭവദഹനം പ്രണനാമ ദേവദേവം. ൱൪൦

രാജാ=രാജാവായ ശതസോമൻ, തൽശിവഭവനം=ആ ശിവക്ഷേത്രത്തെ, ഭുവന..........ചമച്ചു=ലോകത്തിൽ മഹിതമാകത്തക്കവണ്ണം, മഹിതം=പൂജിക്കപ്പെട്ടതു. എല്ലാജനങ്ങളും വന്നു ദർശനാദികൾകൊണ്ടു ആരാധിക്കപ്പെടേണ്ടവിധം നിർമ്മിച്ചു. അനന്തഭൂതിപൂർണ്ണം=അവസാനമില്ലാത്ത ഐശ്വര്യംകൊണ്ടു നിറച്ചു, ധനസമൃദ്ധിയുള്ളതാക്കിത്തീർത്തു. ഭവഭിഷജം=സംസാരരോഗത്തെ നശിപ്പിക്കുന്നവനായും, അ

ശേഷ ... ...ദഹനം=എല്ലാരോഗങ്ങളുമാകുന്ന കാടിനു കാട്ടുതീയായും, രോഗങ്ങളെ എല്ലാം നശിപ്പിക്കുന്നവനായുമിരിക്കുന്ന, ദേവദേവം=ശിവനെ, പ്രണനാമ=നമസ്കരിച്ചു.

ചാരിത്രശക്തിമഹിതാ മഹിളാ ദ്വിജാനാം
കാരസ്കരാടവിയിൽ മേവിന കാളകണ്ഠം
ചാരത്തു കണ്ടു തൊഴുതേനമഭീഷ്ടസിദ്ധ്യൈ
സ്വൈരം ഭജിച്ചനുദിനം പെരികെത്തെളിഞ്ഞാർ. ൧൨൧

ദ്വിജാനാം=ബ്രാഹ്മണരുടെ, ചാരിത്ര ... ...മഹിതാഃ=പാതിവ്രത്യബലം നിമിത്തം പൂജിതകളായ സ്ത്രീകൾ, അന്തർജ്ജനങ്ങൾ, കാരസ്കരാ ... ...മേവിന=കാഞ്ഞിരക്കാട്ടു ക്ഷേത്രത്തിൽ സ്ഥിതി ചെയ്യുന്ന, ഏനം കാളകണ്ഠം=ഈ ശിവനെ, അഭീഷ്ടസിദ്ധ്യൈ=ആഗ്രഹസിദ്ധിക്കായിക്കൊണ്ടു്, പതിപുത്രധനാദിസുഖം ഉണ്ടാകുന്നതിനു, ചാരത്തു ... ...തൊഴുതു=അടുത്തുകണ്ടു തൊഴുതു, അനുദിനം=ദിവസം തോറും, സ്വൈരം ഭജിച്ചു=നിർബ്ബാധമായി സേവിച്ചു, പെരികെ=അധികം, തെളിഞ്ഞാർ=പ്രസന്നകളായി.

അചലതനയാകാന്തം കിമ്പാകദാവനിവാസിനം
ത്രിജഗദഗദങ്കാരദേവം നിഷേവ്യ ദയാനിധിം
പ്രശമിതമഹാരോഗാ വേഗാൽ പ്രപൂർണ്ണമനോരഥാ
വിശദമതയോമജ്ജൻ വിശേഷജനാസ്സുഖസാഗരേ. ൧൨൨

വിശേഷ ജനാഃ=എല്ലാജനങ്ങളും, ത്രിജഗദഗദങ്കാരം=മൂന്നു ലോകത്തിനും വൈദ്യനും, ദയാനിധിം=കരുണയ്ക്കു ഇരിപ്പിടവും, കിമ്പാകദാവനിവാസിനം=കാഞ്ഞിരക്കാട്ടു സ്ഥിതിചെയ്യുന്നവനും ആയ, അചല ... ...കാന്തം=പാർവ്വതീവല്ലഭനെ-ശിവനെ, നിഷേവ്യ=സേവിച്ചിട്ടു, പ്രശമിത ... ...വിശദമതയഃ=മഹാരോഗങ്ങളെല്ലാം ശമിച്ചു അഭീഷ്ടങ്ങളെല്ലാം സാധിച്ചു മനസ്സു തെളിഞ്ഞവരായിത്തീർന്നു. സുഖസാഗരേ=സുഖമാകുന്ന കടലിൽ, അമജ്ജൻ=മുങ്ങിയവരായി. കുഷ്ഠം മുതലായ മഹാരോഗങ്ങൾ ബാധിച്ചവർകൂടി ഈ ക്ഷേത്രത്തിൽ വന്നു ദേവനെ ഭജിച്ചു ഒടുവിൽ രോഗമെല്ലാം നിശ്ശേഷം നീങ്ങി സുഖാധിക്യമുള്ളവ

രായിത്തീരുന്നു എന്നു സാരം. കുഷ്ഠരോഗികൾക്കും മററും ഈ ക്ഷേത്രത്തിലെ ഭജനം ഫലപ്രദമായിട്ടാണു ഇന്നും വിചാരിച്ചുവരുന്നതു്. വൃത്തം ഹരിണി.

"നസമരസലാഗ്ഗൈർഗ്ഗേനയുക്താ സപ്തദശാക്ഷരാ
വിച്ഛിന്നാ ഹരിണീ ഷഡ്ഭിശ്ചതുർഭിസ്സപ്തഭിസ്തഥാ."

എന്നു ലക്ഷണം. (സുവൃത്തതിലകം-ക്ഷേമേന്ദ്രൻ).

ധാത്രീമംഗല്യഭൂഷാമണി തദനു സഖേ!
സാധു കൃത്വാ സമസ്തം
പ്രീത്യാ ഭൂലോകരക്ഷാത്ഥമിതഖിലഗുരോ-
ശ്ശാസനം ചന്ദ്രമൌലേഃ
പേത്തും ചെല്ലൂരഗൌരീരമണചരണസേ-
വാരസംകൊണ്ടൊരന്തഃ-
സ്വാസ്ഥ്യം കൈക്കൊണ്ടു മേവീ നൃപകുലപെരുമാൾ
നിമ്മലോന്മേഷഭൂമാ. ഫം. ൩൩

ധാത്രീമംഗല്യഭൂഷാമണി=ഭൂമിയ്ക്കു ദിവ്യാലങ്കാരമായിബ്ഭവിച്ചിരിക്കുന്നവനും, നിമ്മലോന്മേഷഭൂമാ=വിശുദ്ധമായ ഉന്മേഷം അധികം ഉള്ളവനും ആയ, നൃപകുലപെരുമാൾ=ചക്രവർത്തിയായ ശത്രുസംഹാരൻ, അഖിലഗുരോഃ ചന്ദ്രമൌലേഃ ശാസനം=ലോകത്തിനെല്ലാം പൂജ്യനായ ശ്രീപരമേശ്വരൻെറ ആജ്ഞയെ-നിയോഗത്തെ, തദനു=അതിനുശേഷം പ്രീത്യാ=പ്രീതിയോടുകൂടി, സാധു=വഴിപോലെ, സമസ്തം=എല്ലാം, കൃത്വാ=ചെയ്തിട്ടു, പേത്തും=അധികമായി, ചെല്ലൂര...രസംകൊണ്ടു=ചെല്ലൂർനാഥനായ ശിവനെ ഭജിക്കുന്നതിനുള്ള സന്തോഷംകൊണ്ടു, ഒരു അന്തസ്സ്വാസ്ഥ്യം കൈക്കൊണ്ടു=വിചാരിച്ച കാര്യം മുഴുവനും ഭംഗിയായി സാധിച്ചാലുള്ളിലുണ്ടാകുന്ന സന്തോഷം ഉള്ളവനായിട്ടു, മേവീ=താമസിച്ചു. വിചാരിച്ച കാര്യമെല്ലാം സാധിച്ചുപ്പോയപ്പോൾ കൃതാർത്ഥതയുള്ളവനായിയെന്നു സാരം.

കേരള സാഹിത്യ അക്കാദമി